www.malankaralibrary.com

# സന്യാസത്തിൻെറ അന്തർദ്ധാര

(അത്തനാസ്യോസ്: അന്തോണിയോസിൻെറ ജീവചരിത്രം)


വിവർത്തനം

പ്രൊഫ. കെ. വി. ജോസഫ്

എം. എ. (മലയാളം), എം. എ. (ഹിന്ദി), എം. എ. (ഇംഗ്ലീഷ്)

എഡിററർ

ഫാ. ഗീവർഗീസ് ചേടിയത്ത്



NO. 84

പൗരസ്ത്യവിദ്യാപീഠം

വടവാതൂർ, കോട്ടയം – 686 010

1992

www.malankaralibrary.com

# മുഖവുര

സന്യാസത്തിന്റെ അന്തർദ്ധാര തേടിയുള്ള അന്വേഷണം ഇന്നൊരു പൊതു പ്രതിഭാസമാണ്. പ്രസ്തുത അന്വേഷണം സഭാരംഭകാലത്തേക്കു നമ്മെ കൊണ്ടുചെന്നെത്തിക്കുന്നു. അവിടെ ജ്വലിച്ചു പ്രകാശിക്കുന്ന ജ്യോതിർഗോളങ്ങൾ ഇന്നും പ്രകാശം പരത്തി വഴികാട്ടികളായി വർത്തിക്കുന്നു. അന്നുള്ളവർക്കെന്നപോലെ ഇന്നുള്ളവർക്കും അവർ മാതൃക കാട്ടുന്നു. അവരെ അടുത്തറിയുക എല്ലാംകൊണ്ടും പ്രയോജനപ്രദമാണ്.

ക്രൈസ്തവസഭയിലെ സന്യാസപ്രസ്ഥാനം തുടങ്ങിയതു് ഈജിപ്തിലാണെന്നു് കരുതപ്പെടുന്നു. 'എന്റെ പിന്നാലെ വരാൻ മനസ്സുള്ളവൻ സ്വയം പരിത്യജിച്ചു് അനുദിനം തന്റെ കുരിശുമെടുത്തു് എന്നെ അനുഗമിക്കട്ടെ' എന്ന കർതൃവചനം (ലൂ. 9:23–24) നിരവധി ആളുകൾക്കു് പ്രേരണ നൽകി. മതമർദ്ദനം, വിഗ്രഹാരാധന എന്നിവയും പ്രസ്തുത ജീവിതത്തിരഞ്ഞെടുപ്പിൽ കുറെ ഒക്കെ സ്വാധീനം ചെലുത്തി. രക്തസാക്ഷിത്വത്തിനു പകരം സന്യാസജീവിതത്തെ കണ്ടവരും ഉണ്ടു്.

ഏലിയാ പ്രവാചകന്റെയും (1 രാജാ. 17:3–4) സ്നാപക യോഹന്നാന്റെയും (മത്താ. 3:1–4) മാതൃക അവരുടെ മുമ്പിൽ തെളിഞ്ഞുനിന്നു. ജറുസലേമിലെ ആദ്യസഭകളും ഏതാണ്ടൊരു തരം കൂട്ടജീവിതം നയിക്കുകയും വസ്തുവകകൾ പങ്കിടുകയും ചെയ്തിരുന്നതായി കാണാം (നട. 2:44–47). കർത്താവിന്റെ ദ്വിതീയാഗമനം ഉടനെ ഉണ്ടാകും എന്ന ചിന്ത നിരവധിയാളുകളെ ഇത്തരം കൂട്ടജീവിതത്തിനും താപസ്സകർമ്മങ്ങൾക്കും പ്രേരിപ്പിച്ചു. 'കന്യകകൾ' എന്നൊരു കൂട്ടത്തെ ആദിമസഭയിൽ കാണാം. സന്യാസഭവനങ്ങൾ തുടങ്ങുന്നതിനുമുമ്പു് ദൈവസമർപ്പിതരായി ഇക്കൂട്ടർ സ്വഭവനങ്ങളിൽ കഴിഞ്ഞുകൂടി.

സന്യാസികളുടെ ഇടയിൽ വിവിധ തരക്കാർ ഉണ്ടായി. ഏകാന്തവാസികൾ, കൂട്ടജീവിതക്കാർ എന്നിങ്ങനെ സന്യാസികളെ പ്രധാനമായി രണ്ടായി തിരിക്കാം. ഏകാന്തവാസസന്യാസമത്രേ ആദ്യം ആരംഭിച്ചതു്. സ്വന്തം ഭവനത്തിൽ നിന്നകന്നു് വിജനപ്രദേശങ്ങളിൽ പാർത്തുകൊണ്ടു് പ്രാർത്ഥനകളിലും താപസ്സ കർമ്മങ്ങളിലും ഇക്കൂട്ടർ ജീവിതം ചെലവഴിച്ചു. ഭക്ഷണം, പാനീയം, വസ്ത്രം, നിദ്ര എന്നിവയിലെല്ലാം ഇവർ മിതത്വം പാലിച്ചു. എല്ലാം ത്യജിച്ചെങ്കിലേ എല്ലാററിന്റെയും പൂർണ്ണതയെ കണ്ടെത്തുവാനും ലോകത്തിനു നൽകുവാനും കഴിയൂ എന്നു് ഇവർ കരുതി. ആത്മീയജീവിതത്തിനുള്ള തീവ്രമായ ആഗ്രഹത്താൽ നിറഞ്ഞ സന്യാസികൾ എന്തും ത്യജിക്കാനും എന്തും കൊടുക്കാനും എന്തും സഹിക്കാനും സന്നദ്ധരായി. ശരീരം ക്ഷയിക്കുന്നതോടുകൂടി ആത്മാവു് പുഷ്ടിപ്രാപിച്ചു് ശോഭ പരത്തുന്നതായി അവർക്കനുഭവപ്പെട്ടു. ഗുഹകളിലും പഴയ കോട്ടകളിലും താമസിച്ച ഏകാന്തവാസികൾ, വനാന്തരങ്ങളിൽ അലഞ്ഞു നടന്നിരുന്ന താപസ്സർ, നിദ്രാരഹിതരായി തുടർച്ചയായി ദിനരാത്രങ്ങൾ കഴിച്ചുകൂട്ടിയവർ എന്നു തുടങ്ങി നിരവധിതരം ഏകാന്തവാസികൾ സഭാരംഭകാലത്തുണ്ടായിരുന്നു. ഈജിപ്തിലെ മഹാനായ വി. അന്തോണിയോസ് (250–356) ഏകാന്തവാസികളുടെ തലവനാണ്. അമ്മോണാസ് അദ്ദേഹത്തിന്റെ പിൻഗാമിയായിരുന്നു. ശെമഓൻ, ദാനിയേൽ എന്നിവർ സിറിയായിൽ തൂണിന്മേൽനിന്നു് തപസ്സു ചെയ്തു് 'സ്തംഭതാപസ്സർ' എന്ന പേരിനർഹരായി. വി. അന്തോണിയോസിനും മററു് ഏകാന്തവാസികൾക്കും ശിഷ്യഗണങ്ങളുണ്ടായിരുന്നു. അവരൊക്കെ തനിയെ ജീവിച്ചിരുന്നെങ്കിലും ഉപദേശത്തിനും മററും അന്തോണിയോസിനെ സമീപിച്ചിരുന്നു. അദ്ദേഹം അവരെ ഉപദേശിക്കുകയും തന്റെ വാസസ്ഥലത്തിനടുത്തു് കുടിൽകെട്ടി താമസിക്കാൻ അനുവദിക്കുകയും ചെയ്തിരുന്നു.

കൂട്ടജീവിതക്കാരുടെ നേതാവായിരുന്നു വി. പക്കോമിയസ് (290–346). ഈജിപ്തിന്റെ വടക്കൻ പ്രവിശ്യകളിൽ ഏകാന്തജീവിതക്കാരായ സന്യാസികളും തെക്കൻ പ്രവിശ്യകളിൽ കൂട്ടജീവിതക്കാരായ സന്യാസികളും വർദ്ധിച്ചു വന്നു. പുരുഷന്മാരുടെ എട്ടും സ്ത്രീകളുടെ രണ്ടും സന്യാസഭവനങ്ങൾ പക്കോമിയസിനെ നേതാവായി അംഗീകരിച്ചിരുന്നു. അദ്ദേഹം കൂട്ടജീവിതക്കാർക്കു് നിയമങ്ങളും നൽകി. പക്കോമിയസിനെപോലെ പിൻഗാമിയായ ഹോർസിയെസിയും (+ 380), അദ്ദേ

www.malankaralibrary.com



ഹത്തിന്റെ സഹപ്രവർത്തകനായ തിയഡോറും (+ 368) കൂട്ട ജീവിതം പുഷ്ടിപ്പെടുത്താൻ ശ്രമിച്ചു. ആമ്മോൻ, മക്കാരിയൂസ് എന്നിവർ ഷേതിൽ സന്യാസജീവിതം വളർത്തുവാൻ ശ്രമിച്ചവരിൽ പ്രമുഖരാണ്. പോൻതുസിലെ എവാഗ്രിയസ് (+ 399), ജോൺ കാസ്സിയൻ(+ 435), പല്ലാഡിയസ്( + 431 ന് മുമ്പ്), ഇസിദോർ (+ 435), ഷെനൂട്ട് (+ 431 ന ശേഷം), ഔഗേൻ (4-ാം നൂററാണ്ട്) എന്നിവരും ഈജിപ്തിലെ സന്യാസപ്രസ്ഥാനത്തിലെ പ്രമുഖരാണ്.

ഈജിപ്തിലെ ആദിമസന്യാസികൾ കഠിന താപസ്സരായിരുന്നു; പ്രത്യേകിച്ച് ശാരീരിക താപസ്സകർമ്മങ്ങളിൽ താല്പര്യം കാണിച്ചിരുന്നു. ഉപവാസം, ജാഗരണം, കഠിനാദ്ധ്വാനം, ചൂടും തണുപ്പും സഹിക്കൽ, ജഡത്തിനെതിരെയുള്ള പോരാട്ടം എന്നിവയിൽ അവർ ശ്രദ്ധിച്ചു. ശരീരത്തിന്റെ നിയന്ത്രണം ആത്മീയേന്ദ്രിയങ്ങളുടെ വളർച്ചയായും, ദർശനങ്ങൾ കാണാനും അത്ഭുതം പ്രവർത്തിക്കാനുമുള്ള കഴിവായും അവർ കണക്കാക്കി. വെറും ഉണക്ക റൊട്ടി, അല്പം ഉപ്പ്, കൈപ്പചീര, അല്പം എണ്ണ, പച്ചവെള്ളം എന്നിവയായിരുന്നു അവരുടെ ആഹാരത്തിലെ വിഭവങ്ങൾ. അവപോലും ജീവൻ നിലനിർത്താൻ മാത്രം. വസ്ത്രധാരണത്തിൽ അവർ അശ്ശേഷം ശ്രദ്ധിച്ചില്ല; നിദ്രാസമയം തുലോം തുച്ഛമായിരുന്നു; തറയിൽ കിടന്നാണ് മിക്കവരും ഉറങ്ങിയിരുന്നതു്. തലയിണയ്ക്കായി കല്ലുകളെ അവർ ആശ്രയിച്ചു. ചിലർ രാത്രിയിൽ ഒട്ടും ഉറങ്ങിയിരുന്നില്ല; രാത്രി മുഴുവൻ നിന്നുകൊണ്ടോ ഇരുന്നുകൊണ്ടോ പ്രഭാതംവരെ സങ്കീർത്തനങ്ങൾ ആലപിച്ചിരുന്നു. അവർ നിരന്തരമൗനം ആചരിച്ചു; ജീവിതത്തിൽ കൂടുതൽ ഭാഗവും സന്യാസികൾ തങ്ങളുടെ മുറികളിൽ ചെലവഴിച്ചു. അത്യാവശ്യത്തിനു പുറത്തുപോകേണ്ടപ്പോഴല്ലാതെ അവർ പോയിരുന്നില്ല. ലൗകിക സമ്പത്തുപേക്ഷിച്ച് ദാനം ചെയ്തിരുന്നു; പാപങ്ങളെക്കുറിച്ച് നിരന്തരം ദ:ഖിച്ചും നെടുവീർപ്പിട്ടും ജീവിതം ചെലവഴിച്ചു. എല്ലാ സുകൃതങ്ങളിലും പ്രയാസമേറിയ വിരക്തജീവിതം സ്വമനസ്സാ അവർ സ്വീകരിച്ചു. ശാരീരികമായി മാത്രമല്ല, സംസാരത്തിലും ചിന്തയിലും എല്ലാം ബ്രഹ്മചര്യനിഷ്ഠയോടുകൂടി അവർ ജീവിച്ചു.

ഈജിപ്തിൽനിന്നു് സന്യാസം ആഫ്രിക്കയുടെ മററു് ഭാഗങ്ങളിലേക്കും ഏഷ്യയിലേക്കും വ്യാപിച്ചു. ഏഷ്യാമൈനറിൽ



സന്യാസപ്രസ്ഥാനം വളർത്തുവാൻ മഹാനായ വി. ബസ്സേലിയോസ് (330-379) വലിയ പങ്കുവഹിച്ചു. സന്യാസജീവിതത്തോടൊപ്പം സാമൂഹ്യപ്രവർത്തനങ്ങളും അദ്ദേഹം തുടങ്ങി. ആശുപത്രികൾ, അനാഥമന്ദിരങ്ങൾ, സ്കൂളുകൾ എന്നിവ സ്ഥാപിച്ചു. അങ്ങനെ സന്യാസത്തിൽ ഒരു പുതിയ ഘടകം അദ്ദേഹം കൂട്ടിച്ചേർത്തു. ഇന്നറിയപ്പെടുന്ന പല സമൂഹങ്ങളും ബേസിലിന്റെ മാതൃകയിൽ സംഘടിപ്പിക്കപ്പെട്ടവയാണ്. അതായതു്, സന്യാസജീവിതവും സാമൂഹ്യപ്രവർത്തനങ്ങളും കോർത്തിണക്കിക്കൊണ്ടു പോകുവാനാണ് അവർ ശ്രമിക്കുന്നതു്.

പാശ്ചാത്യസഭയിൽ വി. അംബ്രോസ് (+365), വി. എവുസേബിയസ് (+ 365), വി. അഗസ്റ്റിൻ (+ 430) എന്നിവരുടെ നേതൃത്വത്തിൽ സന്യാസം വളർന്നു. വി. അത്തനാസ്യോസ് രചിച്ച "ആൻറണിയുടെ ജീവചരിത്രം" പാശ്ചാത്യസഭയിലെ സന്യാസത്തിനു വലിയ പ്രേരണ നല്കി. പാശ്ചാത്യലോകത്തു് സന്യാസത്തിന്റെ പിതാവായി അറിയപ്പെടുന്നതു് വി. ബനഡിക്ടാണ് (480-547). പക്കോമിയസിനെപ്പോലെയും ബേസിലിനെപ്പോലെയും ബനഡിക്ടും സന്യാസികൾക്ക് നിയമങ്ങളുണ്ടാക്കിക്കൊടുത്തു. ബനഡിക്ടിന്റെ സന്യാസരീതി പാശ്ചാത്യസഭയിലാകെ വ്യാപിച്ചു. പ്രാർത്ഥന, ജോലി, ആദ്ധ്യാത്മികഗ്രന്ഥപാരായണം എന്നിവയായിരുന്നു സന്യാസികളുടെ ദിനചര്യ. ആരാധനക്രമത്തിൽ അധിഷ്ഠിതമായ ആദ്ധ്യാത്മികതയ്ക്കാണ് ബേസിൽ ഊന്നൽ കൊടുത്തതു്. കായികാദ്ധ്വാനം നിർബന്ധമാക്കി. 'സ്ഥിരത' എന്ന ഒരു വ്രതംകൂടി ഉൾപ്പെടുത്തി. സന്യാസാശ്രമങ്ങളിൽനിന്നു് പുറത്തുപോയി ചില സന്യാസികൾ അലഞ്ഞു നടന്നതിനെതിരെയാണ് പ്രസ്തുത നിയമം അദ്ദേഹം നിർബന്ധമാക്കിയതു്.

സിറിയൻ- പലസ്തീനിയൻ പ്രദേശങ്ങളിലും സഭാരംഭകാലത്തുതന്നെ സന്യാസം വളർന്നു വികസിക്കാൻ തുടങ്ങി. ഈജിപ്തിലെ ഏകാന്തവാസ സന്യാസികളുടെ രീതിയിലായിരുന്നു സിറിയൻ സന്യാസം ആരംഭകാലത്തു് രൂപപ്പെട്ടുവന്നതു്. കഠിന താപസജീവിതത്തിനു് അവർ ഊന്നൽ കൊടുത്തു. ഹിലാരിയോൻ (നാലാംനൂററാണ്ട്) പലസ്തീനയിലെ സന്യാസത്തിന്റെ പിതാവായി അറിയപ്പെടുന്നു. അവിടെ സന്യാസം

www.malankaralibrary.com



വളർത്തുന്നതിൽ വി. ജെറോമിനും (+ 420) നല്ല പങ്കുണ്ടായിരുന്നു. വി. സാബാസിന്റെ നാമം പലസ്തീനിയൻ സന്യാസത്തിൽ അവിസ്മരണീയമാണ്. പലസ്തീനയിലെ സന്യാസികളിൽ ചിലർ സസ്യങ്ങൾ മാത്രം ഭക്ഷിക്കുന്നവരായിരുന്നു; തണുപ്പിലും ചൂടിലും നഗ്നരായി ജീവിച്ചവരും ഉണ്ട്. ഭാരമുള്ള ചുമട് മുതുകത്ത് വഹിച്ചുകൊണ്ട് ചിലർ ജീവിച്ചു; ചിലർ ഉയരമുള്ള തൂണിൽ കയറിനിന്ന് തപസ്സനുഷ്ഠിച്ചു (4-ാം നൂറ്റാണ്ട്). ഈ സന്യാസികളിൽ പലരും അത്ഭുതകർമ്മങ്ങൾ പ്രവർത്തിക്കുന്നവരായിരുന്നു; ജനങ്ങൾ ബഹുമാനാദരവുകളോടെ ഇവരുടെ പക്കൽ ഓടിക്കൂടി. അവരുടെ ഉപദേശം ജനങ്ങൾ ശ്രദ്ധാപൂർവം കേട്ടു. ചില സംഗതികളിലൊക്കെ ഇക്കൂട്ടർ കർക്കശ താപസ്സകർമ്മങ്ങളനുഷ്ഠിച്ചെങ്കിലും, നിരവധി ആളുകളെ ദൈവത്തിൻ പക്കലേക്ക് നയിക്കാൻ അവർക്കു സാധിച്ചു. ശരീരത്തെ കീഴ്പ്പെടുത്തിക്കൊണ്ട് അവർ ആത്മാവിനു ജീവൻ നൽകി; ആത്മാവിനു ലഭിച്ച ജീവചൈതന്യം അവർ സമസൃഷ്ടികളിലേക്കു പകന്ന് അനേകർക്കു ജീവൻ പ്രദാനം ചെയ്തു.

പേർഷ്യയിൽ അഫ്രാത്തും അപ്രേമും റാബുളയും അബ്രഹാമും ദാദീശോയും ബാബായിയും സന്യാസത്തിനു നേതൃത്വം നൽകി. പേർഷ്യൻ ക്രിസ്തുമതം തന്നെ താപസ്സജീവിതോന്മുഖമായിരുന്നു. സന്യാസികൾ പേർഷ്യ മുഴുവനും സ്വാധീനം ചെലുത്തി. ഈസ്ലാമലയിലെ സന്യാസികളും ബേത് ആബേയിലെ സന്യാസികളും വളരെ പ്രസിദ്ധരാണ്.

## അന്തോണിയോസിന്റെ ജീവചരിത്രം

മഹാനായ വിശുദ്ധ അത്തനാസ്യോസ് (+ 373) 357-ൽ മഹാനായ വിശുദ്ധ അന്തോണിയോസിന്റെ (250-356) ഒരു ജീവചരിത്രം ഗ്രീക്കുഭാഷയിൽ എഴുതി. 370-ൽ എവാഗ്രിയസ് അതു് ലത്തീനിലേക്ക് ഭാഷാന്തരം ചെയ്തു. ഏതാണ്ടക്കാലത്തു തന്നെ അതു് സുറിയാനിയിലും പ്രചരിച്ചു. കിഴക്കും പടിഞ്ഞാറുമുള്ള സഭകൾക്കൊക്കെ ഈ ജീവചരിത്രം സുപരിചിതമായിരുന്നു. അത്തനാസ്യോസ് ഇപ്രകാരമൊന്നെഴുതി എന്ന് വി. ഗ്രിഗറി നസ്യാൻസൻ (+ 390) സാക്ഷിക്കുന്നു (*പ്രഭാഷണം* 21,5). മൂലകൃതിയും ലത്തീൻ പരിഭാഷയും തനിക്കു



പരിചിതമാണ് എന്ന് വിശുദ്ധ ജറോം (+ 420) എഴുതുന്നു (*മഹത്‌വ്യക്തികൾ*, 87, 125). പല്ലാഡിയസ് (+ 430) ഈ കൃതിയിൽനിന്ന് ഒരു ഭാഗം തന്റെ കൃതിയിൽ ഉദ്ധരിക്കുന്നു. (*പ്രാചീനസന്യാസം*, 8).

അത്തനാസ്യോസിന് അന്തോണിയോസിനെ വ്യക്തിപരമായി അറിയാമായിരുന്നു. അതുപോലെ ഈ താപസ ശ്രേഷ്ഠനോട് അടുത്തിടപെട്ട സന്യാസികളും അദ്ദേഹത്തിനുവേണ്ട വിവരങ്ങൾ നൽകി. വളരെ വിദൂരത്തിലുള്ള സഹോദരന്മാരുടെ നിർബന്ധം നിമിത്തമാണ് ഈ സംരംഭത്തിന് അത്തനാസ്യോസ് മുതിർന്നത്. പാശ്ചാത്യലോകത്തുള്ള സഹോദരന്മാരായിരിക്കാം അത്. അന്തോണിയോസിന്റെ സുകൃതത്തെപ്പറ്റി കേട്ടറിഞ്ഞ ഈ ക്രൈസ്തവർ അത്തനാസ്യോസിനെ നിർബന്ധിച്ചു.

വി. അത്തനാസ്യോസ് അഞ്ചുപ്രാവശ്യം ഒളിച്ചോടേണ്ടിവന്നു. രണ്ടുപ്രാവശ്യം പാശ്ചാത്യലോകത്തേക്കാണ് അദ്ദേഹം പോയത്. ആദ്യം ട്രിയറിലേക്കും (336-7) പിന്നെ റോമിലേക്കും (340). മൂന്നാമത്തെ ഒളിച്ചോട്ടത്തിന്റെ അവസരം (355-62) ആണ് ഇതു് വിരചിതമായത്. പാശ്ചാത്യലോകത്ത് താപസജീവിതത്തിന് അടിസ്ഥാനമിടാൻ കാരണമായത് അത്തനാസ്യോസ് എഴുതിയ ജീവചരിത്രമാണ്.

ജീവചരിത്രത്തിന്റെ ആദ്യഭാഗം അന്നത്തെ ഗ്രീക്കു ശൈലിയിലുള്ള ഒരു സ്തുതിപ്പാണ് (encomium). തുടർന്നുള്ള ഭാഗം താത്വികരുടെ ജീവചരിത്രമെഴുതിയവരെ അനുകരിച്ചുള്ളതാണ്. എല്ലാ സുകൃതത്തിന്റെയും വിളനിലമായി തന്റെ കഥാപാത്രത്തെ അവതരിപ്പിക്കുക എന്നതു് ഇത്തരം ജീവചരിത്രങ്ങളുടെ പ്രത്യേകതയാണ്. ഇവയ്ക്കുപുറമെ, 'ക്രിസ്തീയജീവചരിത്രം' എന്ന മറ്റൊരു ശൈലിയും ഇതിൽ കാണാം. വിശ്വാസതീക്ഷ്ണത നിറഞ്ഞവനും, സഭയെ അതിയായി സ്നേഹിച്ചവനും, ദൈവത്തോട് മിസ്റ്റിക്കൽ ബന്ധം പുലർത്തിയവനും ആയിരുന്ന അത്തനാസ്യോസ് വരച്ചുകാട്ടുന്ന അന്തോണിയോസ്. പ്രാചീന ഗ്രീക്കു സാഹിത്യങ്ങളിലെ വീരപുരുഷൻ (hero), ബൗദ്ധിക തലത്തിലുള്ള സാത്വികൻ (sage)

www.malankaralibrary.com



എന്നതിലുപരി അതിസ്വാഭാവികതലത്തിൽ വിശുദ്ധൻ (saint) എന്നയാശയം തികച്ചും ക്രിസ്തീയമാണ്. ഇതു മൂന്നും കോർത്തിണക്കാൻ അത്തനാസ്യോസിനു സാധിച്ചു. അക്കാരണത്താൽ പിൽക്കാല ജീവചരിത്രങ്ങൾക്കൊക്കെ ഈ കൃതി മാതൃകയായിത്തീർന്നു. അന്തോണിയോസിന്റെ നിഷ്കളങ്കത, ഔദാര്യം, വിശാലമനസ്കത, സമസൃഷ്ടിസ്നേഹം, ഏകാന്തതയോടുള്ള സ്നേഹം, മനുഷ്യസ്നേഹം, അഗാധമായ എളിമ എന്നിവ അദ്ദേഹത്തിന്റെ മഹത്വത്തിന്റെ ലക്ഷണമായി ചൂണ്ടിക്കാട്ടാം. പില്ക്കാലത്തുള്ള എല്ലാ സന്യാസപിതാക്കന്മാരെയും ഈ കൃതി സാരമായി സ്വാധീനിച്ചിട്ടുണ്ട്. പല്ലാഡിയസിന്റെ ലൗസിയാക് ചരിത്രത്തോടൊപ്പം ഇതും ക്രൈസ്തവ സന്യാസപ്രസ്ഥാനത്തിൽ ചെലുത്തിയ സ്വാധീനം വിവരണാതീതമാണ്.

താഴെപ്പറയുന്ന ഗ്രന്ഥമാണ് ഇവിടെ വിവർത്തനത്തിനുപയോഗിച്ചിരിക്കുന്നത്: R.T. Meyer, *St. Athanasius, The Life of Saint Antony*. New York, 1950 (*Ancient Christian Writers,10*). സന്യാസത്തിന്റെ അന്തർധാര എന്ന ഗ്രന്ഥത്തിന്റെ രണ്ടാം പതിപ്പ് പ്രസിദ്ധീകരിക്കുന്നതിൽ വളരെ സന്തോഷം ഉണ്ട്. അടിക്കുറിപ്പുകൾ ഓരോ പേജിലും കൊടുത്തിരിക്കുന്നു എന്നതൊഴിച്ചാൽ ഒന്നാം പതിപ്പിൽ നിന്നു് (1985) സാരമായ വ്യത്യാസങ്ങളില്ല. ഈ ഗ്രന്ഥം സഹൃദയ സമക്ഷം സാദരം സമർപ്പിച്ചു കൊള്ളുന്നു.

കോട്ടയം
മാർച്ച് 10, 1992.

**ഫാദർ ഗീവർഗീസ് ചേടിയത്ത്**

# അന്തോണിയോസിന്റെ ജീവചരിത്രം

## ആമുഖം

### വിദൂരസ്ഥലങ്ങളിലുള്ള സഹോദരന്മാർക്ക് മെത്രാനായ അത്തനാസ്യോസ് എഴുതുന്നത്

ഈജിപ്തിലെ സന്യാസികളെപ്പോലെ നിങ്ങൾ ആരംഭിച്ചിട്ടുള്ള പോരാട്ടം ശ്രേഷ്ഠമാണ്. സന്യാസജീവിത പരിശീലനത്തിൽ അവർക്കു തുല്യരാകാനോ അവരെക്കാൾ മുന്നിലെത്താൻ തന്നെയോ ആണല്ലോ നിങ്ങൾ നിശ്ചയിച്ചിട്ടുള്ളത്. ഇക്കാലത്തിനിടെ നിങ്ങളുടെ രാജ്യത്തും സന്യാസ ഭവനങ്ങൾ ഉണ്ടായിക്കഴിഞ്ഞിരിക്കുന്നു; 'സന്യാസി' എന്ന പേരും പ്രതിഷ്ഠ നേടിയിട്ടുണ്ട്. അതിനാൽ നിങ്ങളുടെ ഉദ്ദേശ്യം ശ്ലാഘനീയംതന്നെ. പ്രസ്തുത ലക്ഷ്യം സാധിക്കാൻ നിങ്ങളുടെ പ്രാർത്ഥനകൾമൂലം ദൈവം നിങ്ങളെ അനുവദിക്കട്ടെ.

അനുഗൃഹീതനായ ആൻറണിയുടെ ജീവിതത്തെക്കുറിച്ചുള്ള ഒരു വിവരണവും നിങ്ങൾ ആവശ്യപ്പെട്ടിരിക്കുന്നു. അദ്ദേഹം സന്യാസം അനുഷ്ഠിക്കാൻ ഇടയായതെങ്ങനെ? സന്യസിക്കുന്നതിനുമുമ്പ് അദ്ദേഹം എന്തായിരുന്നു, അദ്ദേഹത്തിന്റെ മരണം എങ്ങനെയായിരുന്നു, അദ്ദേഹത്തെക്കുറിച്ചു പറയപ്പെടുന്ന കാര്യങ്ങളെല്ലാം ശരിയാണോ എന്നിവയെല്ലാം അറിയാൻ നിങ്ങൾ ആഗ്രഹിക്കുന്നു. അദ്ദേഹത്തിന്റെ തീക്ഷ്ണത നിറഞ്ഞ ജീവിതത്തെ അനുകരിച്ചു സ്വന്തം ജീവിതം രൂപപ്പെടുത്താൻ നിങ്ങൾ ആഗ്രഹിക്കുന്നു. നിങ്ങളുടെ അഭ്യർത്ഥനയനുസരിച്ചു പ്രവർത്തിക്കാൻ എനിക്കു വളരെ സന്തോഷമുണ്ട്. എന്തുകൊണ്ടെന്നാൽ ആൻറണിയുടെ സ്മരണയിൽനിന്നുപോലും എനിക്കു യഥാർത്ഥത്തിലുള്ള പ്രയോജനവും സഹായവും ലഭിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ കഥ കേട്ടുകഴിയുമ്പോൾ നിങ്ങളും അദ്ദേഹത്തെ അഭി

www.malankaralibrary.com



നന്ദിക്കുക മാത്രമല്ല, അദ്ദേഹത്തിന്റെ ദൃഢനിശ്ചയത്തെ അനുകരിക്കാൻ ആഗ്രഹിക്കുകയും ചെയ്യുമെന്ന് ഞാൻ കരുതുന്നു. യഥാർത്ഥത്തിൽ സന്യാസിമാരെ സംബന്ധിച്ചിടത്തോളം ആൻറണിയുടെ ജീവിതം താപസജീവിതത്തിന്റെ ഉത്തമ മാതൃകയാണ്.

അതിനാൽ അദ്ദേഹത്തെ സംബന്ധിച്ച് മററുള്ളവരിൽ നിന്ന് നിങ്ങൾക്കു ലഭിച്ചിട്ടുള്ള വിവരങ്ങളെ അവിശ്വസിക്കാതിരിക്കുക. അവരിൽനിന്നു വളരെ കുറച്ചു കാര്യങ്ങൾ മാത്രമേ നിങ്ങൾ കേട്ടിട്ടുള്ളു എന്ന് ഉറപ്പിച്ചുകൊള്ളുക. അത്രയേറെ കാര്യങ്ങൾ പറയാനുള്ളതുകൊണ്ട്, പറയേണ്ട കാര്യങ്ങളുടെ ഒരു ചെറിയ അംശം മാത്രമേ അവർ പറഞ്ഞിട്ടുള്ളു. എനിക്കും, നിങ്ങളുടെ അഭ്യർത്ഥനയനുസരിച്ച് എഴുതി അയയ്ക്കുന്ന ഈ കത്തിൽ പറയുന്ന കാര്യങ്ങളിൽ അദ്ദേഹത്തെക്കുറിച്ച് എനിക്കുള്ള ഓർമ്മകളിൽ ഒരു ചെറിയ അംശം മാത്രമേ ഉള്ളടക്കാൻ സാധിക്കുകയുള്ളു. നിങ്ങളും, ഇവിടെനിന്ന് അങ്ങോട്ടു വരുന്ന യാത്രികരോടു ചോദിച്ച് കൂടുതൽ കാര്യങ്ങൾ ഗ്രഹിക്കാൻ അലംഭാവം വിചാരിക്കരുത്. അങ്ങനെ ഓരോരുത്തരും അവരവർക്കറിയാവുന്നതു പറയുമ്പോൾ അദ്ദേഹത്തോട് ഏറെക്കുറെ നീതി ചെയ്യുന്ന ഒരു വിവരണം കിട്ടും.

നിങ്ങളുടെ കത്തു കിട്ടിയപ്പോൾ ചില സന്യാസികളെ, അദ്ദേഹത്തോട് അടുത്തിടപെട്ടിട്ടുള്ള ചിലരെ പ്രത്യേകിച്ചും ആളയച്ചു വരുത്തണമെന്ന് ഞാൻ ആഗ്രഹിച്ചു. അങ്ങനെയാകുമ്പോൾ അദ്ദേഹത്തെക്കുറിച്ചു കൂടുതൽ വിശദവിവരങ്ങൾ ഗ്രഹിക്കാനും കൂടുതൽ സമഗ്രമായ ഒരു വിവരണം നിങ്ങൾക്ക് എഴുതി അയയ്ക്കാനും എനിക്കു കഴിയുമല്ലോ. എന്നാൽ കപ്പൽ യാത്രയുടെ കാലം അവസാനിക്കാറായതുകൊണ്ട് തപാൽക്കാരൻ അക്ഷമനാകുന്നു. അതിനാൽ ആൻറണിയെപ്പററി എനിക്കു നേരിട്ട് അറിയാവുന്ന കാര്യങ്ങൾ ആദരണീയരായ നിങ്ങൾക്കു വേണ്ടി ഞാൻ തിടുക്കപ്പെട്ട് എഴുതുകയാണ്. അദ്ദേഹത്തെ ഞാൻ പലപ്പോഴും കണ്ടിട്ടുണ്ട്. ദീർഘകാലം അദ്ദേഹത്തിന്റെ സ്നേഹിതനായിരിക്കുകയും അദ്ദേഹത്തിന്റെ കൈയ്യിൽ വെള്ളം ഒഴിച്ചുകൊടുക്കുകയും ചെയ്തിട്ടുള്ള ഒരാളിൽനിന്ന് എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞ കാര്യങ്ങളും ഞാൻ ഈ കത്തിൽ ചേർക്കുന്നു. കത്തിൽ ആദ്യന്തം സത്യം ദീക്ഷിക്കണമെന്നു ഞാൻ കർശനമായ നിഷ്ഠ വച്ചിട്ടുണ്ട്. കേട്ട കാര്യങ്ങൾ വളരെയേറെയായതുകൊണ്ട് ആളുകൾ അദ്ദേഹത്തെ അവിശ്വസിക്കാനും പഠിക്കാൻ സാധിക്കാത്തതുകൊണ്ട് ആരും അദ്ദേഹത്തെ ആദരിക്കാതിരിക്കാനും ഇടയാകരുതെന്നു ഞാൻ ആഗ്രഹിച്ചു.



# ജനനവും യൗവനവും

1. ആൻറണി ജനനാൽ ഈജിപ്റ്റുകാരൻ ആയിരുന്നു.[1] അദ്ദേഹത്തിന്റെ മാതാപിതാക്കൾ നല്ല പാരമ്പര്യമുള്ളവരും സാമ്പത്തികസ്ഥിതിയിൽ മികച്ചവരുമായിരുന്നു. ആൻറണി ഒരു ക്രിസ്ത്യാനിയായിത്തന്നെ വളർത്തപ്പെട്ടു. ബാല്യത്തിൽ അദ്ദേഹം മാതാപിതാക്കളോടൊത്തു ജീവിച്ചു. വീടും മാതാപിതാക്കളുമല്ലാതെ മററൊന്നിനെക്കുറിച്ചും അദ്ദേഹം അറിഞ്ഞിരുന്നില്ല. വളർന്നുവന്നപ്പോൾ വിദ്യാലയത്തിലൊന്നും പോയുമില്ല.[2] മററു കുട്ടികളുമായുള്ള കൂട്ടുകെട്ട് ഒഴിവാക്കാനാണ് അങ്ങനെ ചെയ്തത്. അദ്ദേഹത്തിന്റെ ഏക ആഗ്രഹം, യാക്കോബിനെക്കുറിച്ചു വി. ഗ്രന്ഥം പറയുന്നതുപോലെ, (ഉല്പ. 25:27) വീട്ടിൽ ശാന്തമായ ജീവിതം നയിക്കുക എന്നതായിരുന്നു. തീർച്ചയായും, അദ്ദേഹം മാതാപിതാക്കളോടൊപ്പം പള്ളിയിൽ[3] പോയിരുന്നു. പള്ളിയിൽവച്ച് മതകാര്യങ്ങളിൽ കുട്ടികൾക്കുള്ള താൽപര്യരാഹിത്യമോ യുവാക്കൾക്കുള്ള അവജ്ഞയോ അദ്ദേഹം പ്രകടിപ്പിച്ചിരുന്നില്ല. മാതാപിതാക്കളുടെ നിർദ്ദേശമനുസരിച്ച്, അവിടെ വായിച്ചിരുന്ന പാഠങ്ങൾ നന്നായി ശ്രദ്ധിക്കുകയും അവയിൽനിന്നു നേടിയ പ്രയോജനങ്ങൾ ശ്രദ്ധാപൂർവ്വം മനസ്സിൽ സൂക്ഷിക്കുകയും ചെയ്തു. ഇതിനുപുറമെ ചെറുപ്പത്തിൽ തനിക്കുണ്ടായിരുന്ന സൗകര്യപ്രദമായ സാഹചര്യങ്ങൾക്ക് അനുസൃതമായി ആഡംബരങ്ങൾക്കോ രുചികരമായ ഭക്ഷണങ്ങൾക്കോ വേണ്ടി അദ്ദേഹം മാതാപിതാക്കളെ ശല്യപ്പെടുത്തിയിരുന്നില്ല; അത്തരം കാര്യങ്ങളിൽ അദ്ദേഹം സന്തോഷിച്ചിരുന്നുമില്ല. തന്റെ മുമ്പിൽ കിട്ടിയ വസ്തുക്കൾകൊണ്ട് അദ്ദേഹം സംതൃപ്തനായിരുന്നു, കൂടുതൽ ചോദിച്ചിരുന്നില്ല.

---

1. സൊസൊമെൻ, സഭാചരിത്രം 1.13: മധ്യ ഈജിപ്തിലെ കോമാ (Coma) യിൽ ജനിച്ചു. കോമാ എന്നതിന്റെയർത്ഥം 'ഗ്രാമം', 'പട്ടണം' എന്നൊക്കെയാണ്. ആൻറണിയുടെ 'കോമാ'യെപ്പററി തുടരെത്തുടരെ അത്തനാസ്യോസ് പറയുന്നതിനാലാകാം സൊസൊമെൻ ഇപ്രകാരം ധരിച്ചത്.
2. ആൻറണി ഉന്നത (ഗ്രീക്കു) വിദ്യാഭ്യാസത്തെ നിന്ദിച്ചിരുന്നു.
3. 'കർതൃഭവനം'–കുരിയാക്കോൻ (ദൊമിനിക്കും): കർത്താവിനെ സംബന്ധിച്ചത്; പള്ളി.

www.malankaralibrary.com



# ആൻറണിയുടെ വിളിയും താപസജീവിതത്തിലെ ആദ്യത്തെ ചുവടുവയ്പുകളും

2. ആൻറണി ചെറുപ്പമായിരിക്കുമ്പോൾത്തന്നെ മാതാപിതാക്കൾ ദിവംഗതരായി. വളരെ കുഞ്ഞായ ഒരു സഹോദരിയെ സംരക്ഷിക്കേണ്ട ചുമതലയും അദ്ദേഹത്തിൽ നിക്ഷിപ്തമായി. അന്ന് ആൻറണിക്ക് പതിനെട്ടോ ഇരുപതോ വയസ്സുണ്ട്. വീടിൻെറയും കുഞ്ഞു സഹോദരിയുടെയും ചുമതല അദ്ദേഹം ഏറ്റെടുത്തു.

മാതാപിതാക്കളുടെ മരണത്തിനുശേഷം ഏതാണ്ട് ആറു മാസം കഴിഞ്ഞപ്പോൾ ഒരു ദിവസം അദ്ദേഹം പതിവനുസരിച്ച് പള്ളിയിലേയ്ക്കു പോവുകയായിരുന്നു. നടക്കുന്ന വഴിയിൽ പല കാര്യങ്ങളെക്കുറിച്ചും ചിന്തിച്ചു കൂട്ടത്തിൽ അപ്പസ്തോലന്മാർ അവർക്കുള്ളതെല്ലാം ഉപേക്ഷിച്ച് ക്രിസ്തുവിനെ അനുഗമിച്ച കാര്യവും അദ്ദേഹം ഓർത്തു (മത്താ. 4:20,19:27). ശ്ലീഹന്മാരുടെ നടപടികളിൽ പറഞ്ഞിരിക്കുന്ന ചിലയാളുകളുടെ കാര്യവും അദ്ദേഹം അനുസ്മരിച്ചു. അവർ തങ്ങൾക്കുള്ളതെല്ലാം വിററ്,ആവശ്യക്കാർക്ക് വിതരണം ചെയ്യത്തക്കവിധം അതിൻെറ വില അപ്പസ്തോലന്മാരെ ഏല്പിച്ചു (നട. 4:35-37). അങ്ങനെ ചെയ്യുന്നവർക്ക് സ്വർഗ്ഗത്തിൽ എത്രയധികമായ പ്രതീക്ഷകൾക്ക് അർഹതയുണ്ട് എന്നും ആൻറണി ചിന്തിച്ചു (എഫേ. 1.18; കൊളോ. 1:5). ഈ വിചാരത്തോടുകൂടിയാണ് അദ്ദേഹം പള്ളിയിൽ പ്രവേശിച്ചത്. ആ സമയത്ത് പള്ളിയിൽ സുവിശേഷവായന നടക്കുകയായിരുന്നു. കർത്താവ് ധനികനായ മനുഷ്യനോടു പറയുന്ന ഈ ഭാഗം അദ്ദേഹം ശ്രവിച്ചു: 'നീ പൂർണ്ണനാകാൻ ആഗ്രഹിക്കുന്നെങ്കിൽ പോയി നിനക്കുള്ളതെല്ലാം വിററ് ദരിദ്രർക്കു കൊടുക്കുക. അപ്പോൾ സ്വർഗ്ഗത്തിൽ നിനക്കു നിക്ഷേപമുണ്ടാകും. പിന്നെ വന്ന് എന്നെ അനുഗമിക്കുക'. (മത്താ. 19:11). ദൈവം വിശുദ്ധരെക്കുറിച്ച് അദ്ദേഹത്തെ അനുസ്മരിപ്പിക്കുകയും ആ വായന പ്രത്യേകമായി അദ്ദേഹത്തെ ചൂണ്ടി ആയിരിക്കുകയും ചെയ്താലെന്നപോലെ[4], ആൻറണി ഉടനെതന്നെ പള്ളിയിൽനിന്നു പോവുകയും തൻെറ പൂർവ്വികരിൽനിന്നു ലഭിച്ച ഭൂമി ആ പട്ടണത്തിലെ ആളുകൾക്കു ദാനം

4. വി. അഗസ്റ്റിൻ ഈ ഭാഗം അനുസ്മരിക്കുന്നു (ആത്മകഥ, 8.12.29).



ചെയ്യുകയും ചെയ്തു. ഭൂമി 300 ആറുറാ[5] വിസ്താരമുള്ളതായിരുന്നു. വളരെ ഭംഗിയും ഫലപുഷ്ടിയും ഉള്ളതായിരുന്നു ആ ഭൂമി. അത് തനിക്കും സഹോദരിക്കും ഒരുതരത്തിലും തടസ്സമാകരുതെന്ന് അദ്ദേഹം ആഗ്രഹിച്ചു. അദ്ദേഹം വീട്ടിലുണ്ടായിരുന്ന ജംഗമസ്വത്തുക്കളും എല്ലാം വിററു. അതിൽനിന്ന് നല്ലൊരു തുക കിട്ടി. അതിൻെറ ഒരു ചെറിയ ഭാഗം സഹോദരിക്കുവേണ്ടി നീക്കിവച്ചിട്ട് ബാക്കിയുള്ളതു മുഴുവൻ പാവങ്ങൾക്കു ദാനം ചെയ്തു.

3. ആൻറണി പിന്നെയൊരിക്കൽ ദേവാലയത്തിൽ പ്രവേശിച്ചപ്പോൾ, കർത്താവ് സുവിശേഷത്തിൽ തന്നോട് ഇങ്ങനെ പറയുന്നതായി അദ്ദേഹം കേട്ടു: 'നാളെയെക്കുറിച്ചു നിങ്ങൾ ആകുലരാകരുത്' (മത്താ. 6:34). അദ്ദേഹത്തിനു പിന്നെ അധികം കാത്തിരിക്കാൻ കഴിഞ്ഞില്ല. അദ്ദേഹം തിരിച്ചു ചെന്ന് താൻ സൂക്ഷിച്ചുവച്ചിരുന്ന സമ്പത്തും പാവങ്ങൾക്കു വിതരണം ചെയ്തു. തൻെറ സഹോദരിയെ വളർത്തുന്നതിന് തനിക്ക് അറിവും വിശ്വാസവുമുള്ള കന്യാസ്ത്രീകളുടെ[6] പക്കൽ ഏല്പിച്ചു. അതിനുശേഷം തൻെറ സമയം മുഴുവൻ സന്യസ്തജീവിതത്തിനായിട്ടാണ് അദ്ദേഹം വിനിയോഗിച്ചത്. ആത്മപരിത്യാഗപൂർണ്ണമായ രീതിയിൽ തൻെറ വീടിനു സമീപം തന്നെ അദ്ദേഹം ജീവിച്ചു. കാരണം, അന്ന് ഈജിപ്തിൽ അധികം സന്യാസഭവനങ്ങൾ ഉണ്ടായിരുന്നില്ല. അകലെയുള്ള മരുഭൂമികളെപ്പററി സന്യാസികൾ ആരും ചിന്തിച്ചിരുന്നുമില്ല. സ്വന്തം ആദ്ധ്യാത്മിക ഭാവിയെക്കുറിച്ച് ഉത്കണ്ഠയുള്ളവരെല്ലാം സ്വന്തം ഗ്രാമത്തിൻെറ സമീപത്തുതന്നെ സ്വയം സന്യാസജീവിതം പരിശീലിക്കുകയായിരുന്നു അന്നത്തെ പതിവ്.

ഇക്കാലത്ത് അടുത്തുള്ള ഗ്രാമത്തിൽ വൃദ്ധനായ ഒരു സന്യാസിയുണ്ടായിരുന്നു. അദ്ദേഹം യൗവനം മുതൽ ഏകാന്തതയിൽ സന്യാസജീവിതം നയിച്ചു വരികയായിരുന്നു. ആൻറണി അദ്ദേഹത്തെ കണ്ടപ്പോൾ നല്ല കാര്യങ്ങളിൽ (ഗലാ. 4:18) അദ്ദേഹം ആവേശഭരിതനായിരുന്നു. ആൻറണി ഉടൻതന്നെ

5. ആറുറാ (Arura) നൂറ് ഈജിപ്ഷ്യൻ അളവാണ് (cubits)=2756 (2737) ചതുരശ്രമീററർ. 300 ആറുറാ=ഏതാണ്ട് 207 ഏക്കർ വരും.

6. 'പാർതെനോൺ' (കന്യകകളുടെ സമൂഹം): ഈ കാലത്ത് (271) ദൈവസമർപ്പിതരായ കന്യകകൾ സ്വന്തം ഭവനങ്ങളിൽ മാതാപിതാക്കളൊത്തു കഴിഞ്ഞുവന്നു; പൊതുവായ പരിപാടികൾക്കുവേണ്ടി മാത്രം അവർ ഒന്നിച്ചുകൂടിയിരുന്നു.

www.malankaralibrary.com



പട്ടണത്തിൽ നിന്ന് അകലെയല്ലാതെ താമസിക്കാൻ തുടങ്ങി. അതിനുശേഷം അദ്ദേഹം, ആദ്ധ്യാത്മിക തീക്ഷ്ണതയുള്ള ഒരാൾ എവിടെയെങ്കിലും ഉള്ളതായി കേട്ടാൽ, പരിശ്രമശാലിയായ തേനീച്ചയെപ്പോലെ ആ വ്യക്തിയെ അന്വേഷിച്ചു പുറപ്പെടുമായിരുന്നു. അദ്ദേഹത്തെ സന്ദർശിക്കാതെ തിരിച്ചുപോരുകയുമില്ല. പുണ്യത്തിന്റെ മാർഗ്ഗത്തിൽ സഞ്ചരിക്കുന്നതിനാവശ്യമായ വിഭവങ്ങൾ വേണ്ടുവോളം ആ വ്യക്തിയിൽനിന്നു സമ്പാദിക്കാതെ അദ്ദേഹം തിരിച്ചു പോന്നിരുന്നില്ല.

അങ്ങനെ അദ്ദേഹം സന്ന്യാസജീവിതാരംഭത്തിന്റെ കാലം കഴിച്ചു. പൂർവ്വികന്മാരുടെ ഭവനത്തിലേയ്ക്കു തിരിച്ചുപോവുകയോ ബന്ധുക്കളെക്കുറിച്ചു ചിന്തിക്കുകയോ ചെയ്യുകയില്ലെന്ന തീരുമാനത്തിൽ അദ്ദേഹം ഉറച്ചുനിന്നു. തന്റെ താല്പര്യങ്ങളും പ്രയത്നശക്തിയും മുഴുവനായി സന്ന്യാസജീവിതത്തിനുവേണ്ടി തന്നെ വിനിയോഗിച്ചു. അദ്ദേഹം കായികമായ ജോലികൾ ചെയ്തു. കാരണം, 'അലസൻ ഭക്ഷിക്കുകയും വേണ്ട' (2 തെസ്സ. 3:10)എന്ന് അദ്ദേഹം കേട്ടിരുന്നു. അദ്ധ്വാനംകൊണ്ടുള്ള സമ്പാദ്യത്തിൽ ഒരു പങ്ക് തന്റെ ഭക്ഷണാവശ്യത്തിനുവേണ്ടി വിനിയോഗിക്കുകയും ബാക്കിയുള്ളതു പാവങ്ങൾക്കു ദാനം ചെയ്യുകയും ചെയ്തു. രഹസ്യമായും (മത്താ. 6:6) നിരന്തരമായും പ്രാർത്ഥിക്കണം[7] എന്നറിഞ്ഞിരുന്നതിനാൽ അദ്ദേഹം അവിരാമം പ്രാർത്ഥിച്ചിരുന്നു. വി. ലിഖിത പാഠങ്ങളുടെ വായനയിൽ അദ്ദേഹം അത്രയേറെ ശ്രദ്ധാലുവായിരുന്നതുകൊണ്ട് ഒരു കാര്യവും അദ്ദേഹം കേൾക്കാതെ പോയില്ല; കേട്ട കാര്യങ്ങളെല്ലാം അദ്ദേഹം ഓർത്തിരിക്കുകയും ചെയ്തു. ആ വിഷയത്തിൽ അദ്ദേഹത്തിന്റെ ഓർമ്മ പുസ്തകങ്ങളുടെ ഫലം ചെയ്തു.

4. ഇങ്ങനെ ജീവിച്ച ആന്റണി എല്ലാവരാലും സ്നേഹിക്കപ്പെട്ടു. ഭക്തരും പുണ്യചരിതരുമായ അനേകമാളുകളെ അദ്ദേഹം സന്ദർശിച്ചുവന്നു. ഓരോരുത്തരും തീക്ഷ്ണതയിലും സന്ന്യാസപരിശീലനങ്ങളിലും തന്നെക്കാൾ എത്രമാത്രം ശ്രേഷ്ഠ

7. നിരന്തര പ്രാർത്ഥനയെപ്പററി ലൂക്കാ. 18:1; 21:36; 1 തെസ്സ. 5:17. തെർത്തുല്യൻ, ശുദ്ധത, 10; സിപ്രിയൻ, കർതൃപ്രാർത്ഥന, 34-36; അലക്സാന്ത്രിയായിലെ ക്ലെമന്റ്, സ്ട്രോമാത്താ, 7.7. 35. 1., ബേസിൽ, ലേഖനം, 2:2(ഗ്രിഗോറിയോസിന്); ഹോമിലി 4:3; അംബ്രോസ്, ലൂക്കാഭാഷ്യം. 7.6. 88-90; ജോൺ ക്രിസോസ്തോം, മത്തായിഭാഷ്യം, ഹോമിലി 22:5f; അഗസ്റ്റിൻ, *Enarr. in Ps.* 37.14.



രാണെന്ന് സ്വന്തം നന്മയ്ക്കുവേണ്ടി മനസ്സിലാക്കാൻ പരിശ്രമിക്കുകയും ചെയ്തിരുന്നു.[8] ആ പുണ്യാത്മാക്കളുടെ നിർദ്ദേശങ്ങൾക്ക് അദ്ദേഹം പൂർണ്ണമായി കീഴ്‌വഴങ്ങി. അവരിൽ ഒരാളുടെ കാരുണ്യശീലവും മറ്റൊരാളുടെ പ്രാർത്ഥനാതീക്ഷ്ണതയും അദ്ദേഹം ശ്രദ്ധിച്ചു. ഒരാളുടെ ക്ഷോഭരാഹിത്യവും വേറൊരാളുടെ ഹൃദയാലുത്വവും അദ്ദേഹം ശ്രദ്ധാവിഷയമാക്കി. ഒരാളുടെ ജാഗരണങ്ങളിന്മേലും വേറൊരാളുടെ പഠനസ്വഭാവത്തിന്മേലും അദ്ദേഹം അവധാനം കേന്ദ്രീകരിച്ചു. ഒരാളെ സഹനശീലത്തിന്റെ പേരിലും വേറൊരാളെ ഉപവസിക്കയും തറയിൽ കിടന്നുറങ്ങുകയും ചെയ്യുന്നതിന്റെ പേരിലും അദ്ദേഹം അഭിനന്ദിച്ചു. ഒരാളുടെ ശാന്തശീലവും വേറൊരാളുടെ അടക്കവും അദ്ദേഹം അടുത്തു നിരീക്ഷിച്ചു. എല്ലാവർക്കും ക്രിസ്തുവിനോടുള്ള ആരാധനാഭാവവും പരസ്പരമുള്ള സ്നേഹവും അദ്ദേഹം സർവോപരിയായി നിരീക്ഷിച്ചു.[9]

മററു പുണ്യചരിതന്മാരിൽനിന്ന് ഇങ്ങനെ വേണ്ടുവോളം കാര്യങ്ങൾ ഗ്രഹിച്ചശേഷം അദ്ദേഹം സ്വന്തം സ്ഥലത്തേയ്ക്കു പോരും. ഓരോരുത്തരിലുംനിന്നു കിട്ടിയ കാര്യങ്ങൾ അദ്ദേഹം സ്വാംശീകരിക്കും. മററുള്ളവരിൽ കണ്ട നന്മകളെല്ലാം തന്നിൽ നടപ്പിലാക്കാൻ തന്റെ കഴിവുകളും പ്രയത്നശക്തിയും മുഴുവൻ വിനിയോഗിക്കും. സ്വന്തം പ്രായത്തിലുള്ള ആളുകളോട് അദ്ദേഹത്തിനു യാതൊരു കലഹവുമുണ്ടായിരുന്നില്ല. നല്ല കാര്യങ്ങളിൽ ആരുടെയും പിന്നിലായിരിക്കുകയില്ലെന്ന് ഒരു വാശി മാത്രമാണുണ്ടായിരുന്നത്. ഈ വാശി അദ്ദേഹം നടപ്പാക്കിയ സമ്പ്രദായത്തിന്റെ സവിശേഷത കാരണം ആരുടെയും വികാരങ്ങൾ അതിനാൽ വ്രണപ്പെട്ടില്ലെന്നു മാത്രമല്ല, മററുള്ളവരും അതിൽ ആനന്ദിക്കുക മാത്രമാണു ചെയ്തത്. അങ്ങനെ അദ്ദേഹത്തിന്റെ ഗ്രാമത്തിലുള്ളവരും അദ്ദേഹവുമായി ഇടപെട്ട എല്ലാ നല്ലയാളുകളും ഏതു തരത്തിലുള്ള ആളാണദ്ദേഹം എന്നു മനസ്സിലാക്കുകയും അദ്ദേഹത്തെ "ദൈവത്തിന്റെ സ്നേഹിതൻ" എന്നു വിളിക്കുകയും ചെയ്തു. ഒരു മകനെ അഥവാ സഹോദരനെ എന്നപോലെ അവർ അദ്ദേഹത്തെ സ്നേഹിച്ചു.

8. പല്ലാഡിയൂസ്, ലൗസിയാക് ചരിത്രം, 18 ഇതുപോലെതന്നെ മക്കാരിയൂസിനെപ്പററി പറയുന്നു.

9. ഇവിടെ പത്തു ക്രിസ്തീയസുകൃതങ്ങൾ വിവരിക്കുന്നു. നമ്പർ 17-ലും പത്തു ക്രിസ്തീയ സുകൃതങ്ങളെപ്പററി പരാമർശം ഉണ്ട്.

www.malankaralibrary.com



## പിശാചുക്കളുമായുള്ള ആദ്യത്തെ ഏറ്റുമുട്ടലുകൾ

5. എന്നാൽ നന്മയെ വെറുക്കുകയും അതിനെതിരായി മത്സരിക്കുകയും ചെയ്യുന്നവനായ പിശാചിനു് ഒരു യുവാവായ മനുഷ്യനിൽ നല്ല കാര്യങ്ങളെ സംബന്ധിച്ചു് ഇത്ര ദൃഢമായ നിശ്ചയവും നടപടികളും ഉള്ളതു് സഹിക്കാൻ കഴിഞ്ഞില്ല. അവൻ അയാൾക്കെതിരായി തന്റെ പതിവുതന്ത്രങ്ങൾ പ്രയോഗിക്കാൻ തുടങ്ങി.[10] ആദ്യമായി, സന്യാസജീവിതം ഉപേക്ഷിക്കാൻ അയാളെ പ്രേരിപ്പിക്കാനാണവൻ ശ്രമിച്ചതു്. തന്റെ സ്വത്തുക്കൾ, സഹോദരിയുടെ സംരക്ഷണം, ബന്ധുജനങ്ങളുടെ സ്നേഹം, ധനത്തിന്റെ ആകർഷണീയത, പ്രസിദ്ധിയുടെ മാഹാത്മ്യം, ഭക്ഷണത്തിന്റെ വിവിധ സുഖങ്ങൾ, ജീവിതത്തിന്റെ വിവിധ സൗകര്യങ്ങൾ എന്നിവയെക്കുറിച്ചുള്ള താല്പര്യം അയാളിൽ ഉദ്ദീപിപ്പിക്കാൻ അവൻ ശ്രമിച്ചു. പിന്നീടു് പുണ്യജീവിതത്തിനാവശ്യമുള്ള വിവിധങ്ങളായ കഠിനക്ലേശങ്ങളെ ചിന്തയിലേയ്ക്കു് ആനയിച്ചു. ജീവിതം ദീർഘവും ശരീരം ബലഹീനവുമാണെന്നു് ഓർമ്മിപ്പിച്ചു. ചുരുക്കത്തിൽ ആന്റണിയെ അയാളുടെ ദൃഢനിശ്ചയത്തിൽ നിന്നു വ്യതിചലിപ്പിക്കുന്നതിനുവേണ്ടി പിശാചു് അയാളുടെ മനസ്സിൽ വിവിധ വാദഗതികളുടെ ഒരു വലിയ ധൂളിമേഘം തന്നെ ഉയർത്തി.

ഇങ്ങനെയാണെങ്കിലും ആന്റണിയുടെ നിശ്ചയദാർഢ്യത്തിനു മുമ്പിൽ താൻ ശക്തിയറ്റവനാണെന്നു് സാത്താൻ കണ്ടു. താൻ അയാളുടെ മനസ്സുറപ്പിനാൽ ആക്രമിക്കപ്പെടുകയും ദൃഢവിശ്വാസത്താൽ തോല്പിക്കപ്പെടുകയും നിരന്തരമായ പ്രാർത്ഥനയാൽ പലായനം ചെയ്യിക്കപ്പെടുകയുമാണു് എന്നു് അവൻ മനസ്സിലാക്കി. അപ്പോൾ പിശാചു് ആന്റണിയുടെ ഉള്ളിൽത്തന്നെയുള്ള ആയുധങ്ങളെ ആശ്രയിക്കാൻ തീരുമാനിച്ചു. അവയിൽ അവൻ അഭിമാനിച്ചിരുന്നു. കാരണം, യുവാക്കന്മാർക്കെതിരെ പ്രയോഗിക്കുവാനുള്ള അവന്റെ ഏററവും

10. പിശാചിന്റെ തന്ത്രങ്ങളെപ്പറ്റി : സിപ്രിയാൻ, ഫോർത്തുണാത്തുസിനു്, 2; ഫിർമികസ് മതേർണുസ്, *De. err. prof. rel.* 26:4; ലക്താൻസ്യൂസ്, ദൈവ. ശില്പവൈദഗ്ധ്യം, 1. 7; യരുശ. സിറിൽ, കാററക്കെസിസ്, 16. 15; പെലൂസി. ഇസിദോർ, ലേഖനം, 3. 156; കാസ്സിയൻ, *Coll.* 7. 9–24. ലെയോ, പ്രസംഗം, 16, 3; 89, 3; ജറോം, ലേഖനം, 22, 7. 27, 29; 125, 12.



ഫലപ്രദമായ കെണി അവയാണ്. ഈ ആയുധങ്ങൾകൊണ്ടു് സാത്താൻ രാപകൽ ആന്റണിയെ ആക്രമിച്ചുതുടങ്ങി. ആന്റണിയെ കാണുന്നവർക്കെല്ലാം അദ്ദേഹം വലിയ മാനസിക സംഘർഷത്തിലാണെന്നു മനസ്സിലാകുമായിരുന്നു. ശത്രു ആന്റണിയുടെ മനസ്സിൽ അശുദ്ധചിന്തകൾ ഉയർത്തും, അദ്ദേഹം പ്രാർത്ഥനകൊണ്ടു് അവയെ ചിതറിക്കും. ശത്രു മനസ്സിൽ കാമമുണർത്തുമ്പോൾ അദ്ദേഹം ലജ്ജാബോധത്തോടുകൂടി തന്റെ വിശ്വാസവും പ്രാർത്ഥനകളും ഉപവാസവുംകൊണ്ടു് തന്റെ ശരീരത്തെ ആവരണം ചെയ്തു. ഗതികെട്ടവനായ പിശാചു് രാത്രിയിൽ ഒരു സ്ത്രീയുടെ രൂപത്തിൽ വന്നു് അവളുടെ എല്ലാ ഹാവഭാവാദികളും പ്രകടിപ്പിച്ചു് ആന്റണിയെ വഞ്ചിക്കാൻ ശ്രമിച്ചു. എന്നാൽ ആന്റണി തന്റെ മനസ്സിനെ ക്രിസ്തുവിനെക്കുറിച്ചുള്ള ചിന്തകൾകൊണ്ടു നിറച്ചു. ദൈവത്തിന്റെ ദാനമായി തനിക്കു ലഭിച്ച ആത്മാവിനെയും അതിന്റെ പ്രകൃത്യതീത സ്വഭാവത്തെയും കുറിച്ചു് അദ്ദേഹം ചിന്തിച്ചു. അങ്ങനെ പ്രലോഭനത്തിന്റെ കൽക്കരിജ്വാലകളെ അദ്ദേഹം കെടുത്തി. എങ്കിലും പിശാചു്, ശാരീരികസുഖങ്ങളുടെ വഴിപിഴപ്പിക്കാൻ പര്യാപ്തമായ ആകർഷണീയത അദ്ദേഹത്തിന്റെ മനസ്സിലുദിപ്പിക്കാൻ ശ്രമിക്കാതിരുന്നില്ല. എന്നാൽ ആന്റണി കോപതാപങ്ങളോടുകൂടി നരകത്തിലെ കെടാത്ത തീയും ചാകാത്ത പുഴുക്കളും ഉളവാക്കുന്ന വേദനയിൽ തന്റെ ചിന്തകളെ ഉറപ്പിച്ചു നിർത്തി. ഇവയെ പരിചയാക്കിക്കൊണ്ടു് പ്രലോഭനങ്ങളുടെ രംഗത്തുനിന്നു് പോറലേല്ക്കാതെ അദ്ദേഹം രക്ഷപെട്ടു.

ഈ അനുഭവം ആകെക്കൂടി ശത്രുവിനെ ലജ്ജിതനാക്കി. താൻ ദൈവത്തെപ്പോലെയാണെന്നു കരുതിയിരുന്നവൻ, ഇവിടെയിതാ നിസ്സാരനായ ഒരു മനുഷ്യനാൽ വിഡ്ഢിയാക്കപ്പെട്ടിരിക്കുന്നു. തന്റെ അമിതാഭിമാനത്തിൽ മാംസരക്തങ്ങളെ പുച്ഛിച്ചിരുന്ന പിശാചു് മാംസവും രക്തവുമുള്ള ഒരു മനുഷ്യനാൽ തോല്പിച്ചോടിക്കപ്പെട്ടു. സത്യത്തിൽ നമ്മുടെ രക്ഷയ്ക്കുവേണ്ടി മാംസം ധരിക്കുകയും തന്റെ ശരീരത്തിനു് പിശാചിന്റെമേൽ വിജയം നൽകുകയും ചെയ്ത കർത്താവു് ഈ മനുഷ്യനോടൊത്തു പ്രവർത്തിച്ചു. ഇപ്രകാരം ആത്മാർത്ഥമായി പോരാടുന്ന ഏവർക്കും പറയാൻ കഴിയും: "ഞാനല്ല, എന്നിലുള്ള ദൈവകൃപയാണു് അദ്ധ്വാനിച്ചതു്" (1 കൊറി. 15:10).

6. ഇങ്ങനെ, അവസാനത്തെ ഈ ഉപായംകൊണ്ടും ആന്റണിയെ കീഴ്പ്പെടുത്താനാവില്ലെന്നു ബോദ്ധ്യം വന്നപ്പോൾ വി. ഗ്രന്ഥത്തിൽ പറയുന്നതുപോലെ, നരകസർപ്പം

www.malankaralibrary.com



പല്ലുകടിച്ചുകൊണ്ട് അവന്റെ രൂപംതന്നെ ഒന്നുമാറ്റി. അവൻ യഥാർത്ഥത്തിൽ ഉള്ളിൽ എങ്ങനെയായിരിക്കുന്നുവോ ആ വിധത്തിൽത്തന്നെ- ഒരു കറുത്ത ബാലനായിട്ട്[11] ആന്റണിയുടെ മുമ്പിലെത്തി. അതിവിനയം കാട്ടിക്കൊണ്ടായിരുന്നു ഇത്തവണത്തെ സമീപനം. അശുദ്ധചിന്തകൾകൊണ്ട് ആക്രമിച്ചില്ല. അവൻ തീർത്തും തോല്പിക്കപ്പെട്ടിരുന്നല്ലോ. മനുഷ്യസ്വരം ഉപയോഗിച്ചുകൊണ്ട് അവൻ പറഞ്ഞു, "അനേകം ആളുകളെ ഞാൻ വഞ്ചിച്ചിട്ടുണ്ട്. പലരെ ഞാൻ നിലംപരിചാക്കിയിട്ടുമുണ്ട്. പക്ഷെ അനേകരെ അടിപ്പെടുത്തിയ തന്ത്രങ്ങൾ ഉപയോഗിച്ച് നേരിട്ടപ്പോഴും ഞാൻ താങ്കളുടെ മുമ്പിൽ ശക്തിഹീനനാണെന്നു തെളിഞ്ഞു."

"എന്നോട് ഈ വിധം സംസാരിക്കുന്ന നീ ആരാണ്?" ആന്റണി ചോദിച്ചു. പിശാച് ഉടൻ കരയുന്ന സ്വരത്തിൽ മറുപടി പറഞ്ഞു, "ഞാൻ ജഡികാസക്തിയുടെ കാമുകനാണ്. യുവജനങ്ങളെ പതിയിരുന്നാക്രമിക്കുകയും പാപത്തിൽ വീഴ്ത്തുകയുമാണ് എന്റെ ദൗത്യം. കാമത്തിന്റെ അരൂപി എന്ന് എന്നെ വിളിക്കുന്നു. നേരെ ചൊവ്വേ ജീവിക്കണമെന്നാഗ്രഹിച്ച എത്രയോ പേരെ ഞാൻ പിഴപ്പിച്ചിരിക്കുന്നു! ചാരിത്ര്യപൂർണ്ണരായ എത്രയോ വ്യക്തികളെ ദുഷ്പ്രേരണകൊണ്ടു കളങ്കിതരാക്കിയിരിക്കുന്നു! പതിതരായ മനുഷ്യരെ കുറ്റപ്പെടുത്തിക്കൊണ്ട് "നിങ്ങൾ വ്യഭിചാരത്തിന്റെ അരൂപിയാൽ വഞ്ചിതരായിരിക്കുന്നു" എന്നു പറഞ്ഞ ദീർഘദർശി പരാമർശിച്ചിട്ടുള്ളത് (ഹോശിയാ. 4:10) എന്നെത്തന്നെയാണ്. അതെ,

---

11. തിന്മയെയും ദുഷ്ടതയെയും സൂചിപ്പിക്കാൻ റോമാക്കാരും ഗ്രീക്കുകാരും കറുത്തനിറം ഉപയോഗിച്ചിരുന്നു. സിസറോ, ഹോറസ്, ഓവീഡ് എന്നിവരെല്ലാം ഇങ്ങനെ ചെയ്തിരുന്നു. സഭാപിതാക്കന്മാരും അവരെ അനുകരിച്ചിരുന്നു : ഹെർമാസ്, ഇടയൻ : ഉപമ 9. 1. 5; 9. 19. 1; ഒരിജൻ, ഉത്തമഗീതം, ഹോമിലി, 1. 6; മെത്തോഡിയൂസ്, *De sang*. 4. 2. ദുഷ്ടനെ 'കറുത്തവൻ' (ഹോമെലാസ്) എന്നാണ് ബർണബാസ് വിളിക്കുന്നത് (4. 10; 20, 1) എത്യോപ്യരുടെയും ഈജിപ്തുകാരുടെയും തൊലിയുടെ നിറം കറുത്തതായിരുന്നതിനാൽ ഈ ദേശങ്ങളുടെ പേരുകൾ പിശാചിനെ കുറിക്കാൻ ചിലർ ഉപയോഗിച്ചിട്ടുണ്ട് (പെർപെതുവായുടെയും ഫെലിസിറ്റായുടെയും രക്തസാക്ഷിത്വം, 10, 6. 8. 9. 14 (ഈജിപ്ത്) ; പത്രോസിന്റെ നടപടി, 22 (എത്യോപ്യൻ സ്ത്രീ); ക്സാന്തിപ്പുസിന്റെയും പോളിക്സേനായുടെയും നടപടി, 17f. (എത്യോപ്യൻ രാജാവ്).



ഞാൻ തന്നെയാണ് അവരെ വീഴ്ത്തിയത്. അടുത്തകാലത്ത് താങ്കളെ വളരെ ശല്യപ്പെടുത്തുകയും താങ്കളിൽനിന്ന് തോൽവി ഏറ്റു വാങ്ങുകയും ചെയ്തതും ഞാനാണ്."

ഈ വാക്കുകൾ കേട്ടിട്ട് ആന്റണി കർത്താവിനു നന്ദി പറഞ്ഞു. ധൈര്യപൂർവം പിശാചിനോടു പറഞ്ഞു, "നീ ഏറ്റവും നിന്ദ്യനാണ്. നീ ആത്മാവിൽ കറുത്തവനും ഒരു കുട്ടിയെപ്പോലെ ദുർബലനുമാകുന്നു. ഭാവിയിൽ നീ എനിക്ക് ഒരു വിഷമവും ഉണ്ടാക്കാൻ പോകുന്നില്ല. എന്തെന്നാൽ ദൈവം എന്റെ സഹായമാകുന്നു; എന്റെ ശത്രുക്കളെ ഞാൻ നിന്ദിക്കും" (സങ്കീ. 118:7). ഈ വാക്കുകൾ കേട്ടപ്പോൾ, കറുത്തവൻ ആ വാക്കുകളുടെ മുമ്പിൽ ചൂളി, അദ്ദേഹത്തിന്റെ അടുത്തുവരാൻ പോലും ഭയപ്പെട്ട് ഉടൻതന്നെ ഓടിപ്പോയി.

7. ഇതായിരുന്നു പിശാചിന്റെമേലുള്ള ആന്റണിയുടെ ആദ്യവിജയം. അഥവാ ആന്റണിയിലെ ഈ വിജയം നമ്മുടെ കർത്താവിന്റേതായിരുന്നു. "ശരീരത്തിന്റെ പ്രവണതകൾക്കനുസരിച്ച് ജീവിക്കാതെ ആത്മാവിന്റെ പ്രചോദനമനുസരിച്ച് ജീവിക്കുന്ന നമ്മിൽ നിയമത്തിന്റെ അനുശാസനം സഫലമാകുന്നതിനുവേണ്ടി അവിടുന്ന് ശരീരത്തിൽ പാപത്തെ ശിക്ഷവിധിച്ചവൻ" ആണല്ലോ (റോമ. 8:3 f).

ആന്റണി ഇങ്ങനെ ഒരു വിജയം ലഭിച്ചതുമൂലം അലസനായിത്തീർന്നില്ല. ഇനി ഒരു ക്ലേശവും കൂടാതെ കാര്യങ്ങളെല്ലാം ശുഭമായി മുന്നോട്ടു പോകുമെന്നു കരുതിയുമില്ല. മത്സരത്തിൽ തോറ്റ ശത്രുവും ക്ഷമയോടെ കാത്തിരിക്കാം എന്നു വച്ചില്ല. ആന്റണിയുടെ മേൽ ചാടിവീഴാനുള്ള തക്കംനോക്കി ഒരു സിംഹത്തെപ്പോലെ (1 പത്രോ. 5:8) അവൻ ചുറ്റി നടന്നു. ദുഷ്ടന്റെ കപടതന്ത്രങ്ങൾ വൈവിധ്യപൂർണ്ണങ്ങളാണെന്ന് വേദപുസ്തകത്തിൽനിന്നു മനസ്സിലാക്കിയിരുന്ന[12] ആന്റണിയാകട്ടെ സന്യാസപരമായ പരിശീലനങ്ങൾ വളരെ തീക്ഷ്ണതാപൂർവ്വംതന്നെ പിന്തുടർന്നു. ദുഷ്ടാരൂപിക്ക് ശാരീരിക സുഖങ്ങളുടെ പേരിൽ തന്നെ അടിപ്പെടുത്താൻ കഴിഞ്ഞില്ലെങ്കിൽ മറ്റെന്തിനെയെങ്കിലും ആശ്രയിച്ചുകൊണ്ട് അവൻ തന്നെ കുരുക്കിലാക്കാൻ ശ്രമിക്കുമെന്ന് അദ്ദേഹത്തിനറിയാമായിരുന്നു. കാരണം. പിശാചിന്റെ സ്നേഹഭാജനം പാപമാണ്. അതിനാൽ ആന്റണി ശരീരത്തെ അധികമധികം പീഡിപ്പിക്കുകയും

---

12. എഫേ. 6:11; പല്ലാഡിയൂസ്, ലൗസിയാക് ചരിത്രം, 19.

www.malankaralibrary.com



അതിന്റെ വികാരങ്ങളെ നിയന്ത്രണവിധേയമാക്കുകയും ചെയ്തു വന്നു. ഒരു പ്രാവശ്യം ജയിച്ചിട്ടു് വേറൊരിക്കൽ തോൽക്കാനിടയാകരുതെന്നു് അദ്ദേഹത്തിനു നിർബന്ധമുണ്ടായിരുന്നു(1 കൊറി. 9:27). അതിനാൽ കൂടുതൽ കർശനമായ ഇന്ദ്രിയനിഗ്രഹത്തോടുകൂടിയ ഒരു ജീവിതരീതി പരിശീലിക്കാൻ അദ്ദേഹം നിശ്ചയിച്ചു. അദ്ദേഹത്തിന്റെ ജീവിതം കണ്ടു് പലരും ആശ്ചര്യപ്പെട്ടു. എന്നാൽ ആന്റണിക്കു് ആ ജീവിതം ഒട്ടും ദുസ്സഹമായിരുന്നില്ല. ദീർഘകാലമായി ആത്മാവിനെ കീഴ്പ്പെടുത്തിയിരുന്ന ആവേശം ആശാസ്യമായ ഒരു മാനസികാവസ്ഥ അദ്ദേഹത്തിൽ സംജാതമാക്കിയിരുന്നു. നല്ല കാര്യങ്ങളിൽ മറ്റുള്ളവരിൽനിന്നു ലഭിക്കുന്ന ഏറ്റം ലഘുവായ പ്രചോദനംപോലും ആവേശം നിറഞ്ഞ പ്രതികരണങ്ങൾ അദ്ദേഹത്തിൽ ഉളവാക്കി എന്നതാണു് അതിന്റെ ഫലം. അത്ര ഉഗ്രമായ നിശ്ചയദാർഢ്യത്തോടുകൂടി അദ്ദേഹം നിശാജാഗരണങ്ങൾ നടത്തിയിരുന്നതിനാൽ ചിലപ്പോൾ രാത്രി മുഴുവൻ ഉറങ്ങാതെതന്നെ കഴിച്ചിട്ടുണ്ടു്. ഇതു് ജനങ്ങളുടെ അത്ഭുതാദരങ്ങൾക്കു വിഷയമായി. ദിവസം ഒരു പ്രാവശ്യം മാത്രമാണു് അദ്ദേഹം ഭക്ഷണം കഴിച്ചിരുന്നതു്, അതും സൂര്യാസ്തമനത്തിനു ശേഷം. ചിലപ്പോൾ ഒന്നിടവിട്ട ദിവസങ്ങളിലും പലപ്പോഴും നാലു ദിവസത്തിലൊരിക്കലും മാത്രം അദ്ദേഹം ഭക്ഷണം കഴിച്ചിരുന്നു. അപ്പവും ഉപ്പും മാത്രമായിരുന്നു ഭക്ഷണം. പാനീയം വെള്ളം മാത്രവും. മാംസത്തിന്റെയും വീഞ്ഞിന്റെയും കാര്യം നാം പറയുകപോലും ചെയ്യേണ്ടതില്ല. കാരണം, മറ്റു സന്യാസിമാർക്കും ആ പദാർത്ഥങ്ങളുമായി ബന്ധമുണ്ടായിരുന്നില്ല. കിടക്കാൻ ഒരു പുല്പായുണ്ടെങ്കിൽ അദ്ദേഹത്തിനു പരിപൂർണ്ണ സംതൃപ്തിയായിരുന്നു. എന്നാൽ സാധാരണയായി അദ്ദേഹം കിടന്നിരുന്നതു് വെറും നിലത്താണു്. ശരീരത്തിൽ എണ്ണ തേക്കുന്നതിനോടു് അദ്ദേഹം എതിരായിരുന്നു. ചെറുപ്പക്കാർ സന്യാസം ആത്മാർത്ഥമായി ആചരിക്കണമെന്നും ശരീരത്തെ ശക്തിപ്പെടുത്തുന്ന കാര്യങ്ങൾക്കു പോകരുതെന്നും അദ്ദേഹം പറഞ്ഞിരുന്നു. പകരം അവർ കഠിനാദ്ധ്വാനത്തിൽ ഏർപ്പെടുകയാണു് വേണ്ടതു്. 'ഞാൻ ദുർബ്ബലനായിരിക്കുമ്പോൾ ഞാൻ കരുത്തനാകുന്നു' (2 കൊറി. 12:10). എന്നുള്ള അപ്പസ്തോല വചനങ്ങൾ അവർ എപ്പോഴും ഓർക്കണം. ശരീരത്തിന്റെ ആഗ്രഹങ്ങൾ ഏറ്റവും ദുർബ്ബലമായിരിക്കുമ്പോൾ ആത്മാവിന്റെ ശക്തികൾ വികസിക്കുന്നു എന്നതായിരുന്നു അദ്ദേഹത്തിന്റെ പ്രമാണം.

താഴെപ്പറയുന്ന ശ്രദ്ധേയമായ ബോദ്ധ്യത്തെയും അദ്ദേഹം മുറുകെ പിടിച്ചിരുന്നു: സുകൃതജീവിതത്തിലുള്ള പുരോഗതിയും തത്ഫലമായി ഭൗതികതാത്പര്യങ്ങളിൽനിന്നുള്ള നിവർത്ത



നവും അളക്കേണ്ടതു് സുകൃത പരിശീലനങ്ങൾക്കായി വിനിയോഗിച്ച സമയത്തിന്റെ ദൈർഘ്യം പരിഗണിച്ചല്ല, സുകൃതങ്ങളോടുള്ള നമ്മുടെ താത്പര്യാധിക്യം പരിഗണിച്ചാണു്. അതിനാൽ എത്രകാലം കടന്നുപോകുന്നു എന്നതിനെക്കുറിച്ചു് അദ്ദേഹം ചിന്തിച്ചിരുന്നില്ല. ഓരോ ദിവസവും, താൻ താപസജീവിതം അന്നു മാത്രമാണു് ആരംഭിച്ചതു് എന്നുള്ള രീതിയിൽ പൂർണ്ണതയ്ക്കുവേണ്ടിയുള്ള പ്രയത്നങ്ങൾ പുതിയ ഉത്സാഹത്തോടെ നടത്തിയിരുന്നു. വി. പൗലോസിന്റെ വാക്കുകൾ അദ്ദേഹം തന്നോടുതന്നെ ആവർത്തിച്ചു പറഞ്ഞിരുന്നു: 'പിമ്പിലുള്ളവയെ വിസ്മരിച്ചിട്ടു് മുമ്പിലുള്ളവയെ ലക്ഷ്യമാക്കിക്കൊണ്ടു് ഞാൻ ഓടുന്നു' (ഫിലി. 3:13). ഏലിയാസ് പ്രവാചകന്റെ താഴെപ്പറയുന്ന വാക്കുകൾ അദ്ദേഹം എപ്പോഴും ഓർമ്മിക്കുകയും ചെയ്തിരുന്നു: 'ആരുടെ സന്നിധിയിലാണോ ഇന്നു ഞാൻ നില്ക്കുന്നതു്, ആ കർത്താവു ജീവിക്കുന്നു' (1 രാജാ. 17:1). ഇന്നു് എന്നു പറഞ്ഞപ്പോൾ കഴിഞ്ഞുപോയ കാലത്തെയല്ല അപ്പസ്തോലൻ കണക്കാക്കിയതെന്നു് ആന്റണി നിരീക്ഷിച്ചു. സുകൃതജീവിതം നിരന്തരം പുതുതായി ആരംഭിച്ചാലെന്നപോലെ ഓരോ ദിവസവും അദ്ദേഹം കഠിനപ്രയത്നം ചെയ്തു. ഓരോ മനുഷ്യനും ദൈവസന്നിധിയിൽ പ്രത്യക്ഷപ്പെടേണ്ടതെങ്ങനെയാണോ ആ വിധത്തിൽ തന്നെത്തന്നെ ആക്കിത്തീർക്കുന്നതിനുവേണ്ടിയാണു് അദ്ദേഹം ആ വിധം പ്രയത്നിച്ചതു്. ഹൃദയശുദ്ധിയും ദൈവഹിതം നിറവേറ്റുന്നതിനു സന്നദ്ധതയും ഉള്ളവരായിട്ടാണു് നാം ദൈവസന്നിധിയിൽ പ്രത്യക്ഷപ്പെടേണ്ടതു്. മഹാനായ ഏലിയായുടെ ജീവിതം ഓരോ സന്യാസിക്കും തന്റെ ജീവിതം നോക്കി പഠിക്കുന്നതിനുള്ള ഒരു ദർപ്പണമായിരിക്കണമെന്നു് അദ്ദേഹം സ്വയം പറയുമായിരുന്നു.

## ശവകുടീരങ്ങളിൽ ആന്റണിയുടെ ജീവിതം
## പിശാചുക്കളുമായി കൂടുതൽ ഏറ്റുമുട്ടലുകൾ

8. അങ്ങനെ ആന്റണി സ്വയം നിയന്ത്രണവിധേയനാക്കി. അതിനുശേഷം ഗ്രാമത്തിൽനിന്നു കുറെയകലെയുള്ള ശവകുടീരങ്ങളിലേയ്ക്കു് അദ്ദേഹം താമസം മാറ്റി. പല ദിവസങ്ങൾ ഇടവിട്ടു് തനിക്കു് അപ്പം കൊണ്ടുവന്നുതരണമെന്നു് അദ്ദേഹം തന്റെ പരിചയക്കാരിൽ ഒരാളോടു് അഭ്യർത്ഥിച്ചിരുന്നു. അദ്ദേഹം ശവകുടീരങ്ങളിലൊന്നിൽ പ്രവേശിച്ചു. മുൻപറഞ്ഞ മനുഷ്യൻ അതു പുറത്തുനിന്നു പൂട്ടി. ആന്റണി അതിനുള്ളിൽ ഏകനായി വസിച്ചു. ഇതു് 'ശത്രു'വിനു് സഹിക്കാവുന്നതില

www.malankaralibrary.com



ധികമായിരുന്നു. ആ മരുഭൂമി മുഴുവൻ അദ്ദേഹം സന്യാസംകൊണ്ടു നിറയ്ക്കും എന്ന് അവൻ സത്യമായി ഭയപ്പെട്ടു. അതിനാൽ ഒരു രാത്രി അവൻ മററനേകം പിശാചുക്കളോടുകൂടി വന്ന് ചമ്മട്ടികൾകൊണ്ട് വളരെ നിർദ്ദയമായി അദ്ദേഹത്തെ പ്രഹരിച്ചു. വേദനയുടെ ആധിക്യം മൂലം മിണ്ടാൻപോലും കഴിവില്ലാതെ അദ്ദേഹം കുറെനേരം നിലത്തു കിടന്നുപോയി. ആ വേദന അത്ര തീക്ഷ്ണമായതുകൊണ്ട് അത്ര ഭയങ്കരമായ അടികൾ ഏല്പിക്കാൻ ഒരു മനുഷ്യനും സാദ്ധ്യമല്ലെന്ന് അദ്ദേഹം ഉറച്ചു വിശ്വസിച്ചു. എന്നാൽ ദൈവപരിപാലനയാൽ–തന്നിൽ ശരണപ്പെടുന്നവരെ ദൈവം കൈവെടിയുകയില്ലല്ലോ–അടുത്ത ദിവസം തന്നെ അദ്ദേഹത്തിന്റെ പരിചയക്കാരൻ അപ്പവുമായി വന്നു. അയാൾ വാതിൽ തുറന്നപ്പോൾ ആന്റണി മരിച്ചവനെപ്പോലെ നിലത്തു കിടക്കുന്നതാണു കണ്ടത്. അയാൾ അദ്ദേഹത്തെ എടുത്ത് ഗ്രാമത്തിലെ ദേവാലയത്തിൽ കൊണ്ടുചെന്ന് തിണ്ണയിൽ കിടത്തി. അദ്ദേഹത്തിന്റെ ബന്ധുക്കളും ഗ്രാമത്തിലെ അനേക ജനങ്ങളും ഇതറിഞ്ഞു പള്ളിയിൽ വന്ന് ഒരു മൃതദേഹത്തിനു ചുററും എന്നപോലെ അദ്ദേഹത്തിനുചുററും ഇരുന്നു. എന്നാൽ പാതിരാത്രി ആയപ്പോൾ അദ്ദേഹം ബോധം തെളിഞ്ഞ് എഴുന്നേററു. തന്റെ സ്നേഹിതൻ ഒഴികെയുള്ളവരെല്ലാം ഉറങ്ങുകയാണെന്ന് അദ്ദേഹം കണ്ടു. അദ്ദേഹം ആ സ്നേഹിതനെ ആംഗ്യം കാട്ടി അടുത്തേയ്ക്കു വിളിക്കുകയും ആരെയും ഉണർത്താതെ തന്നെ ശവകുടീരത്തിലേയ്ക്ക് എടുത്തു കൊണ്ടുപോകാൻ ആവശ്യപ്പെടുകയും ചെയ്തു.

9. ആ സ്നേഹിതൻ ആന്റണിയെ എടുത്തുകൊണ്ടുപോയി അദ്ദേഹത്തെ ശവകുടീരത്തിലാക്കിയിട്ടു പഴയതുപോലെ പുറത്തുനിന്നു കതകു പൂട്ടി. ആന്റണി വീണ്ടും ശവകുടീരത്തിൽ അടയ്ക്കപ്പെട്ടവനായി. താൻ ഏററ ചമ്മട്ടിയടികളുടെ ആഘാതം കാരണം എഴുന്നേററു നില്ക്കാൻ വയ്യാത്തവിധം അദ്ദേഹം ക്ഷീണിതനായിരുന്നു. അതിനാൽ കിടന്നുകൊണ്ടാണ് അദ്ദേഹം പ്രാർത്ഥിച്ചത്. പ്രാർത്ഥന കഴിഞ്ഞപ്പോൾ അദ്ദേഹം ഇങ്ങനെ ഉച്ചത്തിൽ വിളിച്ചുപറഞ്ഞു, 'ഇതാ ഞാൻ, ആന്റണി. നിങ്ങളുടെ അടികൾകൊണ്ട് ഞാൻ സംഭീതനാകുന്നില്ല. നിങ്ങൾ ഇനിയും കൂടുതൽ അടികൾ തന്നാലും, ക്രിസ്തുവിന്റെ സ്നേഹത്തിൽനിന്ന് യാതൊന്നും എന്നെ അകററുകയില്ല' (റോമ. 8:35). പിന്നെ അദ്ദേഹം പാടാൻ തുടങ്ങി: 'സൈന്യങ്ങൾ എനിക്കെതിരായി നിന്നാലും എന്റെ ഹൃദയം ഭയപ്പെടുകയില്ല' (സങ്കീ. 27:3).

ആ സന്യാസി ഈ വിധത്തിൽ ചിന്തിക്കുകയും പറയുകയും ചെയ്തു. എന്നാൽ അത്രയേറെ പ്രഹരങ്ങൾ ഏററിട്ടും



വീണ്ടും എതിർത്തുവരുവാൻ ആന്റണിയ്ക്കു ധൈര്യമുണ്ടായതിൽ നന്മയെ ദ്വേഷിക്കുന്നവനായ ശത്രു ആശ്ചര്യപ്പെട്ട്, തന്റെ പട്ടികളെയെല്ലാം[15] വിളിച്ചുകൂട്ടിയിട്ട് കോപംകൊണ്ടു പൊട്ടിത്തെറിക്കുംവിധത്തിൽ ഇങ്ങനെ പറഞ്ഞു, 'ജഡികവികാരങ്ങൾകൊണ്ടോ നാം കൊടുത്ത താഡനങ്ങൾകൊണ്ടോ ഈ മനുഷ്യനെ അടക്കാൻ നമുക്കു കഴിഞ്ഞിട്ടില്ല. മറിച്ച് അവൻ നമ്മെ വെല്ലുവിളിക്കുകയാണ്, നമുക്ക് ഇനി വേറൊരു വിധത്തിൽ അവനെ നേരിടാം.'

തിന്മകൾ പ്രവർത്തിക്കുന്നവന്റെ ഭാഗം നിർവ്വഹിക്കാൻ പിശാചിന് എളുപ്പമാണല്ലോ. അന്നുരാത്രി ആ പിശാചുക്കളെല്ലാം കൂടെവന്ന് അതിഭയങ്കരമായ ആരവമുണ്ടാക്കി. അതിന്റെ ഫലമായി ആ പ്രദേശം മുഴുവൻ ഒരു ഭൂമികുലുക്കത്താൽ എന്നപോലെ ഇളകുന്നതായിത്തോന്നി. പിശാചുക്കൾ ആ ചെറിയ ശവകുടീരത്തിന്റെ നാലു ഭിത്തികളും തകർത്ത് അകത്തു കടന്നുവെന്നും മൃഗങ്ങളുടെയും ഇഴജന്തുക്കളുടെയും രൂപത്തിൽ ആന്റണിയുടെ നേരേ പാഞ്ഞടുക്കുന്നുവെന്നും തോന്നി. പെട്ടെന്നു തന്നെ ആ സ്ഥലം സിംഹങ്ങൾ, കരടികൾ, പുലികൾ, കാളകൾ, സർപ്പങ്ങൾ, കടന്നലുകൾ, തേളുകൾ, ചെന്നായ്ക്കൾ എന്നിവയുടെ രൂപത്തിലുള്ള ഭൂതങ്ങളാൽ നിറഞ്ഞതായിത്തോന്നി. ഓരോ ഭൂതവും അതതു സ്വീകരിച്ച ആകൃതിക്കൊത്തവിധം സഞ്ചരിക്കുകയും പെരുമാറുകയും ചെയ്തു. സിംഹങ്ങൾ ഗർജ്ജിച്ചു, അദ്ദേഹത്തിന്റെമേൽ ചാടിവീഴാൻ ഒരുങ്ങി. കാളകൾ അദ്ദേഹത്തെ കുത്തിക്കീറാൻ ആഞ്ഞു. സർപ്പങ്ങൾ പുളഞ്ഞടുത്തു. ചെന്നായ്ക്കൾ നേരേ പാഞ്ഞുവന്നു. ഈ ക്രൂരജന്തുക്കളെല്ലാം കൂടെ ഒരേസമയം പുറപ്പെടുവിച്ച ശബ്ദം ഭയാനകവും അവ പ്രകടിപ്പിച്ച രോഷം തീക്ഷ്ണവുമായിരുന്നു. ആ ഭീകരജന്തുക്കൾ പിടിച്ചു തള്ളുകയും തെരുതെരെ ഇടിക്കുകയും ചെയ്തതിനാൽ ആന്റണിയ്ക്ക് മുമ്പത്തേതിലധികം ദുസ്സഹമായ ശാരീരിക വേദന അനുഭവപ്പെട്ടു. എന്നാൽ അദ്ദേഹം ഒട്ടും ഭയം കൂടാതെയും ആത്മീയമായി മുമ്പത്തേതിലധികം ജാഗ്രതയോടുകൂടിയും അവിടെക്കിടന്നു. ശരീരത്തെ ഉലച്ച വേദന കാരണം അദ്ദേഹം ഞരങ്ങി എന്നതു ശരിയാണ്. എന്നാൽ അദ്ദേഹത്തിന് ആ സ്ഥിതിവിശേഷത്തിന്റെമേൽ നിയന്ത്രണം ഉണ്ടായിരുന്നു. ആ പിശാചുക്കളെ പരിഹസിക്കാനെന്നവിധം അദ്ദേഹം പറഞ്ഞു. 'നിങ്ങൾ ശക്തന്മാരായിരുന്നെങ്കിൽ എന്നെ ആക്രമിക്കാൻ നിങ്ങളിൽ ഒരുത്തൻ വന്നാൽ മതിയായിരുന്നു. എന്നാൽ

13. ദാസന്മാരെ എന്നർത്ഥം.

www.malankaralibrary.com



ദൈവം നിങ്ങളുടെ ശക്തി എടുത്തു കളഞ്ഞിരിക്കുന്നു. അതിനാൽ നിങ്ങൾ വളരെപ്പേർ കൂടി എൻെറ മനസ്സിൻെറ നില തെററിക്കാൻ സാധിക്കുമോ എന്നു പരീക്ഷിച്ചു നോക്കുകയാണ്. നിങ്ങൾ ജന്തുക്കളുടെ ആകൃതികളെ അനുകരിക്കാൻ ശ്രമിക്കുന്നതു് നിങ്ങളുടെ നിസ്സഹായതയ്ക്കു തെളിവാണ്.' വീണ്ടും അദ്ദേഹം ധൈര്യപൂർവ്വം ഇങ്ങനെ പറഞ്ഞു, 'നിങ്ങൾക്കു കഴിയുമെങ്കിൽ, എനിക്കെതിരായി നിങ്ങൾ അധികാരം നേടിയിട്ടുണ്ടെങ്കിൽ, ഒട്ടും താമസിക്കണ്ട, ഉടൻ എന്നെ ആക്രമിക്കൂ. നിങ്ങൾക്ക് അതിനു കഴിവില്ലെങ്കിൽ ഒരുപയോഗവുമില്ലാതെ എന്തിനു വിഷമിക്കുന്നു? എന്തെന്നാൽ കർത്താവിലുള്ള വിശ്വാസം ഞങ്ങൾക്ക് ഒരു മുദ്രയും സുരക്ഷിതത്വത്തിൻെറ ഭിത്തിയുമാകുന്നു'.

ഇങ്ങനെ അനവധി തന്ത്രങ്ങൾ പ്രയോഗിച്ചുനോക്കി പരാജയപ്പെട്ടിട്ട്, അവർ ആൻറണിയെയല്ല, തങ്ങളെത്തന്നെയാണ് വിഡ്ഢികളാക്കിയതെന്നു മനസ്സിലാക്കി, പിശാചുക്കൾ അദ്ദേഹത്തിൻെറ നേരേ നോക്കി പല്ലുകൾ ഞെരിച്ചു.

10. ഈ സമയത്തും ദൈവം ആൻറണിയെ അദ്ദേഹത്തിൻെറ പോരാട്ടത്തിൽ വിസ്മരിച്ചില്ല, അദ്ദേഹത്തിൻെറ സഹായത്തിനെത്തി. ആൻറണി മുകളിലേയ്ക്കു നോക്കിയപ്പോൾ മേൽക്കൂര തുറക്കുകയും ഒരു പ്രകാശനാളം തൻെറമേൽ വന്നു വീഴുകയും ചെയ്യുന്നതായി അദ്ദേഹത്തിനു തോന്നി. ആ നിമിഷത്തിൽ പിശാചുക്കൾ അപ്രത്യക്ഷരായി. ആൻറണിയുടെ ശരീരത്തിലെ വേദനകൾ അവസാനിച്ചു. ആ കെട്ടിടം വീണ്ടും പൂർവ്വാവസ്ഥയിലായി. ദൈവത്തിൻെറ സഹായം എത്തിച്ചേർന്നുവെന്നു മനസ്സിലാക്കിയ, ആൻറണി കൂടുതൽ സ്വതന്ത്രമായി ശ്വാസോച്ഛ്വാസം ചെയ്തു; വേദനകൾ നീങ്ങിയതിൽ ആശ്വസിച്ചു. ആ ദർശനത്തോട് അദ്ദേഹം ചോദിച്ചു: 'അങ്ങ് എവിടെയായിരുന്നു? പിശാചുക്കളുടെ ആക്രമണം ആരംഭിച്ചപ്പോൾത്തന്നെ എൻെറ വേദനകൾ ശമിപ്പിക്കാൻ അങ്ങ് എന്തുകൊണ്ടു വന്നില്ല.?'

ഈ ചോദ്യത്തിനു മറുപടിയായി അദ്ദേഹം ഒരു സ്വരം കേട്ടു: ''ആൻറണീ, ഞാൻ ഇവിടെത്തന്നെയുണ്ടായിരുന്നു. നിൻെറ പ്രവർത്തനങ്ങൾ കാണാൻവേണ്ടി ഞാൻ കാത്തിരുന്നതാണ്. നീ പിടിച്ചു നിൽക്കുകയും തോൽവി സമ്മതിക്കാതിരിക്കുകയും ചെയ്തു. അതിനാൽ ഞാൻ എന്നും നിൻെറ സഹായി ആയിരിക്കും. നിന്നെ എല്ലായിടത്തും വിഖ്യാതനാക്കിത്തീർക്കുകയും ചെയ്യും.''



ഈ സ്വരം കേട്ട് അദ്ദേഹം എഴുന്നേററു പ്രാർത്ഥിച്ചു. അദ്ദേഹത്തിനു വളരെ ശക്തി കിട്ടി. തൻെറ ശരീരത്തിന്, മുമ്പ് എന്നത്തെയുംകാൾ കരുത്തുള്ളതായി അദ്ദേഹത്തിന് അനുഭവപ്പെട്ടു. ഈ സംഭവം നടന്നപ്പോൾ അദ്ദേഹത്തിന് ഏകദേശം 35 വയസ്സ് പ്രായമുണ്ടായിരുന്നു.

## ആൻറണി നൈൽനദി കടക്കുന്നു
## മരുഭൂമിയിലെ ജീവിതം
## പിസ്പീറിലെ ഏകാന്തവാസം

11. ദൈവസേവനത്തിൻെറ വിഷയത്തിൽ കൂടുതലായ ഒരു തീക്ഷ്ണതയോടുകൂടി ആൻറണി അടുത്ത ദിവസം കുടീരത്തിൽ നിന്നു പുറത്തു വന്നു. മുകളിൽ പരാമർശിച്ചിട്ടുള്ള വൃദ്ധനായ മനുഷ്യനെ അദ്ദേഹം സന്ദർശിക്കുകയും മരുഭൂമിയിൽ തന്നോടൊത്തു ജീവിക്കാൻ അദ്ദേഹത്തോട് അഭ്യർത്ഥിക്കുകയും ചെയ്തു. തനിക്കു് പ്രായം അധികമായതുകൊണ്ടും നിഷ്ഠുമായ ജീവിതരീതി അന്നു പ്രചാരത്തിലായിക്കഴിഞ്ഞിരുന്നില്ല എന്നതുകൊണ്ടും അദ്ദേഹം ആ അഭ്യർത്ഥന നിരസിച്ചു. അതിനാൽ ആൻറണി ഉടൻതന്നെ ഏകനായി പർവ്വതപ്രദേശത്തേയ്ക്കു് പുറപ്പെട്ടു. എന്നാൽ 'ശത്രു' അവിടെയും ഉണ്ടായിരുന്നു. ആൻറണിയുടെ ആത്മാർത്ഥത മനസ്സിലാക്കുകയും അദ്ദേഹത്തിൻെറ നീക്കത്തെ തകർക്കണമെന്നു നിശ്ചയിക്കുകയും ചെയ്തിട്ട് അദ്ദേഹത്തിൻെറ വഴിയിൽ ഒരു വലിയ വെള്ളിത്തളികയുടെ ദർശനം അവൻ ഒരുക്കി. എന്നാൽ ആൻറണി നന്മയുടെ എതിരാളി ഒരുക്കിയ ഈ കെണിയുടെ യാഥാർത്ഥ്യം മനസ്സിലാക്കി. അദ്ദേഹം അതിനടുത്തുനിന്ന് അതിൽ സാത്താൻെറ പ്രവർത്തനത്തെ വെളിപ്പെടുത്തിക്കൊണ്ട് ഇങ്ങനെ പറഞ്ഞു, ''മരുഭൂമിയിൽ ഒരു തളികയോ? അതു് എവിടെനിന്നു വരുന്നു? ഇതു് ആളുകൾ സഞ്ചരിക്കുന്ന വഴിയല്ല. ആളുകൾ ഇതിലേ നടന്ന പാടുകൾ ഒന്നു പോലുമില്ല. ഇതിനു വളരെ വലിപ്പമുണ്ട്. ആരെങ്കിലും അറിയാതെ ഇട്ടിട്ടുപോയതല്ല. അതു് യഥാർത്ഥത്തിൽ ആരുടെയെങ്കിലും പക്കൽനിന്ന് നഷ്ടപ്പെട്ടതായിരുന്നെങ്കിൽ അയാൾ അതന്വേഷിച്ചു തിരിച്ചുവരുമായിരുന്നു. ഇതു് ഒരു മറവുമില്ലാത്ത മരുഭൂമി ആയതുകൊണ്ട് അയാൾ അതു കണ്ടെടുക്കുകയും ചെയ്യുമായിരുന്നു. ഇതു് പിശാചിൻെറ ഒരു തന്ത്രമാണ്. പിശാചേ, ഈ തന്ത്രംകൊണ്ട് എൻെറ ദൃഢനിശ്ചയത്തെ തകർക്കാൻ നിനക്കു

www.malankaralibrary.com



കഴിയുകയില്ല. ഇതു നിന്നോടുകൂടി നശിച്ചുപോകട്ടെ."[14] ആൻറണി ഇങ്ങനെ പറഞ്ഞപ്പോൾ ആ തളിക കത്തിജ്ജ്വലിച്ച് പുകയായി അന്തർദ്ധാനം ചെയ്തു.

12. കുറെക്കൂടെ മുന്നോട്ടു പോയപ്പോൾ മറെറാരു ദൃശ്യം ആൻറണിയുടെ കണ്ണിൽപ്പെട്ടു. ഇത്തവണ വെറും ദർശനമല്ല. യഥാർത്ഥസ്വർണ്ണം റോഡരുകിൽ ചിതറിക്കിടക്കുകയായിരുന്നു. അതു് ശ്രദ്ധയിൽപ്പെടുത്തിയതു 'ശത്രു'വാണോ അതോ, അദ്ദേഹം യഥാർത്ഥ സമ്പത്തിനെപ്പോലും വകവച്ചിരുന്നില്ല എന്നു പിശാചിനെ ബോദ്ധ്യപ്പെടുത്തുവാൻവേണ്ടി നന്മയുടെ ശക്തിയാണോ എന്നു് ആൻറണി വെളിപ്പെടുത്തിയിട്ടില്ല. അതുകൊണ്ടു് അക്കാര്യം നമുക്കു് അറിയാനും പാടില്ല. അവിടെ കാണപ്പെട്ടതു യഥാർത്ഥ സ്വർണ്ണമാണെന്നു മാത്രം നമുക്കു പറയാൻ കഴിയും. ആൻറണിയാകട്ടെ, ആ സ്വർണ്ണത്തിൻെറ അളവിനെക്കുറിച്ചു് ആശ്ചര്യപ്പെട്ടു. എന്നാൽ അതു നോക്കി അല്പസമയംപോലും നിന്നില്ല. അതു തീയാണെങ്കിൽ എന്ന വിധം ചാടിക്കടന്നു് തിരിഞ്ഞുനോക്കാതെ മുന്നോട്ടുപോയി. അദ്ദേഹം യഥാർത്ഥത്തിൽ ഓടുകയായിരുന്നു. അതിനാൽ വളരെ വേഗം തന്നെ ആ സ്വർണം അദ്ദേഹത്തിനു കാണാൻ പാടില്ലാത്ത അകലത്തിലായി.

അങ്ങനെ തൻെറ ലക്ഷ്യത്തിൽ അധികാധികം കരുത്താർജ്ജിച്ചുകൊണ്ടു് അദ്ദേഹം വേഗം പർവതപ്രദേശത്തേയ്ക്കു പോയി.[15] നദിയുടെ മറുകരയിൽ ആൾപാർപ്പിടമില്ലാത്ത ഒരു കോട്ട അദ്ദേഹം കണ്ടെത്തി. കാലപ്പഴക്കത്തിൽ അതു് ഇഴജന്തുക്കളുടെ ആവാസകേന്ദ്രമായിത്തീർന്നിരുന്നു. അവിടെ ജീവിക്കാൻ അദ്ദേഹം തീരുമാനിച്ചു. ആരോ ഓടിച്ചുകളഞ്ഞിട്ടെന്ന വിധം ഇഴജന്തുക്കളെല്ലാം ഉടൻ ആ സ്ഥലം വിട്ടുപോയി. കോട്ടയിലേയ്ക്കുള്ള പ്രവേശനകവാടം അദ്ദേഹം അടച്ചു. ആറു

14 നട. 8:20 മായി താരതമ്യപ്പെടുത്തുക

15. ആൻറണി 20 വർഷം ചെലവഴിച്ച 'പുറത്തേ മല' (ബാഹ്യമല) ആണിതു്: നൈൽ നദിയുടെ കിഴക്കേ കരയിലെ പിസ്പീർ; മെംഫീസിൽനിന്നു് 50 മൈൽ തെക്കു്-നൈലിൻെറ വടക്കുപടിഞ്ഞാറാണ് നിത്രിയൻ മരുഭൂമി; അതു് അലക്സാന്ത്രിയായ്ക്കു് നേരെ തെക്കാണ്. ഹെരാക്ളെയാപ്പോലീസിനു തെക്കായി നൈലിൻെറ ഇരുവശങ്ങളിലുമായി 'തേബായ്സിലെ വലിയ മരുഭൂമി' യാണ്. അതു് പിൽക്കാലത്തു് ഒരു വലിയ സന്യാസ കേന്ദ്രമായിത്തീർന്നു.



മാസത്തെ ഭക്ഷണത്തിനുള്ള അപ്പം അദ്ദേഹത്തിൻെറ കൈവശം ഉണ്ടായിരുന്നു. പണ്ടു തേബായ്സിലെ ആളുകൾ[16] അങ്ങനെ ചെയ്യുമായിരുന്നു. അവിടെ ഒരു കൊല്ലത്തോളം അപ്പം കേടാകാതെ ഇരിക്കുമായിരുന്നു താനും. ആ കോട്ടയ്ക്കുള്ളിൽ വെള്ളമുണ്ടായിരുന്നു. അതിനാൽ ഒരു പേടകത്തിനുള്ളിലെന്നപോലെ ബാഹ്യലോകത്തിൻെറ ദൃഷ്ടിയിൽപ്പെടാതെ കഴിയാൻ അദ്ദേഹത്തിനു സാധിച്ചു. പുറത്തേയ്ക്കു് വരുകയോ ആ പ്രദേശത്തുകൂടെ ആരെങ്കിലും കടന്നുപോകുന്നതു കാണുകയോ ചെയ്യാതെ അദ്ദേഹം ആ കോട്ടയ്ക്കുള്ളിൽ ഏകനായി കഴിഞ്ഞു. ഈ രീതിയിലുള്ള സന്യാസപരിശീലനത്തിൽ വളരെക്കാലം അദ്ദേഹം നിർബന്ധപൂർവം കഴിച്ചുകൂട്ടി. അതിനപ്പുറമുള്ള വീട്ടിൽനിന്നു് ആണ്ടിൽ രണ്ടുപ്രാവശ്യം മാത്രം അദ്ദേഹം അപ്പം സ്വീകരിച്ചിരുന്നു.

13. അദ്ദേഹത്തെ സന്ദർശിക്കാൻ വന്ന പരിചയക്കാർ പലപ്പോഴും പല ദിനരാത്രങ്ങൾ കോട്ടയ്ക്കു പുറത്തു കാത്തു നിൽക്കേണ്ടി വന്നിട്ടുണ്ടു്. അവർ അകത്തേയ്ക്കു വരാൻ അദ്ദേഹം സമ്മതിക്കുകയില്ല. ഉള്ളിൽ വലിയ ജനക്കൂട്ടങ്ങൾ കലാപമുണ്ടാക്കുകയും കോലാഹലം കൂട്ടുകയും ദയനീയമായി വിലപിക്കുകയും അലറുകയും എല്ലാം ചെയ്യുന്നതുപോലുള്ള ശബ്ദങ്ങൾ അവർ കേട്ടു. "ഞങ്ങളുടെ അധീനതയിലുള്ള ഈ സ്ഥലത്തുനിന്നു പുറത്തുപോകൂ. ഈ മരുഭൂമിയിൽ നിനക്കെന്താണു കാര്യം? ഞങ്ങളുടെ പീഡനങ്ങൾക്കെതിരെ പിടിച്ചു നിൽക്കാൻ നിനക്കു കഴിയുകയില്ല" എന്നിങ്ങനെയുള്ള വാക്കുകൾ അവർക്കു കേൾക്കാമായിരുന്നു. അകത്തു് ഏതോ ആളുകൾ ആൻറണിയുമായി യുദ്ധം ചെയ്യുന്നുണ്ടെന്നും അവർ കോവണിവഴി അകത്തുകടന്നുവെന്നും ആണ് പുറത്തുനിന്നവർ ആദ്യം ഓർത്തതു്. എന്നാൽ കോട്ടയിൽ ഉണ്ടായിരുന്ന ഒരു ദ്വാരം വഴി എത്തി നോക്കിയപ്പോൾ അവർക്കു് ആരെയും കാണാൻ കഴിഞ്ഞില്ല. ഈ ബഹളമെല്ലാം ഉണ്ടാക്കുന്നതു പിശാചുക്കളാണെന്നു് അപ്പോൾ അവർക്കു മനസ്സിലായി. സംഭ്രാന്തരായി അവർ ആൻറണിയെ വിളിച്ചു. ആൻറണി പിശാചുക്കളുടെ ശബ്ദത്തേക്കാളധികമായി ആ മനുഷ്യരുടെ വിളിക്കു പ്രാധാന്യം നൽകി. അതിനാൽ അദ്ദേഹം വാതിലിനടുത്തേയ്ക്കു ചെന്നു് ഭയപ്പെടാതെ തിരിച്ചുപോകാൻ അവരോടു് ആവശ്യപ്പെട്ടു. അദ്ദേഹം പറഞ്ഞു: "ധൈര്യമില്ലാത്തവരെ മാത്രമേ പിശാചുക്കൾക്കു് അവരുടെ മായാദർശനങ്ങൾകൊണ്ടു്

16. Thebans

www.malankaralibrary.com



ഉപദ്രവിക്കാൻ കഴിയൂ. അതിനാൽ നിങ്ങൾ കുരിശടയാളം വരച്ചുകൊണ്ട്[17] ഭയപ്പെടാതെ വീടുകളിലേയ്ക്കു പോകുക. ചെകുത്താന്മാർ ഇവിടെ അവരെത്തന്നെ വിഡ്ഢികളാക്കട്ടെ.''

ഈ വാക്കുകൾകേട്ട് ആളുകൾ കുരിശിൻെറ അടയാളത്താൽ സ്വയം ബലപ്പെടുത്തിക്കൊണ്ടു തിരിച്ചുപോയി. 'ആൻറണി പിശാചുക്കളിൽനിന്നു യാതൊരുപദ്രവവുമേൽക്കാതെ ആ കോട്ടയിൽ വസിച്ചു. അവരുമായുള്ള മത്സരത്തിൽ അദ്ദേഹം ക്ഷീണിതനായുമില്ല. ഉന്നതങ്ങളിൽനിന്ന് അദ്ദേഹത്തിനു ലഭിച്ച ദർശനങ്ങൾ നല്കിയ ശക്തിയും ശത്രുക്കളുടെ ദൗർബല്യത്തെക്കുറിച്ചുള്ള അവബോധവും അവർക്കെതിരായുള്ള പ്രയത്നത്തിൽ അദ്ദേഹത്തിനു കൂടുതലായ വീര്യം നൽകി. അദ്ദേഹം മരിച്ചിരിക്കുമെന്ന ആശങ്കയോടെ വീണ്ടും വീണ്ടും വന്ന സ്നേഹിതന്മാർ അദ്ദേഹം ഇങ്ങനെ ആലപിക്കുന്നതാണു കേട്ടത്: ''ദൈവം ഉയരുകയും അവിടുത്തെ ശത്രുക്കൾ ചിതറിക്കപ്പെടുകയും ചെയ്യട്ടെ. അവനെ വെറുക്കുന്നവർ അവൻെറ സന്നിധിയിൽനിന്നു പലായനം ചെയ്യട്ടെ. പുകയെന്നപോലെ അവർ മറഞ്ഞുപോകട്ടെ. തീയുടെ സാന്നിധ്യത്തിൽ മെഴുക് ഉരുകുന്നതുപോലെ ദൈവത്തിൻെറ സന്നിധിയിൽ പാപികൾ ഇല്ലാതായിപ്പോകട്ടെ'' (സങ്കീ. 68:1 f). അവർ ഇങ്ങനെയും കേട്ടു: ''എല്ലാ ജനതകളും എന്നെ വലയം ചെയ്തു. കർത്താവിൻെറ നാമത്തിൽ ഞാൻ അവരെ ഓടിച്ചുകററി'' (സങ്കീ. 118:10).

## ആൻറണി ഏകാന്തവാസം ഉപേക്ഷിക്കുന്നു സന്യാസികളുടെ പിതാവും ഗുരുവും

14. ഇങ്ങനെ ആൻറണി ഇരുപതു വത്സരക്കാലത്തോളം ഏകാകിയായി സന്യാസജീവിതം നയിച്ചു. അതിനിടയിൽ ഒരിക്കൽപ്പോലും തൻെറ സങ്കേതം വിട്ടുപോയില്ല. വളരെ ചുരുക്കം പ്രാവശ്യം മാത്രം മററുള്ളവരാൽ സന്ദർശിക്കപ്പെട്ടുള്ളു. പക്ഷെ ഇങ്ങനെ ഇരുപതു വർഷം കഴിഞ്ഞപ്പോഴേയ്ക്കും അദ്ദേ

17. കുരിശടയാളം പിശാചിനെ ഓടിക്കാൻ പര്യാപ്തമാണ് (അത്തനാസ്യോസ്, മനുഷ്യാവതാരം, 48; 53; ആൻറണിയുടെ ജീവചരിത്രം; 23; 35; ലക്താൻസ്യൂസ്, *Epit. div. inst.* 46; ജറു. സിറിൽ, മതോപ. 13:3; 16:19; ജൂലിയൻ (മതത്യാഗി), ലേഖനം, 79,



ഹത്തെ സന്ദർശിക്കാനും ആ വിശുദ്ധ ജീവിതം അനുകരിക്കാനും ആഗ്രഹിച്ച ആളുകളുടെ സംഖ്യ വളരെയധികമായിത്തീർന്നു. അതിനാൽ അദ്ദേഹത്തിൻെറ ചില സുഹൃത്തുക്കൾ വന്ന് ആ കോട്ടയുടെ അടച്ചിട്ടിരുന്ന വാതിൽ തകർത്തു നീക്കം ചെയ്തു. ആൻറണി ഒരു പേടകത്തിൽ നിന്നെന്നപോലെ പുറത്തുവന്നു. വി. രഹസ്യങ്ങളിലേയ്ക്കു പ്രവേശനം ലഭിച്ചവനും ദൈവത്തിൻെറ ചൈതന്യം നിറഞ്ഞവനും ആയി അദ്ദേഹം പ്രത്യക്ഷപ്പെട്ടു. തന്നെ സന്ദർശിക്കാൻ വന്നവർക്കു കാണത്തക്കവിധം അദ്ദേഹം ആദ്യമായി കോട്ടയ്ക്കു വെളിയിൽ പ്രത്യക്ഷപ്പെട്ട സന്ദർഭമായിരുന്നു അത്. അദ്ദേഹത്തിൻെറ ശരീരം ഇരുപതു വർഷം മുമ്പുള്ള ആ അവസ്ഥയിൽത്തന്നെ കാണപ്പെട്ടതിൽ ആളുകൾ ആശ്ചര്യപ്പെട്ടു. വ്യായാമക്കുറവുകൊണ്ടുള്ള ശൈഥില്യമോ ഉപവാസങ്ങളും പിശാചുക്കളോടുള്ള സംഘർഷങ്ങളും മൂലമുളവായ ക്ഷീണമോ ആ ശരീരത്തെ ബാധിച്ചതായി കണ്ടില്ല. ഏകാന്തവാസത്തിനു കോട്ടയ്ക്കുള്ളിലേയ്ക്കു പോകും മുമ്പുള്ള ആൾ തന്നെയായിരുന്നു അദ്ദേഹം.

അദ്ദേഹത്തിൻെറ ആത്മാവാകട്ടെ വളരെ പരിശുദ്ധമായിരുന്നു. അത് ദു:ഖത്താൽ സങ്കോചിക്കുകയോ സുഖാസക്തിയാൽ കളങ്കിതമാവുകയോ ഉല്ലാസത്താലോ നിരാശയാലോ ആകൃഷ്ടമാവുകയോ ചെയ്തിരുന്നില്ല. ജനക്കൂട്ടങ്ങളെ കാണുമ്പോൾ അദ്ദേഹം ഉദ്വിഗ്നനായിരുന്നില്ല; അത്രയേറെപ്പേർ തന്നെ ബഹുമാനിക്കുന്നുവെന്നോർത്ത് അഹങ്കരിച്ചിരുന്നുമില്ല. അദ്ദേഹത്തിനു പരിപൂർണ്ണമായ ആത്മനിയന്ത്രണമുണ്ടായിരുന്നു. അദ്ദേഹം യുക്തിബോധത്താൽ നിയന്ത്രിക്കപ്പെടുന്നവനും സ്വഭാവത്തിൽ ഉറച്ചവനുമായ ഒരു മനുഷ്യൻ ആയിരുന്നു.

അവിടെ സന്നിഹിതനായിരുന്നവരിൽ ശാരീരികാസ്വാസ്ഥ്യങ്ങളുള്ളവരെ അദ്ദേഹത്തിലൂടെ ദൈവം സുഖപ്പെടുത്തുകയും അനേകരെ അശുദ്ധാത്മാക്കളുടെ ബാധയിൽനിന്നു മോചിപ്പിക്കുകയും ചെയ്തു. ദൈവം ആൻറണിയുടെ സംഭാഷണത്തിന് ആകർഷകത്വവും നൽകി. അദ്ദേഹം തൻെറ വാക്കുകൾ കൊണ്ട് അനേകം ദു:ഖിതരെ ആശ്വസിപ്പിക്കുകയും കലഹിച്ചിരുന്ന അനേകം പേരെ രമ്യതയിലാക്കുകയും ചെയ്തു. ഈ ലോകത്തിൽ ക്രിസ്തുവിൻെറ സ്നേഹത്തിനുപരിയായി മറെറാന്നിനെയും സ്നേഹിക്കരുതെന്ന് അദ്ദേഹം എല്ലാവരെയും ഉദ്ബോധിപ്പിച്ചു. വരാൻപോകുന്ന നല്ല കാലങ്ങളെക്കുറിച്ചും സ്വപുത്രനെപ്പോലും ഒഴിവാക്കാതെ നമുക്കെല്ലാവർക്കുംവേണ്ടി അവനെ ഏല്പിച്ചുതന്ന ദൈവത്തിൻെറ കാരുണ്യത്തെക്കുറിച്ചും (റോമ. 8: 32) എപ്പോഴും ഓർമ്മയുണ്ടായിരിക്കണമെന്ന്

www.malankaralibrary.com



സംഭാഷണത്തിനിടയിൽ അദ്ദേഹം ആളുകളോട് ആവശ്യപ്പെട്ടിരുന്നു. അദ്ദേഹത്തിൻെറ ഉദ്ബോധനങ്ങളുടെ ഫലമായി അനേകംപേർ സന്യാസജീവിതത്തിലേയ്ക്ക് ആകൃഷ്ടരായി. അങ്ങനെ ആ പർവതപ്രദേശങ്ങളിൽ സന്യാസഭവനങ്ങളും[18] ഉയർന്നുവരാൻ തുടങ്ങി. ആ മരുഭൂമി മുഴുവൻ, സ്വജനങ്ങളെ ഉപേക്ഷിച്ചുവന്നു് സ്വർഗ്ഗരാജ്യത്തിലെ പൗരത്വത്തിനുവേണ്ടി (എബ്രാ. 3:20; 12:23) പേരു രജിസ്റ്റർ ചെയ്തവരായ സന്യാസികളുടെ അധിവാസപ്രദേശങ്ങളായി.

15. ഒരിക്കൽ തൻെറ സന്യാസസഹോദരന്മാരെ സന്ദർശിക്കുന്നതിനായി അദ്ദേഹത്തിനു് ആർസിനോയെ[19] തോടു കടന്നുപോകേണ്ടിവന്നു. ആ തോടു നിറയെ മുതലകൾ ഉണ്ടായിരുന്നു. പ്രാർത്ഥിക്കുകമാത്രം ചെയ്തുകൊണ്ടു് അദ്ദേഹം കൂടെയുണ്ടായിരുന്നവരോടൊപ്പം തോടു് അക്കരെ കടന്നു. യാതൊരു ഉപദ്രവവും ഉണ്ടായില്ല. ആ സന്ദർശനത്തിനുശേഷം സ്വന്തം ആശ്രമത്തിൽ തിരിച്ചെത്തിയ ആൻറണി കൂടുതൽ ഉത്സാഹത്തോടും തീക്ഷ്ണതയോടുംകൂടി തൻെറ സുകൃതജീവിതം തുടർന്നു. നിരന്തരമായ ഉപദേശങ്ങൾകൊണ്ടു് അദ്ദേഹം സന്യാസികളിൽ പുണ്യതീക്ഷ്ണത വർദ്ധിപ്പിക്കുകയും മറ്റുള്ളയാളുകളിൽ ധാരാളംപേരെ സന്യസ്തജീവിതത്തിലേയ്ക്കു് ആനയിക്കുകയും ചെയ്തു. കൂടുതൽ ആളുകൾ സന്യാസജീവിതം അവലംബിച്ചതോടുകൂടി സന്യാസാശ്രമങ്ങളുടെ സംഖ്യ വർദ്ധിച്ചു. എല്ലാ സന്യാസികൾക്കും അദ്ദേഹം പിതാവും വഴികാട്ടിയും ആയിരുന്നു.

18. ഏകാന്തവാസികളായ താപസന്മാരുടെ ഗുഹകൾ എന്നർത്ഥം.

19. ആർസിനോയെ (Arsinoe) എന്ന നോമോസിൻെറ (ജില്ല) തലസ്ഥാനമാണ് ആർസിനോയെ പട്ടണം. നൈലും മേരിസ് (Moeris) തടാകവും തമ്മിൽ ബന്ധിപ്പിക്കുന്ന കനാലിനും ഈ പേരു നൽകിയിരുന്നു. ഇന്നത്തെ ഫയ്യും (Fayum) ആണ് ആർസിനോയെ. പിസ്പീറിൽനിന്നു് 50 മൈൽ പടിഞ്ഞാറാണതു്. പ്രാചീനകാലത്തു് 'ചീങ്കണ്ണികളുടെ പട്ടണം' എന്നർത്ഥത്തിൽ 'ക്രോകൊഡിലോപൊളീസ്' എന്നാണ് ഇതു് വിളിക്കപ്പെട്ടിരുന്നതു്.



# സന്യാസികളോട് ആൻറണിയുടെ പ്രഭാഷണം

16. ഒരിക്കൽ അദ്ദേഹം പുറത്തുപോയപ്പോൾ സന്യാസിമാരെല്ലാംകൂടെ അദ്ദേഹത്തിൻെറ അടുത്തുവന്നു് അദ്ദേഹത്തിൻെറ ഒരു പ്രസംഗം കേൾക്കണം എന്നു് ആവശ്യപ്പെട്ടു. അദ്ദേഹം അവരോടായി താഴെപറയുംവിധം ഈജിപ്ഷ്യൻ ഭാഷയിൽ[20] ഒരു പ്രസംഗം ചെയ്തു:

വി. ലിഖിതങ്ങളിൽ നമുക്കാവശ്യമുള്ള വേണ്ടുവോളം നിർദ്ദേശങ്ങൾ അടങ്ങിയിരിക്കുന്നു. എങ്കിലും നാം പരസ്പരം വിശ്വാസത്തിൽ പ്രോത്സാഹിപ്പിക്കുകയും നമ്മെത്തന്നെ ഉത്തേജിപ്പിക്കുന്ന വിധത്തിലുള്ള വാക്കുകൾ ഉപയോഗിക്കുകയും ചെയ്യുന്നതു നല്ലതാണ്. അതിനാൽ നിങ്ങൾ കുട്ടികളെപ്പോലെ ആയിരിക്കുകയും നിങ്ങൾക്കറിയാവുന്ന കാര്യങ്ങൾ നിങ്ങളുടെ പിതാവിൻെറ അടുത്തുവന്നു പറയുകയും ചെയ്യുക. കൂട്ടത്തിൽ മുതിർന്നയാൾ എന്ന നിലയിൽ ഞാൻ എൻെറ അറിവും അനുഭവങ്ങളും നിങ്ങളുമായി പങ്കുവയ്ക്കാം.

ഒന്നാമതായി നമുക്കെല്ലാവർക്കും ഒരുപോലുള്ള തീക്ഷ്ണത ഉണ്ടായിരിക്കണം. നാം ആരംഭിച്ച ഈ പ്രസ്ഥാനം ഒരിക്കലും കൈവിടരുതു്, നിരാശരാകരുതു്, 'ഈ സന്യാസജീവിതത്തിൽ വളരെ നീണ്ടകാലം നാം ചെലവഴിച്ചിരിക്കുന്നു' എന്നു് ഒരിക്കലും പറയുകയും ചെയ്യരുതു്. ഓരോ ദിവസവും പുതുതായി ആരംഭിച്ചുകൊണ്ടു് നാം നമ്മുടെ തീക്ഷ്ണത വർദ്ധിപ്പിക്കണം. വരാൻപോകുന്ന കാലങ്ങൾ കൊണ്ടളന്നാൽ മനുഷ്യൻെറ ജീവിതം തന്നെ വളരെ ഹ്രസ്വമാണ്. അതിനാൽ നാം സന്യാസജീവിതം നയിച്ച കാലം മുഴുവൻ ചേർന്നാലും നിത്യജീവിതവുമായി താരതമ്യപ്പെടുത്തുമ്പോൾ അതു് ഒന്നുമല്ല. ഈ ലോകത്തിൽ എല്ലാ വസ്തുക്കളും അതിൻെറ വിലയനുസരിച്ചു വിൽക്കപ്പെടുന്നു. ഓരോ സാധനവും അതിനു തുല്യമായ സാധനത്തിനുവേണ്ടി കൈമാററം ചെയ്യപ്പെടുന്നു. എന്നാൽ നിത്യജീവിതത്തിൻെറ വാഗ്ദാനം വളരെ ചുരുങ്ങിയ വിലയ്ക്കു് നമുക്കു വാങ്ങാം. വി. ലിഖിതം പറയുന്നു: "ഞങ്ങളുടെ ആയുഷ്ക്കാലം എഴുപതു വത്സരം; അഥവാ, കരുത്തുണ്ടെങ്കിൽ എൺപതു്, അതുതന്നെ ഭാരവും അദ്ധ്വാനവും മാത്രം" (സങ്കീ. 90:10)

20. കോപ്റ്റിക് ഭാഷ. ആൻറണിക്കു് ഈ ഭാഷ മാത്രമെ വശമുണ്ടായിരുന്നുള്ളൂ (പല്ലാഡിയൂസ്, ലൗസിയാക് ചരിത്രം, 21).

www.malankaralibrary.com



നാം എൺപതോ അഥവാ നൂറോ വർഷം മുഴുവൻ താപസജീവിതം അനുഷ്ഠിച്ചാൽ, നൂറുവർഷം മാത്രമായിരിക്കയില്ല പിന്നെയോ നൂറിനു പകരം എന്നേക്കുമായിരിക്കും നാം ഭരണം നടത്താൻ പോകുന്നതു്. നാം ഇവിടെയാണദ്ധ്വാനിക്കുന്നതെങ്കിലും ഇവിടെ നാം നമ്മുടെ അവകാശം പ്രാപിക്കയില്ല; നമ്മോടു് വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്നതു് സ്വർഗ്ഗത്തിലാണ്. കൂടാതെ, നാം നമ്മുടെ നശ്വരശരീരം ഉരിഞ്ഞുകളഞ്ഞ് അനശ്വരമായി തിരികെ സ്വീകരിക്കും (1 കൊറി. 15:42).

17. അതിനാൽ, കുഞ്ഞുങ്ങളേ, സന്യാസജീവിതത്തിൽ നമുക്കു മടുപ്പു തോന്നുകയും നാം വളരെക്കാലമായി ബുദ്ധിമുട്ടുകയാണെന്നോ നാം എന്തോ വലുതായ ഒരു കാര്യം ചെയ്യുകയാണെന്നോ വിചാരിക്കുകയും അരുതു്. എന്തെന്നാൽ 'നമുക്കു വെളിപ്പെടുത്തപ്പെടാനിരിക്കുന്ന മഹത്വത്തോടു തുലനം ചെയ്യുമ്പോൾ ഇന്നത്തെ കഷ്ടതകൾ നിസ്സാരമാണ്' (റോമ. 8:18). നാം ലോകത്തിൻെറ നേരേ പിന്തിരിഞ്ഞുനോക്കുകയും വലുതായ കാര്യങ്ങളൊക്കെ നാം ഉപേക്ഷിച്ചിരിക്കുന്നു എന്നു വിചാരിക്കുകയും അരുതു്. എന്തെന്നാൽ സ്വർഗ്ഗത്തോടു താരതമ്യപ്പെടുത്തുമ്പോൾ ഈ ലോകം മുഴുവൻ ചേർന്നാലും വളരെ നിസ്സാരമാണ്. നാം ലോകത്തിൻെറ മുഴുവൻ യജമാനന്മാരായിരുന്നിട്ടു് അതിനെ ഉപേക്ഷിച്ചുകളഞ്ഞാലും സ്വർഗ്ഗരാജ്യവുമായി തുലനം ചെയ്യുമ്പോൾ ആ ത്യാഗം ഒന്നുമല്ല.[21] ഒരു ചെമ്പു ദ്രാക്മാ ഉള്ളവൻ അതുപേക്ഷിച്ചിട്ടു് നൂറു സ്വർണ്ണ ദ്രാക്മാകൾ നേടുന്നതുപോലെയാണ് ലോകത്തിൻെറ മുഴുവൻ ആധിപത്യമുള്ള ഒരുവൻ അതുപേക്ഷിച്ചിട്ടു് സ്വർഗ്ഗത്തിനു് അർഹനായിത്തീരുന്നതു്. നിസ്സാരമായ ത്യാഗം ചെയ്തിട്ടു് അവൻ വലിയനേട്ടം കൈവരുത്തുകയാണ്. ലോകം മുഴുവൻ ചേർന്നാലും മൂല്യത്തിൽ സ്വർഗ്ഗത്തിനു തുല്യമാകുന്നില്ലെങ്കിൽ ഏതാനും ഏക്കറുകൾ മാത്രം ത്യജിക്കുന്നവൻ വലിമ പറയുകയോ അലസനാവുകയോ ചെയ്യരുതല്ലോ. ഒരു നല്ല വീടും സാമാന്യം ഭേദപ്പെട്ട സമ്പത്തും ഉപേക്ഷിക്കുന്നവൻപോലും യഥാർത്ഥത്തിൽ ഉപേക്ഷിക്കുന്നതു് വളരെ നിസ്സാരമാകുന്നു.

നാം ഓർമ്മിച്ചിരിക്കേണ്ട മറെറാരു കാര്യംകൂടെയുണ്ടു്. പുണ്യസമ്പാദനത്തിനുവേണ്ടി ഭൗതികസമ്പത്തു് നാം ഉപേ

21. സിപ്രിയാൻ, ഫോർത്തുണാത്തുസിന്, 13; അംബ്രോസ്, *De Jacob et vita beata,* 1 . 7. 28: ഗ്രിഗറി നസ്യാൻസൻ, പ്രഭാഷണം. 7. 17; ജോൺ ക്രിസോസ്റ്റോം, റോമാലേഖന ഹോമിലി, 15. 10.



ക്ഷിക്കുന്നില്ലെങ്കിൽ പിന്നീടു് അവയെ ഉപേക്ഷിച്ചുപോകാൻ ഏതായാലും നാം നിർബ്ബന്ധിതരാകും. സഭാപ്രസംഗകൻ പറയുന്നതുപോലെ (2:18; 4:8; 6:2), പലപ്പോഴും ആ സമയത്തു് നമുക്കിഷ്ടമില്ലാത്ത ആളുകളുടെ കയ്യിലായിരിക്കും ഏൽപ്പിച്ചുപോകേണ്ടി വരുക. ആ നിലയ്ക്കു് സുകൃതത്തിനുവേണ്ടി അവയെ എന്തുകൊണ്ടു് ഉപേക്ഷിച്ചുകൂടാ? അതോടൊപ്പം നമുക്കു സ്വർഗ്ഗരാജ്യം സ്വന്തമാക്കാൻ സാധിക്കുകയും ചെയ്യുമല്ലോ. അതിനാൽ നമ്മിൽ ആക്കും ധനം സ്വന്തമാക്കി വയ്ക്കണം എന്ന ആഗ്രഹം പോലും ഉണ്ടാകാതിരിക്കട്ടെ. നമുക്കു് നമ്മോടുകൂടെ കൊണ്ടുപോകാൻ സാധിക്കാത്ത ഒരു വസ്തു സ്വന്തമായി ഉള്ളതുകൊണ്ടു പ്രയോജനമെന്തു്?[22] നമുക്കു നമ്മോടൊപ്പം കൊണ്ടുപോകാവുന്ന വസ്തുക്കൾ-വിവേകം, നീതി, ആശയടക്കം, ധൈര്യം, ധാരണ, ഉപവി, ദരിദ്രരോടു സ്നേഹം, ക്രിസ്തുവിൽ വിശ്വാസം, ശാന്തത, സത്ക്കാരപ്രിയം തുടങ്ങിയവ-എന്തുകൊണ്ടു് സമ്പാദിച്ചുകൂടാ? അവയെ നാം സമ്പാദിച്ചുകഴിഞ്ഞാൽ അവ നമുക്കു മുമ്പേ സഞ്ചരിച്ച് ശാന്തശീലരുടെ രാജ്യത്തിൽ നമുക്കുവേണ്ടി സ്വാഗതം സജ്ജീകരിക്കുമെന്നു് നാം കാണും.

18. ഈ കാര്യങ്ങൾ വിചാരിച്ചുകൊണ്ടു് ആരും അശ്രദ്ധരായിരിക്കാൻ പാടില്ലെന്നു് ഓരോരുത്തരും അവനവനെ ബോദ്ധ്യപ്പെടുത്തണം. ഈ ബോദ്ധ്യങ്ങൾ ഉള്ളടത്തോളം കാലം, ദൈവത്തെ കൂടുതലായി സേവിക്കുന്നതിനു നമുക്കു ബാദ്ധ്യതയുണ്ടു്. ഒരു ദാസൻ തൻെറ യജമാനനോടു് ഒരിക്കലും ഇങ്ങനെ പറയുകയില്ല: 'ഇന്നലെ ഞാൻ ജോലി ചെയ്തു. അതിനാൽ ഇന്നു ജോലി ചെയ്യുകയില്ല'. ജോലിചെയ്ത കാലങ്ങൾ കണക്കുകൂട്ടിയിട്ടു് ബാക്കിയുള്ള കാലങ്ങൾ അവൻ വെറുതെ വിശ്രമമായി ഇരിക്കുകയുമില്ല. സുവിശേഷത്തിൽ പറഞ്ഞിട്ടുള്ളതുപോലെ ദാസൻ സദാ സമയവും തൻെറ യജമാനൻെറ അഭീഷ്ടങ്ങൾ സാധിക്കാനും അനിഷ്ടത്തിനു പാത്രമാകാതിരിക്കാനുംവേണ്ടി പ്രവർത്തനസന്നദ്ധനായിരിക്കണം (ലൂക്കാ. 17:7-10). അതിനാൽ സന്യാസജീവിതത്തിൻെറ അനുദിനപരിശീലനത്തിൽ നാം ഉറച്ചു നിൽക്കുക. ഒരു ദിവസംപോലും നാം ഉപേക്ഷ കാണിച്ചാൽ പഴയ കാര്യങ്ങൾ പരിഗണിച്ചു ദൈവം നമ്മോടു ക്ഷമിക്കുകയില്ലെന്നോർക്കുക. ഇതുപോലെതന്നെ എസക്കിയേ

22. വി. അഗസ്റ്റിൻ പറയുന്നതു് ഈ അവസരം സ്മരണീയമാണ്. ഭൗതികധനം നമ്മോടുകൂടി കൊണ്ടുപോകുവാൻ ഒരു വഴിയുണ്ടു്. പാവപ്പെട്ടവരുടെ കൈകളിൽ കൊടുത്തു് നമുക്കു മുൻപേ അവ അയയ്ക്കുക. നാം ചെല്ലുമ്പോഴേക്കും അതു് അവിടെ എത്തിയിരിക്കും.

www.malankaralibrary.com



ലിലും നാം വായിക്കുന്നു (33:12 f.). യൂദാസിന്റെ കാര്യവും ഓർക്കുക. ഒററ രാത്രിയിലെ ദുഷ്കൃത്യംകൊണ്ട് ഒരായുഷ്കാലത്തിലെ നേട്ടങ്ങൾ മുഴുവൻ അവൻ നഷ്ടപ്പെടുത്തി.

19. അതിനാൽ കുഞ്ഞുങ്ങളേ, സന്യാസജീവിത പരിശീലനത്തിൽ നമുക്ക് അവിരാമം മുന്നോട്ടുപോകാം, ഒരിക്കലും അലസരാകാതിരിക്കാം. ഈ വിഷയത്തിലും നമ്മുടെ കർത്താവ് സഹായമായി നമ്മോടുകൂടെ ഉണ്ടായിരിക്കും. 'നല്ല കാര്യങ്ങളിൽ ദൈവം സഹകരിക്കുന്നു' എന്ന് വി. ഗ്രന്ഥം പറയുന്നു (റോമ. 8:28). 'ഞാൻ പ്രതിദിനം മരിച്ചുകൊണ്ടിരിക്കുന്നു' എന്നുള്ള അപ്പസ്തോലവചനം (1 കൊറി.15:31) നാം അലസതയ്ക്കധീനരാകാതിരിക്കുന്നതിനു വേണ്ടി എപ്പോഴും ഓർമ്മിക്കുന്നതു നല്ലതാണ്. ഓരോ ദിവസവും മരിക്കുന്നതിനു തയ്യാറായിക്കൊണ്ടു നാം ജീവിക്കുകയാണെങ്കിൽ നാം പാപം ചെയ്യുകയില്ല. മുകളിൽ പറഞ്ഞ ഉദ്ധരണത്തെ സംബന്ധിച്ചു പറഞ്ഞാൽ, അതിന്റെ അർത്ഥം ഇതാണ്: ഓരോ ദിവസവും രാവിലെ നാം എഴുന്നേൽക്കുമ്പോൾ, അന്നു വൈകുന്നേരംവരെ ജീവിച്ചിരിക്കുകയില്ല എന്നു നാം വിചാരിക്കണം. രാത്രിയിൽ ഉറങ്ങാൻ പോകുമ്പോഴാകട്ടെ അടുത്ത പ്രഭാതത്തിൽ നാം ഉറക്കത്തിൽനിന്നുണരുകയില്ല എന്നു ചിന്തിക്കണം. നമ്മുടെ ജീവിതം പ്രകൃത്യാ അനിശ്ചിതമാണ്. ഓരോ ദിവസത്തെയും ജീവിതം ദൈവപരിപാലന നമുക്ക് അളന്നു തരികയാണ്. ഈ വിധത്തിൽ നാം എപ്പോഴും ചിന്തിക്കുകയും അതനുസരിച്ച് അനുദിന ജീവിതം ക്രമപ്പെടുത്തുകയും ചെയ്യുകയാണെങ്കിൽ നാം പാപം ചെയ്യുകയോ, ഭൗതികവസ്തുക്കൾ ആഗ്രഹിക്കുകയോ, ഏതെങ്കിലും മനുഷ്യനോടു വിദ്വേഷം വച്ചുപുലർത്തുകയോ, ഭൂമിയിൽ നിധികൾ ശേഖരിക്കുകയോ ചെയ്യുകയില്ല. മറിച്ച്, ഓരോ ദിവസവും മരണം പ്രതീക്ഷിച്ചു കഴിയുന്ന ആളുകളെപ്പോലെ നാം ദരിദ്രരായിരിക്കുകയും എല്ലാ മനുഷ്യരോടും എല്ലാ അപരാധങ്ങളും ക്ഷമിക്കുകയും ചെയ്യും. സ്ത്രീകളോടുള്ള കാമത്തെയും മററു നിഷിദ്ധസുഖങ്ങളെയും കുറിച്ചു പറഞ്ഞാൽ, അത്തരം കാര്യങ്ങൾ നമ്മുടെ ചിന്തയിൽ പ്രവേശിക്കുകയേ ഇല്ല. വെറും നൈമിഷികമായ കാര്യങ്ങൾ എന്ന നിലയിൽ നാം അവയുടെ നേരേ പുറം തിരിയും. നാം എപ്പോഴും വിധിദിവസത്തെ പ്രതീക്ഷിച്ചുകൊണ്ട് നമ്മുടെ സമരം തുടർന്നുപോകും. ജീവിതത്തോടു ബന്ധപ്പെട്ട കൂടുതൽ മഹത്തായ കാര്യങ്ങളെക്കുറിച്ചുള്ള ഭയവും തെററു ചെയ്താലുണ്ടാകാവുന്ന ഭീകരവേദനകളെക്കുറിച്ചുള്ള ആശങ്കയും ഭൗതികസുഖാനുഭവങ്ങളോടുള്ള ആകർഷണത്തെ തകർക്കുകയും ചഞ്ചലമായ ആത്മാവിനെ ഉറപ്പിച്ചു നിറുത്തുകയും ചെയ്യുന്നു.



20. നാമൊരാരംഭം കുറിക്കുകയും പുണ്യത്തിന്റെ മാർഗ്ഗത്തിൽയാത്ര ആരംഭിക്കുകയും ചെയ്തിട്ടുള്ളതിനാൽ നമുക്കു മുമ്പിലുള്ള കാര്യങ്ങൾ പ്രാപിക്കാൻ സാധിക്കുംവിധം ചുവടുകൾ നീട്ടിച്ചവിട്ടാം (ഫിലി. 3:13). ലോത്തിന്റെ ഭാര്യ ചെയ്തതുപോലെ ആരും പിന്തിരിഞ്ഞു നോക്കാതിരിക്കട്ടെ (ഉല്പ. 19:26). 'കലപ്പയിൽ കൈവച്ചിട്ടു പിന്തിരിഞ്ഞുനോക്കുന്ന ഒരുവനും സ്വർഗ്ഗരാജ്യത്തിനു യോഗ്യനല്ല' എന്നു നമ്മുടെ കർത്താവ് അരുൾചെയ്തിരിക്കുന്നു (ലൂക്കാ. 9:62). അങ്ങനെ പിന്തിരിഞ്ഞു നോക്കുകയെന്നാൽ ചെയ്ത നല്ല കാര്യത്തെക്കുറിച്ചു കുണ്ഠിതപ്പെടുകയും വീണ്ടും ഭൗതികവസ്തുക്കളുടെമേൽ ആശ വയ്ക്കുകയുമല്ലാതെ മറെറാന്നുമല്ല.

സുകൃതത്തെക്കുറിച്ച് ആരെങ്കിലും പറയുന്നതു കേൾക്കുമ്പോൾ നിങ്ങൾ ഭയപ്പെടുകയോ നിങ്ങളോടു ബന്ധമില്ലാത്ത ഒരു കാര്യമാണത് എന്ന രീതിയിൽ പെരുമാറുകയോ ചെയ്യരുത്. യഥാർത്ഥത്തിൽ അത് നമ്മിൽനിന്ന് അകലെയുള്ള ഒരു വസ്തുവല്ല, അതിന്റെ ഭവനം നമ്മിൽനിന്ന് അന്യവുമല്ല. സത്യത്തിൽ, അത് നമ്മുടെ ഉള്ളിൽത്തന്നെയുള്ളതാണ്; നമുക്ക് ആഗ്രഹമുണ്ടെങ്കിൽ അതു കൈക്കലാക്കാൻ എളുപ്പവുമാണ്. ഗ്രീക്കുകാർ അക്ഷരാഭ്യാസം ചെയ്യുന്നതിനുവേണ്ടി സമുദ്രങ്ങൾ തരണം ചെയ്യുകയും വിദേശങ്ങളിൽ പോവുകയും ചെയ്യുന്നു. എന്നാൽ നമുക്കു സ്വർഗ്ഗരാജ്യം സ്വായത്തമാക്കുന്നതിനു വിദേശങ്ങളിൽ പോവുകയോ സുകൃതങ്ങൾ സമ്പാദിക്കാൻ സമുദ്രങ്ങൾ തരണം ചെയ്യുകയോ ചെയ്യേണ്ടതില്ല. നമ്മുടെ കർത്താവു നമ്മോടു മുൻകൂട്ടി പറഞ്ഞിട്ടുണ്ട്: 'സ്വർഗ്ഗരാജ്യം നിങ്ങളുടെ ഉള്ളിൽത്തന്നെയാകുന്നു' (ലൂക്കാ. 17:21). അതിനാൽ സുകൃതസമ്പാദനത്തിനാവശ്യമുള്ളതു നമ്മുടെ സന്മനസ്സു മാത്രമാണ്; അതു നമ്മുടെ ഉള്ളിലുള്ളതും അവിടെനിന്നുയർന്നു വരുന്നതുമാണല്ലോ. ആത്മാവ് അതിന്റെ സ്വാഭാവികാവസ്ഥയിൽ ആയിരിക്കുമ്പോൾ അവിടെ പുണ്യം ഉണ്ട്. ആത്മാവ് ഉണ്മയിലേയ്ക്കുവന്ന അവസ്ഥയിൽത്തന്നെ ആയിരിക്കുന്ന കാലത്തോളം സ്വാഭാവികാവസ്ഥയിലാകുന്നു. അത് ഉണ്മയിലേയ്ക്കു വന്നത് നല്ലതും പൂർണ്ണമായും ഋജുവുമായ അവസ്ഥയിലായിരുന്നു. അതുകൊണ്ടാണ് നൂന്റെ പുത്രനായ ജോഷ്വാ ഈ വാക്കുകളിൽ ജനങ്ങളെ ഉദ്ബോധിപ്പിച്ചത്: ഇസ്രായേലിന്റെ ദൈവമായ കർത്താവിന് നിങ്ങളുടെ ഹൃദയങ്ങൾ നേരെയാക്കുവിൻ (24:23). യോഹന്നാൻ പറയുന്നു: 'നിങ്ങളുടെ വഴികൾ നേരെയാക്കുവിൻ' (മത്താ. 3:3). മനസ്സ് അതു സൃഷ്ടിക്കപ്പെട്ട സമയത്തെതുപോലെ സ്വാഭാവികാവസ്ഥയിൽ ആയിരിക്കുമ്പോൾ ആത്മാവ് ഋജുവായ അവസ്ഥയിലാണെന്നു പറയാം.

www.malankaralibrary.com



എന്നാൽ മനസ്സ് സ്വാഭാവികാവസ്ഥയിൽനിന്ന് ഇടറുകയോ വ്യതിചലിക്കുകയോ ചെയ്യുമ്പോൾ അതിനെ ആത്മാവിന്റെ തിന്മയെന്നു പറയുന്നു.

അതിനാൽ കൃത്യം ദുഷ്കരമല്ല: സൃഷ്ടിക്കപ്പെട്ട അവസ്ഥയിൽത്തന്നെ നാം നിലനിൽക്കുകയാണെങ്കിൽ നാം നന്മയുടെ അവസ്ഥയിലാണ്. എന്നാൽ നാം നമ്മുടെ മനസ്സിനെ ഹീനമായ കാര്യങ്ങൾക്കു നൽകുകയാണെങ്കിൽ നാം ചീത്തയായി കണക്കാക്കപ്പെടും. കൃത്യം നിർവ്വഹിക്കേണ്ടതു പുറത്തുനിന്നായിരുന്നെങ്കിൽ അതു ക്ലേശകരമാകുമായിരുന്നു. എന്നാൽ അതു നമ്മുടെ ഉള്ളിലായതുകൊണ്ട് നമുക്ക് ചീത്ത വിചാരങ്ങളിൽനിന്നു നമ്മെത്തന്നെ രക്ഷിക്കാം. ദൈവം വിശ്വസിച്ചേല്പിച്ച ഒരു വസ്തുവെന്ന നിലയിൽ ആത്മാവിനെ നാം സ്വീകരിച്ചിരിക്കയാൽ ദൈവത്തിനുവേണ്ടി നമുക്കതു കാത്തു സൂക്ഷിക്കാം. അതിനെ നാം തിരിച്ചേല്പിക്കുമ്പോൾ താൻ സൃഷ്ടിച്ച ആത്മാവു തന്നെയാണതെന്ന് അവിടത്തേയ്ക്കു തിരിച്ചറിയാൻ സാധിക്കണം.

21. കോപം നമ്മുടെ യജമാനൻ ആകാതിരിക്കാനും ഭോഗേച്ഛ നമ്മെ അടിമപ്പെടുത്താതിരിക്കാനും നാം പ്രയത്നിക്കണം. 'മനുഷ്യന്റെ കോപം ദൈവത്തിന്റെ നീതിയുടെ പ്രവർത്തനത്തിനു പ്രേരണ നൽകുന്നില്ല' എന്നെഴുതപ്പെട്ടിരിക്കുന്നു (യാക്കോ. 1:20). ഭോഗേച്ഛ ഗർഭം ധരിച്ചു പാപത്തെ പ്രസവിക്കുന്നു. പാപം പൂർണ്ണവളർച്ച പ്രാപിക്കുമ്പോൾ മരണത്തെ ജനിപ്പിക്കുന്നു (1·15) എന്നും എഴുതപ്പെട്ടിട്ടുണ്ട്. ഈ ജീവിതം ജീവിക്കുമ്പോൾ വളരെ കരുതലോടുകൂടി നാം നമ്മെത്തന്നെ കാത്തുരക്ഷിക്കണം. എഴുതപ്പെട്ടിരിക്കുന്നതുപോലെ 'നമ്മുടെ ഹൃദയത്തെ എല്ലാ ജാഗരൂകതയോടുംകൂടെ കാത്തുസൂക്ഷിക്കണം' (സുഭാ. 4:23). നമുക്കു ശത്രുക്കളുണ്ട്. അവർ കരുത്തന്മാരും തന്ത്രശാലികളുമാണ്–ദുഷ്ടന്മാരായ പിശാചുക്കൾ. അവർക്കെതിരായിട്ടാണു നമ്മുടെ മല്ലയുദ്ധം. അപ്പസ്തോലൻ പറഞ്ഞിട്ടുള്ളതുപോലെ 'നമ്മൾ മാംസത്തിനും രക്തത്തിനും എതിരായിട്ടല്ല, പ്രഭുത്വങ്ങൾക്കും ആധിപത്യങ്ങൾക്കും ഈ അന്ധകാരലോകത്തിന്റെ അധിപന്മാർക്കും സ്വർഗ്ഗീയ ഇടങ്ങളിൽ വർത്തിക്കുന്ന തിന്മയുടെ ദുരാത്മാക്കൾക്കുമെതിരായിട്ടാണു പടവെട്ടുന്നതു്'' (എഫേ. 6:12). നമുക്കു ചുറ്റുമുള്ള വായുവിലുള്ള അവരുടെ



സംഖ്യ വലുതാണ്.[23] അവർ നമ്മിൽനിന്ന് വളരെ അകലെ അല്ലതാനും. അവർ തമ്മിലുള്ള വ്യത്യാസങ്ങൾ ഗണ്യങ്ങളാകുന്നു. അവരുടെസ്വഭാവത്തെയും സൂക്ഷ്മഭേദങ്ങളെയും കുറിച്ചുള്ള ഒരു വിവരണം നൽകണമെങ്കിൽ വളരെ സമയം വേണ്ടിവരും. നമ്മെക്കാളും വലിയ ആളുകൾക്കു യോജിച്ചതാണ് അത്തരം വിവരണങ്ങൾ. ഇപ്പോൾ നമുക്ക് അത്യാവശ്യവും പ്രധാനവുമായിട്ടുള്ള കാര്യം അവർ നമുക്കെതിരായി പ്രവർത്തിക്കുന്ന ദുഷ്ടതകൾ മനസ്സിലാക്കുക മാത്രമാണ്.

22. ഒന്നാമതായി ഇക്കാര്യം നാം മനസ്സിലാക്കണം. പിശാചുക്കളെ ദൈവം സൃഷ്ടിച്ചതു് ഇന്നു നാം മനസ്സിലാക്കുന്ന വിധത്തിലുള്ള പിശാചുക്കളായിട്ടല്ല. ദൈവം ചീത്തയായി ഒന്നും സൃഷ്ടിച്ചിട്ടില്ല. പിശാചുക്കളായവരെയും നല്ലവരായിട്ടാണു ദൈവം സൃഷ്ടിച്ചതു്. പക്ഷെ അവർ സ്വർഗ്ഗീയമായ വിവേകത്തിൽനിന്ന് അകന്നുപോയി. അന്നുമുതൽ അവർ ലോകത്തിൽ ചുററിയടിച്ചുകൊണ്ടിരിക്കുകയാണ്. ഒരുവശത്ത് അവർ ഗ്രീക്കുകാരെ മൂഢസങ്കല്പങ്ങൾകൊണ്ട് വഴിതെററിച്ചു; മററൊരുവശത്ത് ക്രിസ്ത്യാനികളായ നമ്മെക്കുറിച്ച് അസൂയാലുക്കളായി നമ്മുടെ സ്വർഗ്ഗപ്രാപ്തിയെ തടസ്സപ്പെടുത്താനുപയുക്തമായ എല്ലാ മാർഗങ്ങളും അവർ അവലംബിക്കുന്നു. ഏതു സ്ഥാനത്തു നിന്നാണോ അവർ അധഃപതിച്ചുപോയതു്, ആ സ്ഥാനത്തു നാം കയറിപ്പററുന്നതു് അവർക്കിഷ്ടമല്ല. അതുകൊണ്ട് നമുക്കു വളരെ പ്രാർത്ഥനയും തപോനിഷ്ഠയും ആവശ്യമുണ്ട്. അവ വഴി വേണം അരൂപികളെ കാണാനും അവരെക്കുറിച്ചു മനസ്സിലാക്കാനുമുള്ള വരം പരിശുദ്ധാത്മാവിന്റെ അനുഗ്രഹത്തോടെ നേടിയെടുക്കാൻ. അരൂപികളിൽ ദുഷ്ടതയേറിയവർ ആര്, ദുഷ്ടത കുറഞ്ഞവർ ആര്, ഓരോരുത്തരുടെയും പ്രത്യേക താല്പര്യങ്ങൾ എന്തൊക്കെയാണ്, ഓരോരുത്തരെയും തോല്പിച്ചോടിക്കാനുള്ള മാർഗ്ഗങ്ങൾ ഏവ എന്നൊക്കെ നാം മനസ്സിലാക്കേണ്ടതുണ്ട്. അവരുടെ തന്ത്രങ്ങളും പീഡനവിധങ്ങളും അസംഖ്യങ്ങളാണ്. ഇതിനെക്കുറിച്ച് പൗലോസ്

---

23. ദുഷ്ടാത്മാക്കളെ വായുമണ്ഡലം തങ്ങളുടെ വാസസ്ഥലമായും പ്രവർത്തന മണ്ഡലമായും ഉപയോഗിച്ചിരുന്നു എന്നു ചില പ്രാചീന എഴുത്തുകാർ സങ്കല്പിച്ചിരുന്നു. എഫേ. 2:2; 6:12; താസ്യൻ, ഗ്രീക്കുകാരോട്, 15:8; അത്തനാഗോറസ്, ക്രിസ്ത്യാ. അഭ്യർത്ഥന, 25; ആൻറണിയുടെ ജീവചരിത്രം, 65; അഗസ്റ്റിൻ, ദൈവനഗരം, 8, 22: 8.15; കാസ്സിയൻ *coll.* 8. 12; പീററർ ക്രിസലോഗുസ്, പ്രഭാഷണം 9: *DCT* 4, 1 (1911),339-84.

www.malankaralibrary.com



ശ്ലീഹായ്ക്കും അനുയായികൾക്കും ബോദ്ധ്യമുണ്ടായിരുന്നുവെന്ന് താഴെ പറയുന്ന വാക്കുകൾ വെളിപ്പെടുത്തുന്നു: 'അവന്റെ തന്ത്രങ്ങളെപ്പററി നാം അജ്ഞരല്ലല്ലോ (2 കൊറി. 2:11). അവരുമായുള്ള അനുഭവങ്ങളിൽനിന്നു കാര്യങ്ങൾ മനസ്സിലാക്കി, എല്ലാവർക്കും ഉപകാരപ്പെടുംവിധം കാര്യങ്ങൾ പരസ്പരം പറഞ്ഞുകൊടുക്കണം. എനിക്ക് ഈ വിഷയത്തിൽ കുറെ അനുഭവങ്ങൾ ഉണ്ടായിട്ടുള്ളതുകൊണ്ട് എന്റെ മക്കൾ എന്ന നിലയിൽ നിങ്ങളോടു പറയാം.

23. ക്രിസ്ത്യാനികൾ പൊതുവിലും, സന്യാസികൾ പ്രത്യേകിച്ചും, സന്തോഷമായി ജോലി ചെയ്യുകയും പുരോഗതി നേടുകയും ചെയ്യുന്നതായി കണ്ടാൽ അവരുടെ പ്രവർത്തനമാർഗ്ഗത്തിൽ പലതരം തടസ്സങ്ങൾ സൃഷ്ടിച്ചുകൊണ്ട് അവർ ആദ്യമായി അവരെ ആക്രമിക്കുകയും പ്രലോഭിപ്പിക്കുകയും ചെയ്യുന്നു. ദുർവ്വിചാരങ്ങളാണ് ഈ തടസ്സങ്ങളിൽ പ്രധാനം. എന്നാൽ അവരുടെ ഈ ഒളിയാക്രമണങ്ങളെക്കുറിച്ചു നാം സംഭീതരാകേണ്ടതില്ല. എന്തെന്നാൽ പ്രാർത്ഥനയും ഉപവാസവും കർത്താവിലുള്ള വിശ്വാസവുംവഴി അവരെ നിഷ്പ്രയാസം പരാജയപ്പെടുത്താൻ നമുക്കു കഴിയും. എന്നാൽ പരാജയപ്പെട്ടാലും അവർ പിൻവാങ്ങുകയില്ല. അവർ അവരുടെ പ്രയത്നം അവസാനിപ്പിക്കുകയില്ല. എല്ലാ ദുഷ്ടതകളോടും കൗശലങ്ങളോടുംകൂടെ വീണ്ടും ആക്രമണത്തിനു വരും. സ്പഷ്ടമായും അശുദ്ധമായ സുഖങ്ങൾകൊണ്ട് നമ്മുടെ ഹൃദയത്തെ വശീകരിക്കാൻ സാധിക്കുകയില്ലെന്നു ബോദ്ധ്യമായാൽ അവർ തന്ത്രം മാററി വീണ്ടും ആക്രമണത്തിനു വരും. നമ്മുടെ മനസ്സിനെ ഭയപ്പെടുത്തുന്നതിനുവേണ്ടി പലതരം ഭീകരദർശനങ്ങൾ അവതരിപ്പിക്കുകയായിരിക്കും അവർ ചെയ്യുക. സ്ത്രീകളുടെയും മൃഗങ്ങളുടെയും ഇഴജന്തുക്കളുടെയും രൂപത്തിലും വളരെ വലിപ്പമുള്ള ജന്തുക്കളായിട്ടും സൈന്യസമൂഹങ്ങളായിട്ടും അവർ വരും. എന്നാൽ ഈ ദർശനങ്ങളൊന്നും കണ്ട് നാം ഭയപ്പെടരുത്. അവ യഥാർത്ഥമല്ല, വേഗം മറഞ്ഞുപോകും; പ്രത്യേകിച്ചും കുരിശിന്റെ അടയാളംകൊണ്ട് നാം സ്വയം ബലപ്പെടുത്തിയാൽ.

പിശാചുക്കൾ യഥാർത്ഥത്തിൽ വളരെ സാഹസികരും അങ്ങേയററം നാണം കെട്ടവരുമാണ്. അതിനാൽ ഈ രണ്ടാമത്തെ ഉദ്യമത്തിലും പരാജയപ്പെട്ടാൽ അവർ പുതിയ സമരതന്ത്രവുമായി വീണ്ടും വരും. അവർ പ്രവചിക്കുകയും ഭാവികാര്യങ്ങൾ മുൻകൂട്ടി പറയുകയും ചെയ്യുന്നതായി ഭാവിക്കും. മേൽക്കൂരയെക്കാൾ ഉയരവും നല്ല ബലവും തടിയും ഉള്ളവരായി അവർ കാണപ്പെടും. വിചാരങ്ങൾകൊണ്ടു കബളിപ്പിക്കാൻ



സാധിക്കാത്തവരെ ഇത്തരം മിഥ്യാദർശനങ്ങൾകൊണ്ടു തട്ടിയെടുക്കണമെന്നതാണ് അവരുടെ ലക്ഷ്യം. എന്നാൽ ഇത്തവണയും ആത്മാവ് വിശ്വാസത്താലും ശരണത്താലും ശക്തിപ്പെടുത്തപ്പെട്ട് അവരുടെ ആക്രമണങ്ങളെ ചെറുത്തുനിന്നാൽ അടുത്തതായി അവർ അവരുടെ പ്രധാനിയെ രംഗത്തുകൊണ്ടു വരും.

24. വളരെ ഭീതിജനകമായ ചില രൂപങ്ങളിലായിരിക്കും അവർ വരുക. അവയിലൊന്ന് ദൈവം സാത്താനെ ജോബിനു വെളിപ്പെടുത്തികൊടുത്ത വിധത്തിലുള്ളതാണ്. അതിങ്ങനെയാണല്ലോ: അവന്റെ കണ്ണുകൾ പ്രഭാതത്തിന്റെ കൺപോളകൾ പോലെയാണ്. അവന്റെ വായിൽനിന്നു ജ്വലിക്കുന്ന തീപ്പന്തങ്ങൾ പുറപ്പെടുകയും തീപ്പൊരി ചിതറുകയും ചെയ്യുന്നു. കൽക്കരികൊണ്ടു കത്തുന്ന ചൂളയിൽനിന്നെന്നപോലെ അവന്റെ മൂക്കിൽനിന്നു പുക ഉയരുന്നു. അവന്റെ ശ്വാസം കൽക്കരിക്കു തീ കൊളുത്തുന്നു. അവന്റെ വായിൽനിന്നു തീജ്വാല പുറപ്പെടുന്നു (ജോബ് 41). പിശാചുക്കളുടെ തലവൻ ഇപ്രകാരം പ്രത്യക്ഷപ്പെടുമ്പോൾ ആ വഞ്ചകൻ, ഞാൻ മുകളിൽ പറഞ്ഞതുപോലെ, തന്റെ ഭള്ളു നിറഞ്ഞ വാക്കുകൾകൊണ്ട് നമ്മെ ഭീതിപ്പെടുത്താനായിരിക്കും ആദ്യം നോക്കുക. അവന്റെ ഈ ഭള്ളുപറച്ചിലും ജോബിനോടു പറയുന്ന വാക്കുകളിൽ (41) ദൈവം വെളിപ്പെടുത്തിയിട്ടുണ്ട്. അതു് ഇങ്ങിനെയാണ്: 'ഇരുമ്പിനെ വൈക്കോൽ പോലെയും പിച്ചളയെ ചെതുക്കിച്ച തടിപോലെയും അവൻ കണക്കാക്കുന്നു. സമുദ്രത്തെ അവൻ ഒരു എണ്ണപ്പാത്രമായി കരുതുന്നു, വൻകയത്തിന്റെ അഗാധതയെ സ്വന്തം അടിമയായും, ആഴമുള്ള സ്ഥലങ്ങളെ നടക്കാൻ കൊള്ളാവുന്ന സ്ഥലങ്ങളുമായിട്ടാണ് അവൻ കരുതുന്നതു്''. പ്രവാചകൻവഴി ദൈവം അറിയിക്കുന്നു: 'ഞാൻ പിന്തുടരുകയും പിന്നിലാക്കുകയും ചെയ്യുമെന്ന് ശത്രു പറഞ്ഞു' (പുറ. 15:9). മറെറാരു പ്രവാചകൻവഴി ഇങ്ങനെയും: 'ഈ ലോകത്തെ മുഴുവൻ ഒരു പക്ഷിക്കൂട് എന്നപോലെ ഞാൻ കയ്യിലെടുക്കും. ഉപേക്ഷിക്കപ്പെട്ട മുട്ടകൾപോലെ ഞാൻ അതിനെ കയ്യിലാക്കും' (ഏശ. 10:14).

ദൈവഭയമുള്ള ജനങ്ങളെ വഞ്ചിക്കുന്നതിനുവേണ്ടി പിശാചുക്കൾ നടത്തുന്ന പൊങ്ങച്ചം പറച്ചിലുകളും പ്രഭാഷണങ്ങളും ഈ രീതിയിലുള്ളവയാണ്. ഈ സന്ദർഭത്തിലും നാം പിശാചിന്റെ ദർശനങ്ങളെയോ വാക്കുകളെയോ കുറിച്ചു ഭയപ്പെടേണ്ടതില്ല. അവൻ ഒരു വെറും നുണയനാണ്. അവൻ പറയുന്നതിൽ ഒരു സത്യവും ഉണ്ടായിരിക്കുകയില്ല. അഹങ്കാര

www.malankaralibrary.com



ത്തോടുകൂടി അത്തരം നുണകൾ തട്ടിവിടുമ്പോൾ, നമ്മുടെ രക്ഷകൻ അവനെ ഒരു സർപ്പത്തെ എന്നപോലെ കൊളുത്തിൽ ഉടക്കി വലിച്ചിഴക്കുകയും ഒരു ചുമട്ടുമൃഗത്തെ എന്നപോലെ മൂക്കുകയറിട്ടു നടത്തുകയും ഒളിച്ചോടുന്ന അടിമയ്ക്കെന്നപോലെ അവന്റെ മൂക്കിനു വളയമിടുകയും ഇരുമ്പുകമ്പികൊണ്ട് അവന്റെ ചുണ്ടു തുളയ്ക്കുകയും ചെയ്ത കാര്യം അവൻ വിസ്മരിക്കുകയാണ്. നമ്മുടെ വിനോദത്തിനുവേണ്ടി നമ്മുടെ കർത്താവ് ഒരു കുരുവിയെ എന്നപോലെ അവനെ ബന്ധനത്തിലാക്കിയതുമാണ് (ജോബ് 40-41). ക്രിസ്ത്യാനികളായ നമുക്ക് പാമ്പുകളും തേളുകളും എന്നപോലെ ചവിട്ടിയരയ്ക്കാൻ വേണ്ടിയാണ് നമ്മുടെ രക്ഷകൻ അങ്ങനെയൊക്കെ ചെയ്തിട്ടുള്ളത് (ലൂക്കാ. 10:19). അവന്റെ നിരന്തരാക്രമണങ്ങളെ അതിജീവിച്ച് ക്രിസ്ത്യാനികളായ നാം ഇന്നും നിലനിൽക്കുന്നതുതന്നെയാണ് നമ്മുടെ രക്ഷകൻ അങ്ങനെയൊക്കെ ചെയ്തുവെന്നതിന്റെ തെളിവ്. സമുദ്രങ്ങളെ വററിച്ചുകളയുമെന്നും ലോകത്തെ കയ്യിലെടുത്തുയർത്തുമെന്നും പൊങ്ങച്ചം പറഞ്ഞവന്റെ വാക്കുകൾ നമ്മുടെ താപസജീവിതത്തിനോ എന്റെ വാക്കുകൾക്കോ പ്രതിബന്ധമായിത്തീരാൻ പാടില്ല. അതിനാൽ അവന്റെ മായാദർശനങ്ങളെയോ വാക്കുകളെയോ നാം ശ്രദ്ധിക്കരുത്. അവയെല്ലാം അസത്യങ്ങളാകുന്നു. അവരിൽ കാണുന്ന പ്രകാശം സത്യത്തിലുള്ളതല്ല; അവർക്കുവേണ്ടി ഒരുക്കപ്പെട്ടിട്ടുള്ള അഗ്നിയുടെ ആരംഭവും ദുർബലമായ പ്രതിച്ഛായയും മാത്രമാകുന്നു. അവരെ സ്വീകരിക്കാനുള്ള അഗ്നിയുടെ ഒരു ഛായയുമായിട്ടാണ് അവർ നടക്കുന്നത്. അവർ പ്രത്യക്ഷപ്പെട്ടാലും യഥാർത്ഥ വിശ്വാസമുള്ളവർക്ക് ഒരു ഉപദ്രവവും ചെയ്യാതെ അടുത്ത നിമിഷം മറഞ്ഞുപൊയ്ക്കൊള്ളും. അവരെ ഭയപ്പെടേണ്ടയാതൊരു കാര്യവുമില്ല, ക്രിസ്തുവിന്റെ കാരുണ്യത്താൽ അവരുടെ തന്ത്രങ്ങളെല്ലാം വിഫലമായിക്കൊള്ളും.

25. ‘‘എന്നാൽ പിശാചുക്കൾ വലിയ വഞ്ചകരാണെന്നു നാം എപ്പോഴും ഓർക്കണം. എല്ലാത്തരം രൂപമാററങ്ങളും സ്വീകരിക്കാൻ അവർക്കു കഴിയും, അതിനവർ സന്നദ്ധരുമാണ്. ഉദാഹരണത്തിന്, അവർ പലപ്പോഴും നമ്മുടെ മുമ്പിൽ പ്രത്യക്ഷപ്പെടാതെ സങ്കീർത്തനങ്ങൾ ആലപിക്കുകയും വേദപുസ്തകത്തിലെ ഉക്തികൾ ഉദ്ധരിക്കുകയും ചെയ്യും. പലപ്പോഴും നാം വായിക്കുന്നത് അവർ പ്രതിധ്വനിപ്പിക്കും. നാം ഉറങ്ങാൻ പോകുമ്പോൾ അവർ നമ്മെ പ്രാർത്ഥിക്കാനായി ഉണർത്തും. ഇത് അവർ നിർത്താതെ തുടരും. അതിന്റെ ഫലമായി നമുക്ക് ഉറങ്ങാൻ തന്നെ കഴിയാതെ വരും. വേറെ ചില സന്ദർഭങ്ങളിൽ അവർ സന്യാസിമാരുടെ വേഷം ധരിച്ചു വന്ന് ഭക്തി



പരമായ കാര്യങ്ങൾ സംസാരിക്കുന്നതായി അഭിനയിക്കും. നമ്മെ ആകർഷിച്ച് അവർ ആഗ്രഹിക്കുന്ന വഴിക്കു കൂട്ടിക്കൊണ്ടുപോകാൻ വേണ്ടിയാണ് ഇതു ചെയ്യുന്നത്. അതിനാൽ അവർ നമ്മെ പ്രാർത്ഥിക്കാൻവേണ്ടി ഉണർത്തിയാലും ഭക്ഷണം കഴിക്കുകയേ ചെയ്യരുതെന്നുപദേശിച്ചാലും അവർക്കു യാഥാർത്ഥത്തിൽ പ്രിയപ്പെട്ടതായ തിന്മകൾ ചെയ്തതിന്റെ പേരിൽ അവർ നമ്മെ കുററപ്പെടുത്തിയാലും അതൊന്നും നാം ശ്രദ്ധിക്കരുത്. ഭക്തിക്കോ സത്യത്തിനോ വേണ്ടിയല്ല അവർ അങ്ങനെ ചെയ്യുന്നത്; നിഷ്കളങ്കരെ നൈരാശ്യത്തിലേയ്ക്ക് ആനയിക്കാൻ വേണ്ടിയാണ്; താപസജീവിതം വിരസവും ദുസ്സഹവും അതികഠിനവും നിഷ്ഫലവുമാണെന്ന വിചാരം മനസ്സിലുണ്ടാക്കാൻ വേണ്ടിയാണ്. അവരുടെ ആഗ്രഹങ്ങൾക്കു വിപരീതമായിട്ടാണല്ലോ നാം താപസജീവിതം നയിക്കുന്നത്.

26. അതിനാൽ ദൈവത്താൽ അയയ്ക്കപ്പെട്ട പ്രവാചകൻ താഴെ പറയുന്ന വാക്കുകളാൽ അവരെ ദുഃഖിതർ എന്നു വിശേഷിപ്പിക്കുന്നു. ‘അയൽക്കാരെ ക്രോധത്തിന്റെ പാനപാത്രം കുടിപ്പിക്കുന്നവർക്ക് ഹാ കഷ്ടം’ (ഹബ. 2:15). കാരണം പുണ്യത്തിലേയ്ക്കുള്ള മാർഗ്ഗത്തിനു നാശം വരുത്താൻ അത്തരം തന്ത്രങ്ങൾക്കു കഴിയും. നമ്മുടെ കർത്താവുതന്നെ, അവർ സത്യം പറഞ്ഞപ്പോഴും– ‘നീ ദൈവത്തിന്റെ പുത്രനാകുന്നു’ (ലൂക്കാ. 4:41) എന്ന് അവർ പറഞ്ഞതു സത്യമാണല്ലോ–അവരോട് നാവടക്കാൻ ആവശ്യപ്പെടുകയാണല്ലോ ചെയ്തത്. സത്യത്തോടൊപ്പം അവർ അവരുടെ തിന്മയും വിതയ്ക്കുന്നത് കർത്താവ് ഇഷ്ടപ്പെട്ടില്ല. അവർ സത്യം പറയുന്നതായി തോന്നിയാലും അവരുടെ വാക്കുകൾക്കു ചെവികൊടുക്കരുതെന്നു നമ്മെ പഠിപ്പിക്കാനും അവിടുന്ന് ഉദ്ദേശിച്ചിരിക്കണം. അതോടൊപ്പം തന്നെ നാം പരിഗണിക്കേണ്ട മറെറാരു കാര്യവുമുണ്ട്. വിശുദ്ധ ലിഖിതങ്ങളും രക്ഷകൻ പ്രദാനം ചെയ്ത സ്വാതന്ത്ര്യവുമുള്ള നമ്മളെ സ്വന്തം സ്ഥാനത്ത് ഉറച്ചു നിൽക്കാത്തവനായ പിശാച് (യൂദാ. 7) പഠിപ്പിക്കുക എന്നതു മോശവുമാണ്. പിശാച് പല പ്രാവശ്യവും അവന്റെ മനസ്സ് മാററിയിട്ടുണ്ട്. അതിനാൽ വി. ഗ്രന്ഥത്തിൽനിന്ന് ഉദ്ധരണങ്ങൾ ഉപയോഗിക്കുന്ന കാര്യത്തിൽ ദൈവവും അവനെ വിലക്കിയിട്ടുണ്ട്. അതിങ്ങനെയാണ്: ‘പാപിയോട് ദൈവം പറഞ്ഞു, നീ എന്റെ വിധികൾ ആവർത്തിക്കുകയും എന്റെ നിയമം നിന്റെ വായ്കൊണ്ടു പറയുകയും ചെയ്യുന്നതെന്ത്?’ (സങ്കീ. 50:16).

വാസ്തവത്തിൽ പിശാചുക്കൾ എന്തും ചെയ്യും: സംസാരിക്കും, ഒച്ചപ്പാടുണ്ടാക്കും, ചതിവു പ്രയോഗിക്കും, ചിന്താക്കുഴപ്പ

www.malankaralibrary.com



മുണ്ടാകും – എല്ലാം ശുദ്ധഗതിക്കാരായ ജനങ്ങളെ വഴിതെറ്റിക്കാൻ. അവർ അർത്ഥമില്ലാത്ത അട്ടഹാസങ്ങൾ പുറപ്പെടുവിക്കുകയും മൂളുകയും ചെയ്തിട്ടുണ്ട്. അതൊന്നും ആരും ശ്രദ്ധിക്കുന്നില്ലെങ്കിൽ പരാജയപ്പെട്ടാലെന്നപ്പോലെ അവർ ഉറക്കെ പ്രലപിക്കും.

27. അതിനാൽ നമ്മുടെ കർത്താവു് താൻ ദൈവമായതുകൊണ്ടു്, പിശാചുക്കളെ നിശ്ശബ്ദരാക്കി. നമ്മെ സംബന്ധിച്ചു പറഞ്ഞാൽ നമുക്കുവേണ്ട പാഠങ്ങൾ നാം വിശുദ്ധന്മാരിൽനിന്നു പഠിച്ചിരിക്കുന്നു. അവരുടെ ധീരതയെ അനുകരിച്ചുകൊണ്ടു് അവർ ചെയ്തതുപോലെ നാം ചെയ്യണം. അവർ പിശാചുക്കളുടെ പ്രവർത്തനങ്ങൾ കാണുമ്പോൾ ഇങ്ങനെ പറയുക പതിവായിരുന്നു: 'പാപി എനിക്കെതിരെ നിന്നപ്പോൾ ഞാൻ മൂകനായിരുന്നു, ഞാൻ വിനീതനായിരുന്നു, നല്ല കാര്യങ്ങളെക്കുറിച്ചും ഞാൻ മൗനം പാലിച്ചു' (സങ്കീ. 39:1–2). 'ഒരു ബധിരനെപ്പോലെ, ഞാൻ ഒന്നും കേട്ടില്ല. ഒരു മൂകനെപ്പോലെ, ഞാൻ ഒന്നും സംസാരിച്ചുമില്ല' (സങ്കീ. 38:13–14). അതിനാൽ അവർ പറയുന്നതു നാം ശ്രദ്ധിക്കരുതു്. അവരെ വെറും അപരിചിതരായി കണക്കാക്കുക. അവർ ഉപവാസത്തെക്കുറിച്ചു സംസാരിക്കുകയോ പ്രാർത്ഥനയ്ക്കുവേണ്ടി നമ്മെ ഉണർത്തുകയോ ചെയ്താൽപ്പോലും അവരുടെ വാക്കുകൾ നാം വകവയ്ക്കരുതു്. സന്യാസജീവിതത്തെ സംബന്ധിച്ചു നാം നേരത്തേ സ്വീകരിച്ചിട്ടുള്ള തീരുമാനങ്ങൾ അനുസരിച്ചു നാം പ്രവർത്തിച്ചാൽ മതി. വഞ്ചനവിദ്യയായി പരിശീലിക്കുന്നവരാൽ നാം വഴിതെറ്റിക്കപ്പെടരുതു്. അവർ നമ്മെ ആക്രമിക്കുന്നതായിട്ടോ കൊല്ലുമെന്നു ഭീഷണിപ്പെടുത്തുന്നതായിട്ടു തന്നെയോ കാണപ്പെട്ടാലും നാം ഭയചകിതരാകരുതു്. യഥാർത്ഥത്തിൽ അവർ ദുർബ്ബലരാണു്. ഭീഷണിപ്പെടുത്തുകയല്ലാതെ ഒന്നും ചെയ്യാൻ അവർക്കു കഴിവില്ല.

28. ഇതുവരെ ഈ വിഷയത്തെക്കുറിച്ചു് പൊതുവായ ചില കാര്യങ്ങൾ മാത്രമേ ഞാൻ പറഞ്ഞുള്ളു. എന്നാൽ അതിന്റെ വിശദാംശങ്ങളിലേയ്ക്കു കടന്നു സംസാരിക്കാൻ ഞാൻ മടിക്കേണ്ടതില്ല. ഇക്കാര്യങ്ങളെല്ലാം ശരിയായി നിങ്ങളുടെ ശ്രദ്ധയിൽപ്പെടുന്നതു് നിങ്ങളുടെ ഉപരി സുരക്ഷിതത്വത്തിനു് ഉതകും.

കർത്താവു നമ്മോടുകൂടി വസിച്ചതുകൊണ്ടു ശത്രുവിനു പതനം സംഭവിക്കുകയും അവന്റെ ശക്തി ക്ഷയിക്കുകയും ചെയ്തിരിക്കുന്നു. അതിനാൽ അവനു് ഒന്നും ചെയ്യാൻ കഴിവില്ല. അവൻ പതിതനാണെങ്കിലും ഒരു സ്വേച്ഛാധിപതിയെപ്പോലെ, അടങ്ങിയിരി



ക്കാൻ അവനു കഴിയുന്നില്ല; നിഷ്ഫലങ്ങളെങ്കിലും അവൻ ഭീഷണികൾ നിരന്തരം പ്രയോഗിക്കുകയാണു്. ഈ വസ്തുത നിങ്ങളിൽ ഓരോരുത്തന്റെയും മനസ്സിലുണ്ടായിരിക്കണം. അപ്പോൾ പിശാചുക്കളെ തൃണവൽഗണിക്കാൻ നിങ്ങൾക്കു കഴിയും. അവർക്കു് നമ്മുടേതുപോലുള്ള ശരീരമുണ്ടായിരുന്നെങ്കിൽ അവർ പറയുമായിരുന്നു: 'ഒളിച്ചിരിക്കുന്ന ആളുകളെ കണ്ടുപിടിക്കാൻ നമുക്കു കഴിയുകയില്ല. എന്നാൽ കണ്ടുപിടിച്ചാൽ അവരെ ഉപദ്രവിക്കാൻ നമുക്കു കഴിയും'. അങ്ങനെ ആയിരുന്നെങ്കിൽ ഒളിച്ചിരുന്നിട്ടോ അവർക്കെതിരെ വാതിൽ പൂട്ടിയിട്ടോ അവരിൽനിന്നു രക്ഷപെടാൻ നമുക്കു കഴിയുമായിരുന്നു. എന്നാൽ അതല്ലല്ലോ സ്ഥിതി. അടച്ചുപൂട്ടിയ മുറികളിലും അവർക്കു പ്രവേശിക്കാൻ കഴിയും. എല്ലായിടത്തും അവർ സന്നിഹിതരാണു്. അവർ എപ്പോഴും നമ്മെ ഉപദ്രവിക്കാൻ ആഗ്രഹിക്കുന്നവരുമാണു്. നമ്മുടെ രക്ഷകൻ പറയുന്നു: 'തിന്മയുടെ പിതാവായ പിശാചാകട്ടെ ആദിമുതൽ കൊലപാതകിയാണു് (യോഹ. 8:44). എങ്കിലും അവരെ എതിർത്തുകൊണ്ടു ജീവിക്കാൻ നാം തീരുമാനിക്കുകയാണെങ്കിൽ അവർ തീർത്തും ദുർബ്ബലരാകുന്നു.

നിങ്ങൾക്കറിയാവുന്നതുപോലെ ഏതെങ്കിലും സ്ഥലം അവരുടെ ചതിപ്രയോഗങ്ങൾക്കു തടസ്സമാകുന്നില്ല. നാം അവരുടെ സുഹൃത്തുക്കളല്ലെന്നു് അവർക്കു് അറിയുകയും ചെയ്യാം. അതുകൊണ്ടു് നമ്മെ വെറുതെ വിടാമെന്നു് അവർ വിചാരിക്കുകയില്ല. അവർ നന്മയോടു കൂറുള്ളവരല്ല, അതിനാൽ തെറ്റായ വഴികളിൽനിന്നു് അവർ വിട്ടുമാറുകയുമില്ല. അവർ ദുഷ്ടത നിറഞ്ഞവരാകുന്നു. അതിനാൽ നന്മയെ സ്നേഹിക്കുകയും ദൈവത്തെ ആരാധിക്കുകയും ചെയ്യുന്നവരെ ഉപദ്രവിക്കുന്നതിലധികമായി അവർ ആഗ്രഹിക്കുന്ന ഒരു കാര്യവുമില്ല. ഒന്നും ചെയ്യാൻ കഴിവില്ലാത്തവരാണു് എന്ന ഏകകാരണത്താൽ അവർ ഭീഷണിപ്പെടുത്തുകമാത്രം ചെയ്യുന്നു. അവർക്കു കഴിയുമായിരുന്നെങ്കിൽ അവർ ഏറ്റവും അധികമായി ആഗ്രഹിക്കുന്ന കാര്യം–നമ്മെ ദ്രോഹിക്കുക എന്നതു്–ഒട്ടും കാലതാമസം വരുത്താതെ അവർ നിർവ്വഹിക്കുമായിരുന്നു എന്നു നിങ്ങൾക്കു് ഉറപ്പായി വിചാരിക്കാം. നാം ഇപ്പോൾ ഇവിടെക്കൂടി അവർക്കെതിരായി സംസാരിക്കുകയാണു്. നാം പുരോഗമിക്കുന്തോറും അവർ കൂടുതൽ കൂടുതൽ ബലഹീനരാകുമെന്നു് അവർക്കറിയാം. അവർക്കു കഴിവുണ്ടായിരുന്നെങ്കിൽ ക്രിസ്ത്യാനികളായ നമ്മളിൽ ഒരാൾപോലും ജീവിച്ചിരിക്കാൻ അവർ അനുവദിക്കുമായിരുന്നില്ല. എന്തെന്നാൽ ദൈവത്തെ പൂജിക്കുന്നതാണു് പാപിക്കു് ഏറ്റവും വെറുപ്പുള്ള കാര്യം. അവർക്കു് ഒന്നും ചെയ്യാൻ കഴിവി

www.malankaralibrary.com



ല്ലാത്തതുകൊണ്ട് അവർ അവരെത്തന്നെ ഉപദ്രവിക്കുകയാണ്; കാരണം അവരുടെ ഭീഷണികൾ നടപ്പാക്കാൻ അവർക്കു കഴിയുകയില്ല.

പിശാചുക്കളെക്കുറിച്ചുള്ള ഭയം അവസാനിപ്പിക്കാൻ ഇക്കാര്യം കൂടെ നാം മനസ്സിലാക്കേണ്ടതുണ്ട്. അവർക്കു ശക്തിയുണ്ടായിരുന്നെങ്കിൽ അവർ കൂട്ടമായി വരുകയോ മിഥ്യാദർശനങ്ങൾ കാണിക്കുകയോ അവരെത്തന്നെ വേറെ രൂപങ്ങളിൽ പ്രദർശിപ്പിക്കുക എന്ന നയം അവലംബിക്കുകയോ ചെയ്യുമായിരുന്നില്ല. അവർ ശക്തന്മാരായിരുന്നെങ്കിൽ അവരിൽ ഒരാൾ മാത്രം വന്ന് അവൻ ആഗ്രഹിക്കുന്നതു ചെയ്തിട്ടു പോകുമായിരുന്നു. നാം മനസ്സിലാക്കിയിരിക്കേണ്ട ഏററവും പ്രധാനപ്പെട്ട കാര്യം ഇതാണ്; യഥാർത്ഥത്തിൽ ശക്തിയുള്ള ഒരുത്തനും ഭൂതദർശനങ്ങൾകൊണ്ടു ഭയപ്പെടുത്താനോ കൂട്ടമായി വന്നു ഭീഷണിപ്പെടുത്താനോ ശ്രമിക്കുമായിരുന്നില്ല; കൂടുതലായ ഒച്ചപ്പാടും ബഹളവും ഒന്നുമില്ലാതെ ഇങ്ങു വന്നിട്ട് തനിക്കാഗ്രഹമുള്ളതു ചെയ്തിട്ടു പോകുമായിരുന്നു. എന്നാൽ അവർ ദുർബ്ബലരായതുകൊണ്ട് ഒരു സ്റ്റേജിലെന്നതുപോലെ ആഹ്ലാദിച്ചു തുള്ളിക്കളിക്കുകയും കൂടെക്കൂടെ രൂപം മാറുകയും കൂട്ടമായി വരുന്നതായി കാണിച്ചും മുഖവൈകൃതങ്ങൾ പ്രദർശിപ്പിച്ചും കുട്ടികളെ ഭയപ്പെടുത്താൻ ശ്രമിക്കുകയും ചെയ്യുന്നു. ഇങ്ങനെയൊക്കെ ചെയ്യുന്നതുകൊണ്ട് അവർ ദുർബ്ബലതയുടെ പേരിൽ കൂടുതൽ ആക്ഷേപാർഹരായിത്തീരുന്നു. ഒരു കാര്യം നമുക്ക് ഉറപ്പായി അറിയാം. അസ്സീറിയന്മാർക്കെതിരെ ദൈവം അയച്ച യഥാർത്ഥ മാലാഖാക്ക് ഒരു സമൂഹമായി വരേണ്ട ആവശ്യമുണ്ടായില്ല; എന്തെങ്കിലും മായാദർശനങ്ങൾ കാട്ടേണ്ടി വന്നില്ല; എന്തെങ്കിലും ഭയജനകമായ ശബ്ദവും കേൾക്കേണ്ടി വന്നില്ല; ആ മാലാഖ നിശബ്ദമായി തന്റെ കൃത്യം നിർവ്വഹിച്ചു–ഒരു ലക്ഷത്തി എഴുപത്തയ്യായിരം അസ്സീറിയൻ ഭടന്മാരെ നേരെ അങ്ങു കൊലപ്പെടുത്തി (2 രാജാ. 19:35). എന്നാൽ ദുർബ്ബലസൃഷ്ടികളായ ചെകുത്താന്മാരാകട്ടെ വെറുതെ ഭയപ്പെടുത്താൻ ശ്രമിക്കുകയാണ്–അതും വെറും മായാദർശനങ്ങൾകൊണ്ട്!

29. യോബിന്റെ കഥയെക്കുറിച്ചു ചിന്തിച്ചിട്ട് ചിലർ ഇങ്ങനെ ചോദിച്ചേക്കാം. 'എങ്കിൽ പിശാച് യോബിനെതിരായി അത്രയേറെ ഭയങ്കര കാര്യങ്ങൾ ചെയ്തതെങ്ങനെ? അവൻ അദ്ദേഹത്തിന്റെ സമ്പത്തുകൾ എല്ലാം നശിപ്പിച്ചു അദ്ദേഹത്തിന്റെ മക്കളെയെല്ലാം കൊന്നു. ശരീരത്തിൽ ഭയങ്കരമായ വ്രണം ഉണ്ടായി (1:13f; 2:7). ഇങ്ങനെ ചോദിക്കുന്നവർ ഒരു കാര്യം മനസ്സിലാക്കണം: ഇപ്പറഞ്ഞ കാര്യങ്ങളെല്ലാം



പിശാചു ചെയ്തത് അവന്റെ സ്വന്തം കഴിവുകൊണ്ടല്ല; ദൈവം അദ്ദേഹത്തെ പരീക്ഷിക്കാൻ അവന്റെ കൈയിൽ ഏല്പിച്ചുകൊടുത്തതുകൊണ്ടാണ് (1:12). അവന് അങ്ങനെ ചെയ്യാൻ സ്വന്തമായി അധികാരമുണ്ടായിരുന്നില്ല. ദൈവത്തോടു ചോദിച്ച് അനുവാദം വാങ്ങിയിട്ടാണ് അങ്ങനെ ചെയ്തത്. ഇവിടെയും പിശാചിനെ നിസ്സാരനായി കണക്കാക്കുവാനുള്ള ന്യായമാണു നാം കാണുന്നത്. കാരണം, ഉത്കടമായ ആഗ്രഹമുണ്ടായിട്ടും നീതിമാനായ ആ ഒരൊററ മനുഷ്യനെ പരാജയപ്പെടുത്താൻ അവനു കഴിഞ്ഞില്ല. അവന് സ്വന്തമായി ശക്തിയുണ്ടായിരുന്നെങ്കിൽ അവൻ അതിനുവേണ്ടി ദൈവത്തോട് അപേക്ഷിക്കുകയില്ലായിരുന്നു എന്നു വ്യക്തം. അനുവാദത്തിനുവേണ്ടി ഒന്നല്ല, രണ്ടു പ്രാവശ്യം അഭ്യർത്ഥിച്ചു എന്നത് അവന്റെ ദുർബ്ബലതയും കഴിവുകേടും വെളിപ്പെടുത്തുന്നു. ജോബിനെതിരായി അവനു ശക്തിയൊന്നുമില്ലായിരുന്നു എന്നതിൽ അസാധാരണമായി ഒന്നുമില്ല. ദൈവം അനുവദിക്കാതെ അദ്ദേഹത്തിന്റെ കന്നുകാലികളെ ഉപദ്രവിക്കാൻപോലും അവനു കഴിഞ്ഞില്ലല്ലൊ. പന്നികൾക്കെതിരായിപ്പോലും അവന് അധികാരമോ ശക്തിയോ ഇല്ല. അക്കാര്യം സുവിശേഷത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 'പിശാചുക്കൾ അവനോട് അപേക്ഷിച്ചു: നീ ഞങ്ങളെ പുറത്താക്കുന്നുവെങ്കിൽ ആ പന്നിക്കൂട്ടത്തിലേക്കയയ്ക്കണമേ' (മത്താ. 8:31). പന്നികളുടെമേൽ അധികാരമില്ലാത്തവർക്ക് ദൈവത്തിന്റെ ഛായയിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്ന മനുഷ്യരുടെമേൽ അത്രയുംപോലും അധികാരമുണ്ടാവുകയില്ലല്ലോ (ഉല്പ. 1:26f: 5:1; 9:6).

30. അതിനാൽ നാം ദൈവത്തെമാത്രം ഭയപ്പെടുക. പിശാചുക്കളെ ഭയപ്പെടരുത്. അവരെ വെറുക്കുകമാത്രം ചെയ്യുക. അവർ നമ്മെ ശല്യപ്പെടുത്താനും ഭീക്ഷണിപ്പെടുത്താനും എത്രമാത്രം ശ്രമിക്കുന്നുവോ, അത്രയധികമായി അതിനെ ചെറുക്കുന്നതിനുവേണ്ടി നാം സന്യാസജീവിതത്തിൽ ഉത്സാഹിക്കണം. എന്തെന്നാൽ നല്ല രീതിയിലുള്ള ജീവിതവും ദൈവവിശ്വാസവുമാണ് അവർക്കെതിരെയുള്ള പ്രധാന ആയുധങ്ങൾ. സന്യാസികളുടെ ഉപവാസങ്ങൾ, ജാഗരണങ്ങൾ, പ്രാർത്ഥനകൾ, അവരുടെ ശാന്തത, പണത്തോടുള്ള അനാസക്തി, പൊങ്ങച്ചമില്ലായ്ക, വിനയം, ദരിദ്രജനസ്നേഹം, ദാനധർമ്മം, കോപമില്ലായ്മ എന്നിവയും, സർവ്വോപരി ക്രിസ്തുവിനോടുള്ള വിശ്വസ്തതയും കാരണം സാത്താൻ സന്യാസികളെ വളരെ ഭയപ്പെടുന്നു. അവരെ ആരും കാൽകീഴിലാക്കി ഞെരിക്കാതിരിക്കുന്നതിന് അവരാൽ കഴിയുന്നത് അവർ ചെയ്തു നോക്കുന്നു. 'പാമ്പുകളുടെയും തേളുകളുടെയും ശത്രുവിന്റെ സകല ശക്തികളുടെയും

www.malankaralibrary.com



മീതെ ചവിട്ടി നടക്കാൻ നിങ്ങൾക്കു ഞാൻ അധികാരം തന്നിരിക്കുന്നു' എന്നു പറഞ്ഞുകൊണ്ട് ദിവ്യരക്ഷകൻ വിശ്വാസികൾക്കു നൽകിയിരിക്കുന്ന വരത്തെക്കുറിച്ചു അവർക്കു നന്നായി അറിയാം (ലൂക്കാ. 10:19).

31. ഭാവികാര്യങ്ങൾ പ്രവചിക്കാൻ കഴിയുമെന്ന് അവർ അവകാശവാദം പുറപ്പെടുവിക്കുകയാണെങ്കിൽ ആരും അതു വകവയ്ക്കണ്ട. ഉദാഹരണത്തിന്, പലപ്പോഴും നമ്മുടെ സഹോദരന്മാർ നമ്മെ സന്ദർശിക്കാൻ വരുന്ന വിവരം പല ദിവസം മുമ്പേ അവർ പറഞ്ഞേക്കും. പറയുന്നതുപോലെ സഹോദരന്മാർ വരുകയും ചെയ്യും. എന്നാൽ കേൾക്കുന്നവരുടെ നന്മയിൽ ഒട്ടും താല്പര്യമുള്ളതുകൊണ്ടല്ല അവർ ഇങ്ങനെ പറയുന്നതു്. ഇക്കാര്യം കേട്ടിട്ട് നമുക്കവരിൽ വിശ്വാസമുണ്ടാകാനും നാം അവരുടെ സ്വാധീനത്തിലായിക്കഴിയുമ്പോൾ നമ്മെ നശിപ്പിക്കാനും വേണ്ടിയാണ്. അതിനാൽ നാം അവരുടെ വാക്കുകൾക്കു ചെവികൊടുക്കാതെ അവരെ ആട്ടിയോടിക്കണം. അവരെക്കൊണ്ടു നമുക്ക് ഒരാവശ്യവുമില്ല. മനുഷ്യരെക്കാൾ ശരീരത്തിനു ഭാരം കുറഞ്ഞവരായ അവർ, മനുഷ്യരാരെങ്കിലും ഒരു യാത്രയ്ക്കു് ഇറങ്ങിത്തിരിച്ചിരിക്കുന്നു എന്നു കണ്ടിട്ട് അവർക്കു മുമ്പേ അതിവേഗം സഞ്ചരിച്ച് നമ്മുടെ അടുത്തെത്തി, അവർ വരാൻപോകുന്ന വിവരം അറിയിക്കുകയാണെങ്കിൽ അതിൽ ആശ്ചര്യകരമായി എന്താണുള്ളതു്? കാൽനടക്കാരനെക്കാൾ വേഗത്തിൽ മുമ്പോട്ടു പോകാൻ കുതിര സവാരിക്കാരനു കഴിയും. കാൽനടക്കാരൻ വരുന്നുണ്ട് എന്ന വിവരം നേരത്തെ ചെന്ന് ആരെയെങ്കിലും അറിയിക്കാൻ അയാൾക്ക് വിഷമമുണ്ടാവുകയില്ല. ആ പ്രവൃത്തിയെക്കുറിച്ച് അത്ഭുതപ്പെടാൻ ഒന്നുമില്ല. സംഭവിച്ചിട്ടില്ലാത്ത ഒരു കാര്യത്തെക്കുറിച്ച് പിശാചുക്കൾക്ക് മുൻകൂട്ടി അറിവൊന്നുമില്ല. വരാൻപോകുന്ന കാര്യങ്ങളെക്കുറിച്ചു ദൈവത്തിനു മാത്രമേ അറിയാവൂ. പിശാചുക്കൾ അവർ കണ്ടകാര്യം കള്ളന്മാരെപ്പോലെ ഓടി മുമ്പേ ചെന്ന് അറിയിക്കുകയാണ്. ഇപ്പോൾ നാം ഇവിടെ സമ്മേളിച്ചിരിക്കുന്നു. നാം പിശാചുക്കൾക്കെതിരായി കാര്യങ്ങൾ ചർച്ച ചെയ്യുകയാണ്. നാം ഇവിടെനിന്നു പിരിഞ്ഞു് ഇക്കാര്യങ്ങളെക്കുറിച്ച് ആരോടെങ്കിലും പറയുന്നതിനു മുമ്പായി പിശാചുക്കൾ പുറപ്പെട്ടുചെന്ന് എത്രയോ ആളുകളോട് ഇക്കാര്യമെല്ലാം പറഞ്ഞിരിക്കും! എന്നാൽ വേഗം ഓടിപ്പോകാൻ കഴിയുന്ന ഒരു കൊച്ചുകുട്ടിക്ക് പതുക്കെ നടക്കുന്ന ഒരാളെക്കാൾ മുമ്പേ അതേ കാര്യം ചെയ്യാൻ പററും.



ഞാൻ പറഞ്ഞുകൊണ്ടുവരുന്ന കാര്യം ഇതാണ്: ഒരാൾ തേബായ്ഡിൽനിന്നോ മറേറതെങ്കിലും സ്ഥാനത്തുനിന്നോ യാത്ര പുറപ്പെടുന്നു എന്നു വിചാരിക്കുക. അയാൾ യഥാർത്ഥത്തിൽ യാത്ര ആരംഭിക്കുന്നതുവരെ അക്കാര്യം പിശാചുക്കൾക്ക് അറിയാൻ പാടില്ല. എന്നാൽ അയാൾ യാത്ര ആരംഭിച്ചെന്നു കണ്ടുകഴിയുമ്പോൾ പിശാചുക്കൾ മുമ്പേ ഓടുന്നു. അയാൾ വന്നെത്തും മുമ്പ് വിവരം അറിയിക്കുന്നു. പക്ഷെ യാത്രപുറപ്പെട്ടയാൾ ചിലപ്പോൾ ഇടയ്ക്കുവച്ചു തിരിച്ചു പൊയ്ക്കളയും. അപ്പോൾ പിശാചിൻെറ അറിയിപ്പ് തെററായിത്തീരുകയും ചെയ്യും.

32. ഇതുപോലെ, നദിയിലെ വെള്ളത്തെക്കുറിച്ചും[24] അവർ ചില കാര്യങ്ങൾ പറയും. ഉദാഹരണത്തിന് എത്യോപ്യയിൽ കനത്ത മഴ പെയ്യുന്നതായി പിശാചുക്കൾ കാണുന്നുവെന്നു കരുതുക. നദിയിലെ ജലപ്രവാഹം അവിടെയാണ് ആരംഭിക്കുന്നതെന്ന് അവർക്കറിയാം. അവർ വേഗം ഓടി, വെള്ളം ഈജിപ്ററിൽ എത്തുന്നതിനു വളരെ മുമ്പേ അക്കാര്യം ഇവിടെയുള്ളവരെ അറിയിക്കുന്നു. അവർക്കൊപ്പം വേഗത്തിൽ സഞ്ചരിക്കാൻ മനുഷ്യർക്കു കഴിയുമായിരുന്നെങ്കിൽ ഇതുപോലെ വിവരം അറിയിക്കാൻ മനുഷ്യർക്കും കഴിയുമായിരുന്നു. ദാവീദിനുവേണ്ടി ചുററുപാടുകൾ നിരീക്ഷിച്ചിരുന്ന ജോലിക്കാരൻ ഉയർന്ന ഒരു സ്ഥാനത്തു കയറിനിന്നു നോക്കിയപ്പോൾ ദൂരെനിന്ന് ഒരാൾ വരുന്നതുകണ്ടു (2 ശാമു. 18:24). അതേ സമയം താഴെ നിന്നിരുന്നവർ അതു കണ്ടില്ല. ദാവീദിൻെറ അടുത്തേയ്ക്ക് ആദ്യം ഓടിവന്നയാൾ പറഞ്ഞതു് അയാൾ പുറപ്പെടുന്നതിനു മുമ്പു സംഭവിച്ചു കഴിഞ്ഞ കാര്യങ്ങൾ മാത്രമാണ്, അതിനുശേഷം നടന്ന കാര്യങ്ങളല്ല. ഇതുപോലെ പിശാചുക്കളും തങ്ങൾ കണ്ട കാര്യങ്ങൾ തിടുക്കപ്പെട്ട് വന്നു പറയുന്നു. മനുഷ്യരെ വഞ്ചിക്കുക എന്ന ഏകലക്ഷ്യത്തോടുകൂടിയാണ് അവരങ്ങനെ ചെയ്യുന്നതു്. എന്നാൽ പ്രസ്തുത നദീജലത്തെ സംബന്ധിച്ചോ യാത്ര പുറപ്പെട്ട ആളുകളെ സംബന്ധിച്ചോ ദൈവം പ്രത്യേകമായ ഒരു തീരുമാനം എടുക്കുകയും അതിൻെറയോ അവയുടെയോ ഗതിയിൽ മാററം വരുത്തുകയും ചെയ്താൽ – അങ്ങനെ സംഭവിക്കാവുന്നതുതന്നെയാണ് – പിശാചിൻെറ അറിയിപ്പ് ഒരു നുണയായി പരിണമിക്കും; അവൻെറ വാക്കുകൾ വിശ്വസിക്കുന്നവർ വഞ്ചിതരുമാകും.

24 നൈൽ നദിയാണ് വിവക്ഷ

www.malankaralibrary.com



33. ഇങ്ങനെയാണ് ഗ്രീക്കുക്ഷേത്രങ്ങളിലെ 'വെളിപാടുകൾ' സംഭവിച്ചിരുന്നതും പഴയകാലത്ത് പല ജനതകളെയും പിശാചുക്കൾ വഴിപിഴപ്പിച്ചിരുന്നതും. ഈ വഞ്ചന ഭാവിയിൽ ഉണ്ടാകാത്തവിധം തടയപ്പെട്ട കഥയും ഇതിനോടൊത്തു പോകുന്നു. എന്തെന്നാൽ നമ്മുടെ രക്ഷകൻ വന്ന് പിശാചിനെ അവൻെറ ദുഷ്ടതകളോടുകൂടി അടിച്ചമർത്തി.

പിശാചുക്കൾക്കു പ്രത്യേകമായി കൂടുതൽ അറിവൊന്നുമില്ല. മററുള്ളവർക്കു് അറിയാവുന്ന കാര്യങ്ങൾ അവരും കാണുകയും അറിയുകയും ചെയ്യുന്നു. കള്ളന്മാരെപ്പോലെ അവർ ആ അറിവു കൈക്കലാക്കി തെററായ വിധത്തിൽ അവതരിപ്പിക്കുന്നു. അവർ നടത്തുന്നത് വെറും ഊഹാപോഹമാണ്, പ്രവചനമല്ല. അതിനാൽ ഇത്തരം കാര്യങ്ങളിൽ ചിലപ്പോൾ അവർ പറയുന്നതു ശരിയാണെങ്കിൽപ്പോലും നമുക്കു് ആശ്ചര്യപ്പെടേണ്ടതില്ല. രോഗങ്ങളെ സംബന്ധിച്ചു നല്ല വൈദഗ്ധ്യമുള്ള വൈദ്യന്മാർ ചില പ്രത്യേകരോഗങ്ങളുടെ സ്വഭാവം അനേകം ആളുകളിൽ നിരീക്ഷിച്ചു മനസ്സിലാക്കിയിട്ടുള്ളതുകൊണ്ട് അവരുടെ പരിചയത്തിൻെറ അടിസ്ഥാനത്തിൽ ചില അനുമാനങ്ങൾ നടത്തുകയും ചില കാര്യങ്ങൾ മുൻകൂട്ടി പറയുകയും ചെയ്യും. പലപ്പോഴും അതു ശരിയായിരിക്കും. അതുപോലെ കപ്പൽ സഞ്ചാരികളും കൃഷിക്കാരും, കാലാവസ്ഥകൾ നിരീക്ഷിച്ചിട്ട്, അവരുടെ അനുഭവജ്ഞാനത്തെ ആധാരമാക്കി, അടുത്തതായി കൊടുങ്കാററോ തെളിഞ്ഞ അന്തരീക്ഷമോ എന്തെങ്കിലും ഉണ്ടാകുമെന്നു പ്രവചിക്കാറുണ്ട്. അവർ ദൈവനിവേശനംകൊണ്ടു പ്രവചിക്കുന്നതാണെന്ന് ഇക്കാര്യങ്ങളെക്കുറിച്ചൊന്നും നാം പറയാറില്ല. അതുപോലെതന്നെ പിശാചുക്കളും ഇതേ കാര്യങ്ങളിൽ ചിലപ്പോൾ അനുമാനത്തെ ആശ്രയിച്ചു വല്ലതും പറഞ്ഞാൽ അതിനെക്കുറിച്ചു നാം ആശ്ചര്യപ്പെടേണ്ടതില്ല. അവരെ വകവയ്ക്കേണ്ടതുതന്നെയില്ല. എന്താണു സംഭവിക്കാൻ പോകുന്നത് എന്ന കാര്യം ഏതാനും ദിവസം മുമ്പ് അവരിൽ നിന്നറിഞ്ഞിട്ട് എന്താണു വിശേഷം? അത്തരം കാര്യങ്ങൾ അറിയാൻ ഉത്കണ്ഠപ്പെടുന്നതിൽ എന്താണർത്ഥം? സത്യത്തിൽ, സുകൃതയോഗ്യത ഉണ്ടാകുന്നത് ഇത്തരം കാര്യങ്ങൾ കൊണ്ടല്ല. അതു് നല്ല സ്വഭാവത്തിൻെറ അടയാളവുമല്ല. നമുക്കു് ഇന്നകാര്യം അറിയാൻ പാടില്ലെന്നു കരുതി ദൈവം നമ്മെ ശിക്ഷിക്കുകയില്ല; കൂടുതൽ കാര്യങ്ങൾ അറിയാവുന്നതുകൊണ്ടു മാത്രം അനുഗ്രഹിക്കുകയുമില്ല. നമ്മുടെ അന്ത്യവിധി ഈ ഒരു കാര്യത്തെമാത്രം ആശ്രയിച്ചിരിക്കുന്നു: നാം വിശ്വാസത്തെ സംരക്ഷിക്കുകയും ദൈവകല്പനകൾ അനുസരിച്ചു ജീവിക്കുകയും ചെയ്തിട്ടുണ്ടോ?



34. അതിനാൽ ഇത്തരം കാര്യങ്ങൾക്കു വലിയ പ്രാധാന്യമൊന്നും കൊടുക്കാതിരിക്കുകയാണു നമുക്കുചിതം. സന്യാസജീവിതത്തിൻെറ ക്ലേശങ്ങൾ നാം അനുഭവിക്കുന്നത് ഭാവികാര്യങ്ങൾ അറിയാനുള്ള ശക്തി നേടാൻവേണ്ടി ആകരുതു താനും. നന്നായി ജീവിച്ച് ദൈവത്തെ പ്രസാദിപ്പിക്കുക എന്നതായിരിക്കണം നമ്മുടെ ലക്ഷ്യം. നമ്മുടെ പ്രാർത്ഥന ഭാവികാര്യങ്ങൾ അറിയാൻവേണ്ടി ആയിരിക്കരുത്. താപസജീവിതത്തിനു പ്രതിഫലമായി അങ്ങനെയൊരു സിദ്ധി നമ്മൾ ആവശ്യപ്പെടുകയും അരുത്. പിശാചിൻെറമേൽ വിജയം പ്രാപിക്കാൻ ദൈവം നമ്മെ സഹായിക്കണമെന്നാണു നാം പ്രാർത്ഥിക്കേണ്ടത്. ഇനി ഭാവികാര്യങ്ങൾ അറിയാൻ നമുക്കു് ആഗ്രഹമുണ്ടെങ്കിൽ, മനസ്സിൽ ശുദ്ധിയുള്ളവരായിരിക്കുക. മനസ്സ് പരിപൂർണ്ണമായും പരിശുദ്ധവും അതിൻെറ സ്വാഭാവികാവസ്ഥയിലും ആയിരുന്നാൽ അതിൻെറ ദർശനശക്തി തെളിയുകയും പിശാചുക്കൾ കാണുന്നതിനപ്പുറം കാണാൻ അതിനു കഴിയുകയും ചെയ്യുമെന്നാണ് എനിക്കു തോന്നുന്നത്. അപ്പോൾ നമ്മുടെ രക്ഷകൻ വേണ്ട കാര്യങ്ങളെല്ലാം അതിനു വെളിപ്പെടുത്തിക്കൊടുക്കും. ഗേഹസ്സിയെ സംബന്ധിച്ച കാര്യങ്ങൾ കണ്ടറിഞ്ഞ സമയത്തും ദൈവികസൈന്യങ്ങൾ സഹായത്തിനു നിൽക്കുന്നതു കണ്ടറിഞ്ഞ സമയത്തും ഏലീശായുടെ ആത്മാവിൻെറ അവസ്ഥ ഇതായിരുന്നു (2 രാജാ. 5:26; 6:17).

35. അതിനാൽ അവർ പാതിരാത്രി വന്ന് നിങ്ങളോട് ഭാവികാര്യങ്ങൾ പറയാൻ ശ്രമിക്കുകയോ 'ഞങ്ങൾ മാലാഖമാരാണ്' എന്നു പറയാൻ ശ്രമിക്കുകയോ ചെയ്യുമ്പോൾ അവരെ അവഗണിക്കുക. കാരണം, അവർ നുണ പറയുകയാണ്. അവർ നിങ്ങളുടെ സന്യാസപരിശീലനത്തെ പ്രശംസിക്കുകയോ നിങ്ങളെ അനുഗൃഹീതർ എന്നു വിളിക്കുകയോ ചെയ്യുമ്പോൾ അവരെ ശ്രദ്ധിക്കുകയോ അവരുമായി ഏതെങ്കിലും വിധത്തിൽ ഇടപെടുകയോ ചെയ്യരുത്. നിങ്ങളുടെ മേലും വാസസ്ഥലത്തും കുരിശുവരച്ചുകൊണ്ടു പ്രാർത്ഥിക്കുക. അപ്പോൾ അവർ മറഞ്ഞുപൊയ്ക്കൊള്ളും. പരമഭീരുക്കളായ അവർ നമ്മുടെ രക്ഷകൻെറ കുരിശിൻെറ അടയാളത്തെ മരണത്തെക്കാളും അധികമായി ഭയപ്പെടുന്നു. കുരിശിൽവച്ചാണല്ലോ കർത്താവ് അവരെ തകർക്കുകയും അവരെ ഒരു പാഠം പഠിപ്പിക്കുകയും ചെയ്തത് (കൊളോ. 2:15). എന്നാൽ തീരെ നാണംകെട്ട വിധം പിന്നെയും നിങ്ങളുടെ അടുത്തുതന്നെ അവർ നിൽക്കുകയാണെങ്കിൽ അവരെ ഭയപ്പെടരുത്. അവർ ആകൃതി മാററുകയോ നൃത്തം ചെയ്യുകയോ ഒക്കെ ചെയ്തെന്നു വരാം. പക്ഷെ അവർ നല്ലവരാണെന്നു കരുതി അവരെ ശ്രദ്ധിക്കരുത്. ദൈവം അനുവദിച്ചാൽ വിശ്രു

www.malankaralibrary.com



ദ്ധാത്മാക്കളെയും അശുദ്ധാത്മാക്കളെയും തിരിച്ചറിയാൻ നമുക്കു നിഷ്പ്രയാസം കഴിയും. വിശുദ്ധാത്മാക്കളുടെ ദർശനം വിക്ഷുബ്ധമായിരിക്കയില്ല. 'എന്തെന്നാൽ അവൻ തർക്കിക്കുകയോ ബഹളം കൂട്ടുകയോ ഇല്ല. തെരുവീഥികളിൽ അവന്റെ ശബ്ദം ആരും കേൾക്കുകയില്ല' (മത്താ. 12:19; ഏശാ. 42:2). അതു വളരെ നീരവമായും ശാന്തമായും വരുന്നു, അതിന്റെ സാന്നിദ്ധ്യത്തിൽ ആത്മാവിൽ സന്തോഷവും ധൈര്യവും ഉയർന്നുവരുന്നു. എന്തെന്നാൽ നമ്മുടെ സന്തോഷമായ കർത്താവും നമ്മുടെ ശക്തിയായ ദൈവവും അവരോടുകൂടെയുണ്ടു്. ആത്മാവിന്റെ വിചാരങ്ങൾ ശല്യവും ചാഞ്ചല്യവുമില്ലാതെ നിലകൊള്ളും. അതിനാൽ ആത്മാവിനു് അതിന്റെ സ്വഭാവിക സുതാര്യതയിൽ പ്രത്യക്ഷപ്പെടുന്നയാളിനെ നിഷ്പ്രയാസം ദർശിക്കാൻ കഴിയും. ദൈവികവും പാരത്രികജീവിതത്തെ സംബന്ധിച്ചതുമായ കാര്യങ്ങളെക്കുറിച്ചുള്ള അഭിനിവേശം അപ്പോൾ ആത്മാവിനെ കീഴടക്കും. അവരോടു് എപ്പോഴും ഒന്നുചേർന്നിരിക്കണം എന്നുള്ളതായിരിക്കും ആത്മാവിന്റെ ആഗ്രഹം. ചുരുക്കം ആളുകൾക്കു് അവരുടെ മനുഷ്യസ്വഭാവം കാരണമായി ഇത്തരം ദർശനങ്ങളിലും ഭയം അനുഭവപ്പെട്ടു എന്നു വരാം. അപ്പോൾ പ്രത്യക്ഷപ്പെടുന്ന ആത്മാക്കൾ സ്നേഹപൂർവ്വം ആ ഭയം നീക്കും. ഗബ്രിയേൽമാലാഖാ സഖറിയാസിനോടും (ലൂക്കാ. 1:13) കർത്താവിന്റെ ശവകുടീരത്തിങ്കൽവച്ചു് മാലാഖാ അവിടെ വന്നെത്തിയ സ്ത്രീകളോടും (മത്താ. 28:5) തിരുപ്പിറവിരാത്രിയിൽ പ്രത്യക്ഷപ്പെട്ട മാലാഖാ ആട്ടിടയന്മാരോടും എന്നപോലെ ആ അരൂപികൾ സദ്വാർത്തയായി പറയും, 'ഭയപ്പെടേണ്ട' (ലൂക്കാ. 2:10) ഇത്തരം സന്ദർഭങ്ങളിലെ ഭയം ആത്മാവിന്റെ ഭീരുത്വം കൊണ്ടുള്ളതല്ല. ഉന്നതശക്തികളുടെ സാന്നിദ്ധ്യത്തെക്കുറിച്ചുള്ള ബോധത്തിൽ നിന്നുളവാകുന്നതാണു്. ചുരുക്കത്തിൽ, ഇങ്ങനെയാണു് വിശുദ്ധാരൂപികളുടെ ദർശനം.

36. എന്നാൽ നേരെമറിച്ചു് ദുഷ്ടാരൂപികളുടെ ദർശനം ചിന്താക്കുഴപ്പവും തകർച്ചകളും അലർച്ചകളും അട്ടഹാസങ്ങളും കലർന്നതായിരിക്കും. തെമ്മാടിക്കുട്ടികളോ കൊള്ളക്കാരോ ഉണ്ടാക്കുന്ന ആരവാരത്തിനു തുല്യമായിരിക്കും അവർ സൃഷ്ടിക്കുന്ന ആരവം. ആ ആരവം കേൾക്കുമ്പോൾതന്നെ ആത്മാവിൽ ഭീതിയും ചിന്താക്കുഴപ്പവും വെറുപ്പും സന്യാസത്തോടു വിരോധവും നിർവ്വേദവും ദുഃഖവും ബന്ധുജനങ്ങളെക്കുറിച്ചു് ഓർമ്മയും മരണഭീതിയും ഉളവാകുന്നു. തിന്മയോടു താല്പര്യവും നന്മയോടു പുച്ഛവും സ്വഭാവത്തിനു പൂർണ്ണമായ പതർച്ചയും ഉണ്ടാകുന്നു.



അതിനാൽ ഒരു ദർശനത്തിന്റെ ആദ്യഘട്ടത്തിൽ നിങ്ങൾക്കു ഭയം തോന്നിയാലും ഉടനെതന്നെ ആ ഭയം നീങ്ങി അതിന്റെ സ്ഥാനത്തു് അവാച്യമായ സന്തോഷവും സംതൃപ്തിയും അനുഭവപ്പെടുന്നുവെങ്കിൽ, മനസ്സിനു ധൈര്യവും ദൈവസ്നേഹവും അനുഭൂതമാകുന്നുവെങ്കിൽ, സന്തോഷമായിരിക്കയും ദൈവത്തോടു പ്രാർത്ഥിക്കുകയും ചെയ്യുക. നിങ്ങളുടെ സന്തോഷവും ആത്മാവിന്റെ പ്രശാന്തതയും ആഗതന്റെ വിശുദ്ധിയുടെ സൂചകങ്ങളാണു്. ഇപ്രകാരം അബ്രഹാം ദൈവത്തെ ദർശിച്ചപ്പോൾ ആനന്ദിച്ചു (യോഹ. 8:56). സ്നാപകയോഹന്നാൻ ദൈവമാതാവായ മറിയത്തിന്റെ[25] സ്വരം കേട്ടപ്പോൾ സന്തോഷംകൊണ്ടു തുള്ളിച്ചാടി (ലൂക്കാ. 1:41). എന്നാൽ നിങ്ങൾക്കു ദർശനങ്ങൾ ഉണ്ടാകുമ്പോൾ നിങ്ങളുടെ ആത്മാവു് ആകുലമാവുകയും പുറമേനിന്നു കുഴപ്പങ്ങൾ അനുഭവപ്പെടുകയും ഞാൻ മുമ്പു സൂചിപ്പിച്ച മറ്റു ദുർനിമിത്തങ്ങൾ കാണുകയും ചെയ്താൽ, ആ ദർശനം ദുഷ്ടനിൽനിന്നാണെന്നു മനസ്സിലാക്കുക.

37. ഇതും നിങ്ങൾക്കു് ഒരടയാളമായിരിക്കട്ടെ. ആത്മാവു് ഭീതിയിൽത്തന്നെ സ്ഥിതിചെയ്യുന്നുവെങ്കിൽ സന്നിഹിതനായിരിക്കുന്നതു ശത്രുവാണു്. ഗബ്രിയേൽമാലാഖാ സഖറിയായുടെയും മറിയത്തിന്റെയും ഭീതി മാററിയതുപോലെയും തിരുക്കബറിടത്തിൽ ചെന്നെത്തിയ സ്ത്രീകളെ അവിടെ പ്രത്യക്ഷപ്പെട്ട മാലാഖാ ധൈര്യപ്പെടുത്തിയതുപോലെയും പിശാചു് അവന്റെ ദർശനത്താൽ സംഭീതരാകുന്ന മനുഷ്യരുടെ ഭയം നീക്കുന്നില്ല. മറിച്ചു് ആളുകൾ ഭയപ്പെടുന്നു എന്നു കാണുമ്പോൾ പിശാചുക്കൾ തങ്ങളുടെ വികൃതരൂപങ്ങൾ കുറെക്കൂടെ ഭീതിജനകമാക്കിത്തീർക്കും. ആളുകൾ കൂടുതൽ പരിഭ്രാന്തരാകാൻവേണ്ടിയാണിതു്. അനന്തരം അവർ അവരുടെനേരേ ചാടിവീണു് പരിഹാസപൂർവ്വം പറയും 'കവിഴ്ന്നു് വീണു് ഞങ്ങളെ ആരാധിക്കുക' (മത്താ. 4:9).

ഈ സമ്പ്രദായംകൊണ്ടു് അവർ ഗ്രീക്കുകാരെ വഞ്ചിച്ചു. അവരുടെയിടയിൽ പിശാചുക്കൾ ദൈവങ്ങളായി തെററിദ്ധരിക്കപ്പെട്ടിരുന്നു. എന്നാൽ പിശാചു് നമ്മെ ഇങ്ങനെ കബളിപ്പിക്കുവാൻ നമ്മുടെ കർത്താവു് അനുവദിച്ചിട്ടില്ല. ഒരു മിഥ്യാദർശനംകൊണ്ടു് തന്നെ വഞ്ചിക്കാൻ ശ്രമിച്ച പിശാചിനോടു് അവിടുന്നു പറഞ്ഞു,'സാത്താനേ, ദൂരെപ്പോവുക. എന്തെന്നാൽ, നിന്റെ ദൈവമായ കർത്താവിനെ നീ ആരാധിക്കണം; അവി

25. 'തെയോതോക്കോസ്', cfr, DTC 9,2 (1927), 2349-55.

www.malankaralibrary.com



ട്ടത്തെ മാത്രമേ പൂജിക്കാവൂ എന്ന് എഴുതപ്പെട്ടിരിക്കുന്നു' (ലൂക്കാ: 4:10; ആവ. 13:4). അതിനാൽ ദുഷ്ടതയുടെ രചയിതാവിനെ നമുക്കു കൂടുതൽ കൂടുതൽ തിരസ്കരിക്കാം. എന്തെന്നാൽ നമ്മുടെ കർത്താവു പറഞ്ഞിട്ടുള്ള കാര്യങ്ങൾ നമുക്കുവേണ്ടി പറഞ്ഞിട്ടുള്ളതാണ്. ആ വാക്കുകൾ നമ്മുടെ മുഖത്തുനിന്നു കേൾക്കുമ്പോൾ അവ പറഞ്ഞവനായ കർത്താവിൻെറ ശക്തിയാൽ അവർ ആട്ടിപ്പായിക്കപ്പെടും.

38. പിശാചുക്കളെ പുറത്താക്കുന്നതിനെ സംബന്ധിച്ച് നാം ഒരിക്കലും പൊങ്ങച്ചം പറയരുത്. രോഗശമനങ്ങൾ നടത്തിയതിൻെറ പേരിൽ അഹങ്കരിക്കയുമരുത്. പിശാചുക്കളെ പുറത്താക്കുന്നവരെമാത്രം ബഹുമാനിക്കുകയും അല്ലാത്തവരെ അവജ്ഞയോടെ വീക്ഷിക്കുകയും അരുത്. നിങ്ങൾ ഓരോരുത്തരും മററുള്ളവരുടെ സന്യാസജീവിതത്തെ സൂക്ഷ്മമായി നിരീക്ഷിക്കുക; നന്നായിട്ടുള്ള കാര്യങ്ങൾ അനുകരിക്കുകയും അല്ലാത്തവ പറഞ്ഞു തിരുത്തുകയും ചെയ്യുക. എന്തെന്നാൽ അത്ഭുതങ്ങൾ പ്രവർത്തിക്കുക എന്നതു നമ്മുടെ കാര്യമല്ല. അതു രക്ഷകനുവേണ്ടി സംവരണം ചെയ്തിട്ടുള്ള കാര്യമാണ്. യഥാർത്ഥത്തിൽ, അവിടുന്ന് ശിഷ്യന്മാരോട് ഇങ്ങനെ പറഞ്ഞിരിക്കുന്നു, 'പിശാചുക്കൾ നിങ്ങൾക്കു കീഴടങ്ങുന്നു എന്നതിൽ നിങ്ങൾ സന്തോഷിക്കേണ്ടാ; മറിച്ച് നിങ്ങളുടെ പേരുകൾ സ്വർഗത്തിൽ എഴുതപ്പെട്ടിരിക്കുന്നു എന്നതിൽ സന്തോഷിക്കുവിൻ (ലൂക്കാ. 10:20). നമ്മുടെ പേരുകൾ സ്വർഗ്ഗത്തിൽ എഴുതപ്പെട്ടിരിക്കുന്നു എന്നതു് നമ്മുടെ നന്മനിറഞ്ഞ ജീവിതത്തിനു സാക്ഷ്യമാണ്; പിശാചുക്കളെ പുറത്താക്കുന്നതാകട്ടെ, അങ്ങനെ ചെയ്യാൻ അനുവദിക്കുന്ന രക്ഷകൻെറ ദാനവും. തങ്ങളുടെ സുകൃതജീവിതത്തെക്കുറിച്ച് അഭിമാനിക്കാതെ തങ്ങൾ ചെയ്തിരുന്ന അത്ഭുതങ്ങളെക്കുറിച്ച് 'കർത്താവേ, ഞങ്ങൾ അങ്ങയുടെ നാമത്തിൽ പിശാചുക്കളെ പുറത്താക്കുകയും അനേകം അത്ഭുതങ്ങൾ പ്രവർത്തിക്കയും ചെയ്തില്ലേ?' എന്ന് മേനി പറഞ്ഞവരോട് അവിടുന്നു മറുപടി പറഞ്ഞു, 'ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു, ഞാൻ നിങ്ങളെ അറിയുന്നില്ല' (മത്താ. 7:22:23). എന്തെന്നാൽ ദൈവവിചാരമില്ലാത്തവരുടെ സമ്പ്രദായങ്ങളെ കർത്താവ് അംഗീകരിക്കുന്നില്ല. ചുരുക്കത്തിൽ, ഞാൻ മുമ്പു സൂചിപ്പിച്ചിട്ടുള്ളതുപോലെ, നാം പ്രാർത്ഥിക്കേണ്ടതു്, അരൂപികളെ കണ്ടറിയാനുള്ള വരത്തിനു വേണ്ടിയാണ്; എഴുതപ്പെട്ടിട്ടുള്ളതുപോലെ എല്ലാ അരൂപിയിലും നാം വിശ്വാസം അർപ്പിക്കാതിരിക്കാൻ വേണ്ടിയാണ്.



39. യഥാർത്ഥത്തിൽ ഈ സംഭാഷണം ഇവിടെ അവസാനിപ്പിക്കാമെന്നു ഞാൻ കരുതിയിരുന്നതാണ്. എൻെറ ഉള്ളിൽനിന്നു സ്വന്തമായി വരുന്ന കാര്യങ്ങൾ ഒന്നും പറയേണ്ടെന്നും ഞാൻ കരുതിയിരുന്നു. എന്നാൽ ഞാൻ പറയുന്ന കാര്യങ്ങൾ വെറുതെ അങ്ങു പറയുകയല്ല, സ്വന്തം അനുഭവജ്ഞാനത്തെ അടിസ്ഥാനമാക്കി പറയുകയാണ് എന്നു നിങ്ങൾക്കു ബോദ്ധ്യം വരാൻവേണ്ടി മാത്രം പിശാചുക്കളുടെ പ്രവർത്തനസമ്പ്രദായങ്ങളെക്കുറിച്ച് എനിക്കു നേരിട്ടറിവുള്ള ചില കാര്യങ്ങൾ പറയാം. ഒരുപക്ഷെ ഞാനൊരു വിഡ്ഢിയായി കാണപ്പെട്ടേക്കാം. എങ്കിലും എൻെറ മനസ്സാക്ഷി ശുദ്ധമാണെന്ന് എല്ലാം കാണുന്ന കർത്താവ് അറിയുന്നുണ്ട്. എനിക്കുവേണ്ടിയല്ല ഞാനിതെല്ലാം പറയുന്നതെന്നും എനിക്കു നിങ്ങളോടുള്ള സ്നേഹം മൂലവും നിങ്ങളെ പ്രോത്സാഹിപ്പിക്കാൻ വേണ്ടിയുമാണിതെന്നും അവിടുന്ന് അറിയുന്നു.

ദൈവനാമത്തിൽ ഞാൻ അവരെ ശപിച്ചപ്പോൾ അവർ എത്രയോ പ്രാവശ്യം എന്നെ അനുഗൃഹീതൻ എന്നു വിളിച്ചു! നൈൽ നദിയിലെ ജലത്തെ സംബന്ധിച്ച് അവർ പല പ്രാവശ്യം എൻെറയടുത്തു് ഭാവിപ്രവചനങ്ങൾ നടത്തി. അപ്പോൾ ഞാൻ അവരോടു ചോദിച്ചു: 'അതിനു നിങ്ങൾക്കെന്തു്?' ഒരിക്കൽ ആയുധധാരികളായ പട്ടാളക്കാരുടെ രൂപത്തിൽവന്ന് അവർ എന്നെ വളഞ്ഞു. വേറൊരിക്കൽ അവർ കുതിരകളുടെയും മററു മൃഗങ്ങളുടെയും ഇഴജന്തുക്കളുടെയും രൂപത്തിൽവന്ന് എൻെറ ഭവനം നിറഞ്ഞു. അപ്പോൾ ഞാൻ ഈ സങ്കീർത്തനം ആലപിച്ചു: 'ചിലർ രഥങ്ങളിലും മററു ചിലർ കുതിരകളിലും അഹങ്കരിക്കുന്നു. ഞങ്ങളാകട്ടെ ഞങ്ങളുടെ കർത്താവായ ദൈവത്തിൻെറ നാമത്തിൽ അഭിമാനം കൊള്ളുന്നു' (20:7). അപ്പോൾ ദൈവം അവരെ പലായനം ചെയ്യിച്ചു. ഒരിക്കൽ ഇരുട്ടുണ്ടായിരുന്നപ്പോൾ അവർ പ്രകാശത്തിൻെറ മായാദർശനവുമായി എന്നെ സമീപിച്ചു. എന്നിട്ടു പറഞ്ഞു: 'ആൻറണീ, നിനക്കു പ്രകാശം നൽകുവാനാണു ഞങ്ങൾ വന്നിരിക്കുന്നതു്'. ഞാൻ കണ്ണുകളടച്ചുകൊണ്ടു പ്രാർത്ഥിച്ചു. ഉടൻതന്നെ ആ അശുദ്ധാത്മാക്കളുടെ വെളിച്ചം കെട്ടുപോയി. ഏതാനും മാസങ്ങൾ കഴിഞ്ഞപ്പോൾ അവർ സങ്കീർത്തനങ്ങൾ ആലപിച്ചുകൊണ്ടും വേദപുസ്തകവാക്യങ്ങൾ ഉദ്ധരിച്ചുകൊണ്ടും വന്നു. പക്ഷെ ഞാൻ ബധിരനെപ്പോലെ ഒന്നും കേൾക്കാതിരുന്നു (സങ്കീ. 38:14). ഒരിക്കൽ അവർ എൻെറ സന്യാസഭവനം ഒരററം മുതൽ മറേറയററംവരെ കുലുക്കി. എന്നാൽ ഞാൻ മനസ്സിൽ കുലുക്കമില്ലാത്തവനായി പ്രാർത്ഥിച്ചുകൊണ്ടിരുന്നു. പിന്നീടൊരിക്കൽ അവർവന്ന് നിരന്തരമായ ഒച്ചപ്പാടുണ്ടാക്കി, ചൂററികയടിയുടെ

www.malankaralibrary.com



ശബ്ദം കേൾപ്പിക്കുകയും ചൂളം വിളിക്കുകയും ചുററും തത്തിച്ചാടി നടക്കുകയും ചെയ്തു. എന്നാൽ ഞാൻ പ്രാർത്ഥിക്കുകയും സങ്കീർത്തനങ്ങൾ ആലപിച്ചുകൊണ്ട് അനങ്ങാതെ കിടക്കുകയും ചെയ്തു. കുറെ കഴിഞ്ഞപ്പോൾ അവർ തീർത്തും അവരായിട്ടെന്നപോലെ കരയാനും വിലപിക്കാനും തുടങ്ങി. അവരുടെ വിക്രിയകളെയും ഭ്രാന്തപ്രവൃത്തികളെയും നിഷ്ഫലമാക്കുകയും അവരെ ഒരു പാഠം പഠിപ്പിക്കുകയും ചെയ്ത ദൈവത്തെ ഞാൻ വാഴ്ത്തി.

40. ഒരിക്കൽ വളരെ ഉയരമുള്ള ഒരു പിശാച് ഒരു ദർശനത്തിൽ പ്രത്യക്ഷപ്പെട്ട് എന്നോട് ഇങ്ങനെ പറഞ്ഞു: 'ഞാൻ ദൈവത്തിന്റെ ശക്തിയാകുന്നു. ഞാൻ നിനക്ക് എന്ത് അനുഗ്രഹമാണു നല്കേണ്ടത്.' ഞാൻ അവന്റെനേരേ ഊതി. ക്രിസ്തുവിന്റെ നാമം ഉച്ചരിച്ചുകൊണ്ട് അവനെ അടിക്കാൻ ഞാൻ ശ്രമിച്ചു. ആ ഉദ്യമം ഫലിച്ചുവെന്നാണു തോന്നുന്നത്. ക്രിസ്തുവിന്റെ നാമശ്രവണത്തിൽ അവൻ മററു പിശാചുക്കളോടുകൂടി അന്തർദ്ധാനം ചെയ്തു. ഒരിക്കൽ ഞാൻ ഉപവസിച്ചുകൊണ്ടിരുന്നപ്പോൾ വഞ്ചകനായ അവൻ അയഥാർത്ഥ അപ്പങ്ങളുമായി ഒരു സന്യാസിയുടെ രൂപത്തിൽ എന്റെ അടുത്തു വന്നു. അവൻ എന്നെ ഇപ്രകാരം ഉപദേശിച്ചു: ''ഭക്ഷിക്കുക നിങ്ങളുടെ ഈ ക്ലേശങ്ങളെല്ലാം അവസാനിപ്പിക്കുക. നിങ്ങൾ ഒരു മനുഷ്യനാണ്. പട്ടിണി കിടന്നാൽ സുഖക്കേടു പിടിക്കും''. അവന്റെ തന്ത്രം മനസ്സിലാക്കിക്കൊണ്ട് ഞാൻ പ്രാർത്ഥിക്കാനായി എഴുന്നേററു. അവന് അതു സഹിക്കാൻ കഴിഞ്ഞില്ല. പുകയുടെ രൂപത്തിൽ അവൻ വാതിലിൽക്കൂടെ പുറത്തേയ്ക്കു പോയി.

എത്രയോ പ്രാവശ്യം മരുഭൂമിയിൽ അവൻ എന്നെ സ്വർണ്ണത്തിന്റെ ദൃശ്യങ്ങൾ കാട്ടിയിട്ടുണ്ട്. ഞാൻ അതിന്റെനേരേ നോക്കുന്നതിനും തൊടുന്നതിനും വേണ്ടിയാണത്. പക്ഷെ ഒരു സങ്കീർത്തനം ആലപിച്ചുകൊണ്ട് ഞാൻ അവനെ നേരിടും. അപ്പോൾ ആ ദർശനം ഇല്ലാതാകും. പലപ്പോഴും അവർ എന്നെ അടിച്ചിട്ടുണ്ട്. ഞാൻ അവരോടു പറയും: ''ക്രിസ്തുവിന്റെ സ്നേഹത്തിൽനിന്ന് എന്നെ വേർപെടുത്താൻ ഒന്നിനും കഴിയുകയില്ല.'' (റോമ. 8:35). അതു കേൾക്കുമ്പോൾ അവർ പരസ്പരം അടിക്കാൻ തുടങ്ങും! എന്നാൽ അവരെ തടയുകയോ അവരുടെ ഉദ്യമങ്ങളെ തകർക്കുകയോ ചെയ്തതു ഞാനല്ല, നമ്മുടെ കർത്താവാണ്. അവിടുന്ന് അരുളിച്ചെയ്യുന്നു: ''സാത്താൻ സ്വർഗ്ഗത്തിൽനിന്ന് ഇടിമിന്നൽപോലെ നിപതിക്കുന്നതു ഞാൻ കണ്ടു'' (ലൂ. 10:18).



എന്റെ കുഞ്ഞുങ്ങളേ, 'ഇക്കാര്യത്തിൽ ഞാൻ എന്നെത്തന്നെ ഉദാഹരണമാക്കിയതു നിങ്ങളെ പ്രതിയാണ്' എന്ന അപ്പസ്തോലവചനം (1 കൊറി.4:6) നിങ്ങളുടെ ഓർമ്മയിലുണ്ടായിരിക്കണം. നിങ്ങളുടെ സന്യാസജീവിതത്തിൽ ഒരിക്കലും നൈരാശ്യാധീനരാകാതിരിക്കാൻ നിങ്ങൾ പഠിക്കണം. പിശാചിന്റെയും അവന്റെ അനുയായികളുടെയും മായാദർശനങ്ങൾകൊണ്ട് നിങ്ങൾ ഒരിക്കലും ഭയാകുലരാകരുത്.

41. ഞാൻ ഇക്കാര്യങ്ങളെല്ലാം പറഞ്ഞ് ഇപ്പോൾത്തന്നെ വിഡ്ഢിയായിത്തീർന്നിരിക്കുന്നതുകൊണ്ട് നിങ്ങൾ ഇതുകൂടെ കേൾക്കുക – അത് നിങ്ങളുടെ സുരക്ഷിതത്വത്തിനും ആത്മവിശ്വാസത്തിനും ഉപകരിക്കും. ഞാൻ പറയുന്നത് അസത്യമല്ലെന്നു വിശ്വസിച്ചുകൊള്ളുക.

ഒരിക്കൽ എന്റെ ആശ്രമത്തിന്റെ വാതിൽക്കൽ ഒരു മുട്ടു കേട്ടു. വാതിൽക്കലേയ്ക്കു ചെന്നപ്പോൾ വളരെ ഉയരമുള്ള ഒരു രൂപം കണ്ടു. ഞാൻ ചോദിച്ചു: ''നിങ്ങൾ ആരാണ്?'' ''ഞാൻ സാത്താനാകുന്നു,'' മറുപടി കിട്ടി. ''നീ ഇവിടെ എന്താണു ചെയ്യുന്നത്''? ഞാൻ തുടർന്നു ചോദിച്ചു. അവൻ പറഞ്ഞു: നിങ്ങൾ സന്യാസിമാരും മററു ക്രിസ്ത്യാനികളും യാതൊരു കാരണവുമില്ലാതെ എന്നെ കുററപ്പെടുത്താൻ നടക്കുന്നതെന്തിനാണ്? മണിക്കൂർതോറും അവർ എന്നെ ശപിക്കുന്നതെന്തിന്? ''കൊള്ളാം'' ഞാൻ പറഞ്ഞു, ''നീ അവരെ ശല്യപ്പെടുത്തുന്നതെന്തിനാണ്''?

അവൻ പറഞ്ഞു. ''ഞാൻ അവരെ ശല്യപ്പെടുത്തുന്നില്ല. അവരുടെ ശല്യങ്ങൾ അവരിൽത്തന്നെ ഉണ്ടാകുന്നതാണ്. ഞാൻ ദുർബ്ബലനായിത്തീർന്നിരിക്കുന്നു. ശത്രുക്കളുടെ വാളുകൾ അവസാനംവരെ പരാജയപ്പെട്ടു. അവരുടെ നഗരങ്ങളെ അവിടുന്നു നശിപ്പിച്ചു എന്ന് കേട്ടിട്ടില്ലേ? എനിക്കിന്ന് സ്ഥലമോ ആയുധമോ നഗരമോ ഇല്ല. എല്ലായിടത്തും ക്രിസ്ത്യാനികളാണ്. ഈ മരുഭൂമിപോലും ക്രിസ്തീയ സന്യാസികളെക്കൊണ്ടു നിറഞ്ഞിരിക്കുന്നു. അവർ അവരുടെ പാടുനോക്കി ജീവിച്ചുകൊള്ളട്ടെ, ഒരു കാര്യവുമില്ലാതെ എന്നെ ശപിക്കുന്നതെന്തിന്''?

അപ്പോൾ ഞാൻ നമ്മുടെ കർത്താവിന്റെ അനുഗ്രഹത്തെക്കുറിച്ച് ആശ്ചര്യപ്പെട്ടുകൊണ്ട് അവനോടു പറഞ്ഞു. 'നീ എപ്പോഴും നുണയനും ഒരിക്കലും നേരുപറയാത്തവനും ആണെങ്കിലും ഇപ്രാവശ്യം നീ നേരുപറഞ്ഞു, നിനക്ക് അത് ഒരിക്കലും

www.malankaralibrary.com



ഇഷ്ടമുള്ള കാര്യമല്ലെങ്കിലും ക്രിസ്തു തന്റെ ആഗമനംകൊണ്ട് നിന്നെ ശക്തിഹീനനാക്കുകയും നിലംപരിചാക്കുകയും ചെയ്തു'. രക്ഷകന്റെ പേരു കേട്ടപ്പോൾ, ആ വാക്കുമൂലം ഉണ്ടായ ചൂട് സഹിക്കവയ്യാതെ അവൻ അന്തർദ്ധാനം ചെയ്തു.

42. പിശാചുതന്നെ അവനു യാതൊരു ശക്തിയുമില്ലെന്ന് ഏറ്റുപറഞ്ഞിരിക്കെ, നാം തീർച്ചയായും ആദ്യന്തം അവനെയും കൂട്ടാളികളെയും നിസ്സാരന്മാരായി തള്ളിക്കളയണം. പിശാചും അവന്റെ വേട്ടപ്പട്ടികളുംകൂടെ എല്ലാത്തരം നീചത്തങ്ങളും സ്വാധീനത്തിലാക്കിവച്ചിട്ടുണ്ട്. എന്നാൽ അവരുടെ ബലഹീനത ശരിക്കും മനസ്സിലാക്കിയിട്ടുള്ളതിനാൽ നമുക്ക് അവരെ നിന്ദിക്കാൻ കഴിയും. അതിനാൽ നമുക്ക് പരാജയം സമ്മതിക്കുകയോ നിരാശരാവുകയോ ചെയ്യാതിരിക്കാം. ആത്മാവിൽ നാം ഭീരുക്കളാകരുത്. 'പിശാചു വന്ന് എന്നെ തട്ടി വീഴ്ത്താതിരുന്നെങ്കിൽ! അവൻ എന്നെ എടുത്തുയത്തി, താഴത്തേയ്ക്ക് എറിയാതിരുന്നെങ്കിൽ! അവൻ പെട്ടെന്നു പ്രത്യക്ഷപ്പെട്ട് എന്നെ ഭയപ്പെടുത്തി ബോധം നശിപ്പിക്കാതിരുന്നെങ്കിൽ'! എന്നും മറ്റും ചിന്തിച്ച് ആവശ്യമില്ലാത്ത ഭീതികൾ മനസ്സിൽ വളർത്തരുത്. നമുക്കു ധൈര്യമായിരിക്കാം; രക്ഷിക്കപ്പെട്ടവർ എന്ന നിലയിൽ ആനന്ദിക്കാം, നശിച്ചുപോകുമെന്നു കരുതി ഒരിക്കലും നാം ദുഃഖിക്കരുത്. ദൈവം നമ്മോടുകൂടെയുണ്ട് എന്നു നാം എപ്പോഴും ഓർക്കണം. ദൈവം പിശാചുക്കളെ പലായനം ചെയ്യിക്കുകയും അവരെ ദുർബ്ബലരാക്കുകയും ചെയ്തവനാണ്.

ഇക്കാര്യം നാം എപ്പോഴും ചിന്തിക്കുക. കർത്താവു നമ്മോടുകൂടെയുള്ള കാലത്തോളം ശത്രുവിന് നമ്മെ ഉപദ്രവിക്കാൻ കഴിയുകയില്ലെന്നു മനസ്സിൽ ധരിക്കുക. ശത്രുക്കൾ വരുമ്പോൾ ഏതുവിധത്തിൽ നമ്മെ കാണുമോ, അതനുസരിച്ച് അവർ നമ്മെ കൈകാര്യം ചെയ്യും. നമ്മുടെ മാനസികാവസ്ഥ എന്തായിരിക്കുമോ, അതനുസരിച്ചുള്ള മായാരൂപങ്ങൾ അവർ കൈക്കൊള്ളും. ഭയാക്രാന്തരായി നമ്മെ കണ്ടെത്തിയാൽ കാവൽക്കാരില്ലാത്ത സ്ഥലത്തു പ്രവേശിച്ച കൊള്ളക്കാരെപ്പോലെ അവർ നമ്മെ കൈവശപ്പെടുത്തും. നാം നമ്മെക്കുറിച്ച് എന്തു ചിന്തിക്കുന്നുവോ, അത് പലിശയും ചേർത്ത് അവർ നമുക്കു തരും. നാം ഭയപ്പെട്ടു വെറങ്ങലിച്ച മനസ്സോടുകൂടിയിരുന്നാൽ, ഭീകര ദർശനങ്ങളും ഭീഷണികളുംകൊണ്ട് ആ ഭയം അവർ വർദ്ധിപ്പിക്കും, ഭാവിയിൽ ആ ആത്മാവ് വളരെ പീഡ അനുഭവിക്കേണ്ടിവരും. എന്നാൽ നാം കർത്താവിൽ ആനന്ദിക്കുകയും നമുക്ക് വരാനിരിക്കുന്ന നല്ല കാര്യങ്ങളെക്കുറിച്ചു ധ്യാനിക്കുകയും കർത്താ



വിന്റെ കാര്യങ്ങളെക്കുറിച്ചു ചിന്തിക്കുകയും എല്ലാ കാര്യങ്ങളും ദൈവത്തിന്റെ കയ്യിലാണെന്നും ക്രിസ്ത്യാനിയുടെമേൽ പിശാചിന് ഒരു ശക്തിയുമില്ലെന്ന് ഓർക്കുകയും ചെയ്യുന്നതായി അവൻ നമ്മെ കണ്ടെത്തിയാൽ, ഇത്തരം നല്ല വിചാരങ്ങൾ കൊണ്ടു നമ്മുടെ ആത്മാവ് സംരക്ഷിതമാണെന്നു കണ്ടാൽ, അവർ ലജ്ജിതരായി പിന്തിരിഞ്ഞുകൊള്ളും. ജോബ് നാലുപാടും നല്ല വിചാരങ്ങൾകൊണ്ട് കോട്ട കെട്ടിയവനാണെന്നു കണ്ടപ്പോൾ പിശാച് അദ്ദേഹത്തിന്റെ പക്കൽനിന്നു പിൻവാങ്ങി. എന്നാൽ യൂദാസിന്റെ മനസ്സിൽ അത്തരം നല്ല ചിന്തകൾ ഇല്ലാതിരുന്നതിനാൽ പിശാചുക്കൾ അവനെ കൈവശപ്പെടുത്തി.

അതിനാൽ ശത്രുവിനെ നിരാകരിക്കണമെന്ന് നാം ആഗ്രഹിക്കുന്നുണ്ടെങ്കിൽ നാം നമ്മുടെ കർത്താവിനെ സംബന്ധിച്ച കാര്യങ്ങളിൽ എപ്പോഴും ചിന്തകളെ വ്യാപരിപ്പിക്കുകയും നമ്മുടെ ആത്മാവ് എപ്പോഴും പ്രതീക്ഷയിൽ ആനന്ദിക്കുകയും വേണം. (റോമ. 12:12). അപ്പോൾ പിശാചിന്റെ വ്യർത്ഥകൃത്യങ്ങൾ വെറും പുകയായിത്തീരുന്നതു നമുക്കു കാണാൻ കഴിയും. അവർ നമ്മെ ഓടിക്കുന്നതിനു പകരം അവൻ ഓടിപ്പോകുന്നത് നമുക്കു കാണാൻ കഴിയും. എന്തെന്നാൽ, ഞാൻ നേരത്തെ പറഞ്ഞതുപോലെ, അവർ തങ്ങൾക്കുവേണ്ടി തയ്യാറാക്കപ്പെട്ട ഘോരാഗ്നിയെ സംബന്ധിച്ച് എപ്പോഴും അവബോധമുള്ള പരമ ഭീരുക്കളാണ് (മത്താ. 25:41).

43. പിശാചുക്കളുടെ സാന്നിദ്ധ്യത്തിൽ പ്രകടിപ്പിക്കേണ്ട ധൈര്യത്തെ സംബന്ധിച്ച് ഒരു കാര്യംകൂടെ നിങ്ങൾ ശ്രദ്ധിക്കുക. അവരുടെ ദർശനങ്ങൾ ഉണ്ടാകുമ്പോൾ നിങ്ങൾ ഭയംകൊണ്ടു വിവശരാകരുത്. അവരുടെ ആകൃതി എന്തുതന്നെ ആയാലും നല്ല ധൈര്യത്തോടുകൂടി ഇങ്ങനെ ചോദിക്കണം: 'നീ ആരാണ്? എവിടെനിന്നു വരുന്നു'? ആ ദർശനം നല്ല അരൂപികളുടേതാണെങ്കിൽ അതു നിങ്ങളെ ധൈര്യപ്പെടുത്തുകയും ഭയത്തെ സന്തോഷമായി പരിണമിപ്പിക്കുകയും ചെയ്യും. ആ ദർശനം പിശാചിന്റേതാണെങ്കിൽ, നിങ്ങളുടെ മനസ്സിന്റെ ധൈര്യം കാണുമ്പോൾ അത് ഉടൻ ദുർബ്ബലമായിത്തീരും. എന്തെന്നാൽ, 'നീയാരാണ്, എവിടെനിന്നു വരുന്നു'? എന്ന ചോദ്യങ്ങൾ അക്ഷോഭ്യതയുടെ തെളിവാണ്. നൂന്റെ പുത്രൻ ഇപ്രകാരമാണ് അന്വേഷിക്കയും വിവരം മനസ്സിലാക്കുകയും ചെയ്തത് (ജോഷ്വ. 5:13 f.). ദാനിയേൽ അങ്ങനെ ചോദിച്ചപ്പോൾ ശത്രുവിന് വിവരം അറിയിക്കാതെ രക്ഷപെടാൻ കഴിഞ്ഞതുമില്ല (13:51–59).

www.malankaralibrary.com



## സന്യാസപരമായ സുകൃതങ്ങൾ

44. ആൻറണി മററു സന്യാസിമാരുമായി ഇക്കാര്യങ്ങൾ ചർച്ച ചെയ്തപ്പോൾ എല്ലാവരും സന്തോഷിച്ചു. ചിലരിൽ സുകൃതങ്ങളോടുള്ള താല്പര്യം വർദ്ധിച്ചു. ചിലർ അവരുടെ ഉപേക്ഷാഭാവം പരിത്യജിച്ചു, ചിലർ അവരുടെ ദുരഹങ്കാരം കൈവെടിഞ്ഞു. പിശാചിൻെറ തന്ത്രങ്ങളെ ചെറുത്തു തോല്പിക്കുന്നതിനുള്ള അദ്ദേഹത്തിൻെറ ഉപദേശങ്ങൾ എല്ലാവരും ശ്രദ്ധാപൂർവ്വം ശ്രവിച്ചു. ആത്മാക്കളെ കണ്ടറിയുന്നതിന് ദൈവം ആൻറണിക്കു കൊടുത്ത അനുഗ്രഹത്തെക്കുറിച്ച് എല്ലാവർക്കും വളരെ ആദരം തോന്നി.

പർവ്വതപ്രദേശങ്ങളിലുള്ള അവരുടെ ഏകാന്തവാസസ്ഥലങ്ങൾ ദൈവിക സംഗീതം നിറഞ്ഞ സ്ഥലങ്ങളായിത്തീർന്നു. സങ്കീർത്തനാലാപം, പഠനം, ഉപവാസം, പ്രാർത്ഥന, വരാനിരിക്കുന്ന ജീവിതത്തെക്കുറിച്ചു ചിന്തിച്ചിട്ടുള്ള സന്തോഷം, ദാനധർമ്മം ചെയ്യുന്നതിനുവേണ്ടിയുള്ള അദ്ധ്വാനം, പരസ്പരം സ്നേഹവും ഐക്യവും നിലനിർത്തുന്നതിനുള്ള പ്രയത്നങ്ങൾ എന്നിവ അവരുടെ ജീവിതത്തിൻെറ അംശങ്ങളായിരുന്നു. ആ പ്രദേശത്തു ചെന്നാൽ വ്യത്യസ്തമായ ഒരു രാജ്യം കാണുന്ന അനുഭവമായിരുന്നു; വിശുദ്ധിയും നീതിയും നിറഞ്ഞ ഒരു രാജ്യം. അവിടെ അക്രമം പ്രവർത്തിക്കുന്നവരും അക്രമം സഹിക്കുന്നവരും ഇല്ല; നികുതിപിരിവുകാരൻെറ ഭത്സനമില്ല; പുണ്യം സമ്പാദിക്കുകയെന്ന ഒരേ ഒരു ലക്ഷ്യത്തോടുകൂടി ജീവിക്കുന്ന സന്യാസികളുടെ സമൂഹം മാത്രം. ഈ ഏകാന്തവാസികളുടെ വാസസ്ഥലങ്ങളും അവരുടെ നല്ല മനോഭാവവും കാണുന്ന ഏതൊരാളും തൻെറ സ്വരമുയർത്തി വിളിച്ചുപറയും: 'യാക്കോബേ, നിൻെറ കൂടാരങ്ങൾ എത്ര മനോഹരം. ഇസ്രായേലേ, നിൻെറ പാളയങ്ങളും വിശാലമായ താഴ്വരപോലെയാണവ; നദീതീരത്തെ ഉദ്യാനങ്ങൾ പോലെയും, കർത്താവു നട്ട കാരകിൽ നിരപോലെയും നീർച്ചാലിനരികെയുള്ള ദേവദാരു പോലെയും' (സംഖ്യ 24:5ff).

45. ആൻറണി പതിവുപോലെ തൻെറ സ്വന്തമായ ഏകാന്തവാസസ്ഥലത്തേയ്ക്കു തിരിച്ചുപോവുകയും തൻെറ സന്യാസജീവിതത്തെ കൂടുതൽ ഊർജ്ജിതപ്പെടുത്തുകയും ചെയ്തു. സ്വർഗ്ഗീയ ഹർമ്മ്യങ്ങളെക്കുറിച്ചു (യോഹ. 14:2) ധ്യാനിച്ചുകൊണ്ട് അദ്ദേഹം ദിവസവും ദീർഘനിശ്വാസം ചെയ്തു; അവയ്ക്കുവേണ്ടി ആശിക്കുകയും മനുഷ്യൻെറ ഈ ലോകത്തിലെ അല്പകാലികമായ ജീവിതത്തെക്കുറിച്ചു ദുഃഖിക്കുകയും ചെയ്തു. ഭക്ഷിക്കുകയും ഉറങ്ങുകയും ശരീരത്തിൻെറ മററാവശ്യങ്ങൾ നിർവ്വഹിക്കുകയും ചെയ്ത അവസരത്തിൽ ആത്മാവിൻെറ പ്രകൃത്യതീതമായ സ്വഭാവം ഓർത്തിട്ട് അദ്ദേഹം ലജ്ജിതനായി. മററു സന്യാസിമാരോടൊത്ത് ഭക്ഷണം കഴിക്കേണ്ടിവരുമ്പോൾ ആത്മീയഭക്ഷണത്തെക്കുറിച്ചുള്ള ചിന്ത അദ്ദേഹത്തെ കീഴടക്കും. അപ്പോൾ മററുള്ളവരോട് മാപ്പു ചോദിച്ചിട്ട് അദ്ദേഹം വളരെ അകലെപ്പോകും. താൻ ഭക്ഷണം കഴിക്കുന്നതു മററുള്ളവർ കാണുന്നതു ലജ്ജാകരമാണെന്ന് അദ്ദേഹം കരുതി. അദ്ദേഹം തീർച്ചയായും തനിയെ ഭക്ഷണം കഴിച്ചു; കാരണം അദ്ദേഹത്തിൻെറ ശരീരത്തിന് അത് ആവശ്യമായിരുന്നു. ചിലപ്പോഴെല്ലാം മററു സഹോദരന്മാരോടൊപ്പവും ഭക്ഷിച്ചിരുന്നു. അതിൽ അദ്ദേഹത്തിനു വിഷമമുണ്ടായിരുന്നു. എങ്കിലും തൻെറ വാക്കുകൾ അവർക്കാവശ്യമുണ്ടെന്നു മനസ്സിലാക്കി അവരോടു ധാരാളമായി സംസാരിച്ചുകൊണ്ടാണു ഭക്ഷിച്ചിരുന്നത്. മനുഷ്യൻ അവൻെറ സമയംമുഴുവൻ ആത്മാവിനുവേണ്ടിയാണ്, ശരീരത്തിനുവേണ്ടിയല്ല, വിനിയോഗിക്കേണ്ടതെന്ന് അദ്ദേഹം പറയുമായിരുന്നു. അനിവാര്യമായതുകൊണ്ട് കുറെസമയം ശരീരത്തിനുവേണ്ടി വിനിയോഗിക്കണമെന്നതു സത്യംതന്നെ. എന്നാൽ ആകെക്കൂടെ നോക്കുമ്പോൾ നാം ഒന്നാമതായി പരിഗണിക്കേണ്ടതു് ആത്മാവിനെയും അതിൻെറ നേട്ടങ്ങളെയുമാണ്, ശരീരത്തിൻെറ സുഖങ്ങൾക്കുവേണ്ടി ആത്മാവിനെ താഴേയ്ക്കു വലിച്ചിഴയ്ക്കരുത്. മറിച്ച് ശരീരത്തെ ആത്മാവിൻെറ ചൊല്പടിയിലാക്കണം. നമ്മുടെ രക്ഷകൻ പറഞ്ഞിട്ടുള്ളത് ഇതാണെന്ന് അദ്ദേഹം ചൂണ്ടിക്കാണിച്ചു: 'അതിനാൽ എന്തു ഭക്ഷിക്കും എന്നു ജീവനെപ്പററിയോ എന്തു ധരിക്കും എന്നു ശരീരത്തെപ്പററിയോ നിങ്ങൾ ആകുലരാകേണ്ട. എന്തു തിന്നുമെന്നോ എന്തു കുടിക്കുമെന്നോ നിങ്ങൾ അന്വേഷിക്കേണ്ട, ആകുലചിത്തരാവുകയും വേണ്ട. ഈ ലോകത്തിൻെറ ജനതകളാണ് ഇതെല്ലാം അന്വേഷിക്കുന്നത്. നിങ്ങൾക്ക് ഇതെല്ലാം ആവശ്യമാണെന്നു നിങ്ങളുടെ പിതാവിനറിയാം. നിങ്ങൾ അവിടുത്തെ രാജ്യം അന്വേഷിക്കുവിൻ. ഇവയെല്ലാം അതോടൊപ്പം നിങ്ങൾക്കു ലഭിക്കും.'[26]



---

26. ലൂക്കോ. 12:22; 29-31; മത്താ. 6: 31-33.

www.malankaralibrary.com



## മാക്സിമിൻ ഡയായുടെ മതപീഡനകാലത്ത് രക്തസാക്ഷിത്വാർത്ഥി

46. ഇതിനെ തുടർന്ന് മാക്സിമിൻ ചക്രവർത്തിയുടെ മതപീഡനം സഭയ്ക്കു നേരിട്ടു.[27] വിശുദ്ധ രക്തസാക്ഷികളെ അലക്സാണ്ഡ്രിയായിലേയ്ക്കു കൊണ്ടുപോയപ്പോൾ ആന്റണിയും അവരെ അനുഗമിച്ചു. അദ്ദേഹം പറഞ്ഞു, ''നമ്മെ വിളിച്ചെങ്കിൽ നമുക്കും ആ പോരാട്ടത്തിൽ പങ്കെടുക്കാം. വിളിച്ചില്ലെങ്കിൽ യോദ്ധാക്കളെ കാണാം'' അദ്ദേഹത്തിന് രക്തസാക്ഷിത്വം വരിക്കാനുള്ള ഉത്കടാഭിലാഷമുണ്ടായിരുന്നു. എന്നാൽ സ്വയം ഏല്പിച്ചു കൊടുക്കാൻ ഇഷ്ടപ്പെടാതിരുന്നതുകൊണ്ട് ഖനികളിലും തടവറകളിലുമുള്ള വിശ്വാസസാക്ഷികൾക്ക് വേണ്ട ശുശ്രൂഷകൾ നൽകിക്കൊണ്ട് അദ്ദേഹം ദിവസങ്ങൾ നീക്കി. പരീക്ഷണ വിധേയരായ ആളുകളെ വിചാരണയ്ക്കുവേണ്ടി വിളിക്കുന്നതിനു മുമ്പ് അദ്ദേഹം അവരെ ധൈര്യപ്പെടുത്തിയിരുന്നു. മരിക്കാൻ വിധിക്കപ്പെട്ടവരെ വധസ്ഥലത്തേയ്ക്ക് അനുഗമിക്കുകയും ജീവൻ വേർപിരിയുന്നതുവരെ അവരോടൊപ്പമുണ്ടായിരിക്കുകയും ചെയ്തിരുന്നു. അദ്ദേഹത്തിന്റെയും രക്തസാക്ഷിത്വം സ്വീകരിച്ചവരുടെയും ഈ ധീരത കണ്ട ന്യായാധിപൻ, വിചാരണസ്ഥലത്തോ അലക്സാണ്ഡ്രിയാ നഗരത്തിലോ ഒരു സന്യാസിയേയും കണ്ടുപോകരുതെന്നു കല്പനയായി. ആ ഒരു ദിവസത്തേക്കെങ്കിലും ഒളിച്ചിരിക്കുന്നതാണു ബുദ്ധിയെന്ന് മററു സന്യാസിമാരെല്ലാം കരുതി. എന്നാൽ ആന്റണിക്ക് മരണത്തെ ഭയമില്ലായിരുന്നു. അദ്ദേഹം തന്റെ വസ്ത്രങ്ങൾ കഴുകി വൃത്തിയാക്കിക്കൊണ്ട് പിറെറ ദിവസം വളരെ പ്രത്യക്ഷമായ ഒരു സ്ഥാനത്ത് നഗരാധികാരികൾ ശരിയായി കാണത്തക്കവിധം നിലയുറപ്പിച്ചു. അതുകണ്ട് എല്ലാവരും ആശ്ചര്യപ്പെട്ടു. നഗരാധികാരി തന്റെ കീഴുദ്യോഗസ്ഥന്മാരോടുകൂടി വന്നപ്പോൾ അദ്ദേഹത്തെ കണ്ടു. ആന്റണി

27. ക്രി. വ. 305-ൽ മാക്സിയിൽ ഡയാ സീസറായി. അയാൾക്ക് സിറിയാ, പലസ്തീന, ഈജിപ്ത് എന്നിവിടങ്ങളിലെ ഭരണമാണ് ലഭിച്ചത്. ഡയോക്ലീഷൻ തുടങ്ങിവച്ച മതപീഡനം അയാൾ തുടർന്നു. 311-വരെ ഈ മതപീഡനം നിലനിന്നു. കൈസറിയായിലെ പംഫീലൂസ്, മെത്തോഡിയൂസ്, അലക്സാണ്ഡ്രിയായിലെ പീററർ ആദിയായവർ ഈ മതപീഡനത്തിൽ രക്തസാക്ഷികളായി.



ധൈര്യപൂർവം അവിടെനിന്നു. ക്രിസ്ത്യാനികൾക്കു സവിശേഷമായിട്ടുള്ള തീക്ഷ്ണത പ്രദർശിപ്പിച്ചുകൊണ്ടായിരുന്നു ആ നിൽപ്പ്. തനിക്കും രക്തസാക്ഷിയാകാൻ കഴിയണെ എന്നായിരുന്നു അദ്ദേഹത്തിന്റെ പ്രാർത്ഥന. തനിക്ക് രക്തസാക്ഷിത്വം ലഭിക്കാത്തതിൽ അദ്ദേഹം ദുഃഖിതനായി കാണപ്പെട്ടു.

എന്നാൽ ദൈവം നമ്മുടെ നന്മയ്ക്കുവേണ്ടി അദ്ദേഹത്തെ കാത്തുരക്ഷിക്കയായിരുന്നു. വി. ലിഖിതങ്ങളിൽനിന്നു താൻ പഠിച്ച സന്യാസജീവിതത്തെ സംബന്ധിച്ചിടത്തോളം അദ്ദേഹം ഒരു അദ്ധ്യാപകനാകണമെന്നതായിരുന്നു ദൈവനിശ്ചയം. യഥാർത്ഥത്തിൽ അദ്ദേഹത്തിന്റെ ജീവിതരീതി കണ്ടതുകൊണ്ടുമാത്രം അനേകംപേർ അതിന്റെ ആവേശം നിറഞ്ഞ അനുയായികളായിത്തീർന്നു. അതിനാൽ അദ്ദേഹം വീണ്ടും വിശ്വാസസാക്ഷികൾക്കു സേവനം ചെയ്യുന്ന പതിവു തുടർന്നു. അവരോടൊപ്പം തടവിലായിരുന്നാലെന്നപോലെ അതിപ്രയത്നംകൊണ്ട് അദ്ദേഹം ക്ഷീണിതനായിത്തീന്നു.

## സന്യാസജീവിതത്തിന്റെ അനുദിന രക്തസാക്ഷി

47. ഒടുവിൽ മതപീഡനം അവസാനിച്ചു. അതിനിടെ ഭാഗ്യസ്മരണാർഹനായ പത്രോസ് മെത്രാൻ രക്തസാക്ഷിത്വം വരിച്ചിരുന്നു. ആന്റണി തന്റെ ഏകാന്ത താപസാലയത്തിലേയ്ക്കു തിരിച്ചുപോയി. അവിടെ അദ്ദേഹം തന്റെ മനസ്സാക്ഷിയുടെ മുമ്പിൽ ഒരു അനുദിന രക്തസാക്ഷിയായിരുന്നു. വിശ്വാസത്തിനേറതായ സമരങ്ങൾ അദ്ദേഹം എന്നും നിർവഹിച്ചുവന്നു. അദ്ദേഹം കൂടുതൽ തീക്ഷ്ണവും രൂക്ഷവുമായ താപസരീതികൾ അവലംബിച്ചു. അദ്ദേഹം നിരന്തരം ഉപവസിച്ചു. അദ്ദേഹത്തിന്റെ വസ്ത്രത്തിന്റെ ഉൾവശം രോമംകൊണ്ടുള്ളതും പുറവശം തോൽകൊണ്ടുള്ളതുമായിരുന്നു. ഈ വസ്ത്രധാരണരീതി അദ്ദേഹം ആജീവനാന്തം പുലർത്തി. ശരീരത്തിലെ അഴുക്കുകൾ നീക്കാനായി അദ്ദേഹം ഒരിക്കലും കളിച്ചിരുന്നില്ല.[28] അദ്ദേഹം കാലുകൾ കഴുകുകയോ അത്യാവശ്യമി

28. റോമാസാമ്രാജ്യത്തിലെ കുളിക്കടവുകളിൽ പോയിരുന്നില്ല എന്നാണ് വിവക്ഷ. അത്തരം സ്ഥലങ്ങളിൽ അസാന്മാർഗ്ഗികത അഴിഞ്ഞാടിയിരുന്നു.

www.malankaralibrary.com



ല്ലാതെ കാലുകൾ വെള്ളത്തിൽ തൊടാൻ അനുവദിക്കുകയോ ചെയ്തിരുന്നില്ല. വസ്ത്രം ധരിക്കാത്ത നിലയിൽ അദ്ദേഹത്തെ ആരും ഒരിക്കലും കണ്ടിട്ടില്ല.

48. ഇപ്രകാരം ഏകാന്തവാസം ആരംഭിച്ചപ്പോൾ ആൻറണി, ഒരു നിശ്ചിതകാലംവരെ തൻെറ അറയിൽനിന്നു പുറത്തിറങ്ങുകയോ പുറത്തുള്ളവരെ സ്വീകരിക്കുകയോ ചെയ്യുകയില്ലെന്നു നിശ്ചയിച്ചിരുന്നു. അങ്ങനെയിരിക്കേ മർതീനിയാനൂസ് എന്നുപേരുള്ള ഒരു പട്ടാള ഉദ്യോഗസ്ഥൻ ഒരു അർത്ഥനയുമായി അദ്ദേഹത്തിൻെറ സ്ഥലത്തുവന്നു. പിശാചുബാധയുള്ള തൻെറ മകളെ അദ്ദേഹം സുഖപ്പെടുത്തണമെന്നായിരുന്നു അയാളുടെ ആവശ്യം. വീട്ടിൽവന്നു് മകളെ സുഖമാക്കണമെന്നു് അയാൾ നിരന്തരമായി അഭ്യർത്ഥിച്ചു. ആൻറണി വാതിൽ തുറന്നില്ല. ഭിത്തിയിലുള്ള ഒരു ദ്വാരത്തിലൂടെ അയാളോടു പറഞ്ഞു, "മനുഷ്യാ, നിങ്ങൾ എൻെറയടുത്തു് ഈ ബഹളമൊക്കെ ഉണ്ടാക്കുന്നതെന്തിനാണു്? ഞാൻ നിങ്ങളെപ്പോലുള്ള ഒരു മനുഷ്യൻ മാത്രം. ഞാൻ പൂജിക്കുന്ന ക്രിസ്തുവിൽ നിങ്ങൾ വിശ്വസിക്കുന്നുവെങ്കിൽ, വീട്ടിൽ പോവുക. നിങ്ങളുടെ വിശ്വാസമനുസരിച്ചു പ്രാർത്ഥിക്കുക. കാര്യം സാധിക്കും". ആ മനുഷ്യൻ ക്രിസ്തുവിൽ വിശ്വസിച്ചും അവിടുത്തോടു പ്രാർത്ഥിച്ചുംകൊണ്ടു് ഉടനെ വീട്ടിലേയ്ക്കു പോയി. അയാളുടെ മകൾ പിശാചുബാധയിൽനിന്നു വിമുക്തയാവുകയും ചെയ്തു. 'ചോദിക്കുവിൻ, നിങ്ങൾക്കു നൽകപ്പെടും' എന്നു വാഗ്ദാനം ചെയ്ത നമ്മുടെ കർത്താവു് (ലൂക്കാ. 11:9) ഇതുപോലെ അനവധി കാര്യങ്ങൾ അദ്ദേഹംവഴിയായി ചെയ്തു. അനേകം രോഗികളും പീഡിതരും അദ്ദേഹത്തിൻെറ വാസസ്ഥലത്തിനു പുറത്തുവന്നു കിടന്നുറങ്ങിയിരുന്നു. അദ്ദേഹം വാതിൽ തുറക്കുകയോ ആരെയെങ്കിലും സ്വീകരിക്കുകയോ ചെയ്കയില്ലെങ്കിലും അവരുടെ വിശ്വാസവും ആത്മാർത്ഥമായ പ്രാർത്ഥനയും കാരണം അവരെല്ലാം സുഖം പ്രാപിച്ചു.

## ആന്തരിക പർവ്വതത്തിലേയ്ക്കു പറന്നുയരൽ

49. അനേകം ആളുകൾ തന്നെ ശല്യപ്പെടുത്തുന്നുവെന്നും താൻ ആഗ്രഹിക്കുന്നത്ര ഏകാന്തതയിൽ വസിക്കാൻ സാധിക്കുന്നില്ലെന്നും കണ്ടപ്പോൾ താമസസ്ഥലം മാററണമെന്നു് അദ്ദേഹം തീരുമാനിച്ചു. താൻവഴിയായി ദൈവം പ്രവർത്തിക്കുന്ന അനുഗ്രഹങ്ങൾ കാരണം താൻ അഹങ്കരിക്കാനും മററുള്ള



വർ തന്നെപ്പററി അർഹിക്കുന്നതിലധികമായി പുകഴ്ത്തിപ്പറയാനും ഇടയുണ്ടെന്നും അദ്ദേഹം ഭയപ്പെട്ടു. ഉത്തര തേബായ്ഡ് എന്ന സ്ഥലത്തുപോയി താമസിക്കാൻ അദ്ദേഹം ഉറച്ചു. അവിടത്തെ ജനങ്ങൾക്കു താൻ അജ്ഞാതനായിരിക്കും, അതിനാൽ ആരും ശല്യപ്പെടുത്താൻ വരികയില്ല എന്നു് അദ്ദേഹം കരുതി. അദ്ദേഹം യാത്ര പുറപ്പെട്ടു. സഹോദരന്മാരിൽനിന്നു കുറെ അപ്പം അദ്ദേഹം ശേഖരിച്ചിരുന്നു. അക്കരെ കടക്കുന്നതിനുവേണ്ടി ഏതെങ്കിലും വള്ളം വരുന്നതു കാത്തു് അദ്ദേഹം നദിക്കരയിൽ ഇരുന്നു. അങ്ങനെയിരിക്കുമ്പോൾ മുകളിൽനിന്നു് ഒരു സ്വരം അദ്ദേഹം കേട്ടു, "ആൻറണീ, നീ എവിടെ പോകുന്നു? എന്തിനു് പോകുന്നു"?

ആൻറണി അമ്പരന്നില്ല. ഇത്തരം സ്വരങ്ങൾ അദ്ദേഹം പലപ്പോഴും കേട്ടിട്ടുള്ളതാണു്. അദ്ദേഹം ചോദ്യം ശ്രദ്ധിച്ചിട്ടു മറുപടി പറഞ്ഞു, "ഞാൻ തനിച്ചായിരിക്കാൻ ആളുകൾ സമ്മതിക്കയില്ലാത്തതുകൊണ്ടു് ഉത്തര തേബായ്ഡിലേയ്ക്കു പോകാൻ ഞാൻ ആഗ്രഹിക്കുന്നു. ഇവിടെ ആളുകൾ എന്നെ വല്ലാതെ ശല്യപ്പെടുത്തുകയാണു്. പ്രത്യേകിച്ചു് എനിക്കു് അസാധ്യമായ കാര്യങ്ങൾ അവർ ആവശ്യപ്പെടുന്നു".

ആ സ്വരം തുടർന്നു. "നീ തേബായ്ഡിലേയ്ക്കു പോയാലും, നേരത്തേ വിചാരിച്ചതുപോലെ മേച്ചിൽസ്ഥലങ്ങളിലേയ്ക്കു പോയാലും[29] ആളുകളുടെ ശല്യം കുറയുകയില്ല. ഒരുപക്ഷേ അതു് ഇരട്ടിക്കും. യഥാർത്ഥത്തിൽ നീ ഏകാന്തത ആഗ്രഹിക്കുന്നെങ്കിൽ മരുഭൂമിയുടെ ഉൾഭാഗത്തേയ്ക്കു പോവുക."

ആൻറണി പറഞ്ഞു, "എന്നെ ആർ വഴി കാണിക്കും? ആ പ്രദേശത്തു് എനിക്കു പരിചയമില്ല." ആ സമയത്തു് കുറെ സാരസന്മാർ[30] ആ വഴി വരുന്നതു് അദ്ദേഹം കണ്ടു. അവർ മരുഭൂമിയിലേയ്ക്കു പോകുന്നവരായിരുന്നു. അവരുടെ കൂടെ കുറെദൂരം യാത്രചെയ്യാൻ തന്നെയും അനുവദിക്കാമോ എന്നു് അദ്ദേഹം ചോദിച്ചു. ദൈവപ്രേരണയാൽ എന്നവിധം അവർ അതു സമ്മതിച്ചു. ആൻറണി മൂന്നുപകലും മൂന്നുരാത്രിയും അവരോടൊന്നിച്ചു യാത്ര ചെയ്തു. ഉയർന്ന ഒരു പർവത പ്രദേശത്തു ചെന്നെത്തി. ആ പർവതത്തിൻെറ അടിവാരത്തിൽ

---

29. Boukolia = നൈൽ പതനസ്ഥലത്തിനടുത്തു് കാലിവളർത്തലുള്ള ഒരു ജില്ല. ആൻറണി വടക്കോട്ടു പോകാനും ആലോചിച്ചിരുന്നു.

30. മരുഭൂമിയിൽ പാർക്കുന്നവർ എന്നർത്ഥം.

www.malankaralibrary.com



സ്ഫടികംപോലെ തെളിഞ്ഞ, കുളിർമ്മയുള്ള, സ്വാദിഷ്ടമായ വെള്ളമുണ്ടായിരുന്നു. അതിന്റെ സമീപത്ത് സാമാന്യം വിസ്തൃതമായ നിരപ്പുഭൂമിയും ഏതാനും കുററിച്ച ഈന്തപ്പനകളും ഉണ്ടായിരുന്നു.

50. ദൈവികപ്രചോദനത്താൽ എന്നപോലെ ആൻറണി ആ സ്ഥലത്താൽ ആകൃഷ്ടനായി.[31] നദീതീരത്തുവച്ച് ആൻറണിയോടു സംസാരിച്ച ആ സ്വരം ഉദ്ദേശിച്ച സ്ഥലം ഇതുതന്നെയായിരുന്നു. ആൻറണി തന്റെ സഹയാത്രികരിൽനിന്ന് ഏതാനും അപ്പങ്ങൾ വാങ്ങി ആ പർവതപ്രദേശത്ത് തനിയെ വാസം തുടങ്ങി. കൂട്ടുകാരായി ആരുമില്ല. തന്റെ സ്വന്തം വീടു കണ്ടെത്തിയതുപോലുള്ള ഒരനുഭൂതിയായിരുന്നു അദ്ദേഹത്തിന്. ആൻറണിയുടെ താല്പര്യംകണ്ട് സഹയാത്രികരായ സാരസന്മാർ മരുഭൂമിയിലൂടെ യാത്രചെയ്യുമ്പോൾ ആ സ്ഥലത്തുകൂടെ കടന്നുപോകും എന്നൊരു നിഷ്ഠവച്ചു. അവർ അദ്ദേഹത്തിന് അപ്പവും കൊണ്ടുവന്നു കൊടുത്തിരുന്നു. ഈന്തപ്പനകളിൽനിന്ന് വളരെ പരിമിതമായ രീതിയിൽ അദ്ദേഹത്തിനു ഭക്ഷണം ലഭിച്ചിരുന്നു. കുറെനാൾ കഴിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ സഹോദര സന്യാസിമാർ ഈ സ്ഥലത്തെക്കുറിച്ചു കേട്ടറിഞ്ഞു. പിതാവിനോടു താല്പര്യമുള്ള മക്കളെപ്പോലെ, അദ്ദേഹത്തിന് ഇടക്കിടെ ഭക്ഷണം എത്തിച്ചുകൊടുക്കുന്ന കാര്യത്തിൽ അവർ ശ്രദ്ധിച്ചു. എന്നാൽ ഇങ്ങനെ ഭക്ഷണം എത്തിക്കുന്നത് അവർക്കു കഠിനക്ലേശം ഉണ്ടാക്കുന്ന ഒരു കാര്യമാണെന്ന് ആൻറണിക്കു മനസ്സിലായി. ഈ വിഷയത്തിലും അവരോട് പരിഗണന കാണിക്കുന്നതിനുവേണ്ടി ഒരു പരിപാടി തയ്യാറാക്കി. തന്നെ സന്ദർശിക്കുന്നവരോടു പറഞ്ഞ് ഒരു തൂമ്പാ, ഒരു കോടാലി, കുറെ ധാന്യം എന്നിവ അദ്ദേഹം കൊണ്ടുവരുവിച്ചു.

അവ കൊണ്ടുവന്നു കഴിഞ്ഞപ്പോൾ അടുത്തുള്ള കുറെ സ്ഥലം കിളച്ചിളക്കി അവിടെ ധാന്യം വിതച്ചു. അടുത്തുള്ള ഉറവയിൽനിന്നു കിട്ടിയ വെള്ളം കൃഷിക്കായി ഉപയോഗപ്പെടുത്തി.

---

31 കൊൾസിംമല (Mount Colzim) എന്ന സ്ഥലമാണ് ആൻറണി തിരഞ്ഞെടുത്തത്. കെയ്റോയിൽനിന്ന് 100 മൈൽ തെക്കുകിഴക്കും നൈൽനദിയിൽനിന്ന് 75 മൈൽ കിഴക്കും. ചെങ്കടലിൽനിന്ന് 20 മൈൽ പടിഞ്ഞാറുമാണീ മരുഭൂമി. ആൻറണിയുടെ പ്രാചീന സന്യാസഭവനം സ്ഥിതിചെയ്യുന്ന ഈ മല ''ദയർ മാർ അന്തോണിയോസ്'' എന്നു വിളിക്കപ്പെടുന്നു.



കൊല്ലംതോറും ഇങ്ങനെ കൃഷി ചെയ്തതിനാൽ ഭക്ഷണത്തിനുള്ള വകയുണ്ടായി. തന്റെ ഭക്ഷണം മററുള്ളവർക്ക് ഒരു ഭാരമാകുന്നില്ലല്ലോ എന്നോർത്ത് അദ്ദേഹം സന്തോഷിച്ചു. ഒരു കാര്യത്തിലും താൻ ആർക്കും ഒരു ഭാരമാകരുത് എന്നായിരുന്നു അദ്ദേഹത്തിന്റെ ആഗ്രഹം. പിന്നീട് തന്നെ സന്ദർശിക്കാൻ ആളുകൾ വന്നുതുടങ്ങിയപ്പോൾ ഏതാനും സസ്യങ്ങൾകൂടെ അദ്ദേഹം കൃഷിചെയ്തു തുടങ്ങി. സന്ദർശകനു ദുർഘടവും ദീർഘവുമായ യാത്രയിൽനിന്നുണ്ടായ ക്ഷീണം പരിഹരിക്കാൻ എന്തെങ്കിലും കൊടുക്കാൻ കഴിയണം എന്നു കരുതിയാണ് ഇങ്ങനെ ചെയ്തത്.

ആദ്യകാലത്ത്, മരുപ്രദേശങ്ങളിൽനിന്ന്, ഉറവയിലെ വെള്ളം കുടിക്കാൻ വന്നിരുന്ന മൃഗങ്ങൾ അദ്ദേഹത്തിന്റെ കൃഷിക്കു കുറെ നാശങ്ങൾ ചെയ്തിരുന്നു. ഒരിക്കൽ അദ്ദേഹം ആ ജന്തുക്കളിൽ ഒന്നിനെ പിടികൂടി, മയമായി അതിനെ പിടിച്ചുകൊണ്ട് എല്ലാ ജന്തുക്കളോടുമായി പറഞ്ഞു, "ഞാൻ നിങ്ങളുടെ ആരുമല്ലല്ലോ. എന്നെ എന്തിന് ഉപദ്രവിക്കുന്നു? ദൈവത്തിന്റെ നാമത്തിൽ ഞാൻ പറയുന്നു, നിങ്ങൾ ദൂരെ പോകുക. ഈ ചെടികളുടെ സമീപത്തെങ്ങും മേലാൽ വന്നേക്കരുത്." അതിൽ പിന്നീട്, അദ്ദേഹത്തിന്റെ വാക്കുകളോടുള്ള ഭയാദരങ്ങൾ കൊണ്ടെന്നവണ്ണം, ആ മൃഗങ്ങൾ ആ പ്രദേശത്തേയ്ക്കു വന്നിട്ടില്ല.

## പിശാചുക്കൾ വീണ്ടും

51. പ്രാർത്ഥനയിലും താപസകൃത്യങ്ങളിലും മുഴുകി അങ്ങനെ അദ്ദേഹം ആ പർവ്വതപ്രദേശത്ത് ഏകാന്തവാസം അനുഷ്ഠിച്ചു വന്നു. അദ്ദേഹത്തെ സന്ദർശിച്ചുവന്ന സഹോദരന്മാർ മാസം തോറും അദ്ദേഹത്തിന്റെ അടുക്കൽ വരാനും പയറുവർഗ്ഗങ്ങൾ, ഒലിവുകൾ, എണ്ണ തുടങ്ങിയവ കൊണ്ടുവരാനും അനുവദിക്കണം എന്ന് ആവശ്യപ്പെട്ടു. കാരണം അദ്ദേഹം ഒരു വൃദ്ധനായിക്കഴിഞ്ഞിരുന്നു.

ഇക്കാലത്ത് അദ്ദേഹം എന്തുമാത്രം പോരാട്ടം നടത്തിയിരുന്നുവെന്ന് അദ്ദേഹത്തെ പതിവായി സന്ദർശിച്ചിരുന്നവരിൽനിന്ന് നാം മനസ്സിലാക്കുന്നു. എഴുതപ്പെട്ടിരിക്കുന്നതുപോലെ ഈ പോരാട്ടങ്ങൾ 'രക്തത്തിനും മാംസത്തിനും എതിരായിട്ടല്ല'; പിശാചുക്കൾക്ക് എതിരായിട്ടായിരുന്നു. എന്തെന്നാൽ ഈ സ്ഥലത്തും പഴയ സ്ഥലത്തെപ്പോലെ അവർ ബഹളങ്ങളും

www.malankaralibrary.com



അലർച്ചകളും ആയുധങ്ങൾ കൂട്ടിമുട്ടുന്ന ശബ്ദങ്ങളും കേട്ടിരുന്നു. രാത്രിയിൽ ആ പ്രദേശമാകെ ദുഷ്ടമൃഗങ്ങൾ പാഞ്ഞു നടക്കുന്നതു് അവർ കണ്ടു. കണ്ണുകൊണ്ടു കാണാവുന്ന ശത്രുക്കളോടു് അദ്ദേഹം യുദ്ധം ചെയ്യുന്നതും അവർക്കെതിരായി പ്രാർത്ഥന നടത്തുന്നതും അവർ കണ്ടിരുന്നു. തന്നെ സന്ദർശിച്ചവരോടു് അദ്ദേഹം പ്രോത്സാഹനവചസ്സുകൾ പറഞ്ഞിരുന്നു. എന്നാൽ അദ്ദേഹം മുട്ടുകുത്തിനിന്നു് ദൈവത്തോടു പ്രാർത്ഥിച്ചുകൊണ്ടു തന്റെ പോരാട്ടം നിർവഹിച്ചിരുന്നു. അങ്ങനെയൊരു വിജനപ്രദേശത്തു് തനിയെ വസിക്കുകയായിരുന്നെങ്കിലും പിശാചുക്കളുടെ ആക്രമണങ്ങളാൽ അദ്ദേഹം അമ്പരക്കുകയോ അവിടെയെല്ലാമുണ്ടായിരുന്ന കാട്ടുമൃഗങ്ങളുടെയും ഇഴജന്തുക്കളുടെയും ക്രൂരസ്വഭാവത്താൽ സംഭീതനാവുകയോ ചെയ്തില്ല. നേരേമറിച്ചു്, വി. ലിഖിതത്തിൽ പറയുന്നതുപോലെ അദ്ദേഹം 'സീയോൻ പർവ്വതംപോലെ' ദൈവത്തിൽ ഉറപ്പായി വിശ്വസിച്ചിരുന്നു (സങ്കീ. 125:1). അതിനാൽ പിശാചുക്കൾ അദ്ദേഹത്തെ ഭയപ്പെട്ടു് ഓടിപ്പോയിരുന്നു; എഴുതപ്പെട്ടിട്ടുള്ളതുപോലെ കാട്ടുമൃഗങ്ങൾ, അദ്ദേഹവുമായി സമാധാനം പുലർത്തിയിരുന്നു.

52. ഇപ്രകാരം, ദാവീദ് സങ്കീർത്തനത്തിൽ പറയുന്നതുപോലെ, (35:16) പിശാചു് ആന്റണിയെ സൂക്ഷിച്ചു നിരീക്ഷിക്കുകയും അദ്ദേഹത്തിന്റെ നേരെ പല്ലുകടിക്കുകയും ചെയ്തിരുന്നു. എന്നാൽ ആന്റണി നമ്മുടെ രക്ഷകനാൽ ധൈര്യപ്പെടുത്തപ്പെട്ടു. പിശാചിന്റെ ദുഷ്ടതയും കുതന്ത്രങ്ങളും അദ്ദേഹത്തിനു് യാതൊരുപദ്രവവും വരുത്തിയില്ല. അദ്ദേഹം രാത്രികാലങ്ങളിൽ ജാഗരണപ്രാർത്ഥനകൾ നടത്തിയിരുന്നപ്പോൾ പിശാചു് അദ്ദേഹത്തെ ആക്രമിക്കാൻ ദുഷ്ടമൃഗങ്ങളെ വിട്ടു. അങ്ങനെ ആ മരുഭൂമിയിലുള്ള മിക്കവാറും എല്ലാ പുലികളും അവയുടെ താവളങ്ങളിൽനിന്നു പുറപ്പെട്ടു വന്നു് അദ്ദേഹത്തെ വലയം ചെയ്തു നിന്നു. അവയെല്ലാം ഒരുമിച്ചു് വായ് പിളന്നു് അദ്ദേഹത്തെ കടിച്ചുകീറുന്നതിനെന്നവിധം മുന്നോട്ടടുത്തു. എന്നാൽ ശത്രുവിന്റെ തന്ത്രങ്ങളെല്ലാം ശരിക്കു മനസ്സിലാക്കിയിരുന്ന അദ്ദേഹം അവയോടു പറഞ്ഞു, "എന്നെ ഭക്ഷിക്കാൻ ദൈവം നിങ്ങളെ അനുവദിച്ചിട്ടുണ്ടെങ്കിൽ നിങ്ങൾക്കു ഭക്ഷണമാകാൻ ഞാൻ ഒരുക്കമാണു്. എന്നാൽ നിങ്ങൾ പിശാചിനാൽ അയയ്ക്കപ്പെട്ടവരാണെങ്കിൽ ഉടൻ ഇവിടെനിന്നു പോകുക. എന്തെന്നാൽ ഞാൻ ക്രിസ്തുവിന്റെ ദാസനാകുന്നു."[32]

---

32 പൗലോസ് സ്വയം ക്രിസ്തുവിന്റെ ദാസനെന്നു് വിളിച്ചിരുന്നു: റോമ. 1:1; ഫിലി. 1:1; ഗലാ. 1:10.



ആന്റണി ഇതു പറഞ്ഞപ്പോൾ ചാട്ടവാറിന്റെ അടിയേറ്റതുപോലെ അവയെല്ലാം ഓടിയകന്നു.

53. ഏതാനും ദിവസങ്ങൾക്കുശേഷം മറ്റൊരു സംഭവമുണ്ടായി. അദ്ദേഹം ജോലിയിൽ ഏർപ്പെട്ടിരിക്കുകയായിരുന്നു— ജോലിയിൽ അദ്ദേഹം സദാ വ്യാപൃതനായിരുന്നു–ആ സമയത്തു് ആരോ വാതിൽക്കൽവന്നു് അദ്ദേഹം ജോലിക്കു് ഉപയോഗിച്ചുകൊണ്ടിരുന്ന ചരടിൽ പിടിച്ചു വലിച്ചു. അദ്ദേഹം ഒരു കൊട്ട നെയ്യുകയായിരുന്നു. അദ്ദേഹത്തിനായി ആളുകൾ കൊണ്ടുവന്നിരുന്ന സാധനങ്ങൾക്കു പകരമായി അദ്ദേഹം താനുണ്ടാക്കുന്ന വിവിധ സാധനങ്ങൾ നൽകിയിരുന്നു. അദ്ദേഹം എഴുന്നേറ്റു നോക്കിയപ്പോൾ വാതിൽക്കൽ ഒരു ഭീകരസത്വം നിൽക്കുന്നു. അതിന്റെ അര മുതൽ മുകളിലേയ്ക്കു് മനുഷ്യന്റെ ആകൃതിയാണു്. എന്നാൽ കാലും പാദങ്ങളും കഴുതയുടേതുപോലെ. ആന്റണി അക്ഷോഭ്യനായി കുരിശടയാളം വരച്ചുകൊണ്ടു് ഇങ്ങനെ പറഞ്ഞു, "ഞാൻ ക്രിസ്തുവിന്റെ ദാസനാകുന്നു. നീ എനിക്കെതിരായി എന്തെങ്കിലും ദൗത്യവുമായി വന്നവനാണെങ്കിൽ ഞാനിതാ." ആ ഭീകരസത്വം ഈ വാക്കുകൾ കേട്ടപ്പോൾ കൂടെയുള്ള പിശാചുക്കളോടുകൂടി പറപറന്നു. ഓട്ടത്തിന്റെ വേഗത കാരണം ആ സത്വം നിലത്തുവീണു ചത്തു. ആ സത്വത്തിന്റെ മരണം പിശാചുക്കളുടെ പരാജയത്തിന്റെ സൂചകമായിരുന്നു. ആ ഏകാന്തവാസസ്ഥലത്തുനിന്നു് അദ്ദേഹത്തെ ഓടിച്ചുവിടാൻ പിശാചുക്കൾ കഴിവതും പരിശ്രമിച്ചു നോക്കി; പക്ഷെ അവർക്കതിനു കഴിഞ്ഞില്ല.

## ആന്റണി നൈൽ നദീതീരത്തു വസിക്കുന്ന സഹോദരന്മാരെ സന്ദർശിക്കുന്നു.

54. ഒരിക്കൽ ഏതാനും സന്യാസിമാർ ആന്റണിയെ സന്ദർശിച്ചു് അവരുടെ താപസാശ്രമങ്ങൾ സന്ദർശിക്കാനും കുറെക്കാലം അവരോടൊത്തു ചെലവഴിക്കാനും അദ്ദേഹത്തോടു് അഭ്യർത്ഥിച്ചു. ഈ അഭ്യർത്ഥന സ്വീകരിച്ചു് അദ്ദേഹം അവരോടൊത്തു പുറപ്പെട്ടു. ഒരൊട്ടകം അവർക്കുവേണ്ട അപ്പവും വെള്ളവും വഹിച്ചു. അദ്ദേഹം താമസിച്ചിരുന്ന സ്ഥലത്തല്ലാതെ നദീതീരത്തു വരുന്നതിനിടയ്ക്കു് ഒരിടത്തും വെള്ളം കിട്ടാനുണ്ടായിരുന്നില്ല. വഴിക്കുവെച്ചു് വെള്ളം തീർന്നുപോയി. എല്ലാവരും വലിയ അപകടസ്ഥിതിയിലായി. ചൂടു് അതികഠിനമായിരുന്നു. അവരെല്ലാം വെള്ളം അന്വേഷിച്ചു നടന്നിട്ടു നിരാശ

www.malankaralibrary.com



രായി തിരിച്ചു വന്നു. നടക്കാൻപോലും നിവൃത്തിയില്ലാത്ത വിധം അവർ അവശരായി. ഒട്ടകത്തെ അതിൻെറ വഴിക്കു വിട്ടിട്ട്, നിരാശരായി അവർ നിലത്തു നിവർന്നു കിടന്നു.

വൃദ്ധനായ ആൻറണി, തൻെറ സുഹൃത്തുക്കൾക്കു സംഭവിച്ചിരിക്കുന്ന അപകടസ്ഥിതി കണ്ടു് അതീവ ദുഃഖിതനായി. ദീർഘനിശ്വാസം ചെയ്തുകൊണ്ടു് അദ്ദേഹം അവരുടെ പക്കൽനിന്നു് അല്പം അകലേയ്ക്കു പോയി. നിലത്തു മുട്ടുകുത്തി കൈകൾ വിരിച്ചുപിടിച്ചുകൊണ്ടു പ്രാർത്ഥിച്ചു. അപ്പോൾ അതിനു തൊട്ടടുത്തുള്ള സ്ഥലത്തുനിന്നു് ദൈവം ഒരു ഉറവ പുറപ്പെടുത്തി. എല്ലാവരും അതിൽനിന്നു കുടിച്ചു സംതൃപ്തരായി. തോൽക്കുടങ്ങളിൽ വെള്ളം നിറച്ചു. ചിലർ അവരുടെ ഒട്ടകത്തെ അന്വേഷിച്ചു പുറപ്പെട്ടു. വളരെ അകലെയല്ലാതെ അതിനെ കണ്ടെത്തി. അതിൻെറ കഴുത്തിലുണ്ടായിരുന്ന കയർ ഒരു കല്ലിലുടക്കി അതങ്ങനെ നിൽക്കുകയായിരുന്നു. അവർ അതിനെ കൊണ്ടുവന്നു് വെള്ളം കുടിപ്പിക്കുകയും പുറം നനയ്ക്കുകയും ചെയ്തു. തോൽക്കുടങ്ങൾ അതിനെക്കൊണ്ടു ചുമപ്പിച്ച് വലിയ ക്ലേശം കൂടാതെ ആ യാത്ര പൂർത്തിയാക്കി.

സന്യാസിമാർ പാർക്കുന്ന പ്രദേശത്തു വന്നപ്പോൾ എല്ലാവരും ചേർന്നു് അദ്ദേഹത്തിനു ഹൃദ്യമായ സ്വാഗതം നൽകി. എല്ലാവരും അദ്ദേഹത്തെ പിതാവായിട്ടാണു് കണക്കാക്കിയിരുന്നതു്. അദ്ദേഹമാകട്ടെ, ഒരു പിതാവു് തൻെറ സമ്പാദ്യങ്ങൾ മക്കൾക്കു നൽകുന്നതുപോലെ തൻെറ അനുഭവകഥകളും ആദ്ധ്യാത്മജ്ഞാനവും അവർക്കു ധാരാളമായി നൽകി. ആ പ്രദേശത്തു് പൂർവ്വാധികമായ സന്തോഷവും ആദ്ധ്യാത്മിക ജീവിതത്തിൽ നവചൈതന്യവും സംജാതമായി. പൊതുവായ വിശ്വാസത്തിൽനിന്നുളവാകുന്ന ആത്മീയമായ ആശ്വാസവും അവർക്കെല്ലാം അനുഭവപ്പെട്ടു. മററു സന്യാസിമാരുടെ ആദ്ധ്യാത്മികചൈതന്യം ആൻറണിക്കു് ആനന്ദകരമായിരുന്നു. അദ്ദേഹത്തിൻെറ സഹോദരിയും ആ പ്രദേശത്തുതന്നെയുണ്ടായിരുന്നു. അവർ കന്യകയായ ഒരു സന്യാസിനിയായിരുന്നു. അവർ മററു സന്യാസിനിമാർക്കു മാതൃകയും പ്രചോദനവുമായി ജീവിച്ചുവന്നു.



## സഹോദരന്മാർ ആൻറണിയെ സന്ദർശിക്കുന്നു.

55. ഏതാനും നാളുകൾക്കുശേഷം ആൻറണി മരുഭൂമദ്ധ്യത്തിലുള്ള തൻെറ ഏകാന്തവാസസ്ഥലത്തേയ്ക്കു തിരിച്ചുപോയി. ധാരാളം ആളുകൾ അദ്ദേഹത്തെ സന്ദർശിക്കാൻ അവിടെയെത്തിയിരുന്നു. അസുഖങ്ങൾ മാറിക്കിട്ടുന്നതിനു് അദ്ദേഹത്തെ സമീപിച്ചിരുന്നവരും ഉണ്ടു്. യാത്ര അപകടകരമായിരുന്നു എന്നു പറയേണ്ടതില്ലല്ലോ. തന്നെ സന്ദർശിക്കാനെത്തിയ സന്യാസിമാർക്കു് എല്ലാവർക്കും ഒരേ ഉപദേശമാണു് അദ്ദേഹം നല്കിയിരുന്നതു്. 'കർത്താവിൽ വിശ്വാസമർപ്പിക്കുക, അവിടുത്തെ സ്നേഹിക്കുക, ചീത്ത വിചാരങ്ങളിൽനിന്നും മാംസത്തിൻെറ സുഖങ്ങളിൽനിന്നും അകന്നു നിൽക്കുക, 'സുഭാഷിത'ങ്ങളിൽ പറയുന്നതുപോലെ[33] നിറഞ്ഞ വയററിനാൽ വഴിതെററിക്കപ്പെടാതിരിക്കുക. അഹങ്കാരത്തിൽനിന്നു് ഓടിയകലുകയും നിരന്തരമായി പ്രാർത്ഥിക്കുകയും ചെയ്യുക. ഉറക്കത്തിനു മുമ്പും പിമ്പും സങ്കീർത്തനങ്ങൾ ആലപിക്കുക, വി. ലിഖിതങ്ങളിലുള്ള കല്പനകളെല്ലാം മനഃപാഠമാക്കുക, വിശുദ്ധന്മാരുടെ പ്രവൃത്തികൾ എപ്പോഴും ഓർമ്മയിൽ വച്ചുകൊണ്ടു് മനസ്സിനെ പുണ്യവാന്മാരുടെ മാതൃകയിൽ പരിശീലിപ്പിക്കണം'.

'നിങ്ങളുടെ കോപത്തിന്മേൽ സൂര്യൻ അസ്തമിക്കാൻ ഇടയാകരുതു്'' എന്നുള്ള അപ്പസ്തോലൻെറ വാക്കുകൾ (എഫേ.4:26) എപ്പോഴും ഓർമ്മയിലുണ്ടായിരിക്കണമെന്നു് അദ്ദേഹം ഉദ്ബോധിപ്പിച്ചിരുന്നു. ഈ വാക്യം എല്ലാ ദൈവകല്പനകളെ സംബന്ധിച്ചും പ്രസക്തമാണെന്നാണു് അദ്ദേഹം ഉപദേശിച്ചിരുന്നതു്. നമ്മുടെ കോപത്തിന്മേൽ മാത്രമല്ല, നമ്മുടെ ഒരു പാപത്തിന്മേലും സൂര്യൻ അസ്തമിക്കാൻ ഇടയാകരുതു് എന്നു് അദ്ദേഹം പറഞ്ഞിരുന്നു. ''നമ്മുടെ ഏതെങ്കിലും പാപത്തെപ്രതി പകൽ സൂര്യനും പാപങ്ങളെയും പാപചിന്തകളെയുംപ്രതി രാത്രി ചന്ദ്രനും നമ്മെ കുററപ്പെടുത്താൻ ഇടയാകരുതു്. ഇക്കാര്യം ഉറപ്പുവരുത്തുന്നതിനു് 'നിങ്ങൾ നിങ്ങളെത്തന്നെ പരിശോധിക്കുകയും വിധിക്കുകയും ചെയ്യുവിൻ' എന്ന ശ്ലൈഹിക നിർദ്ദേശം (2 കൊറി. 13:5) നിധിപോലെ മനസ്സിൽ സൂക്ഷിക്കണം. ഓരോ മനുഷ്യനും അവൻെറ ഓരോ പകലിലെയും രാത്രിയിലെയും പ്രവർത്തനങ്ങളുടെ

33. സാദൃശ്യ. 14:15 (സെപ്തുജിന്തു്).

www.malankaralibrary.com



കണക്കെടുക്കണം.[34] അവൻ പാപം ചെയ്തിട്ടുണ്ടെങ്കിൽ പാപം ചെയ്യൽ അവസാനിപ്പിക്കണം. പാപം ചെയ്തിട്ടില്ലെങ്കിൽ അതിനെക്കുറിച്ച് അഹങ്കരിക്കാതിരിക്കണം. തന്റെ നന്മയിൽ അവൻ ജാഗ്രതപൂർവ്വം തുടർന്നുനിൽക്കണം. അലസതയ്ക്കധീനനാകരുത്. അയൽക്കാരനെ കുററം വിധിക്കുകയോ സ്വയം നീതിമാനായി പ്രഖ്യാപിക്കുകയോ അരുത്. അപ്പസ്തോലനായ പൗലോസ് പറയുന്നതുപോലെ, 'അന്ധകാരത്തിൽ മറഞ്ഞിരിക്കുന്നവയെ വെളിച്ചത്തു കൊണ്ടുവരുന്നവനും ഹൃദയരഹസ്യങ്ങൾ വെളിപ്പെടുത്തുന്നവനുമായ കർത്താവു വരുന്നതുവരെ[35], നാം വിധി പ്രസ്താവിക്കാതിരിക്കയാണു നല്ലത്. പലപ്പോഴും നാം ചെയ്യുന്ന കാര്യങ്ങളെക്കുറിച്ചുതന്നെ നമുക്ക് ശരിയായ അവബോധമില്ല. നാം അതറിയുന്നില്ല. എന്നാൽ കർത്താവ് എല്ലാം ശ്രദ്ധിക്കുന്നു. അതിനാൽ വിധിപ്രസ്താവിക്കുന്ന ചുമതല അവിടത്തേയ്ക്കു വിട്ടുകൊടുത്തിട്ട് നമുക്കു പരസ്പരം സഹതാപമുള്ളവരും ഭാരം വഹിക്കുന്നതിൽ സഹായിക്കുന്നവരുമാകാം (ഗലാ. 6:2). നമ്മെത്തന്നെ നാം വിധിക്കുക; കുറവുകൾ ഉണ്ടെന്നു കാണുമ്പോൾ അവ പരിഹരിക്കാൻ ആത്മാർത്ഥമായ പ്രയത്നങ്ങൾ നടത്തുക.

പാപം ചെയ്യാതിരിക്കുന്നതിനുള്ള ഒരു രക്ഷാനടപടിയായി താഴെപ്പറയുന്ന സമ്പ്രദായം ഉപകാരപ്പെടും. നമ്മൾ പരസ്പരം അറിയിക്കാൻവേണ്ടി ചെയ്യുകയാണെങ്കിലെന്നപോലെ നമ്മുടെ പ്രവൃത്തികളും ആത്മാവിന്റെ പ്രേരണകളും നാം കുറിച്ചുവയ്ക്കുക. പുറത്തറിയപ്പെടും എന്നതിനെക്കുറിച്ചുള്ള ലജ്ജയാൽ മാത്രം നാം പാപം ചെയ്യൽ അവസാനിപ്പിക്കും; പാപകരമായ ചിന്തകളെ ഉപേക്ഷിക്കുകയും ചെയ്യും. മററുള്ളവർ കാൺകെ പാപംചെയ്യാൻ ആരാണ് ഇഷ്ടപ്പെടുക? പാപം ചെയ്തുകഴിഞ്ഞാൽ, അതു പുറത്തറിയാതിരിക്കാൻവേണ്ടി നുണപറയാതിരിക്കാൻ ആരു ധൈര്യപ്പെടും? സുഹൃത്തുക്കൾ കാൺകെ മോഹപാപം ചെയ്യാൻ നാം ധൈര്യപ്പെടുകയില്ലല്ലോ. അതിനാൽ പരസ്പരം അറിയിക്കാൻ എന്ന വിധത്തിൽ വിചാരങ്ങളെയെല്ലാം രേഖപ്പെടുത്തേണ്ടി വരികയാണെങ്കിൽ നാണക്കേടുവിചാരിച്ച് അത്തരം

34. മനസ്സാക്ഷി പരിശോധനയ്ക്ക് പേഗൻ താത്വികരും ക്രൈസ്തവ പിതാക്കന്മാരും പ്രാധാന്യം നൽകിയിരുന്നു: സെനക്കാ, ലേഖനം, 83:2; ബേസിൽ, *Serm. ascet.* 1.5; ജോൺ ക്രിസോസ്തോം, മത്തായി ഹോമിലി, 42. 3f. എബ്രായ ലേഖനം 9:5; ജോൺ ക്ലിമാക്കസ്, *Scale parad.* 4:

35. 1 കൊറി. 4:5; റോമ. 2:16.



കാര്യങ്ങൾ ചിന്തിക്കേണ്ട എന്നു നാം കരുതും. നമ്മുടെ എഴുത്ത് നമ്മുടെ സന്യാസി സഹോദരന്മാരുടെ കണ്ണുകളാണെന്നുതന്നെ കരുതുക. യഥാർത്ഥത്തിൽ നാം ചെയ്യുന്നതു മററുള്ളവർ കാണുകയാണെന്നു കരുതി നാം പാപം ചെയ്യൽ വേണ്ടെന്നുതന്നെ വയ്ക്കും. ഇങ്ങനെ നമ്മെത്തന്നെ പരിശീലിപ്പിച്ചാൽ 'ശരീരത്തെ കർശനമായി നിയന്ത്രിച്ചു കീഴടക്കാൻ നമുക്കു കഴിയും (1 കൊറി. 9:27) അങ്ങനെ നമ്മുടെ കർത്താവിനെ പ്രസാദിപ്പിക്കുകയും ശത്രുവിന്റെ കപട തന്ത്രങ്ങളെ ചവിട്ടിത്തകർക്കുകയും ചെയ്യാൻ നമുക്കു കഴിയും'.

## മരുഭൂമിയിൽ അത്ഭുതങ്ങൾ

56. തന്നെ സന്ദർശിച്ചവർക്ക് ആന്റണി നൽകിയ ഉപദേശങ്ങൾ മുകളിൽ പറഞ്ഞ വിധത്തിലുള്ളവയായിരുന്നു. വിഷമതകൾ അനുഭവിച്ചിരുന്നവരോട് അദ്ദേഹം സഹതപിക്കുകയും അവരോടൊത്ത് പ്രാർത്ഥിക്കുകയും ചെയ്തിരുന്നു. പലപ്പോഴും പലതരത്തിലുള്ള കാര്യങ്ങളിലും കർത്താവ് അദ്ദേഹത്തിന്റെ പ്രാർത്ഥനകൾ കേൾക്കുകയും ചെയ്തു. എന്നാൽ കർത്താവു പ്രാർത്ഥന കേൾക്കുമ്പോൾ അദ്ദേഹം അഹങ്കരിക്കുകയോ കേൾക്കാതിരുന്നപ്പോൾ പരാതിപ്പെടുകയോ ചെയ്തില്ല. അദ്ദേഹം എപ്പോഴും ദൈവത്തിനു നന്ദിപറഞ്ഞിരുന്നു. എല്ലാം ക്ഷമയോടെ സഹിക്കണമെന്നും രോഗമോചനം തന്റെയോ മററേതെങ്കിലും മനുഷ്യന്റെയോ അധികാരത്തിൽപ്പെട്ടതല്ലെന്നും അതു ദൈവത്തിന്റെ മാത്രം അധികാരമാണെന്നും ആർക്ക് എപ്പോൾ രോഗമോചനം നൽകണമെന്ന് അവിടുന്നു മാത്രമാണ് തീരുമാനിക്കുന്നതെന്നും തന്നെ സമീപിക്കുന്നവരോട് അദ്ദേഹം പറഞ്ഞിരുന്നു. പുണ്യവാനായ ആ വൃദ്ധന്റെ വാക്കുകൾ കേൾക്കുന്നതുതന്നെ വലിയ ഒരാശ്വാസമായി രോഗികളും ദുഃഖിതരും കരുതിയിരുന്നു. ദീർഘമായ പീഡകൾ സഹിക്കേണ്ടിവന്നാലും നിരാശപ്പെടരുതെന്ന പാഠം അവർ പഠിച്ചിരുന്നു. സുഖംലഭിച്ചവർ നന്ദി പറയേണ്ടതു് ആന്റണിക്കല്ല, ദൈവത്തിനാണെന്നും അവർ പഠിച്ചിരുന്നു.

57. ഉദാഹരണത്തിന് ഫ്രോന്തോ എന്നു പേരുള്ള ഒരു മനുഷ്യനുണ്ടായിരുന്നു; പലാസ്യം എന്ന സ്ഥലത്തുനിന്നു വന്നയാൾ. അയാൾക്ക് ഭയങ്കരമായ ഒരു രോഗമുണ്ടായിരുന്നു- എപ്പോഴും നാക്കു കടിക്കുക. അയാളുടെ കാഴ്ചശക്തിയും കുറഞ്ഞുവന്നിരുന്നു. അയാൾ പർവ്വതപ്രദേശത്തുവന്ന് ആന്റണിയോട് തനിക്കു വേണ്ടി പ്രാർത്ഥിക്കാൻ ആവശ്യപ്പെട്ടു. അദ്ദേഹം പ്രാർത്ഥിച്ചതിനു

www.malankaralibrary.com



ശേഷം അവനോട് പറഞ്ഞു: 'പോകുക, നിങ്ങൾക്ക് സുഖം ലഭിക്കും'. എന്നാൽ അയാൾ നിർബന്ധപൂർവ്വം പല ദിവസം അവിടെത്തന്നെ താമസിച്ചു. ആൻറണി അയാളോട് പറഞ്ഞിരുന്നു: 'നിങ്ങൾ ഇവിടെ താമസിക്കുന്നിടത്തോളംകാലം നിങ്ങൾക്ക് സുഖം ലഭിക്കയില്ല. പോകുക, ഈജിപ്റ്റിൽ എത്തിക്കഴിയുമ്പോൾ അത്ഭുതം സംഭവിച്ചതായി നിങ്ങൾ കാണും'. ഒടുവിൽ അയാൾക്ക് വിശ്വാസമാകുകയും അവിടെനിന്നു പുറപ്പെടുകയും ചെയ്തു. നടന്ന് ഈജിപ്റ്റിൻെറ അതിർത്തിയിലെത്തിയപ്പോൾ അയാളുടെ രോഗം മാറിയിരുന്നു. പ്രാർത്ഥനയിൽ ദൈവത്തിൽനിന്ന് ആൻറണിക്ക് ലഭിച്ച നിർദ്ദേശങ്ങൾ അനുസരിച്ച് പ്രവർത്തിച്ചതിനാൽ അയാൾ രോഗവിമുക്തനായി.

58. ട്രിപ്പൊളിയിലെ ബുസീറിസ് എന്ന സ്ഥലത്തെ ഒരു പെൺകുട്ടിക്ക് വളരെ ഭയങ്കരവും അറപ്പുണ്ടാക്കുന്നതുമായ ഒരു രോഗമുണ്ടായിരുന്നു: അവളുടെ കണ്ണുകളിലും മൂക്കിലും ചെവികളിലും നിന്ന് ഒരുതരം ദ്രാവകം പുറപ്പെട്ടിരുന്നു. അത് തറയിൽ വീണാലുടൻ പുഴുക്കളായിത്തീരും. അവളുടെ ശരീരം കോടിയിരുന്നു. കണ്ണുകൾക്ക് നല്ല കാഴ്ചയുമില്ല. ആൻറണിയെ സന്ദർശിക്കാൻ സന്യാസികൾ പോകുന്ന വിവരം അവളുടെ മാതാപിതാക്കൾ കേട്ടു. രക്തസ്രാവമുള്ള സ്ത്രീയെ സുഖപ്പെടുത്തിയ കർത്താവിൽ വിശ്വസിച്ചുകൊണ്ട് (മത്താ. 9:20) തങ്ങളുടെ പുത്രിയോടുകൂടി അവരെ അനുഗമിക്കാൻ അവർ സന്യാസിമാരോട് അനുവാദം ചോദിച്ചു. അവർ സമ്മതിച്ചു.

ആൻറണിയുടെ താമസസ്ഥലത്തിൻെറ സമീപത്തെത്തിയപ്പോൾ പെൺകുട്ടിയും മാതാപിതാക്കളുംകൂടെ പഫ്നൂസ്യൂസ് എന്ന വിശ്വാസസാക്ഷിയായ സന്യാസിയോടൊപ്പം[36] മലയുടെ അടിവാരത്തിൽ നിൽക്കുകയും മറ്റു സന്യാസിമാർ മുകളിലേക്കു കയറിപ്പോവുകയും ചെയ്തു. അവർ പെൺകുട്ടിയെക്കുറിച്ച് ആൻറണിയോട് പറയാൻ ഒരുങ്ങിയപ്പോൾത്തന്നെ അവളെക്കുറിച്ചുള്ള വിവരങ്ങളെല്ലാം അദ്ദേഹം അവരോട് പറഞ്ഞു. അവൾ വരുന്ന വിവരം തനിക്കറിയാമായിരുന്നുവെന്നും

36. പഫ്നൂസ്യൂസ് എന്നു പേരുള്ള നിരവധി താപസരും മെത്രാന്മാരും പ്രാചീന സഭയിലുണ്ടായിരുന്നു. 'വിശ്വാസസാക്ഷിയായ' പഫ്നൂസ്യൂസ് മാക്സിമിയൻെറ മതപീഡനത്തിൽ നിരവധി ക്ലേശങ്ങൾ സഹിച്ചയാളാണ്. നിഖ്യായിൽ സംബന്ധിച്ച അദ്ദേഹത്തിൻെറ കൺകുഴിയിൽ കോൺസ്റ്റൻടൈൻ ചക്രവർത്തി ചുംബിച്ചു എന്ന് പറയപ്പെടുന്നു.



അദ്ദേഹം വെളിപ്പെടുത്തി. ആ കുട്ടിയെയും മാതാപിതാക്കളെയും മുകളിലേയ്ക്കു കൊണ്ടുവരട്ടെ എന്നു ചോദിച്ചപ്പോൾ അദ്ദേഹം അതനുവദിച്ചില്ല. അദ്ദേഹം പറഞ്ഞു, 'പോകുക, അവൾ മരിച്ചിട്ടില്ലെങ്കിൽ അവൾ സുഖം പ്രാപിച്ചിരിക്കുന്നതായി നിങ്ങൾ കാണും. എന്നെപ്പോലുള്ള ഒരു പാവം മനുഷ്യൻെറ പക്കൽവന്ന് അവൾ രോഗവിമുക്തി നേടുന്നു എന്നുള്ളത് എൻെറ സാമർത്ഥ്യമൊന്നുമല്ല. തന്നെ വിളിച്ചപേക്ഷിക്കുന്നവരുടെമേൽ എല്ലായിടത്തും കാരുണ്യം വർഷിക്കുന്ന നമ്മുടെ രക്ഷകൻെറ ശക്തികൊണ്ടാണ് ഇതെല്ലാം നടക്കുന്നത്. ഈ കുട്ടിയുടെ പ്രാർത്ഥനയും കർത്താവു സാധിച്ചുകൊടുത്തിരിക്കുന്നു. ആ കുട്ടി നിൽക്കുന്നിടത്തുവച്ചുതന്നെ താൻ അവളെ സുഖപ്പെടുത്തുമെന്ന് അവിടുന്നു തൻെറ സ്നേഹംമൂലം എനിക്കു വെളിപ്പെടുത്തിയിരിക്കുന്നു'. ആ അത്ഭുതം സംഭവിക്കുകതന്നെ ചെയ്തു. സന്യാസിമാർ താഴെ വന്നു നോക്കിയപ്പോൾ ആരോഗ്യവതിയായ പെൺകുട്ടിയെയും ആനന്ദതുന്ദിലരായ അവളുടെ മാതാപിതാക്കളെയുമാണു കണ്ടത്. ആ പെൺകുട്ടി പിന്നീട് ആരോഗ്യവതിയായിത്തന്നെ ജീവിച്ചു.

59. പിന്നീടൊരിക്കൽ വേറൊരത്ഭുതം ഉണ്ടായി. രണ്ടു സന്യാസികൾ അദ്ദേഹത്തെ സന്ദർശിക്കാൻ പോവുകയായിരുന്നു. വഴിക്കുവച്ച് അവരുടെ വെള്ളം തീർന്നുപോയി. ദാഹംകൊണ്ട് അവരിലൊരാൾ മരിച്ചു. മറ്റെയാൾ അവശനായി അവിടെ കിടന്നു. പിന്നെ ഒരടികൂടെ നടക്കാൻ അയാൾക്കു കരുത്തില്ലായിരുന്നു. മരണം പ്രതീക്ഷിച്ച് അവിടെ കിടന്നു.

മലയിൽ പ്രാർത്ഥിച്ചുകൊണ്ടിരുന്ന ആൻറണി തന്നെ സന്ദർശിക്കാൻ അവിടെ എത്തിയിരുന്ന രണ്ടു സന്യാസിമാരെ തിടുക്കത്തിൽ വിളിച്ച് അവരോട് ഇങ്ങനെ പറഞ്ഞു: 'നിങ്ങൾ ഒരു പാത്രം വെള്ളമെടുത്തുകൊണ്ട് ഈജിപ്തിലേയ്ക്കുള്ള വഴിയേ വേഗം പോവുക. രണ്ടുപേർ ഇങ്ങോട്ടു വരുന്നുണ്ടായിരുന്നു. ഒരാൾ ഇപ്പോൾ മരിച്ചു. നിങ്ങൾ വേഗം ചെന്നില്ലെങ്കിൽ മറ്റെയാളും മരിക്കും. ഇക്കാര്യം ഞാൻ ഇപ്പോൾ പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ കർത്താവ് എനിക്കു വെളിപ്പെടുത്തിയതാണ്.

സന്യാസിമാർ ഇതനുസരിച്ച് വേഗം പോവുകയും മരിച്ചയാളുടെ ദേഹവും വളരെ അവശനായി കിടന്ന മറ്റെയാളിനെയും കാണുകയും ചെയ്തു. അവശനായ ആളിനെ അവർ വെള്ളം കൊടുത്തു ശക്തിപ്പെടുത്തി. മരിച്ചയാളിൻെറ ദേഹം മറവുചെയ്തു ശേഷം അവരെല്ലാവരും കൂടെ ആൻറണിയുടെ അടുത്തേയ്ക്കു

www.malankaralibrary.com



തിരിച്ചുപോയി. ഒരു ദിവസത്തെ യാത്രയ്ക്കുള്ള അകലമുണ്ടായി
രുന്നു ആ രണ്ടു സ്ഥലങ്ങൾക്കുമിടയിൽ. ആദ്യത്തെ മനുഷ്യൻ
മരിക്കുന്നതിനുമുമ്പ് ആൻറണി എന്തുകൊണ്ട് ഇടപെട്ടില്ല എ
ന്നാരെങ്കിലും ചോദിച്ചാൽ ആ ചോദ്യത്തിനു നീതീകരണമില്ല.
കാരണം മരണത്തിനുള്ള കല്പന പുറപ്പെടുവിച്ചതു് ആൻറണിയ
ല്ല, ദൈവമാണ്. ഒരാൾ മരിക്കണമെന്നും മറ്റെയാൾ അപ്പോൾ
മരിക്കേണ്ടെന്നും ദൈവം നിശ്ചയിച്ചിരുന്നു. അതനുസരിച്ച്
ആൻറണിക്കു കാര്യങ്ങൾ വെളിപ്പെടുത്തി. ആൻറണിയെ
സംബന്ധിച്ച് ഇതു മാത്രമേ ആശ്ചര്യകരമായിട്ടുള്ളു-അദ്ദേഹം
ശാന്തചിത്തനായി പർവ്വതത്തിനു മുകളിലിരുന്നപ്പോൾ വളരെ
അകലെ നടക്കുന്ന ഒരു കാര്യം ദൈവം അദ്ദേഹത്തിനു വെളി
പ്പെടുത്തി.

60. ഇനി, വേറൊരവസരത്തിലുണ്ടായ ഒരത്ഭുതസംഭവം
പറയാം. അദ്ദേഹം മലയിൽ ഇരിക്കുകയായിരുന്നു. മുകളി
ലേക്കു നോക്കിയപ്പോൾ അദ്ദേഹം ഒരു കാഴ്ച കണ്ടു. മാലാഖാ
മാർ ചേർന്ന് ഒരാളെ ആഘോഷപൂർവ്വം മുകളിലേയ്ക്ക് ആന
യിക്കുന്നു. വഴിക്ക് അദ്ദേഹത്തെ കാണുന്നവരെല്ലാം ആനന്ദ
ഭരിതരായി അദ്ദേഹത്തിന് ഉപചാരം ചെയ്യുന്നു. ഈ കാഴ്ച
കണ്ട് അത്ഭുതപ്പെട്ടുകൊണ്ട് അതിൻെറ അർത്ഥമെന്തെന്നറിയിച്ചു
തരാൻ അദ്ദേഹം ദൈവത്തോടു പ്രാർത്ഥിച്ചു. ഉടൻതന്നെ ഒരു
സ്വരം അദ്ദേഹം കേട്ടു. 'നിത്രിയായിലുള്ള ആമോൻ[37] എന്ന
സന്യാസിയുടെ ആത്മാവാണതു്.' വളരെ വാർദ്ധക്യം വരെ
താപസജീവിതം നയിച്ച ഒരാളായിരുന്നു ആമോൻ. ആമോൻെറ
വാസസ്ഥലത്തുനിന്ന് ആൻറണിയുടെ വാസസ്ഥലത്തേയ്ക്ക്
പതിമൂന്നു ദിവസത്തെ യാത്രയുടെ അകലമുണ്ടായിരുന്നു. ആൻറ
ണിയുടെ മുഖത്തെ ആശ്ചര്യഭാവം കണ്ട് അതിൻെറ കാരണം
എന്താണെന്ന് അടുത്തുണ്ടായിരുന്നവർ ചോദിക്കുകയും, ആമോൻ
ദിവംഗതനായ വിവരം അദ്ദേഹം അവരോടു പറയുകയും ചെയ്തു.

ആമോൻ വളരെ പ്രസിദ്ധനായ ഒരു താപസനായിരുന്നു.
അദ്ദേഹം ആൻറണിയെ സന്ദർശിക്കാൻ പലപ്രാവശ്യം വന്നിട്ടു
ള്ളതാണ്. അദ്ദേഹത്തിലൂടെ പലേ അത്ഭുതങ്ങളും നടന്നിട്ടു
മുണ്ട്. അവയിൽ ഒരു സംഭവം ഇവിടെ പറയാം. ഒരിക്കൽ
ലൈക്കസ് എന്ന നദി അദ്ദേഹത്തിനു കടക്കേണ്ടിവന്നു. അതു്
വെള്ളപ്പൊക്കത്തിൻെറ സമയമായിരുന്നു. അദ്ദേഹത്തിൻെറ
കൂടെ തിയഡോർ എന്നു പേരായ സന്യാസി ഉണ്ടായിരുന്നു.

37. പല്ലാഡിയുസ്. ലൗസിയാക് ചരിത്രം, 8.



വെള്ളത്തിലൂടെ നീന്തിപ്പോകുമ്പോൾ പരസ്പരം നഗ്നശരീരം
കാണാതിരിക്കാൻവേണ്ടി തിയഡോർ മുമ്പോട്ടു പൊയ്ക്കൊ
ള്ളാൻ ആമോൻ ആവശ്യപ്പെട്ടു. തിയഡോർ കുറെ മുമ്പോട്ടു
പോയപ്പോൾ അദ്ദേഹം വസ്ത്രങ്ങൾ ഊരാൻ തുടങ്ങി. അപ്പോൾ
സ്വന്തം നഗ്നതയെക്കുറിച്ച് അദ്ദേഹത്തിനു വളരെ സങ്കോചം
തോന്നി. അങ്ങനെ വിഷണ്ണനായി നിൽക്കുമ്പോൾ ദൈവ
ശക്തിയാൽ അദ്ദേഹം പെട്ടെന്ന് അക്കരെയിലേയ്ക്ക് ആനയിക്ക
പ്പെട്ടു. തിയഡോറും പുണ്യചരിതനായ ഒരു മനുഷ്യനായി
രുന്നു. അദ്ദേഹം മറുകരെ എത്തിയപ്പോൾ ആമോൻ നേരത്തെ
അവിടെ എത്തിച്ചേർന്നിരിക്കുന്നതും അദ്ദേഹത്തിൻെറ ശരീരവും
വസ്ത്രവും ഒട്ടും നനഞ്ഞിട്ടില്ലെന്നതും കണ്ട് ആശ്ചര്യഭരിത
നായി. ഇതെങ്ങനെ സംഭവിച്ചു എന്ന് അദ്ദേഹം ചോദിച്ചു.
ആമോൻ വിവരം പറയാൻ വൈമനസ്യം പ്രകടിപ്പിക്കുന്നതു
കണ്ടപ്പോൾ തിയഡോർ അദ്ദേഹത്തിൻെറ കാലിൽ കെട്ടി
പ്പിടിച്ചുകൊണ്ട് കാര്യം അറിയാതെ താൻ അവിടെനിന്ന്
എഴുന്നേൽക്കുകയോ കാലിലെ പിടി വിടുകയോ ഇല്ല എന്നു
തറപ്പിച്ചു പറഞ്ഞു. തിയഡോറിൻെറ നിർബന്ധം കാരണം
ആമോൻ വിവരം പറയാൻ തയ്യാറായി. പക്ഷെ തൻെറ
മരണംവരെ ഇക്കാര്യം ആരോടും പറയുകയില്ലെന്ന് അദ്ദേഹം
തിയഡോറിനെക്കൊണ്ടു പ്രതിജ്ഞ ചെയ്യിച്ചു. താൻ ദൈവ
ത്തിൻെറ പ്രത്യേകമായ അനുഗ്രഹത്താൽ നദിക്കു മുകളിലൂടെ
കൊണ്ടുവരപ്പെട്ടതാണെന്നും താൻ വെള്ളത്തിനുമീതെ നടന്നി
ല്ലെന്നും അദ്ദേഹം അറിയിച്ചു. കർത്താവിനും അവിടുന്ന് അനു
വദിക്കുന്ന ആളുകൾക്കുമല്ലാതെ മനുഷ്യർക്കാർക്കും ഇതു സാധ്യ
മല്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. അപ്പസ്തോലപ്രമുഖനായ
പത്രോസിനെ അവിടുന്ന് വെള്ളത്തിനു മീതെ നടത്തിയല്ലോ
(മത്താ. 14:29). ഈ സംഭവം ആമോൻെറ മരണത്തിനുശേഷം
തിയഡോർ വെളിപ്പെടുത്തി.

ആമോൻെറ മരണത്തെക്കുറിച്ച് ആൻറണി പറഞ്ഞ ദിവ
സവും സമയവും അതു കേട്ടുകൊണ്ടുനിന്ന താപസന്മാർ
പ്രത്യേകം ഓർമ്മയിൽ വച്ചു. ഒരു മാസത്തിനുശേഷം നിത്രി
യായിൽനിന്നു സഹോദരന്മാർ വന്നപ്പോൾ അവർ വിവരം
അന്വേഷിച്ചു. ആമോൻെറ ആത്മാവ് സ്വർഗ്ഗത്തിലേക്ക്
ആനയിക്കപ്പെടുന്നതായി ആൻറണി ദർശനത്തിൽ കണ്ട ആ
സമയത്തുതന്നെയാണ് ആമോൻ നിദ്രപ്രാപിച്ചതെന്ന് അവർക്കു
മനസ്സിലായി. ആൻറണിയുടെ ആത്മാവിൻെറ പരിശുദ്ധി
യെക്കുറിച്ച് അവരും മറ്റുള്ളവരും വിസ്മയഭരിതരായി. പതി

www.malankaralibrary.com



മൂന്നു ദിവസത്തെ വഴി അകലെ നടന്ന ഒരു സംഭവം അതേ സമയം അദ്ദേഹം അറിയുകയും ആത്മാവു സ്വർഗ്ഗത്തിലേക്കു സംവഹിക്കപ്പെടുന്നതു് കാണുകയും ചെയ്തല്ലോ.

61. മറ്റൊരു സംഭവം: ഗവർണർ അർക്കെലാവൂസ് ഒരിക്കൽ പർവതപ്രദേശത്തുവന്നു് ആൻറണിയെ സന്ദർശിച്ചു. ലവോഡീഷ്യാ എന്ന സ്ഥലത്തുള്ള വളരെ ബഹുമാന്യയായ പോളിക്രാഷ്യാ എന്ന ക്രിസ്തുവാഹകയായ കന്യകയ്ക്കുവേണ്ടി പ്രാത്ഥിക്കണമെന്നു് അദ്ദേഹത്തോടു് ആവശ്യപ്പെട്ടു. അവരുടെ കർശനമായ താപസജീവിതം കാരണം അവരുടെ വയററിലും വശങ്ങളിലും ഭയങ്കര വേദനയുണ്ടായിരുന്നു. അവരുടെ ശരീരം വളരെ ദുർബലമായ ഒരവസ്ഥയിലുമായിരുന്നു. ആ മഹതിക്കു വേണ്ടി ആൻറണി പ്രാർത്ഥിച്ചു. പ്രാർത്ഥനയുടെ ദിവസവും സമയവും അർക്കെലാവൂസ് കുറിച്ചിട്ടു. അദ്ദേഹം ലവോഡീഷ്യായിൽ തിരിച്ചെത്തിയപ്പോൾ പോളിക്രാഷ്യാ ആരോഗ്യവതിയായിരിക്കുന്നതു് അദ്ദേഹം കണ്ടു. അസുഖം മാറിയതു് എപ്പോഴാണു് എന്നന്വേഷിച്ചുകൊണ്ടു് പ്രാത്ഥനയുടെ സമയം രേഖപ്പെടുത്തിയ കടലാസു് അദ്ദേഹം അവരെ കാണിച്ചു. ആൻറണി അവൾക്കുവേണ്ടി പ്രാത്ഥിച്ച സമയത്തുതന്നെയാണു് ആ മഹതിയുടെ അസുഖം നീങ്ങിയതു് എന്നുകണ്ടു് എല്ലാവരും ആശ്ചര്യപ്പെട്ടു.

62. അദ്ദേഹത്തിൻെറ അടുത്തുചെന്നവരുടെ കാര്യമാണെങ്കിൽ, അവർ വരുന്ന കാര്യം പലപ്പോഴും അദ്ദേഹം മുൻകൂട്ടി പറഞ്ഞിരുന്നു. ദിവസങ്ങളും ചിലപ്പോൾ ഒരു മാസംതന്നെയും മുമ്പെയായിരിക്കും അദ്ദേഹം വിവരം പറയുക. അവരുടെ ആഗമനോദ്ദേശ്യം എന്താണെന്നും അദ്ദേഹം പറയും. ചിലർ അദ്ദേഹത്തെ സന്ദർശിക്കാൻ മാത്രം വരുന്നതായിരിക്കും. ചിലർ രോഗങ്ങളിൽനിന്നും ചിലർ പിശാചുക്കളുടെ ബാധയിൽനിന്നും മോചനം നേടാനായിരിക്കും. ദീർഘയാത്രയുടെ ക്ലേശങ്ങൾ നഷ്ടമോ കഷ്ടപ്പാടോ ആയി അവരാരും കരുതിയില്ല. തനിക്കു് എന്തെങ്കിലും സഹായം ലഭിച്ചു എന്ന ഉറപ്പോടുകൂടിയാണു് ഓരോരുത്തരും തിരിച്ചുപോയതു്. ഇങ്ങനെ പല വിശിഷ്ട കാര്യങ്ങളും ചെയ്തിരുന്നെങ്കിലും അവയുടെ പേരിൽ ആരും തന്നെ ശ്ലാഘിക്കരുതെന്നും കർത്താവിനെയാണു സ്തുതിക്കേണ്ടതെന്നും അദ്ദേഹം എല്ലാവരെയും എപ്പോഴും അനുസ്മരിപ്പിച്ചിരുന്നു; കേവലം മനുഷ്യരായ നമുക്കു് നമ്മുടെ കഴിവിൻെറ പരമാവധിവരെ തന്നെക്കുറിച്ചു മനസ്സിലാക്കാനുള്ള അനുഗ്രഹം അവിടുന്നു നൽകിയല്ലോ.



63. വേറൊരവസരത്തിൽ അദ്ദേഹം നാട്ടിലുള്ള സന്യാസികളെ സന്ദർശിക്കാനായി ഒരിക്കൽക്കൂടെ വന്നു. ആ സന്ദർഭത്തിൽ ഒരു കപ്പലിൽ പ്രവേശിച്ചു് മററു താപസന്മാരോടൊപ്പം പ്രാർത്ഥിക്കാൻ അദ്ദേഹം ക്ഷണിക്കപ്പെട്ടു. കപ്പലിൽ ചെന്നപ്പോൾ അദ്ദേഹത്തിനുമാത്രം അതിഭയങ്കരവും രൂക്ഷവുമായ ഒരു ഗന്ധം അനുഭവപ്പെട്ടു. കപ്പലിൽ മത്സ്യവും ഉപ്പിട്ട മാംസവും ഉണ്ടെന്നും ഗന്ധംവരുന്നതു് അവയിൽനിന്നായിരിക്കുമെന്നും കപ്പലിലെ ജോലിക്കാർ പറഞ്ഞു. എന്നാൽ ദുർഗ്ഗന്ധം അതിൻേറതല്ല എന്നു് ആൻറണി തറപ്പിച്ചുപറഞ്ഞു. അദ്ദേഹ അങ്ങനെ സംസാരിച്ചുകൊണ്ടു നിൽക്കുമ്പോൾ കപ്പലിൽനിന്നു് ശക്തിയായ ഒരലർച്ച കേട്ടു. കപ്പലിൽ ഒളിച്ചുകയറി വേലക്കാരനായി കൂടിയിരുന്ന ഒരു യുവാവായിരുന്നു ആ അലർച്ച പുറപ്പെടുവിച്ചതു്. അവനെ പിശാചു ബാധിച്ചിട്ടുണ്ടായിരുന്നു. ആൻറണി ആ പിശാചിനെ നമ്മുടെ കർത്താവായ യേശുവിൻെറ നാമത്തിൽ ശാസിച്ചപ്പോൾ അതു് ആ യുവാവിനെ വിട്ടുപോവുകയും യുവാവു് സ്വസ്ഥത പ്രാപിക്കുകയും ചെയ്തു. അപ്പോൾ നേരത്തേ അനുഭവപ്പെട്ട ദുർഗ്ഗന്ധം ആ പിശാചിൽനിന്നുള്ളതാണെന്നു് എല്ലാവർക്കും മനസ്സിലായി.

64. വേറൊരവസരത്തിൽ ഉന്നതകുലജാതനായ ഒരു യുവാവു് ആൻറണിയുടെ പക്കൽ ആനീതനായി. അയാളെ ആവേശിച്ചിരുന്ന പിശാചു് അത്ര ഭയങ്കരനായിരുന്നതിനാൽ താൻ ആൻറണിയുടെ പക്കലാണു് എത്തിയിരിക്കുന്നതു് എന്ന കാര്യം പോലും ആ യുവാവിനു മനസ്സിലായില്ല. അയാൾ സ്വന്തം ശരീരത്തിലെ വിസർജ്ജനംപോലും ഭക്ഷിക്കുമായിരുന്നു. അയാളെ കൊണ്ടുവന്നവർ അയാൾക്കുവേണ്ടി പ്രാർത്ഥിക്കാൻ ആൻറണിയോടു യാചിച്ചു. ആ യുവാവിനോടു സഹതാപം തോന്നിയ ആൻറണി രാത്രിമുഴുവൻ അയാളോടൊപ്പം ഉണർന്നിരിക്കുയും അയാൾക്കുവേണ്ടി പ്രാത്ഥിക്കുയും ചെയ്തു. പ്രഭാതമടുത്തപ്പോൾ അയാൾ ആൻറണിയുടെ നേരേ പാഞ്ഞുചെന്നു് അദ്ദേഹത്തെ തള്ളിമറിച്ചിട്ടു. ഇതിനെക്കുറിച്ചു് അയാളുടെ കൂട്ടുകാർ വളരെ വിഷണ്ണരായി. പക്ഷെ ആൻറണി പറഞ്ഞു, "യുവാവിനോടു് നിങ്ങൾ കോപിക്കരുതേ. കാരണം ഈ കൃത്യത്തിനുത്തരവാദി അവനല്ല, അവനിലെ പിശാചാണു്. ശകാരിക്കപ്പെടുകയും വെള്ളമില്ലാത്ത സ്ഥലങ്ങളിലേയ്ക്കു പോകാൻ ആജ്ഞാപിക്കപ്പെടുകയും ചെയ്തതുകൊണ്ടു് (ലൂക്കാ. 11:24) അവൻ പുറത്തുപോയവഴി എന്നോടിങ്ങനെ ചെയ്തതാണു്. അതിനാൽ നിങ്ങൾ കർത്താവിനു നന്ദി പറയുക. യുവാവു് എന്നെ ഈ വിധം ആക്രമിച്ചതു് പിശാചു് വേർപെട്ടുപോയതിൻെറ അടയാളമാണു്." ആൻറണി ഇതു പറഞ്ഞപ്പോൾ

www.malankaralibrary.com



ആ യുവാവ് സ്വസ്ഥനായിക്കഴിഞ്ഞിരുന്നു. സുബോധം കൈവന്നു കഴിഞ്ഞപ്പോൾ, താൻ എവിടെയാണെന്ന് അയാൾക്കു മനസ്സിലായി. ദൈവത്തിനു നന്ദിപറഞ്ഞുകൊണ്ടു് അയാൾ ആൻറണിയെ ആശ്ലേഷിച്ചു.

## ദർശനങ്ങൾ

65. ആൻറണിയിലൂടെ നടന്ന അത്ഭുത സംഭവങ്ങളെക്കുറിച്ച് അനേകം സന്യാസിമാർക്കു കഥകൾ പറയാനുണ്ടു്– അവയെല്ലാം പരസ്പരം യോജിക്കുന്നതാണു താനും. കൂടുതൽ ആശ്ചര്യകരങ്ങളായ ചില സംഭവങ്ങളോടു താരതമ്യപ്പെടുത്തുമ്പോൾ അവയിൽ ചിലതു് ആശ്ചര്യകരമല്ലെന്നു തോന്നും. ഉദാഹരണമായി ഒരു സംഭവം പറയാം. ഒരു ദിവസം ഒമ്പതാം മണിക്കൂറിൽ അദ്ദേഹം ഭക്ഷണത്തിനുമുമ്പു പ്രാർത്ഥിക്കുന്നതിനായി എഴുന്നേററുനിന്നപ്പോൾ താൻ ആത്മീയമായി ദൂരേക്കു് വഹിക്കപ്പെടുന്നതായി അദ്ദേഹത്തിനു് അനുഭവപ്പെട്ടു. തന്നിൽ നിന്നു പുറത്തുവന്ന തനിക്കു് തന്നെത്തന്നെ കാണാൻ സാധിക്കുമായിരുന്നെന്നതാണ് ഏററം വിചിത്രം. ഏതോ ശക്തികൾ തന്നെ ഉയർത്തിക്കൊണ്ടു പോകുന്നതായി അദ്ദേഹത്തിനു തോന്നി. അറപ്പും ഭയവുമുണ്ടാക്കുന്ന ചില സത്വങ്ങൾ വഴിയിൽ തിങ്ങിനിന്നു് തൻെറ യാത്രയെ തടസ്സപ്പെടുത്താൻ ശ്രമിക്കുന്നതും അദ്ദേഹം കണ്ടു. തൻെറ സഹായികൾ അവയെ എതിരിട്ടപ്പോൾ 'ഇയാൾക്കു ഞങ്ങളെ അനുസരിക്കാതിരിക്കുന്നതിനുള്ള ന്യായം എന്താണ്?' എന്നു് ആ സത്വങ്ങൾ ചോദിച്ചു. ആൻറണിയുടെ ജനനം മുതലുള്ള എല്ലാ വിവരങ്ങളും പറയണമെന്ന് അവർ ആവശ്യപ്പെട്ടു. ആൻറണിയെ കൊണ്ടുപോയ അരൂപികൾ പറഞ്ഞു, ''ആൻറണി സന്യാസിയാകുകയും ദൈവത്തിനു സ്വയം സമർപ്പിക്കുകയും ചെയ്തതിനുശേഷമുള്ള കാര്യങ്ങൾ പറയാം. അതിനു മുമ്പുള്ള കാര്യങ്ങളെല്ലാം ദൈവം മായ്ച്ചുകളഞ്ഞിരിക്കുന്നു.'' അപ്പോൾ ഭീകരസത്വങ്ങൾ പല ആരോപണങ്ങൾ മുമ്പോട്ടു കൊണ്ടുവന്നു. എന്നാൽ അവയൊന്നും തെളിയിക്കാൻ അവർക്കു കഴിഞ്ഞില്ല. അപ്പോൾ അവർ തടസ്സപ്പെടുത്തൽ നീക്കി പിന്മാറി. വഴിയിലെ തടസ്സം നീങ്ങി. തുടർന്നു് അദ്ദേഹം യാത്ര ചെയ്തു് ഭൂമിയിൽ തൻെറതന്നെ അടുത്തെത്തി. വീണ്ടും പഴയ യഥാർത്ഥ ആൻറണിയായിത്തീർന്നു.

ഈ സംഭവത്തെ തുടർന്നു് അദ്ദേഹം ഭക്ഷണം കഴിക്കാൻ മറന്നു് ദീർഘനിശ്വാസം ചെയ്തും പ്രാർത്ഥിച്ചുംകൊണ്ടു് ആ



പകലിൻെറ ബാക്കി ഭാഗവും രാത്രിയും കഴിച്ചുകൂട്ടി. ആകാശത്തിലൂടെ കടന്നുപോകണമെങ്കിൽ എത്രയോ അരൂപികൾക്കെതിരായി നാം സമരം ചെയ്യണമെന്നും എന്തെല്ലാം ക്ലേശങ്ങൾ അനുഭവിക്കണമെന്നും കണ്ടു് അദ്ദേഹം ആശ്ചര്യചകിതനായിപ്പോയിരുന്നു. 'അന്തരീക്ഷശക്തികളുടെ അധീശൻ എന്നു് അപ്പസ്തോലൻ പറഞ്ഞിരിക്കുന്നതു് ഇക്കാര്യം തന്നെയാണല്ലോ എന്നു് അദ്ദേഹം ഓർത്തു (എഫേ. 2:2). സൂക്ഷ്മം ആലോചിച്ചാൽ കടന്നുപോകാൻ ശ്രമിക്കുന്നവരെ എതിർക്കുകയും തടയുകയും ചെയ്യുന്നു എന്ന ഇക്കാര്യത്തിലാണ് ശത്രുവിൻെറ ശക്തി സ്ഥിതി ചെയ്യുന്നതു്. അതുകൊണ്ടുതന്നെ ''ദൈവത്തിൻെറ എല്ലാ ആയുധങ്ങളും ധരിക്കുവിൻ. തിന്മയുടെ ദിനത്തിൽ ചെറുത്തുനിൽക്കാൻ അതുകൊണ്ടുതന്നെ നിങ്ങൾക്കു സാധിക്കും'' (6:13) എന്നും ''അങ്ങനെയായാൽ എതിരാളികൾ നമ്മെപ്പററി ഒരു കുററവും പറയാൻ അവസരമില്ലാത്തതിനാൽ ലജ്ജിക്കും'' എന്നും (തീത്തു. 2:8) അപ്പസ്തോലൻ നമ്മെ ഉദ്ബോധിപ്പിക്കുന്നു. അപ്പസ്തോലൻെറ പ്രസ്തുത ഉദ്ബോധനങ്ങൾ പഠിച്ചു നാം അദ്ദേഹത്തിൻെറ ഈ വാക്കുകൾകൂടെ ഓർമ്മയിൽ വയ്ക്കണം: ''ശരീരത്തോടുകൂടിയോ ശരീരം കൂടാതെയോ എന്നെനിക്കറിവില്ല. അതു് ദൈവത്തിനേ അറിയൂ''. പൗലോസാകട്ടെ മൂന്നാം സ്വർഗ്ഗംവരെ ഉയർത്തപ്പെടുകയും 'അവാച്യവും മനുഷ്യനു വിവരിച്ചുകൂടാത്തതുമായ' വാക്കുകൾ കേൾക്കുകയും ചെയ്തിട്ടു തിരിച്ചുപോന്നു (2 കൊറി. 12:2). താൻ ആകാശത്തിൽ പ്രവേശിക്കുകയും സ്വതന്ത്രനാകുന്നതുവരെ സമരം ചെയ്യുകയും ചെയ്യുന്നതായി ആൻറണി കണ്ടു.

66. അദ്ദേഹത്തിനു് ദൈവത്തിൽനിന്നു് മറെറാരാനുകൂല്യവും ലഭിച്ചിരുന്നു. അദ്ദേഹം പർവതത്തിനു മുകളിലിരുന്നു ധ്യാനിക്കുമ്പോൾ, അദ്ദേഹത്തിൻെറ ചിന്തകൾ ഏതെങ്കിലും പ്രശ്നത്തിനു പരിഹാരം കണ്ടെത്താൻ പരാജയപ്പെടുകയാണെങ്കിൽ, ആ പ്രശ്നപരിഹാരം ദൈവം അദ്ദേഹത്തിനു വെളിപ്പെടുത്തിക്കൊടുക്കുമായിരുന്നു. സന്തോഷവാനായ ആ മനുഷ്യൻ വി. ലിഖിതത്തിൻെറ വാക്കുകളിൽ 'ദൈവത്താൽ പഠിപ്പിക്കപ്പെട്ടവൻ' ആയിരുന്നു.[38] ഈ ആനുകൂല്യം ലഭിച്ച അവസ്ഥയിൽ ഒരിക്കൽ അദ്ദേഹവും ചില സന്ദർശകരുമായി ഒരു ചർച്ച നടന്നു. ആത്മാവിൻെറ ജീവിതത്തെയും ഈലോകത്തിലെ ജീവിതത്തിനുശേഷം അതിനു ലഭിക്കുന്ന സ്ഥാനത്തെയും കുറിച്ചായിരുന്നു ചർച്ച. അടുത്ത രാത്രിയിൽ ഉന്നതങ്ങളിൽനിന്നു്

38. ഏശാ 54:13; യോഹ 6:45; 1 തെസ്സ. 4:9.

www.malankaralibrary.com



ഒരു വിളി അദ്ദേഹം കേട്ടു: 'ആന്റണീ, എഴുന്നേല്ക്കുക, പുറത്തു പോയി നോക്കുക.' അതനുസരിച്ച് അദ്ദേഹം പുറത്തുപോയി— ഏതു സ്വരങ്ങളെയാണ് അനുസരിക്കേണ്ടതെന്ന് അദ്ദേഹത്തിനറിയാമായിരുന്നു — മുകളിലേക്കു നോക്കിയപ്പോൾ വളരെ ഉയരമുള്ള ഒരു രൂപം അദ്ദേഹം കണ്ടു. അതു വളരെ വിരൂപവും ഭീകരവുമായിരുന്നു. ആ രൂപം മേഘമാർഗ്ഗത്തോളം ഉയർന്നു നിന്നിരുന്നു. ചില രൂപങ്ങൾ ചിറകുകളിൽ എന്നപോലെ മുകളിലേയ്ക്കു് ഉയർന്നു. ആദ്യത്തെ രൂപം അതിന്റെ കൈകൾ നീട്ടി അവയെ തടയാൻ ശ്രമിച്ചു. അവയിൽ ചിലവ തടയപ്പെട്ടു. എന്നാൽ വേറെ ചിലവ ആ തടസ്സത്തിനു വിധേയമാകാതെ പറന്നുയർന്നു. അതിനുശേഷം അവയ്ക്കു് യാതൊരു പ്രതിരോധവും ഉണ്ടായില്ല. ആദ്യത്തെ ഭീകരരൂപം അവയെ നോക്കി പല്ലു കടിക്കുകയും തടയപ്പെട്ട രൂപങ്ങളെ നോക്കി ആഹ്ലാദിക്കുകയും ചെയ്തു. ഈ സമയത്തു് ഒരു സ്വരം ആന്റണിയോടു് ഇങ്ങനെ പറഞ്ഞു: 'ദർശനത്തിന്റെ അർത്ഥം മനസ്സിലാക്കുക.' അപ്പോൾ അദ്ദേഹത്തിന്റെ ധാരണാശക്തി തുറക്കപ്പെട്ടു. ആത്മാക്കൾ ഈ ലോകത്തിൽനിന്നു കടന്നുപോകുന്ന ദൃശ്യമാണതെന്ന് അദ്‌ദേഹത്തിനു മനസ്സിലായി. തടസ്സപ്പെടുത്തിക്കൊണ്ടുനിന്ന ഭീകരരൂപി വിശ്വാസികളുടെ ശത്രുവാണെന്നും. തന്റെ സ്വാധീനവലയത്തിൽപ്പെട്ടവരെ അവൻ പിടികൂടുകയും കടന്നുപോകുന്നതിൽനിന്നു തടയുകയും ചെയ്യുന്നു. എന്നാൽ തനിക്കു ജയിച്ചടക്കാൻ കഴിഞ്ഞിട്ടില്ലാത്തവരുടെ പുരോഗതിയെ തടസ്സപ്പെടുത്താൻ അവനു കഴിയുന്നില്ല. ഈ ദർശനം കാണുകയും അതിനെ ഒരു അനുസ്മാരകമായി സ്വീകരിക്കുകയും ചെയ്തുകൊണ്ടു് തന്റെ ആദ്ധ്യാത്മികജീവിതത്തിൽ അനുദിനം പുരോഗമിക്കുവാൻ അദ്ദേഹം കൂടുതലായി പരിശ്രമിച്ചു.

ഈവക ദർശനങ്ങളെക്കുറിച്ച് ആളുകളോടു പറയാൻ അദ്ദേഹത്തിനു താല്പര്യമുണ്ടായിരുന്നില്ല. എന്നാൽ വളരെയേറെ നേരം പ്രാർത്ഥിക്കുകയും ഈ ദർശനങ്ങളുടെ ആശ്ചര്യം അദ്ദേഹത്തെ ആഗിരണം ചെയ്യുകയും കൂട്ടുകാർ അവയെക്കുറിച്ച് നിർബ്ബന്ധപൂർവ്വം ചോദ്യം തുടരുകയും ചെയ്യുമ്പോൾ അദ്ദേഹം അവരോടു കാര്യങ്ങൾ പറയാൻ നിർബ്ബന്ധിതനായിരുന്നു. ഒരു പിതാവ് എന്ന നിലയിൽ അദ്ദേഹത്തിനു് തന്റെ രഹസ്യങ്ങൾ തന്റെ മക്കളിൽനിന്നു മറച്ചുവയ്ക്കാൻ കഴിഞ്ഞില്ല. തന്റെ മനസ്സാക്ഷി ശുദ്ധമാണെന്നും ഇത്തരം കാര്യങ്ങൾ തന്റെ ആദ്ധ്യാത്മിക സന്താനങ്ങളോടു പറയുന്നതു് അവർക്കു സഹായകമായിരിക്കുമെന്നും അദ്ദേഹം അറിഞ്ഞിരുന്നു. സന്യാസജീവി-



തത്തിൽനിന്നു ലഭിക്കുന്ന നന്മകളെക്കുറിച്ചും സന്യാസത്തിന്റെ ക്ലേശങ്ങൾക്കു പ്രതിസമ്മാനമെന്ന നിലയിൽ ലഭിക്കുന്ന ഇത്തരം ദർശനങ്ങളെക്കുറിച്ചും അവർ മനസ്സിലാക്കുമല്ലോ.

## സഭയിലെ ശുശ്രൂഷകരോട് ആന്റണിക്കുണ്ടായിരുന്ന ആദരം

67. ആന്റണി സ്വഭാവത്തിൽ സംയമശീലനും ആത്മാവിൽ വിനയമുള്ളവനും ആയിരുന്നു. അദ്ദേഹം വളരെ പ്രസിദ്ധനായിരുന്നെങ്കിലും സഭയിലെ അധികാരികളോട് ഏററവും അഗാധമായ ബഹുമാനം പ്രകടിപ്പിച്ചിരുന്നു. ഓരോ വൈദികനും[39] തന്നെക്കാൾ അധികമായി ബഹുമാനിക്കപ്പെടണമെന്ന് അദ്ദേഹം ആഗ്രഹിച്ചിരുന്നു. വൈദികരുടെയും മെത്രാന്മാരുടെയും മുന്നിൽ തന്റെ തലകുനിക്കാൻ അദ്ദേഹം ലജ്ജിച്ചിരുന്നില്ല. ഏതെങ്കിലും ഒരു ഡീക്കൻ സഹായത്തിനുവേണ്ടി അടുത്തുവന്നിരുന്നെങ്കിൽ സഹായകരമായ കാര്യങ്ങളെക്കുറിച്ച് അദ്ദേഹം അയാളുമായി ദീർഘനേരം സംസാരിച്ചിരിച്ചിരുന്നു. പ്രാർത്ഥനയുടെ സമയമാകുമ്പോൾ ഡീക്കൻ അതിനു നേതൃത്വം വഹിക്കാൻ അദ്ദേഹം ആവശ്യപ്പെടും. അയാളിൽനിന്നു പഠിക്കാൻ അദ്ദേഹത്തിനു സങ്കോചമുണ്ടായിരുന്നില്ല. യഥാർത്ഥത്തിൽ, അദ്ദേഹം പലപ്പോഴും തന്റെ കൂട്ടുകാരോട് ചോദ്യങ്ങൾ ചോദിക്കുകയും അവരുടെ അഭിപ്രായങ്ങൾ ആരായുകയും ചെയ്തിരുന്നു. മറെറാരാൾ പറയുന്ന ഏതെങ്കിലും കാര്യങ്ങളിൽനിന്ന് തനിക്ക് പ്രയോജനം ലഭിച്ചാൽ അദ്ദേഹം അതു് ഏററുപറയുകയും ചെയ്തിരുന്നു.

അദ്ദേഹത്തിന്റെ മുഖത്തിന് മഹത്തും അവർണ്ണനീയവുമായ ഒരു ആകർഷണീയത ഉണ്ടായിരുന്നു. ദിവ്യരക്ഷകൻ അദ്ദേഹത്തിന് പ്രത്യേകമായ ഒരനുഗ്രഹം നൽകിയിരുന്നു: അദ്ദേഹം അനേകം സന്യാസിമാരുടെ മദ്ധ്യേ സന്നിഹിതനായിരിക്കുമ്പോൾ അപരിചിതനായ ആരെങ്കിലും അദ്ദേഹത്തെ കാണാൻ ആഗ്രഹിച്ചാൽ, അദ്ദേഹത്തിന്റെ കണ്ണുകളാൽ ആകൃഷ്ടനായിട്ടെന്നപോലെ, മറെറല്ലാവരെയും വിട്ട്, അയാൾ അദ്ദേഹത്തിന്റെ അടുത്തേയ്ക്കു് ഓടിയണയും. അദ്ദേഹത്തിന്റെ കിളരമോ

39. clerus, clericus (വൈദികസ്ഥാനി): തെർത്തുല്യൻ, ഏകഭാര്യാത്വം, 12; ഒരിജൻ, ജെറമിയ ഹോമിലി. 11. 3. ആദ്യമായി ഇവരാണ് ഈ വാക്കുകൾ ഉപയോഗിച്ചതു്.

www.malankaralibrary.com



ആകൃതിസൗഭഗമോ അല്ല, അദ്ദേഹത്തിന്റെ സുസ്ഥിതമായ സ്വഭാവവും ആത്മാവിന്റെ വിശുദ്ധിയുമാണ് മറ്റുള്ളവരിൽനിന്ന് അദ്ദേഹത്തെ വേർതിരിച്ചു നിറുത്തിയത്. അദ്ദേഹത്തിന്റെ ആത്മാവ് അക്ഷോഭ്യമായിരുന്നു; ബാഹ്യാകാരം പരമശാന്തവും.[40] ആത്മാവിലെ സന്തോഷം അദ്ദേഹത്തിന്റെ മുഖത്തെ സന്തുഷ്ടഭാവത്തിൽ വെളിപ്പെട്ടു. ശരീരത്തിന്റെ പെരുമാറ്റത്തിൽനിന്ന് അദ്ദേഹത്തിന്റെ ആത്മാവിന്റെ അവസ്ഥ ആക്കും കണ്ടറിയാൻ കഴിയുമായിരുന്നു. ''സന്തുഷ്ടമായ ഹൃദയം മുഖത്തെ പ്രസന്നമാക്കുന്നു. ഹൃദയവ്യഥ ഉന്മേഷം കെടുത്തിക്കളയുന്നു'' എന്ന് വി.ലിഖിതം പറയുന്നുണ്ടല്ലോ (സുഭാഷി.15:13). ലാബാന്റെ മുഖഭാവത്തിൽനിന്ന് അയാൾ തനിക്കെതിരായി ഗൂഢാലോചന നടത്തുന്നുവെന്ന് യാക്കോബ് മനസ്സിലാക്കി. യാക്കോബ് തന്റെ ഭാര്യമാരോടു പറഞ്ഞു, ''നിങ്ങളുടെ പിതാവിന്റെ മുഖഭാവം ഇന്നലത്തെയോ അതിന്റെ തലേ ദിവസത്തെയോ പോലെയല്ല. (ഉല്പ 31:5). ശാമുവേൽ ദീർഘദർശി ദാവീദിനെ തെരഞ്ഞെടുത്തതും അവന്റെ മുഖഭാവത്തെ അടിസ്ഥാനമാക്കിയാണ്: ദാവീദിന് സന്തോഷം ജനിപ്പിക്കുന്ന കണ്ണുകളും പാലുപോലെ വെണ്മയുള്ള പല്ലുകളും ഉണ്ടായിരുന്നു (1 ശാമു.16:12). ഇതുപോലെ തന്നെയാണ് ആന്റണിയും തിരിച്ചറിയപ്പെട്ടിരുന്നത്. അദ്ദേഹം ഒരിക്കലും ഉദാസീനനായിരുന്നില്ല, എന്തെന്നാൽ അദ്ദേഹത്തിന്റെ ആത്മാവു ശാന്തമായിരുന്നു; അദ്ദേഹം ഒരിക്കലും ദുഃഖിതനായിരുന്നില്ല: എന്തെന്നാൽ അദ്ദേഹത്തിന്റെ മനസ്സിൽ സന്തോഷമുണ്ടായിരുന്നു.

## വിശ്വാസത്തോടുള്ള അദ്ദേഹത്തിന്റെ വിധേയത്വം

68. വിശ്വാസസംബന്ധമായ കാര്യങ്ങളിൽ അദ്ദേഹത്തിന്റെ നിഷ്ഠ പ്രശംസനീയമായിരുന്നു. ഉദാഹരണത്തിന് മെലീഷ്യൻ ശീശ്മക്കാരുമായി[41] അദ്ദേഹം യാതൊരുവിധ സമ്പർക്കത്തിലും ഏർപ്പെട്ടിരുന്നില്ല. ആദ്യംമുതൽതന്നെ അവരുടെ ദുഷ്ടതയെയും മതവിരോധത്തെയുംകുറിച്ച് അറിയാമായിരുന്നതുകൊണ്ടാണിത്. മനിക്കേയന്മാരോടും[42] അദ്ദേഹം സൗഹാർദ്ദപരമായി ഇടപെട്ടിരുന്നില്ല. പാഷണ്ഡതക്കാരായ ആരോടും അവരുടെ അബദ്ധവിശ്വാസങ്ങളെ കുറ്റപ്പെടുത്താനും സത്യവിശ്വാസത്തിലേക്ക് തിരിച്ചുവരുന്നതിന് ഉദ്ബോധിപ്പിക്കാനും വേണ്ടിയല്ലാതെ അദ്ദേഹം ഇടപ്പെട്ടിരുന്നില്ല. പാഷണ്ഡികളോടുള്ള സഹകരണവും കൂട്ടുകെട്ടും ആത്മാവിന് ഉപദ്രവവും നാശവും വരുത്തുമെന്ന് അദ്ദേഹം വിചാരിക്കയും പഠിപ്പിക്കയും ചെയ്തിരുന്നു. ആര്യൻപാഷണ്ഡതയെയും[43] അദ്ദേഹം വെറുത്തിരുന്നു. അവരുടെ അടുത്തു പോവുകയും അവരുടെ തലതിരിഞ്ഞ വിശ്വാസത്തിൽ പങ്കുചേരുകയും ചെയ്യരുതെന്ന് അദ്ദേഹം എല്ലാവരെയും ഉദ്ബോധിപ്പിച്ചിരുന്നു. ഒരിക്കൽ കുറെ ആര്യൻ മതഭ്രാന്തന്മാർ അദ്ദേഹത്തിന്റെ അടുത്തുവന്നു. അദ്ദേഹം അവരെ വിശദമായി ചോദ്യം ചെയ്തു. അവരുടെ അബദ്ധ വിശ്വാസത്തെക്കുറിച്ചു ബോദ്ധ്യം വന്നപ്പോൾ അദ്ദേഹം അവരെ ആ പർവ്വതത്തിൽനിന്ന് ഓടിച്ചു. അവരുടെ വാക്കുകൾ സർപ്പവിഷത്തേക്കാൾ ഭയങ്കരമാണെന്നു പറഞ്ഞുകൊണ്ടാണ് അവരെ ഓടിച്ചത്.

---

40 'apatheia': ഇതേപ്പറ്റി, cfr, *Ancient Christian Writers* 10 p. 126, n. 227

41 മെലീഷ്യൻശീശ്മ മെലീഷ്യസ് എന്ന മെത്രാൻ തുടങ്ങിയതാണ്. ഈജിപ്തിൽ ലിക്കോപ്പൊലീസിലെ മെത്രാനായിരുന്നു അദ്ദേഹം. ഡയോക്ലീഷന്റെ മതപീഡനകാലത്ത് അലക്സാന്ത്രിയായിലെ പീറ്റർ ഒളിസ്ഥലത്തിരുന്നുകൊണ്ട് സഭയെ നയിച്ചു. തദവസരം മെലീഷ്യസ് മറ്റു മെത്രാന്മാരുടെ രൂപതകളിൽ കടന്ന് പട്ടം കൊടുക്കാനും അധികാരം പ്രയോഗിക്കാനും തുടങ്ങി. 305/6-ൽ അലക്സാന്ത്രിയായിൽ കൂടിയ സിനഡ് മെലീഷ്യസിനെ മുടക്കി. ഉടനെ അദ്ദേഹം സഭയിൽ പിളർപ്പുണ്ടാക്കി. അതു്, നൂറ്റാണ്ടുകളോളം തന്നെ നിലനിന്നു. 'രക്തസാക്ഷികളുടെ സഭ' എന്ന പേരിൽ അവർ ഒരു സമൂഹത്തെ രൂപീകരിച്ചു. ആരിയൂസ് കുറേനാൾ ഈ വിഭാഗത്തിൽപ്പെട്ടയാളായിരുന്നു.

42 മാനി എന്നയാൾ (216-275) തുടങ്ങിയ ഗ്നോസ്റ്റിക് പാഷണ്ഡതയാണ് മാനിക്കെയിസം. സൊറൊവാഷ്ട്രിയനിസം, ഹെല്ലനിസം, ക്രിസ്തുമതം എന്നിവയുടെ ഒരു സങ്കലനമാണിതു്. ക്രിസ്തുമതം വ്യാപിച്ചിടങ്ങളിലൊക്കെ ഇതും പരന്നിരുന്നു. ഏഷ്യയിലെ ചിലയിടങ്ങളിൽ മധ്യകാലഘട്ടംവരെ ഇതു നിലനിന്നു. ഒരുകാലത്ത് വി. അഗസ്റ്റിനും ഒരു മാനിക്കേയൻ ചിന്താഗതിക്കാരനായിരുന്നു.

43 നാലാം നൂറ്റാണ്ടിലെ ഏറ്റം വലിയ പാഷണ്ഡതയുടെ ഉപജ്ഞാതാവാണ് ആരിയൂസ്. ആരിയനിസം എന്ന പാഷണ്ഡത പുത്രന്റെ ദൈവത്വത്തെ നിഷേധിക്കുന്നു. നിഖ്യാസൂനഹദോസ് ഇതിനെതിരെയാണ് സമ്മേളിച്ചതു് (cfr. ജി. ചേടിയത്ത്, ആദിമസഭാപിതാക്കൻമാർ, പേ. 1 ff.). അത്തനാസ്യോസിന്റെ ജീവിതവുമായി അഭേദ്യം ബന്ധപ്പെട്ടതാണ് ആരിയനിസത്തിന്റെ ചരിത്രം.

www.malankaralibrary.com



69. ഒരിക്കൽ ആര്യൻ പാഷണ്ഡതക്കാർ ആൻറണിയുടെ വിശ്വാസവും അവരുടേതുപോലെയാണെന്ന് നുണ പറഞ്ഞു പരത്തി. അപ്പോൾ തനിക്ക് അവരോടു കോപവും അമർഷവും ഉണ്ടെന്ന് അദ്ദേഹം വെളിപ്പെടുത്തി. സഹോദരന്മാരുടെയും മെത്രാന്മാരുടെയും അഭ്യർത്ഥനയനുസരിച്ച് അദ്ദേഹം പർവ്വതത്തിൽനിന്നു താഴെയിറങ്ങി അലക്സാൺഡ്രിയായിലെത്തി ആര്യന്മാരുടെ പ്രചാരണങ്ങളെല്ലാം പൊളിയാണെന്നു പ്രഖ്യാപിച്ചു. ആര്യൻ പാഷണ്ഡത എല്ലാ പാഷണ്ഡതകളെക്കാളും നിന്ദ്യവും അന്തിക്രിസ്തുവിന്റെ മുന്നോടിയുമാണെന്ന് അദ്ദേഹം പ്രസ്താവിച്ചു. ദൈവപുത്രൻ ഒരു സൃഷ്ടിയോ ഇല്ലായ്മയിൽനിന്ന് ഉണ്മയിലേക്കു വന്നവനോ അല്ലെന്നും താൻ 'നിത്യമായ വചന'വും 'പിതാവിന്റെ സത്തയുടെ വിജ്ഞാനവും' ആണെന്നും അദ്ദേഹം ജനങ്ങളെ പഠിപ്പിച്ചു. 'പുത്രൻ ഇല്ലാതിരുന്ന ഒരു കാലം ഉണ്ടായിരുന്നു'[44] എന്നു പറയുന്നതു് വിശ്വാസവിരുദ്ധമാണെന്നും അദ്ദേഹം ജനങ്ങളെ ഉദ്ബോധിപ്പിച്ചു; എന്തുകൊണ്ടെന്നാൽ 'വചനം' എന്നും പിതാവിനോടുകൂടെ ഉണ്ടായിരുന്നു. ഏററവും നിരീശ്വരന്മാരായ ആര്യന്മാരുമായി യാതൊരു സമ്പർക്കവും പാടില്ലെന്നും പ്രകാശത്തിന് അന്ധകാരത്തോട് കൂട്ടുകെട്ടു സാദ്ധ്യമല്ലെന്നും (2 കൊരി. 6:14). അദ്ദേഹം ജനങ്ങളെ പഠിപ്പിച്ചു. അദ്ദേഹം അവരോടു പറഞ്ഞു: നാം 'ദൈവഭയമുള്ള ക്രിസ്ത്യാനികളാണെന്ന് നിങ്ങൾ എപ്പോഴും ഓർക്കണം. പിതാവായ ദൈവത്തിന്റെ വചനമായ പുത്രൻ ഒരു സൃഷ്ടിയാണെന്ന് ആര്യർ പറയുന്നു. അതിനാൽ അവർ സ്രഷ്ടാവിന്റെ സ്ഥാനത്തു സൃഷ്ടികളെ ആരാധിക്കുന്ന പുറജാതികളെക്കാൾ ഒരു തരത്തിലും മെച്ചപ്പെട്ടവരല്ല (റോമ. 1:25). സകല സൃഷ്ടികളും അവരോടു കോപാകുലരായിരിക്കുമെന്നും നിങ്ങൾ ഉറപ്പായി കരുതിക്കൊള്ളുക എന്തെന്നാൽ എല്ലാററിന്റെയും സ്രഷ്ടാവും കർത്താവുമായവനെ അവർ സൃഷ്ടികളുടെകൂടെ ഉൾപ്പെടുത്തുന്നു. എല്ലാ വസ്തുക്കളും അവയുടെ ഉണ്മയ്ക്കു് ആരോടു കടപ്പെട്ടിരിക്കുന്നുവോ, ആ കർത്താവിനെയാണ് അവർ കേവലം സൃഷ്ടിയായി കണക്കാക്കുന്നതു്'.

70. ക്രിസ്തുവിനെതിരായി സമരംചെയ്യുന്ന ആ പാഷണ്ഡതയെ ആൻറണിയെപ്പോലുള്ള ഒരാൾ ശപിക്കുന്നതുകേട്ട് ജനങ്ങൾ ആഹ്ലാദിച്ചു. നഗരത്തിലെ എല്ലാ ജനങ്ങളും ആൻറണിയെ കാണാനായി ഓടിക്കൂടി. പുറജാതിക്കാരും അവരുടെ

44. ആരിയൂസ് ഇപ്രകാരം പഠിപ്പിച്ചു. തിയഡോറൈററ്, സഭാചരിത്രം, 1. 5. 3.



പുരോഹിതന്മാരെന്നു പറയപ്പെടുന്നവരുംപോലും മലമുകളിലെത്തി. അവർ പറഞ്ഞു, 'ദൈവത്തിന്റെ മനുഷ്യനെ കാണാൻ ഞങ്ങൾക്കു താത്പര്യമുണ്ട്.'–എല്ലാവരും അദ്ദേഹത്തെ ദൈവത്തിന്റെ മനുഷ്യൻ എന്നാണു വിളിച്ചിരുന്നതു്. അവിടെ വച്ചും ദൈവം ആൻറണി വഴിയായി അനേകരിൽനിന്നു പിശാചുക്കളെ പുറത്താക്കുകയും അനേകം മാനസികരോഗികളെ സുഖമാക്കുകയും ചെയ്തു. പുറജാതികൾപോലും അദ്ദേഹത്തെ ഒന്നു തൊടുന്നതിനുള്ള അനുവാദത്തിനപേക്ഷിച്ചു. അതുമൂലം പ്രയോജനം ലഭിക്കുമെന്നവർ കരുതി. സാധാരണഗതിയിൽ ഒരു കൊല്ലം ക്രിസ്തുമതത്തിൽ ചേരുന്നത്ര ആളുകൾ ആ ചുരുങ്ങിയ ദിവസങ്ങൾ കൊണ്ടു് ക്രിസ്തുമതം അവലംബിച്ചു. ആളുകൾ അദ്ദേഹത്തിനു ശല്യമാകുമെന്ന് ചിലർ കരുതി. അതിനാൽ ആളുകളെ അദ്ദേഹത്തിൽനിന്ന് അകററിനിർത്താൻ അവർ ശ്രമിച്ചു. എന്നാൽ യാതൊരു അലോസരവും ഇല്ലാത്തവനായി അദ്ദേഹം പറഞ്ഞു, 'ഞങ്ങൾ പർവ്വതത്തിൽ എത്രയോ അസംഖ്യം പിശാചുക്കളെ എതിരിടുന്നു. ഈ ആളുകൾ അത്രയും സംഖ്യയില്ല'.

71. അദ്ദേഹം പർവ്വതത്തിലേക്കു പോകാൻ ഒരുങ്ങി. ഞങ്ങൾ അദ്ദേഹത്തെ യാത്രയാക്കി. ആ സമയത്തു് ഞങ്ങളുടെ പിന്നിൽനിന്ന് ഒരു സ്ത്രീ ഉറക്കെ വിളിച്ചു പറഞ്ഞു, 'ദൈവത്തിന്റെ മനുഷ്യാ, ഒന്നു നിൽക്കണേ, ഒരു പിശാച് എന്റെ മകളെ വല്ലാതെ ഉപദ്രവിക്കുന്നു. അങ്ങു ദയവായി ഒന്നു നിൽക്കണേ. അല്ലെങ്കിൽ ഞാൻ ഓടിയോടി എന്നെത്തന്നെ ഉപദ്രവിക്കേണ്ടിവരും'.

ആൻറണി അവളുടെ വാക്കുകൾ കേട്ടു. നിൽക്കാൻ ഞങ്ങൾ അദ്ദേഹത്തോടപേക്ഷിച്ചു. അദ്ദേഹം സന്തോഷപൂർവ്വം നിന്നു. സ്ത്രീ അദ്ദേഹത്തിന്റെ അടുത്തെത്തിയപ്പോൾ അവളുടെ കുട്ടി നിലത്തേക്ക് എറിയപ്പെട്ടു. ആൻറണി ക്രിസ്തുവിന്റെ നാമം വിളിച്ചപേക്ഷിച്ചു. പിശാച് അവളെ വിട്ടുപോയപ്പോൾ ആ പെൺകുട്ടി സുഖപ്പെട്ടു് എഴുന്നേററുനിന്നു. ആ അമ്മ ദൈവത്തെ സ്തുതിച്ചു. എല്ലാവരും ദൈവത്തിനു നന്ദിപറഞ്ഞു. തന്റെ സ്വന്തം ഭവനമായ പർവ്വതത്തിലേക്കു പോകുമ്പോൾ അദ്ദേഹവും ആഹ്ലാദഭരിതനായിരുന്നു.

www.malankaralibrary.com



## വിവേകികൾക്കു വിവേകം

72. ആൻറണിക്ക് വളരെയധികം പ്രായോഗിക വിവേകവും ഉണ്ടായിരുന്നു. അദ്ദേഹത്തിന് കാര്യമായ ഔപചാരിക വിദ്യാഭ്യാസമില്ലായിരുന്നെങ്കിലും അദ്ദേഹത്തിനു നല്ല ധാരണാശക്തിയും സന്ദർഭമനുസരിച്ചു പെരുമാറാനുള്ള കഴിവും ഉണ്ടായിരുന്നുവെന്നതാണ് ആശ്ചര്യം. ഒരുദാഹരണം പറയാം: ഒരിക്കൽ അദ്ദേഹത്തെ ഒന്നു പരീക്ഷിക്കാമെന്നു കരുതി രണ്ടു ഗ്രീക്ക് തത്ത്വജ്ഞാനികൾ അദ്ദേഹത്തിൻെറ അടുത്തുവന്നു. ആ സമയത്ത് അദ്ദേഹം പർവ്വതത്തിൻെറ ബാഹ്യഭാഗത്തായിരുന്നു. ആളുകളെ കണ്ടപ്പോൾത്തന്നെ അവർ ആരാണെന്ന് അദ്ദേഹത്തിനു മനസ്സിലായി. അദ്ദേഹം അവരുടെ അടുത്തേയ്ക്കു ചെന്നു. ഒരു ദ്വിഭാഷിവഴി അവരോട് ഇങ്ങനെ ചോദിച്ചു: 'തത്ത്വജ്ഞാനികളേ, ഭോഷനായ ഒരു മനുഷ്യനെ സന്ദർശിക്കുന്നതിനുവേണ്ടി നിങ്ങൾ ഇത്രയും കഷ്ടപ്പാടു സഹിച്ചതെന്തിന്?' അദ്ദേഹം ഭോഷനല്ല, വളരെ വലിയ ജ്ഞാനിയാണെന്ന് അവർ മറുപടി കൊടുത്തു. അപ്പോൾ അദ്ദേഹം അവരോടു പറഞ്ഞു, 'നിങ്ങൾ വന്നത് ഒരു ഭോഷൻെറ അടുത്തേയ്ക്കാണെങ്കിൽ നിങ്ങളുടെ ക്ലേശം വെറുതെയായി. ഞാൻ ജ്ഞാനിയാണെന്നു നിങ്ങൾ കരുതുന്നുവെങ്കിൽ നിങ്ങൾ നിങ്ങളെത്തന്നെ എന്നെപ്പോലെയാക്കുക. എന്തെന്നാൽ എല്ലാവരും നല്ലയാളുകളെ അനുകരിക്കണം. ഞാൻ നിങ്ങളുടെ അടുത്തേയ്ക്കു വന്നിരുന്നെങ്കിൽ നിങ്ങളെ അനുകരിക്കുമായിരുന്നു. മറിച്ച്, ഇപ്പോൾ നിങ്ങൾ എൻെറയടുത്തേയ്ക്കു വന്നിട്ടുള്ളതുകൊണ്ട്, നിങ്ങൾ എന്നെപ്പോലെയാകുക. ഞാൻ ഒരു ക്രിസ്ത്യാനിയാണ്'. അദ്ദേഹത്തെക്കുറിച്ച് ആശ്ചര്യപ്പെട്ടുകൊണ്ട് അവർ തിരിച്ചുപോയി. പിശാചുക്കൾപോലും അദ്ദേഹത്തെ ഭയപ്പെട്ടിരുന്നുവെന്ന് അവർ കണ്ടു.

73. മറെറാരവസരത്തിൽ ഇതുപോലെതന്നെയുള്ള വേറെ ചിലയാളുകൾ പർവ്വതത്തിൻെറ ബാഹ്യഭാഗത്തുവച്ച് അദ്ദേഹത്തെ സന്ദർശിച്ചു. വിദ്യാഭ്യാസമില്ലാത്തയാളായതുകൊണ്ട് അദ്ദേഹത്തെ വിഡ്ഢിയാക്കാൻ കഴിയുമെന്നാണ് അവർ കരുതിയത്. ആൻറണി അവരോടു ചോദിച്ചു: 'മനസ്സാണോ അക്ഷരങ്ങളാണോ ആദ്യമുണ്ടായത്? മനസ്സ് അക്ഷരങ്ങൾ കാരണമാണോ, അതോ അക്ഷരങ്ങൾ മനസ്സിനു കാരണമാണോ?' മനസ്സാണ് ആദ്യമുള്ളതും അക്ഷരങ്ങൾ കണ്ടുപിടിച്ചതും എന്ന് അവർ പറഞ്ഞപ്പോൾ ആൻറണി പറഞ്ഞു, 'അതിനാൽ ദൃഢമായ മനസ്സുള്ളവന് അക്ഷരാഭ്യാസത്തിൻെറ ആവശ്യമില്ല'.



ആ തത്ത്വജ്ഞാനികളും സമീപത്തുനിന്ന മററാളുകളും ഇതുകേട്ട് ആശ്ചര്യപ്പെട്ടു. ഒരു സാധാരണ മനുഷ്യനിൽ ഇത്രയേറെ വിജ്ഞാനം ഉള്ളതുകണ്ട് അവരെല്ലാം അമ്പരന്നു. പർവ്വത പ്രദേശത്തു ജീവിച്ചു വൃദ്ധനായ ഒരു മനുഷ്യൻെറ പരുക്കൻമട്ടുകളൊന്നും അദ്ദേഹത്തിനില്ലായിരുന്നു. പ്രസാദാത്മകതയും പരിഷ്കാരവുമുള്ള വ്യക്തിത്വമായിരുന്നു അദ്ദേഹത്തിൻേറത്. അദ്ദേഹത്തിൻെറ സംഭാഷണം ദൈവികവിജ്ഞാനംകൊണ്ടു മനോജ്ഞമായിരുന്നു. അതിനാൽ ആർക്കും അദ്ദേഹത്തോടു വൈമനസ്യം തോന്നിയിരുന്നില്ല. അദ്ദേഹത്തെ അന്വേഷിച്ചു ചെന്നവരെല്ലാം ആഹ്ലാദിച്ചിരുന്നു.

74. അദ്ദേഹത്തെ സന്ദർശിക്കാൻ വേറെയും പലയാളുകൾ വന്നു. അന്യമതസ്ഥരുടെയിടയിൽ ജ്ഞാനികളായി കരുതപ്പെട്ടിരുന്നവരാണവർ. ക്രിസ്തുവിലുള്ള നമ്മുടെ വിശ്വാസത്തെ യുക്തികൊണ്ടു സമർത്ഥിക്കാൻ അവർ ആവശ്യപ്പെട്ടു. വിശുദ്ധ കുരിശിനെക്കുറിച്ചുള്ള പ്രസംഗത്തിൽനിന്ന് അനുമാനങ്ങൾ സ്വീകരിക്കാനും പരിഹസിക്കാനും അവരിൽ ചിലർ ശ്രമിച്ചു. ആൻറണി അല്പസമയത്തേയ്ക്കു നിശ്ശബ്ദനായിരുന്നു. അനന്തരം അവരുടെ അജ്ഞതയെക്കുറിച്ച് സഹതാപം പ്രകടിപ്പിച്ചുകൊണ്ട് ഇങ്ങനെ പ്രസ്താവിച്ചു. അദ്ദേഹത്തിൻെറ വാക്കുകൾ ഒരു ദ്വിഭാഷി മനോഹരമായി ഭാഷാന്തരപ്പെടുത്തി. 'കുരിശിൻെറ മഹത്ത്വം ഏററുപറയുന്നതോ നിങ്ങളുടെ കഥാകഥിത ദൈവങ്ങളുടെ വ്യഭിചാരങ്ങളെയും ലൈംഗിക വൈകൃതങ്ങളെയും വാഴ്ത്തിപ്പറയുന്നതോ ഏതാണു ശ്രേഷ്ഠം? ഞങ്ങൾ ആദരിക്കുന്ന കാര്യങ്ങൾ ഏററുപറയുന്നത് മാനുഷിക ചൈതന്യത്തെ സൂചിപ്പിക്കുന്നു. അതു മരണത്തെ ഭയപ്പെടാതിരിക്കുന്നതിൻെറ അടയാളവുമാണ്. നിങ്ങളുടെ അവകാശവാദങ്ങൾ മ്ലേച്ഛവികാരങ്ങളെ മാത്രമാണു വെളിപ്പെടുത്തുക. ദൈവത്തിൻെറ വചനത്തിന് ഒരിക്കലും മാററം സംഭവിച്ചിട്ടില്ലെന്നും മാററം സംഭവിക്കാത്ത ആ വചനം മനുഷ്യശരീരം സ്വീകരിച്ച് മനുഷ്യവർഗ്ഗത്തിനു രക്ഷയും നന്മയും നൽകിയെന്നും അങ്ങനെ മനുഷ്യസ്വഭാവത്തിൽ പങ്കുചേർന്നുകൊണ്ട് അവിടുന്നു മനുഷ്യരെ തൻെറ ദൈവികവും അരൂപിക്കടുത്തതുമായ ജീവിതത്തിൽ പങ്കുകാരാക്കിയെന്നും ഞങ്ങൾ വിശ്വസിക്കുന്നു. നിങ്ങൾ ദൈവിക സ്വഭാവത്തെ സുബോധമില്ലാത്ത വസ്തുക്കളുടെയും ജന്തുക്കളുടെയും നിലവാരത്തിലേക്കു താഴ്ത്തുന്നു. എന്നിട്ട് മൃഗങ്ങളെയും ഇഴജന്തുക്കളെയും മനുഷ്യരുടെ പ്രതിമകളെയും ആരാധിക്കുന്നു. ഈ രണ്ടിൽ ശ്രേഷ്ഠമായിട്ടുള്ളത് ഏതാണ്?

www.malankaralibrary.com



'ക്രിസ്തു മനുഷ്യനായി പ്രത്യക്ഷപ്പെട്ടു എന്നു പറയുന്നതിന്റെ പേരിൽ നിങ്ങൾ ഞങ്ങളെ പരിഹസിക്കുന്നു എന്നാൽ ആത്മാവു സ്വർഗത്തിൽനിന്നു വന്നു എന്നുതന്നെ നിങ്ങളും വിശ്വസിക്കുന്നു. സ്വർഗത്തിലെ ഒരു അറയിൽനിന്നു പുറപ്പെട്ട് അലഞ്ഞു നടന്ന ആത്മാവ് ശരീരത്തിന്റെമേൽ പതിച്ചു എന്നാണു നിങ്ങളുടെ വിശ്വാസം. മനുഷ്യന്റെ ശരീരത്തിന്മേൽ മാത്രമേ അതിനു വീഴാൻ പാടുള്ളോ? അതു് മൃഗങ്ങളുടെയോ സർപ്പങ്ങളുടെയോ ശരീരത്തിൽ ആവസിച്ചുകൂടെ?

മനുഷ്യരുടെ രക്ഷയ്ക്കുവേണ്ടി ക്രിസ്തു വന്നു എന്നാണു ഞങ്ങളുടെ വിശ്വാസം. എന്നാൽ നിങ്ങൾ സൃഷ്ടിക്കപ്പെടാത്ത ആത്മാവിനെക്കുറിച്ച് തെറ്റായ രീതിയിൽ, തത്ത്വവിചാരം നടത്തുന്നു. ദൈവപരിപാലനയുടെ ശക്തിയിലും ദൈവത്തിനു മനുഷ്യരോടുള്ള സ്നേഹത്തിലും ഞങ്ങൾ വിശ്വസിക്കുന്നു. മനുഷ്യരെ രക്ഷിക്കാൻവേണ്ടി മനുഷ്യനായി അവതരിക്കുന്നതു് ദൈവത്തിന് അസാദ്ധ്യമല്ലെന്നു ഞങ്ങൾ കരുതുന്നു. ആത്മാവ് മനസ്സിന്റെ ഒരു ഛായയാണെന്നാണു നിങ്ങളുടെ വിശ്വാസം. അതിനു വീഴ്ചകളുണ്ടാകാമെന്നു നിങ്ങൾ വിചാരിക്കുന്നു. അതിനു മാറ്റങ്ങൾ കൈവരിക്കാനുള്ള ശക്തിയെക്കുറിച്ച് നിങ്ങൾ സങ്കല്പകഥകൾ കെട്ടിച്ചമയ്ക്കുന്നു. തത്ഫലമായി, ആത്മാവു കാരണംമനസ്സിനുംമാറ്റങ്ങൾ ഉണ്ടാകാമെന്നു നിങ്ങൾ പറയുന്നു. ആത്മാവിന് മാറ്റമുണ്ടാകാമെങ്കിൽ, അതു് ഏതിന്റെ നിഴലാണോ ആ മനസ്സിനും മാറ്റമുണ്ടാകാമല്ലോ. മനസ്സിനെക്കുറിച്ച് അത്തരം ചിന്തകൾ വച്ചുപുലർത്തുമ്പോൾ മനസ്സിന്റെ പിതാവിനെയും നിങ്ങൾ അധിക്ഷേപിക്കുകയാണെന്നോർക്കുക.

75. ഇനി കുരിശിന്റെ കാര്യം പറയുകയാണെങ്കിൽ താഴെ പറയുന്നവയിൽ ഏതാണു കൂടുതൽ ശ്രേഷ്ഠം എന്നു നിങ്ങൾ പറയണം.: (1) ദുഷ്ടന്മാർ വഞ്ചന പ്രയോഗിക്കുമ്പോൾ കുരിശു സഹിക്കുകയും ഏതു തരത്തിലുള്ള മരണത്തിന്റെയും മുമ്പിൽ ചൂളാതിരിക്കുകയും ചെയ്യുന്നതു്. (2) ഓസിറിസിന്റെയും ഐസിസിന്റെയും സഞ്ചാരങ്ങൾ, ടൈഫോണിന്റെ ഗൂഢാലോചനകൾ, ക്രോണസിന്റെ നാടുകടത്തൽ, കുഞ്ഞുങ്ങളെ വിഴുങ്ങുകയും പിതാക്കന്മാരെ വധിക്കുകയും ചെയ്യുന്നതു് എന്നിവയെക്കുറിച്ചെല്ലാം കള്ളക്കഥകൾ കെട്ടിച്ചമയ്ക്കുന്നതു്.[45] അതെ, നിങ്ങളുടെ വിവേകം ഇവിടെ വെളിപ്പെടുന്നു.

45. ഈജിപ്തിലും ഗ്രീസിലും റോമിലും ആരാധിക്കപ്പെട്ടിരുന്ന ദേവന്മാരെ ചുറ്റിപ്പറ്റിയുള്ള പുരാണേതിഹാസങ്ങൾ: cfr, *ACW* 10, p. 130, nos. 259–260.



നിങ്ങൾ കുരിശിനെ പരിഹസിക്കുമ്പോൾ പുനരുത്ഥാനത്തെക്കുറിച്ച് ആശ്ചര്യപ്പെടാത്തതെന്താണ്? കുരിശിനെക്കുറിച്ച് അറിവു തന്നവർതന്നെയാണല്ലോ പുനരുത്ഥാനത്തെക്കുറിച്ചും പറഞ്ഞിട്ടുള്ളതു്. നിങ്ങൾ കുരിശിന്റെ കാര്യം ഓർക്കുമ്പോൾ മരിച്ചവർ ഉയിർപ്പിക്കപ്പെട്ടതിനെയും അന്ധർക്കു കാഴ്ച ലഭിച്ചതിനെയും തളർവാതക്കാർ സുഖം പ്രാപിച്ചതിനെയും കുഷ്ഠരോഗികൾ ശുദ്ധമാക്കപ്പെട്ടതിനെയും സമുദ്രത്തിന്മേലുള്ള നടത്തത്തെയും അതുപോലുള്ള മറ്റ് അടയാളങ്ങളെയും അത്ഭുതങ്ങളെയും കുറിച്ച് ഒരക്ഷരം പറയാത്തതെന്താണ്? ക്രിസ്തു ദൈവമാണെന്ന് പ്രസ്തുത സംഭവങ്ങളെല്ലാം വ്യക്തമാക്കുന്നു. ആകെക്കൂടി നോക്കുമ്പോൾ, നിങ്ങൾ നിങ്ങളെത്തന്നെ വഞ്ചിക്കുകയാണെന്നും ഞങ്ങളുടെ വി. ലിഖിതങ്ങളെക്കുറിച്ചു നിങ്ങൾക്കു കാര്യമായ പരിജ്ഞാനമില്ലെന്നുമാണ് എനിക്കു തോന്നുന്നതു്. നിങ്ങൾ വി. ലിഖിതങ്ങൾ വായിക്കുക. ക്രിസ്തു ചെയ്തിട്ടുള്ള കാര്യങ്ങൾ മനസ്സിലാക്കുക. അപ്പോൾ മനുഷ്യവർഗ്ഗത്തിന്റെ രക്ഷയ്ക്കുവേണ്ടി നമ്മോടൊത്തു വസിക്കുന്ന ദൈവമാണവിടുന്ന് എന്നു നിങ്ങൾക്കു മനസ്സിലാകും.

76. നിങ്ങളുടെ പഠനങ്ങൾ എന്തെല്ലാമാണെന്നു നിങ്ങൾ ഞങ്ങളോടു പറയുകയും വേണം. സുബോധമില്ലാത്ത വസ്തുക്കളെക്കുറിച്ച് സുബോധമില്ലായ്കയും കാടത്തവുമല്ലാതെ നിങ്ങൾക്കു മറ്റെന്തു പറയാൻ കഴിയും? നിങ്ങളുടെയിടയിൽ അത്തരം കാര്യങ്ങൾ കേവലം ആലങ്കാരികമായിട്ടാണ് പറയപ്പെടാറുള്ളതെന്നും ഞാൻ കേൾക്കുന്നു. പേഴ്സിഫോണിയുടെമേലുള്ള ബലാൽസംഗത്തിന്റെ കഥ ഭൂമിയെ സംബന്ധിച്ച ഒരു ദൃഷ്ടാന്തകഥയാണെന്നും ഹെഫായെസ്റ്റസിന്റെ മുടന്ത് അഗ്നിയുടെയും ഹേറാ വായുവിന്റെയും അപ്പോളോ സൂര്യന്റെയും അർത്തെമിസ് ചന്ദ്രന്റെയും പൊസെയ്ദോൻ കടലിന്റെയും പ്രതീകങ്ങളാണെന്നും ഞാൻ കേൾക്കുന്നു.[46] അങ്ങനെയാണെങ്കിലും നിങ്ങൾ ആരാധിക്കുന്നതു ദൈവത്തെയല്ല. ദൈവത്തിനു നൽകേണ്ട ഉപാസന ദൈവത്തിന്റെ സൃഷ്ടികൾക്കു നിങ്ങൾ സമപ്പിക്കുകയാണ്. ദൈവത്തിന്റെ സൃഷ്ടി മനോഹരമായതുകൊണ്ടാണ് നിങ്ങൾ അത്തരം കഥകൾ കെട്ടിച്ചമച്ചതെങ്കിൽ, ആ സൃഷ്ടവസ്തുക്കളെ വിലമതിക്കുന്നതിനപ്പുറം നിങ്ങൾ പോകരുതായിരുന്നു. സൃഷ്ടികളെ നിങ്ങൾ ദൈവങ്ങളാക്കുന്നു. അതുവഴി സ്രഷ്ടാവിനർഹമായ ബഹുമാനം നിങ്ങൾ സൃഷ്ടികൾക്കു നൽകുന്നു. അതിനാൽ ശില്പത്തിനു

46. ഐതിഹാസിക ദേവന്മാരും ദേവിമാരുമാണ് ഇവരെല്ലാം.

www.malankaralibrary.com



നൽകുന്ന ബഹുമാനം ശില്പിയിലേയ്ക്കും സൈനികനു നൽകുന്ന ബഹുമാനം സേനാനായകനിലേയ്ക്കും നിങ്ങൾ മാറേറണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ഇക്കാര്യങ്ങളെക്കുറിച്ചെല്ലാം നിങ്ങൾക്ക് എന്താണു പറയാനുള്ളത്? ഇക്കാര്യങ്ങളെല്ലാം ചിന്തിക്കുമ്പോൾ കുരിശിനെ പരിഹാസവിഷയമാക്കാൻ എന്തെങ്കിലും ന്യായമുണ്ടോ എന്നു നമുക്കു മനസ്സിലാകും.

77. എതിരാളികൾ വിഷണ്ണരായി അങ്ങോട്ടും ഇങ്ങോട്ടും എല്ലാം തിരിഞ്ഞുനിന്നു. ആൻറണി പുഞ്ചിരിച്ചുകൊണ്ട് ദ്വിഭാഷിവഴി തൻെറ വാക്കുകൾ ഇങ്ങനെ തുടർന്നു: "നമുക്കു കാണാവുന്ന വസ്തുതകൾതന്നെ ഞാൻ പറഞ്ഞ കാര്യങ്ങൾ ശരിയാണെന്നു തെളിയിക്കുന്നു. നിങ്ങൾ പ്രദർശനപരമായ തെളിവുകളിൽ നിങ്ങളുടെ വിശ്വാസം ഉറപ്പിച്ചിരിക്കുന്നു. അത്തരം കാര്യങ്ങളിൽ നിങ്ങൾ വിദഗ്ദ്ധരുമാണ്. കാണിച്ചു ബോദ്ധ്യപ്പെടുത്താവുന്ന തെളിവുകളില്ലാതെ ദൈവത്തെപ്പോലും ആരാധിക്കരുതെന്നു നിങ്ങൾ പറയുന്നുമുണ്ട്. അതിനാൽ നിങ്ങൾ ആദ്യമായി ഇക്കാര്യം എന്നോടു പറയുക:– കാര്യങ്ങളെക്കുറിച്ച്, പ്രത്യേകിച്ചും ദൈവത്തെക്കുറിച്ചുള്ള സൂക്ഷ്മമായ ജ്ഞാനം നമുക്കു ലഭിക്കുന്നതെങ്ങനെ? വാചികമായ തെളിവുകൾകൊണ്ടാണോ വിശ്വാസം എന്ന പ്രവൃത്തികൊണ്ടാണോ? സജീവമായ വിശ്വാസമാണോ വാചികമായ തെളിവാണോ ആദ്യമുണ്ടാകുന്നത്?"

വിശ്വാസം എന്ന പ്രവർത്തനം ആദ്യം ഉണ്ടാകുന്നുവെന്നും അതിൽനിന്ന് സൂക്ഷ്മമായ ജ്ഞാനം ഉത്ഭവിക്കുന്നുവെന്നും അവർ മറുപടി കൊടുത്തു. അപ്പോൾ ആൻറണി പറഞ്ഞു, നല്ല കാര്യം. വിശ്വാസം ആത്മാവിൻെറ മനോഭാവത്തിൽനിന്ന് ഉദ്ഭൂതമാകുന്നു. തക്ശാസ്ത്രമാകട്ടെ, അതു രൂപപ്പെടുത്തുന്നവരുടെ വൈദഗ്ദ്ധ്യത്തിൽനിന്ന് ഉത്ഭവിക്കുന്നു. അതിനാൽ സജീവമായ വിശ്വാസമുള്ളവർക്ക് വാചികമായ ന്യായങ്ങളുടെ ആവശ്യമില്ല; അത്തരം ന്യായങ്ങൾ അനാവശ്യമോ അധികപ്പറേറാ ആയിത്തോന്നും. വിശ്വാസംകൊണ്ടു ഞങ്ങൾക്കു മനസ്സിലാകുന്ന കാര്യങ്ങൾ വാദമുഖങ്ങൾകൊണ്ടു നിർമ്മിക്കാൻ നിങ്ങൾ ശ്രമിക്കുകയാണ്. ഞങ്ങൾക്ക് അനുഭവബോദ്ധ്യമുള്ള കാര്യങ്ങൾ പറഞ്ഞു വെളിപ്പെടുത്താൻ നിങ്ങൾക്കു പലപ്പോഴും സാധിക്കുന്നില്ല. സജീവമായ വിശ്വാസം നിങ്ങളുടെ പാണ്ഡിത്യപൂർണ്ണമായ തത്ത്വവാദങ്ങളെക്കാൾ കൂടുതൽ നല്ലതും ശക്തവുമാണെന്നു ചുരുക്കം.

78. അതിനാൽ ഞങ്ങൾക്ക് മതപരമായ സത്യം ലഭിച്ചിട്ടുള്ളത് യവന ദാർശനിക തത്ത്വവാദത്തിൻെറ അടിസ്ഥാന



ത്തിലല്ല; ക്രിസ്തുവഴി ദൈവം ഞങ്ങൾക്കു നൽകിയ വിശ്വാസശക്തിയുടെ അടിസ്ഥാനത്തിലാണ്. നൽകപ്പെട്ട വിവരണങ്ങളുടെ സത്യതയെക്കുറിച്ചാണെങ്കിൽ, വലിയ വിദ്യാഭ്യാസമില്ലാത്തവരായ ഞങ്ങൾ, ദൈവത്തിൻെറ സൃഷ്ടികളിൽനിന്ന് എല്ലാ വസ്തുക്കളുടെയും മേലുള്ള അവിടത്തെ പരിപാലനം കണ്ടറിഞ്ഞ്, ദൈവത്തിൽ വിശ്വസിക്കുന്നതെങ്ങനെയെന്നു നിങ്ങൾ ശ്രദ്ധിക്കുക. ഞങ്ങളുടെ വിശ്വാസത്തിൻെറ സാഫല്യത്തെക്കുറിച്ചാണെങ്കിൽ, ഞങ്ങൾ ക്രിസ്തുവിലുള്ള വിശ്വാസത്തിൽ എങ്ങനെ ആശ്രയിക്കുന്നു എന്നു നിങ്ങൾ ശ്രദ്ധിക്കുക. അതേസമയം നിങ്ങൾ ആശ്രയം തേടുന്നത് വാചകക്കസർത്തുകളിൽ അധിഷ്ഠിതമായ വിതണ്ഡാവാദങ്ങളിലാണ്. നിങ്ങളുടെ മിഥ്യാവിഗ്രഹങ്ങൾ ആരും തിരിഞ്ഞു നോക്കാത്ത അവസ്ഥയിലേക്കു നീങ്ങുന്നു. എന്നാൽ ഞങ്ങളുടെ വിശ്വാസമാകട്ടെ, അതിവേഗം എല്ലായിടത്തും പരക്കുകയാണ്. നിങ്ങൾ നിങ്ങളുടെ കുതർക്കങ്ങളും കടുയുക്തിവാദങ്ങളുംകൊണ്ട് ഒരു ക്രിസ്ത്യാനിയെപ്പോലും നിങ്ങളുടെ മതത്തിലേക്കു മാററുന്നില്ല. ഞങ്ങൾ ക്രിസ്തുവിലുള്ള വിശ്വാസം പ്രചരിപ്പിക്കുന്നതുവഴി നിങ്ങളുടെ ദൈവങ്ങളെക്കുറിച്ച് ആളുകൾക്കുണ്ടായിരുന്ന ഭയം ഇല്ലായ്മചെയ്തുവരുകയാണ്. ഇപ്പോൾ എല്ലാവരും ക്രിസ്തു ദൈവവും ദൈവപുത്രനുമാണെന്നു മനസ്സിലാക്കുന്നു. നിങ്ങൾ നിങ്ങളുടെ പകിട്ടു നിറഞ്ഞ ഭാഷ് മുഴുവൻ ഉപയോഗിച്ചിട്ടും ക്രിസ്തുവിൻെറ പഠനങ്ങളെ തടയാൻ നിങ്ങൾക്കു കഴിയുന്നില്ല. എന്നാൽ ഞങ്ങൾ ക്രൂശിതനായ ക്രിസ്തുവിൻെറ നാമം ഉപയോഗിച്ച്, ദൈവങ്ങൾ എന്ന് നിങ്ങൾ കരുതുന്ന പിശാചുക്കളെയെല്ലാം ഓടിച്ചുവിടുന്നു. കുരിശിൻെറ അടയാളം പ്രത്യക്ഷപ്പെടുന്ന ഇടങ്ങളിൽ ഇന്ദ്രജാലം ശക്തിഹീനവും മന്ത്രവാദം നിഷ്ഫലവുമായിത്തീരുന്നു.

79. ഇപ്പോൾ നിങ്ങളുടെ ദൈവിക അരുളപ്പാടുകൾ എവിടെയാണെന്നു പറയുക. ഈജിപ്തുകാരുടെ ആഭിചാരങ്ങൾ എവിടെ? മന്ത്രവാദികൾ കാണിക്കുന്ന മായികദർശനങ്ങൾ എവിടെ? ഈവക കാര്യങ്ങളെല്ലാം അപ്രധാനങ്ങളാവുകയും നിലച്ചുപോവുകയും ചെയ്തത് എപ്പോഴാണ്? ക്രിസ്തുവിൻെറ കുരിശു വന്നതിനുശേഷമല്ലേ? ആ കുരിശ് എങ്ങനെ പരിഹാസവിഷയമാകും? ആ കുരിശിൻെറ ആഗമനത്തിൽ ശക്തിഹീനങ്ങളും ഉപേക്ഷിതങ്ങളുമായ കാര്യങ്ങളല്ലേ യഥാർത്ഥത്തിൽ പരിഹാസ്യങ്ങൾ?

നിങ്ങളുടെ മതം ഒരിക്കലും പീഡിപ്പിക്കപ്പെട്ടിട്ടില്ല എന്നതും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. നേരേമറിച്ച് എല്ലാ നഗരങ്ങളിലും അതു മനുഷ്യരാൽ ബഹുമാനിക്കപ്പെടുന്നു.

www.malankaralibrary.com



എന്നാൽ ക്രിസ്തുവിന്റെ അനുയായികൾ നിരന്തരം പീഡിപ്പിക്കപ്പെടുകയാണ്. എങ്കിലും ഞങ്ങളുടെ മതമാണ്, നിങ്ങളുടെതല്ല, നിലനിൽക്കുന്നതും അഭിവൃദ്ധിപ്പെടുന്നതും. നിങ്ങളുടെ മതത്തിന് വളരെയധികം സ്വാസ്ഥതയും സംരക്ഷണവും ലഭിച്ചിട്ടും അതു മരിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ ക്രിസ്തുവിന്റെ പഠനങ്ങളും ക്രിസ്തീയവിശ്വാസവും നിങ്ങളാൽ പരിഹസിക്കപ്പെടുകയും ഭരണാധിപന്മാരാൽ ഞെരുക്കപ്പെടുകയും ചെയ്യുന്നുവെങ്കിലും ലോകത്തിലെങ്ങും വ്യാപിച്ചിരിക്കുന്നു. ദൈവത്തെക്കുറിച്ചുള്ള ജ്ഞാനം ഇത്ര ഉജ്ജ്വലമായി ശോഭിച്ചിട്ടുള്ള വേറൊരു കാലം ഇതിനു മുമ്പ് ഉണ്ടായിട്ടുണ്ടോ? ആത്മസംയമനവും ചാരിത്ര്യം എന്ന സുകൃതവും ഇത്രയും സുലഭമായ മറെറാരു കാലം ഉണ്ടായിട്ടുണ്ടോ? ക്രിസ്തുവിന്റെ കുരിശിന്റെ ആഗമനത്തിനു ശേഷമല്ലാതെ ആളുകൾ മരണത്തെ ഇതുപോലെ നിസ്സാരമായി കരുതിയിട്ടുള്ളതെന്നാണ്? രക്തസാക്ഷികൾ ക്രിസ്തുവിനുവേണ്ടി മൃത്യുവിനെ തൃണവൽഗണിക്കുകയും സഭയിലെ കന്യകകൾ ക്രിസ്തുവിനുവേണ്ടി തങ്ങളുടെ ശരീരങ്ങളെ പരിശുദ്ധവും കളങ്കമേല്ക്കാത്തതുമായി സംരക്ഷിക്കുകയും ചെയ്യുന്നതു കാണുന്ന ഒരാൾക്കും ഞാൻ പറഞ്ഞ കാര്യങ്ങളുടെ സത്യാവസ്ഥയെക്കുറിച്ചു സംശയം ഉണ്ടാവുകയില്ല.

80. "ക്രിസ്തുവിലുള്ള വിശ്വാസമാണ് ഏകസത്യമതം എന്നു സ്ഥാപിക്കുന്നതിനു പര്യാപ്തമായ തെളിവുകളാണിവ, എങ്കിലും നിങ്ങളിതാ ഇവിടെ_യുക്തിബോധത്തിന്റെ അടിസ്ഥാനത്തിലുള്ള അനുമാനങ്ങൾ അന്വേഷിക്കുന്ന നിങ്ങൾക്ക വിശ്വാസമില്ല ! ഞങ്ങൾ ഏതായാലും, ഞങ്ങളുടെ അദ്ധ്യാപകൻ പറഞ്ഞതുപോലെ, ഗ്രീക്ക് വിജ്ഞാനത്തിന്റെ വചനങ്ങൾകൊണ്ടു വശീകരിക്കാൻ ശ്രമിക്കുന്നില്ല (1 കൊറി. 2:4). ഞങ്ങൾ ഞങ്ങളുടെ വിശ്വാസംകൊണ്ടാണ് ആളുകളെ ബോധ്യപ്പെടുത്തുന്നത്. ന്യായങ്ങളിൽ അധിഷ്ഠിതവും സർഗ്ഗാത്മകവുമായ ഏതു കാര്യകാരണചിന്തയ്ക്കും മുന്നോടിയായി വിശ്വാസമുണ്ട് എന്നതു് നമുക്ക് അനുഭവവേദ്യമാണ്, നോക്ക, പിശാചിനാൽ പീഡിതരായ ഏതാനുംപേർ ഇപ്പോൾ നമ്മുടെയടുത്തു തന്നെയുണ്ട്". പിശാചുബാധിതരായി തന്റെ അടുത്തുവന്ന ആളുകളെക്കുറിച്ചു തന്നെയാണ് അദ്ദേഹം ഇതു പറഞ്ഞത്. അവരെ മുമ്പോട്ടു കൊണ്ടുവന്നിട്ട് അദ്ദേഹം പറഞ്ഞു: "ഒന്നുകിൽ നിങ്ങൾ ഈ പിശാചുബാധിതരെ സുഖപ്പെടുത്തുക. അതിനായി നിങ്ങൾക്കിഷ്ടമുള്ള യുക്തിവാദങ്ങളോ തന്ത്രങ്ങളോ മന്ത്രവാദങ്ങളോ നിങ്ങളുടെ ബിംബങ്ങളെ വിളിച്ചുള്ള പ്രാർത്ഥന



കളോ ഏതും ഉപയോഗിക്കാം. അതു സാധ്യമല്ലെങ്കിൽ ഞങ്ങളോടു് എതിരിടുന്നതു മതിയാക്കി, ക്രിസ്തുവിന്റെ കുരിശിന്റെ ശക്തി കണ്ടു മനസ്സിലാക്കുക".

ഇങ്ങനെ പറഞ്ഞിട്ട് അദ്ദേഹം ക്രിസ്തുവിനോടു പ്രാർത്ഥിച്ചു. അനന്തരം പിശാചുബാധിതരുടെമേൽ കുരിശടയാളം വരച്ചു. ഈ പ്രവൃത്തി അദ്ദേഹം മൂന്നുപ്രാവശ്യം ആവർത്തിച്ചപ്പോൾ പീഡിതരായ ആ മനുഷ്യർ പൂർണ്ണസുഖം പ്രാപിച്ചവരായി എഴുന്നേററുനിന്നു. സുബോധം തിരിച്ചുകിട്ടിയ അവർ ദൈവത്തിനു കൃതജ്ഞത പ്രകാശിപ്പിച്ചു. തത്വജ്ഞാനികൾ എന്ന ഭാവത്തിൽ വന്നവർ ആശ്ചര്യഭരിതരായി. ആന്റണിയുടെ ബുദ്ധിചാതുര്യവും സംഭവിച്ച അത്ഭുതവും അവരെ ഒരുപോലെ വിസ്മയിപ്പിച്ചു. ആന്റണി അവരോടു പറഞ്ഞു, "നിങ്ങൾ ഇക്കാര്യത്തിൽ ആശ്ചര്യപ്പെടുന്നതെന്തിന്? ഇതു ചെയ്യുന്നതു ഞങ്ങളല്ല, ക്രിസ്തു തന്നിൽ വിശ്വസിക്കുന്ന ആളുകൾ വഴിയായി ഇതെല്ലാം ചെയ്യുകയാണ്. അതിനാൽ നിങ്ങളും വിശ്വസിക്കുക. ഞങ്ങളുടെ പക്കലുള്ളതു് വെറും പദക്കസർത്തല്ല എന്നു് നിങ്ങൾക്ക ബോദ്ധ്യമാകും. ക്രിസ്തുവിനുവേണ്ടി പ്രവർത്തിക്കുന്ന സ്നേഹത്തിലൂടെയുള്ള വിശ്വാസമാണ് ഞങ്ങളിലുള്ളതു്. ഈ വിശ്വാസം നിങ്ങളും സ്വന്തമാക്കിയാൽ നിങ്ങൾ യുക്തിന്യായങ്ങൾ അന്വേഷിച്ചു പോവുകയില്ല, ക്രിസ്തുവിലുള്ള വിശ്വാസം അതിൽത്തന്നെ പരിപൂർണ്ണമാണെന്നു നിങ്ങൾക്ക ബോദ്ധ്യം വരും."

വന്ന തത്വജ്ഞാനികൾ അദ്ദേഹത്തെ അഭിനന്ദിച്ചുകൊണ്ടാണു പിരിഞ്ഞുപോയതു്. വേർപിരിയുന്നതിനുമുമ്പ് അവർ അദ്ദേഹത്തെ ആശ്ലേഷിക്കുകയും സന്ദർശനം ഉപകാരപ്രദമായിരുന്നുവെന്നു് ഏററുപറയുകയും ചെയ്തു.

## കോൺസ്റ്റന്റയിൻ ചക്രവർത്തി അദ്ദേഹത്തിനെഴുതുന്നു

81. ആന്റണിയുടെ കീർത്തി ചക്രവർത്തിമാരുടെ പക്കൽ വരെ എത്തി; കോൺസ്റ്റന്റയിൻ അഗസ്റ്റസും അദ്ദേഹത്തിന്റെ പുത്രന്മാരായ കോൺസ്റ്റാൻസ്യൂസ് അഗസ്റ്റസ്, കോൺസ്റ്റൻസ് അഗസ്ററസ് എന്നിവരും അദ്ദേഹത്തെക്കുറിച്ചുള്ള കാര്യങ്ങൾ കേട്ടപ്പോൾ മക്കൾ പിതാവിനു് എന്നപോലെ ആദരപൂർവ്വം അദ്ദേഹത്തിനു് കൂടെക്കൂടെ എഴുതി. മറുപടി എഴുതണമെന്നു് യാചിക്കുകയും ചെയ്തു. കത്തുകിട്ടിയിട്ട് അദ്ദേഹം അതു വലിയ കാര്യമായി കരുതിയില്ല. ചക്രവർത്തിയുടെ കത്തുകിട്ടിയെന്നു

www.malankaralibrary.com



വച്ച് ആഹ്ലാദിച്ചുമില്ല. ചക്രവർത്തി തനിക്കെഴുതുന്നതിനു മുമ്പുള്ള മാനസികാവസ്ഥയിൽത്തന്നെയായിരുന്നു അദ്ദേഹം. കത്തുകൾ കിട്ടിയപ്പോൾ അദ്ദേഹം മററു സന്യാസിമാരെ വിളിച്ചുകൂട്ടി അവരോടു പറഞ്ഞു, "ഒരു ചക്രവർത്തി നമുക്കു കത്തെഴുതിയെന്നുവച്ച് നമ്മൾ അത്ഭുതപ്പെടാനൊന്നുമില്ല; അയാളും മനുഷ്യൻ തന്നെ. ദൈവം മനുഷ്യർക്കുവേണ്ടി തൻെറ നിയമം എഴുതിത്തരുകയും തൻെറ പുത്രൻവഴി നമ്മോടു സംസാരിക്കുകയും ചെയ്തിരിക്കുന്നു എന്നതിലാണ് ആശ്ചര്യപ്പെടേണ്ടത്".

യഥാർത്ഥത്തിൽ ആ കത്തുകൾ സ്വീകരിക്കാൻതന്നെ അദ്ദേഹത്തിനു മനസ്സുണ്ടായിരുന്നില്ല. അത്തരം കാര്യങ്ങൾക്ക് എന്തു മറുപടിയാണു പറയേണ്ടതെന്ന് തനിക്ക് അറിയില്ല എന്നായിരുന്നു അദ്ദേഹത്തിൻെറ നിലപാട്. എന്നാൽ ആ ചക്രവർത്തിമാർ ക്രിസ്ത്യാനികളാണെന്നും അവരെ അവഗണിച്ചാൽ അവർക്കു പരിഭവം തോന്നുമെന്നും പറഞ്ഞുകൊണ്ട് മററു സന്യാസിമാർ നിർബന്ധിച്ചപ്പോൾ അവ വായിച്ചുകേൾക്കാൻ അദ്ദേഹം തയാറായി. അതിനുശേഷം അതിനു മറുപടിയും എഴുതി. ക്രിസ്തുവിനെ ആരാധിക്കുന്നതിൽ അദ്ദേഹം അവരെ അഭിനന്ദിച്ചു. ഈ ലോകത്തിലെ സമ്പത്തുകളെ വളരെ പ്രധാനമായി കരുതരുതെന്നും വരാൻപോകുന്ന വിധിയെപ്പററി എപ്പോഴും ഓർക്കണമെന്നും ക്രിസ്തു മാത്രമാണ് സത്യത്തിലുള്ള നിത്യനായ രാജാവെന്നും ആ കത്തിൽ അനുസ്മരിപ്പിച്ചിരുന്നു. മാനുഷികമര്യാദകൾ പാലിക്കണമെന്നും നീതിയോടുകൂടി പ്രവർത്തിക്കണമെന്നും പാവങ്ങളോട് പരിഗണന കാണിക്കണമെന്നും അദ്ദേഹം ഉദ്ബോധിപ്പിച്ചിരുന്നു. അദ്ദേഹത്തിൻെറ മറുപടി കിട്ടിയതിൽ ചക്രവർത്തിമാർ സന്തുഷ്ടരായി. എല്ലാവരും അദ്ദേഹത്തെ സ്നേഹിക്കുകയും ഒരു പിതാവിനെപ്പോലെ കരുതുകയും ചെയ്തിരുന്നു.

## ആര്യൻ പാഷണ്ഡികളുടെ നശീകരണ കൃത്യങ്ങളെക്കുറിച്ച് അദ്ദേഹം മുൻകൂട്ടിപ്പറയുന്നു

82. തന്നെക്കുറിച്ച് ഇത്തരം വിവരണങ്ങൾ നൽകുകയും തന്നെ അന്വേഷിച്ചു ചെന്നവരുടെ ചോദ്യങ്ങൾക്കു മറുപടി പറയുകയും ചെയ്തിട്ട് അദ്ദേഹം പർവ്വതത്തിൻെറ ഉൾപ്രദേശത്തേക്കു പോയി. അവിടെ അദ്ദേഹം പതിവുള്ള താപസകൃത്യങ്ങളിൽ ഏർപ്പെട്ടു.



സന്ദർശകരുമായി സംസാരിച്ചുകൊണ്ട് ഇരിക്കുകയോ നടക്കുകയോ ചെയ്യുന്നതിനിടയിൽ ദാനിയേലിൻെറ പുസ്തകത്തിൽ എഴുതപ്പെട്ടിട്ടുള്ളതുപോലെ, (4:16) അദ്ദേഹം പെട്ടെന്നു മൂകനായിത്തീരും. കുറെസമയം കഴിയുമ്പോൾ താൻ ചെയ്തുകൊണ്ടിരുന്ന സംഭാഷണം തുടരും. മൂകനായിരിക്കുന്ന സമയത്ത് അദ്ദേഹത്തിന് എന്തെങ്കിലും ദർശനമുണ്ടാകുകയാണ് എന്ന് കൂടെയുള്ളവർക്ക് അറിയാമായിരുന്നു. ഇപ്രകാരം പർവ്വതത്തിലായിരിക്കുന്ന സമയത്ത് പലപ്പോഴും ഈജിപ്തിൽ നടക്കുന്ന കാര്യങ്ങൾ പോലും അദ്ദേഹം ദർശനത്തിൽ കണ്ടിരുന്നു. ഇത്തരം ദർശനങ്ങളിൽ മനസ്സിലായ കാര്യങ്ങൾ സെറാപ്പിയോൻ മെത്രാൻ അടുത്തുള്ളപ്പോൾ അദ്ദേഹത്തോട് ആൻറണി പറഞ്ഞിരുന്നു.[47]

ഒരിക്കൽ ജോലി ചെയ്തുകൊണ്ടിരിക്കുന്നതിനിടയിൽ ഉന്മാദനിമഗ്നൻെറതുപോലുള്ള ഒരു ഭാവം അദ്ദേഹത്തിൻെറ മുഖത്തു വ്യാപിച്ചു. താൻ കണ്ട കാഴ്ചയുടെ ദു:ഖംമൂലം തുടർച്ചയായി ആർത്തനാദം പുറപ്പെടുവിച്ചു. കുറെസമയം കഴിഞ്ഞപ്പോൾ ഞരങ്ങുകയും മൂളുകയും ചെയ്തുകൊണ്ട്, കൂടെയുള്ളവരുടെ നേരേ അദ്ദേഹം തിരിഞ്ഞു. പിന്നീട് മുട്ടുകുത്തി പ്രാർത്ഥിച്ചുകൊണ്ട് കുറെയേറെ നേരം കഴിച്ചു. അതിനുശേഷം ആ വന്ദ്യവയോധികൻ എഴുന്നേററതു കരഞ്ഞുകൊണ്ടാണ്. കൂടെയുണ്ടായിരുന്നവർ ആകെ പരിഭ്രാന്തരായി. കാര്യമെന്താണെന്ന് അവർ ആരാഞ്ഞു. അവർ വീണ്ടും വീണ്ടും നിർബന്ധിച്ചു ചോദിച്ചപ്പോൾ അദ്ദേഹം മറുപടി പറയാൻ നിർബന്ധിതനായി. നെടുവീർപ്പു വിട്ടുകൊണ്ട് അദ്ദേഹം ഇങ്ങനെ പറഞ്ഞു. "ഓ, എൻെറ മക്കളേ, ദർശനത്തിൽ ഞാൻ കണ്ട കാര്യങ്ങൾ സംഭവിക്കുന്നതിനുമുമ്പ് മരിച്ചെങ്കിൽ നന്നായിരുന്നു." അവർ കൂടുതലായി ചോദ്യങ്ങൾ ചോദിച്ചപ്പോൾ അദ്ദേഹം കണ്ണീരോടുകൂടെ പറഞ്ഞു, "ദൈവകോപം സഭയുടെ മേൽ പതിക്കാൻ പോവുകയാണ് ബുദ്ധിയില്ലാത്ത ജന്തുക്കൾക്കു തുല്യരായ ആളുകളുടെ കരങ്ങളിൽ അവൾ ഏല്പിക്കപ്പെടും. എന്തെന്നാൽ ഞാൻ കർത്താവിൻെറ ഭവനത്തിലെ മേശ കണ്ടു. അതിനു ചുററും ഒരു വലയമായി കോവർ കഴുതകൾ നിൽക്കുന്നു. അവ കുളമ്പുകൾകൊണ്ട് ഉള്ളിലുള്ളവയെ തൊഴിക്കുന്നു. കുത്താടി

47. ത്മുയിസിലെ മെത്രാനായ സെറാപിയോനാണ് വിവക്ഷ: Cfr. ജി. ചേടിയത്ത്, ആദിമസഭാപിതാക്കന്മാർ, പേ. 73ff.

 www.malankaralibrary.com 

നടക്കുന്നെ ഒരു കന്നാലിക്കൂട്ടം ഭ്രാന്തുപിടിച്ചോടിയാലെന്നതുപോലുള്ള കുളമ്പടി ശബ്ദമാണു കേൾക്കാനുണ്ടായിരുന്നത്. ഞാൻ എങ്ങനെ ദീനരോദനം പുറപ്പെടുവിച്ചു എന്നു നിങ്ങൾ കേട്ടുകാണും 'എൻെറ ബലിപീഠം അശുദ്ധമാക്കപ്പെട്ടും'എന്നൊരു സ്വരവും ഞാൻ കേട്ടു''

വയോധികനായ ആൻറണി ഇങ്ങനെ പറഞ്ഞു. അതു കഴിഞ്ഞ് രണ്ടു വർഷമായപ്പോൾ ആര്യന്മാരുടെ ഇപ്പോഴത്തെ ആക്രമണവും പള്ളികൾ കൊള്ളയടിക്കലും സംഭവിച്ചു.[48] അവർ പള്ളിയിലെ പാത്രങ്ങൾ ബലമായി എടുത്തുകൊണ്ടു പോവുകയും അവ അന്യമതസ്ഥരെക്കൊണ്ടു ചുമപ്പിക്കയും ചെയ്തു. കടകളിൽ ഇരുന്ന അന്യമതസ്ഥരെ ആര്യൻ പാഷണ്ഡതക്കാർ നിർബന്ധിച്ച് തങ്ങളുടെ സമ്മേളനങ്ങളിൽ പങ്കെടുപ്പിക്കയും അവരുടെ കൺമുമ്പിൽവച്ച് വിശുദ്ധ മേശയിൽ തങ്ങൾക്കു തോന്നിയതുപോലെയെല്ലാം പ്രവൃത്തിക്കയും ചെയ്തു. സുബോധമില്ലാത്ത അനേകം മൃഗങ്ങളെപ്പോലെ ആര്യന്മാർ ഇപ്പോൾ ചെയ്യുന്നതിനെയാണ് കോവർ കഴുതകളുടെ തൊഴിയായി ആൻറണി മുൻകൂട്ടി കണ്ടതെന്ന് അപ്പോൾ ഞങ്ങളെല്ലാം മനസ്സിലാക്കുകയും ചെയ്തു.

ഈ ദർശനം ഉണ്ടായി കഴിഞ്ഞിട്ട് ആൻറണി ഇപ്രകാരം പറഞ്ഞ് തൻെറ കൂട്ടുകാരെ ആശ്വസിപ്പിച്ചു: ''മക്കളേ, നിങ്ങൾ നിരാശപ്പെടരുത്. ദൈവം കോപാകുലനായതുപോലെതന്നെ അവിടുന്നു നമുക്കു ദുഃഖമോചനവും നൽകും. സഭ വേഗം അവളുടെ സൗന്ദര്യം വീണ്ടെടുക്കുകയും അവളുടെ സ്വാഭാവികമായ ഔജ്ജ്വല്യത്തോടുകൂടി പ്രകാശിക്കുകയും ചെയ്യും. പീഡനത്തിനു വിധേയരാകുന്നവർ മോചിതരാകുന്നതും നിർമ്മതത്വം അതിൻെറ പഴയ താവളങ്ങളിലേക്കു തിരിച്ചുപോകുന്നതും സത്യവിശ്വാസം എല്ലാ രംഗത്തും അതിൻെറ സ്വാധീനം പ്രയോഗിച്ചുകൊണ്ടു പൂർണ്ണ സ്വാതന്ത്ര്യത്തോടുകൂടി മുന്നേറുന്നതും നിങ്ങൾ കാണും. നിങ്ങൾ ആര്യന്മാരോടുള്ള സമ്പർക്കംകൊണ്ട് നിങ്ങളെത്തന്നെ ദുഷിപ്പിക്കാതിരുന്നാൽ മാത്രം മതി. ആര്യന്മാരുടെ പഠനം ശ്ലീഹന്മാരിൽനിന്നുള്ളതല്ല, പിന്നെയോ പിശാചുക്കളിൽനിന്നുള്ളതാകുന്നു. അതു നിഷ്ഫലവും യുക്തിരഹിതവുമാണ്. കോവർകഴുതകൾക്കുള്ള ബുദ്ധിയില്ലായ്മയാണ് അതിൻേറതു്.

48 ആരിയൻ പാഷണ്ഡരുടെ മുന്നേററവും അവരുടെ പ്രവർത്തനങ്ങളുമാണ് ആൻറണി ദർശനത്തിൽ കണ്ടത്.



## ദൈവത്തിൻെറ അത്ഭുതപ്രവർത്തകനും ആത്മാക്കളുടെ വൈദ്യനും

83. ഇങ്ങനെയാണ് ആൻറണിയുടെ കഥ. ഒരു മനുഷ്യനിൽക്കൂടെയാണ് ഈ സംഭവങ്ങളെല്ലാം നടന്നത് എന്നറിയുമ്പോൾ നാം അവിശ്വസിക്കരുത്. നമ്മുടെ ദിവ്യരക്ഷകൻ ഇങ്ങനെ വാഗ്ദാനം ചെയ്തിട്ടുണ്ടല്ലോ: ''നിങ്ങൾക്കു കടുകുമണിയോളം വിശ്വാസമുണ്ടെങ്കിൽ ഈ മലയോടു്, ഇവിടെനിന്നു മാറി മറെറാരു സ്ഥലത്തേയ്ക്കു പോവുക, എന്നു പറഞ്ഞാൽ അതു മാറിപ്പോകും. നിങ്ങൾക്കു യാതൊന്നും അസാദ്ധ്യമായിരിക്കയില്ല.'' വീണ്ടും, ''സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, നിങ്ങൾ എൻെറ നാമത്തിൽ പിതാവിനോടു ചോദിക്കുന്നതെന്തും അവിടുന്നു നിങ്ങൾക്കു നൽകും... ചോദിക്കുവിൻ നിങ്ങൾക്കു ലഭിക്കും'' (യോഹ. 16:23f.) അവിടുന്നുതന്നെയാണ് തൻെറ ശിഷ്യന്മാരോടും തന്നിൽ വിശ്വസിച്ചവരോടും ഇങ്ങനെ പറഞ്ഞത്, ''രോഗികളെ സുഖപ്പെടുത്തുകയും....പിശാചുക്കളെ ബഹിഷ്ക്കരിക്കുകയും ചെയ്യുവിൻ. ദാനമായി നിങ്ങൾക്കു കിട്ടി. ദാനമായിത്തന്നെ കൊടുക്കുവിൻ'' (മത്താ. 10:8).

84. അതിനാൽ ആൻറണി രോഗമോചനം നൽകിയിരുന്നത് ആജ്ഞകൾ പുറപ്പെടുവിച്ചുകൊണ്ടല്ല, പ്രാർത്ഥിച്ചുകൊണ്ടും ക്രിസ്തുവിൻെറ നാമം വിളിച്ചുകൊണ്ടുമാണ്. അത്ഭുതങ്ങൾ പ്രവർത്തിക്കുന്നതു താനല്ല എന്നും താൻവഴി ദൈവം അവിടുത്തെ സ്നേഹംനിറഞ്ഞ കാരുണ്യം മനുഷ്യരോടു കാണിക്കുകയും മനുഷ്യരുടെ കഷ്ടതകൾ നീക്കുകയും ചെയ്യുകയാണെന്നും എല്ലാവർക്കും വ്യക്തമാക്കുന്നതായിരുന്നു അദ്ദേഹത്തിൻെറ സമ്പ്രദായം. പ്രാർത്ഥനകളിലും തപശ്ചര്യകളിലും മാത്രമായിരുന്നു അദ്ദേഹത്തിൻെറ യഥാർത്ഥ താല്പര്യം. അതിനുവേണ്ടിയാണ് അദ്ദേഹം പർവതപ്രദേശത്തു പോയി താമസിച്ചത്. ദൈവത്തെ ധ്യാനിച്ചിരിക്കുന്നതിലായിരുന്നു അദ്ദേഹത്തിനു സന്തോഷം. ആളുകൾ ചെന്ന് ശല്യപ്പെടുത്തുകയും പർവതത്തിൻെറ ബാഹ്യഭാഗങ്ങളിലേക്കു വരാൻ നിർബന്ധിക്കുകയും ചെയ്യുന്നതിൽ യഥാർത്ഥത്തിലദ്ദേഹം ദുഃഖിച്ചിരുന്നു.

കുഴഞ്ഞ കേസുകളുടെ തീരുമാനങ്ങളിൽ ഉപദേശം നല്കാൻ ന്യായാധിപന്മാർ അദ്ദേഹത്തിൻെറ സഹായം തേടിയിരുന്നു, കേസുകളുമായി ബന്ധപ്പെട്ട എല്ലാ ആളുകളുംകൂടെ മലമുകളി

www.malankaralibrary.com



ലേക്കു പോകുന്നതു് അസൗകര്യമായതിനാൽ താഴെയ്ക്കു വരുവാൻ അവർ അദ്ദേഹത്തോടു് അഭ്യർത്ഥിച്ചിരുന്നു. അദ്ദേഹത്തിനു് അത്തരം യാത്രകൾ ഇഷ്ടമായിരുന്നില്ല. അതിനാൽ തന്നെ ഒഴിവാക്കാൻ അഭ്യർത്ഥിക്കുമായിരുന്നു. ന്യായാധിപന്മാർ അവരുടെ നിർബന്ധം തുടരും. അവർ പ്രതികളെ പട്ടാളക്കാരുടെ കാവലിൽ അദ്ദേഹത്തിന്റെ പക്കലേക്കയയ്ക്കും. അവരോടുള്ള കാരുണ്യം വിചാരിച്ചെങ്കിലും അദ്ദേഹം വരട്ടെ എന്നു കരുതിയാണ് അങ്ങനെ ചെയ്തിരുന്നതു്. കുററം ചുമത്തപ്പെട്ടവരുടെ കരച്ചിൽ കണ്ടു മനസ്സലിഞ്ഞു് അദ്ദേഹം പർവതത്തിൽനിന്നു താഴേക്കു വരും. അദ്ദേഹത്തിന്റെ ക്ലേശം നിഷ്ഫലമാകാറില്ലായിരുന്നു. അദ്ദേഹത്തിന്റെ ആഗമനം എല്ലാവർക്കും ഉപകാരപ്രദമായിരുന്നു. നീതിക്കു് മറെറന്തിലുമുപരി പ്രാധാന്യം നൽകണമെന്നു് അദ്ദേഹം ജഡ്ജിമാരെ ഉപദേശിച്ചിരുന്നു. ദൈവത്തെ എപ്പോഴും ഭയപ്പെടണമെന്നും 'നിങ്ങൾ വിധിക്കുന്ന വിധിയാൽത്തന്നെ നിങ്ങളും വിധിക്കപ്പെടു'മെന്നു് അനുസ്മരിക്കണമെന്നും അദ്ദേഹം അവരെ ഉദ്ബോധിപ്പിച്ചിരുന്നു (മത്താ. 7:2). ഇങ്ങനെയാണെങ്കിലും അദ്ദേഹം ഏററവും ഇഷ്ടപ്പെട്ടിരുന്നതു് പർവതപ്രദേശത്തെ തന്റെ ഏകാന്തജീവിതത്തെയാണ്.

85. ഒരിക്കൽ ഇതുപോലെ ഒരു കേസിൽ അദ്ദേഹത്തിന്റെ സഹായത്തിനുവേണ്ടി ബന്ധപ്പെട്ട ആളുകൾ വളരെ നിർബ്ബന്ധിച്ചു. അദ്ദേഹം മലയിൽനിന്നു താഴേയ്ക്കു വരണമെന്നു് അഭ്യർത്ഥിച്ചുകൊണ്ടു് പട്ടാളമേധാവി പല അഭ്യർത്ഥനകൾ അയച്ചു. അദ്ദേഹം താഴെവന്നു് അവിടെയുണ്ടായിരുന്ന ആളുകളോടു് ആത്മാവിന്റെ രക്ഷ എന്ന വിഷയത്തെക്കുറിച്ചു് ചുരുക്കമായി സംസാരിച്ചു. തന്റെ സഹായം ആവശ്യപ്പെട്ടവർക്കുവേണ്ടി കൂടെ ഏതാനും വാക്കുകൾ പറഞ്ഞിട്ടു് അദ്ദേഹം തിരിച്ചു പോകാനൊരുങ്ങി. അപ്പോൾ അവിടെയുണ്ടായിരുന്ന സൈന്യാധിപൻ കുറെസമയംകൂടെ താമസിക്കാൻ അദ്ദേഹത്തെ നിർബ്ബന്ധിച്ചു. തനിക്കു് കൂടുതൽ സമയം അവിടെ തങ്ങാൻ നിവൃത്തിയില്ലെന്നു് ആന്റണി അറിയിച്ചു. മനോഹരമായ ഒരു ദൃഷ്ടാന്തംകൊണ്ടു് അദ്ദേഹം അവരെ സംതൃപ്തരാക്കി. അദ്ദേഹം പറഞ്ഞു, "ഒരു മത്സ്യത്തെ കുറെ സമയം കരയ്ക്കെടുത്തിട്ടാൽ അതു ചത്തുപോകും. അതുപോലെ ജനമദ്ധ്യത്തിൽ അധികസമയം കഴിയുകയും അവരോടിടപെടുകയും ചെയ്താൽ സന്യാസിമാർ തകർന്നുപോകും. അതിനാൽ മത്സ്യത്തിനു് കടലിലേക്കെന്നപോലെ ഞങ്ങൾക്കു് പർവ്വതത്തിലേക്കു് പോകേണ്ടിയിരിക്കുന്നു. അല്ലെങ്കിൽ ആന്തരികജീവിതം ഞങ്ങളുടെ കൺമുന്നിൽനിന്നു മറഞ്ഞുപോകും."



ഈ വാക്കുകളും ഇതിനുമുമ്പു പറഞ്ഞ വാക്കുകളും കേട്ടിട്ടു് സൈന്യാധിപൻ വളരെ ബഹുമാനപൂർവ്വം പറഞ്ഞു, "സത്യമായും ദൈവത്തിന്റെ ദാസനായ ഒരു മനുഷ്യൻ തന്നെയാണിദ്ദേഹം. ദൈവത്തിന്റെ പ്രത്യേക പ്രീതിയ്ക്കു പാത്രമല്ലെങ്കിൽ കേവലം സാധാരണക്കാരനായ ഒരു മനുഷ്യനു് ഇത്രയും ബുദ്ധിയും അറിവും എങ്ങനെയുണ്ടാകും"?

86. ബലാഷ്യസ്[49] എന്നു പേരുള്ള ഒരു സൈന്യാധിപനുണ്ടായിരുന്നു. ദുഷ്ടന്മാരായ ആര്യൻ പാഷണ്ഡതക്കാരോടുള്ള അതിതാല്പര്യം കാരണം അയാൾ ക്രിസ്ത്യാനികളായ നമ്മെ കഠിനമായി പീഡിപ്പിച്ചിരുന്നു. കന്യകകളെ പ്രഹരിക്കുകയും സന്യാസിമാരെ നഗ്നരാക്കി ചാട്ടയടിപ്പിക്കുകയും ചെയ്യത്തക്കവിധം അത്ര നൃശംസനായിരുന്നു അയാൾ. താഴെപറയുംവിധത്തിലുള്ള ഒരു കത്തു് ആന്റണി അയാൾക്കു് കൊടുത്തയച്ചു. "ദൈവത്തിന്റെ നീതിവിധി നിന്നെ സമീപിക്കുന്നതു ഞാൻ കാണുന്നു. ആ വിധി നിന്നെ പിടികൂടാതിരിക്കുന്നതിനുവേണ്ടി ക്രിസ്ത്യാനികളെ പീഡിപ്പിക്കുന്നതു നിർത്തുക. ഇപ്പോൾത്തന്നെ അതു് നിന്റെ വളരെ സമീപത്തായിരിക്കുന്നു." ഈ കത്തു വായിച്ചിട്ടു് ബലാഷ്യസ് പരിഹാസപൂർവ്വം പൊട്ടിച്ചിരിച്ചു. അയാൾ ആ കത്തു് നിലത്തെറിഞ്ഞിട്ടു് അതിന്മേൽ തുപ്പി, കത്തുകൊണ്ടു ചെന്നവരെ പ്രഹരിച്ചു. ആന്റണിയോടു് ഇങ്ങനെ പറയാൻ അവരോടു പറഞ്ഞുവിട്ടു: "നിങ്ങൾ സന്യാസിമാരെ രക്ഷിക്കാൻ പുറപ്പെട്ടിരിക്കയല്ലേ? ഞാൻ നിങ്ങളെ തന്നെ പിടികൂടാൻ വരാം."

എന്നാൽ അഞ്ചു ദിവസത്തിനുള്ളിൽ അയാൾക്കു് ഇതിനുള്ള ദൈവശിക്ഷ കിട്ടി. ബലാഷ്യസും ഈജിപ്തിന്റെ പ്രീഫെക്ട് ആയ നെസ്റ്റോറിയസും കൂടെ[50] അലക്സാൺഡ്രിയായ്ക്കു പുറത്തുള്ള ആദ്യത്തെ സ്റ്റേഷനായ ചേറോയിലേക്കു പോവുകയായിരുന്നു. രണ്ടുപേരും കുതിരപ്പുറത്തായിരുന്നു. രണ്ടു കുതിരകളും ബലാഷ്യസിന്റെ വകയും അയാളുടെ കുതിരകളുടെ കൂട്ടത്തിൽ ഏററം

---

49 Balacius ഈജിപ്തിലെ സൈനികോദ്യോഗസ്ഥൻ (Dux) ആയിരുന്നു (340-345).

50 നെസ്റ്റോറിയസ് (345–352) ഈജിപ്തിലെ പ്രീഫെക്ടായിരുന്നു. ഡയോക്ലിഷന്റെ കാലംവരെ സിവിൽ, സൈനിക ചുമതലകളെല്ലാം പ്രീഫെക്ടിനായിരുന്നു. ഡയോക്ലീഷൻ 'ഡ്യൂക്സ്' എന്ന സൈനികോദ്യോഗസ്ഥനു് സൈനിക ചുമതലകൾ നല്കി പ്രീഫെക്ടിന്റെ അധികാരം കുറച്ചു.

www.malankaralibrary.com



ശാന്തസ്വഭാവം ഉള്ളവയും ആയിരുന്നു. അവർ ചേറോയിൽ എത്തുന്നതിനുമുമ്പ് കുതിരകൾ രണ്ടും ചേർന്ന്, സാധാരണ കുതിരകൾ ചെയ്യാറുള്ളതുപോലെ, കുത്താടാൻ തുടങ്ങി. രണ്ടു കുതിരകളുടെ കൂട്ടത്തിൽ കൂടുതൽ ശാന്തസ്വഭാവമുള്ളതിന്റെ പുറത്താണ് നെസ്തോറിയസ് സഞ്ചരിച്ചിരുന്നത്. പെട്ടെന്ന് ആ കുതിര കോപിച്ച് ബലാഷ്യസിനെ കടിക്കുകയും കടിച്ചു വലിച്ചു താഴെയിടുകയും ആക്രമിക്കുകയും ചെയ്തു. അതിന്റെ പല്ലുകളേറ്റ് ബലാഷ്യസിന്റെ തുട വല്ലാതെ കീറി. അയാളെ പട്ടണത്തിലേക്ക് എടുത്തുകൊണ്ടു പോകേണ്ടിവന്നു. മൂന്നു നാളുകളിൽ അയാൾ മരിച്ചു. ആൻറണി പ്രവചിച്ച കാര്യം ഇത്ര പെട്ടെന്നു നിറവേറിയല്ലോ എന്ന് എല്ലാവരും ആശ്ചര്യപ്പെട്ടു.

87. ഇങ്ങനെ അദ്ദേഹം കശ്മലന്മാർക്കു മുന്നറിയിപ്പു നൽകിയിരുന്നു. എന്നാൽ അദ്ദേഹത്തെ സമീപിച്ച മററാളുകളെ സംബന്ധിച്ചാണെങ്കിൽ, അദ്ദേഹവുമായുള്ള ഹൃദയം തുറന്ന സംഭാഷണങ്ങൾമൂലം വ്യവഹാരങ്ങളും വഴക്കുകളുമെല്ലാം ഉപേക്ഷിക്കാനും ഈലോകജീവിതത്തിൽ വിരക്തിപ്രാപിച്ചവരെ ഭാഗ്യവാന്മാരായി കണക്കാക്കാനും അവർ തയാറായിരുന്നു. തെററുകൾക്കിരയായവരുടെ പക്ഷത്ത് അദ്ദേഹം അത്ര ആവേശപൂർവ്വം നിലകൊണ്ടിരുന്നതിനാൽ, തെററുകൾ ചെയ്യപ്പെട്ടത് അദ്ദേഹത്തോടു തന്നെയാണെന്നു തോന്നിയിരുന്നു. ആളുകളെ സഹായിക്കുന്നതിന് അദ്ദേഹത്തിനു പ്രത്യേകമായ ഒരു വാസനതന്നെ ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ മാതൃകയാൽ പ്രചോദിതരായി അനേകം പട്ടാളജീവനക്കാരും ധനികരും അവരുടെ ഭാരമേറിയ ജീവിതമുപേക്ഷിച്ച് സന്യാസിമാരായിത്തീർന്നു. ഈജിപ്റ്റിന് ദൈവം ഒരു വൈദ്യനെ കൊടുത്തു എന്ന് അദ്ദേഹത്തെക്കുറിച്ചു പറയാമായിരുന്നു. ദുഃഖത്തോടുകൂടി അദ്ദേഹത്തിന്റെ പക്കൽ വന്നിട്ട് സന്തോഷത്തോടുകൂടിയല്ലാതെ തിരിച്ചു പോയിട്ടുള്ളതാരാണ്? മരിച്ചവരെക്കുറിച്ചു കരഞ്ഞുകൊണ്ട് അദ്ദേഹത്തിന്റെ അടുത്തുവന്നിട്ട് വേഗംതന്നെ വിലാപം അവസാനിപ്പിക്കാത്തവർ ആരുണ്ട്? കോപത്തോടുകൂടെ വന്നിട്ട് സൗഹാർദ്ദം നിറഞ്ഞവനായിത്തീരാതെ ആരുണ്ട്? ഏററവും ദരിദ്രനായ ഏതു മനുഷ്യൻ അദ്ദേഹത്തെ സന്ദർശിക്കുകയും അദ്ദേഹത്തിന്റെ വാക്കുകൾ കേൾക്കുകയും ചെയ്തിട്ട് ധനത്തെ വെറുക്കുകയും തന്റെ ദരിദ്രാവസ്ഥയിൽ അഭിമാനിക്കുകയും ചെയ്യാതിരുന്നിട്ടുണ്ട്? സന്യാസജീവിതത്തിൽ അലസനായിത്തീർന്ന ഏതൊരു സന്യാസി അദ്ദേഹത്തെ സന്ദർശിച്ചതിന്റെ ഫലമായി താപസജീവിതത്തിൽ പുതിയ ആവേശം നിറഞ്ഞവനായിത്തീരാതെയുണ്ട്? ആ പർവ്വതപ്രദേശത്തുവന്ന് അദ്ദേഹത്തെ സന്ദർശിച്ച ഏതു യുവാവ് ഉടൻതന്നെ ഭൗതികസുഖങ്ങളെ വെറു



ത്തുപേക്ഷിക്കുകയും ബ്രഹ്മചര്യത്തെ സ്നേഹിക്കുകയും ചെയ്യാതിരുന്നിട്ടുണ്ട്? പിശാചുബാധിതനായി അദ്ദേഹത്തെ സമീപിച്ചവരിൽ ആരാണ് ബാധയിൽനിന്നു മോചനം നേടാതിരുന്നിട്ടുള്ളത്? പീഡിതമായ മനസ്സുമായി അദ്ദേഹത്തെ സമീപിച്ചവരിൽ ആർക്കാണ് മനശ്ശാന്തി ലഭിക്കാതിരുന്നിട്ടുള്ളത്?

88. ഞാൻ മുകളിൽ പറഞ്ഞിട്ടുള്ളതുപോലെ, അരൂപികളെ കാണാനുള്ള കഴിവായിരുന്നു ആൻറണിയുടെ താപസജീവിതത്തിന്റെ ഒരു പ്രത്യേകത. അവരുടെ നീക്കങ്ങളെക്കുറിച്ച് അദ്ദേഹത്തിന് നല്ല നിശ്ചയമുണ്ടായിരുന്നു. അവരിൽ ഓരോരുത്തരും അവരുടെ യത്നങ്ങളും ആക്രമണങ്ങളും ഏതു ദിശയിലേയ്ക്കാണു തിരിക്കുന്നത് എന്ന് അദ്ദേഹത്തിനറിയാമായിരുന്നു. അദ്ദേഹത്തെ വിഡ്ഢിയാക്കാൻ അരൂപികൾക്കു കഴിഞ്ഞിരുന്നില്ല എന്നു മാത്രമല്ല, അരൂപികളാൽ പീഡിതരായവർക്ക് അദ്ദേഹം ധൈര്യം നൽകുകയും ചെയ്തിരുന്നു. മനുഷ്യരെ ആവേശിക്കുന്ന അരൂപികളുടെ ദൗർബ്ബല്യങ്ങളെയും തന്ത്രങ്ങളെയുംകുറിച്ച് വേണ്ട വിവരങ്ങൾ പറഞ്ഞുകൊടുത്തുകൊണ്ട് അവരുടെ ആക്രമണങ്ങളെ ചെറുത്തു തോല്പിക്കാൻ അദ്ദേഹം സഹായിക്കുകയും ചെയ്തിരുന്നു. അതിനാൽ അദ്ദേഹത്തെ സന്ദർശിക്കാൻവന്ന ഓരോരുത്തനും പിശാചിനോടു മല്ലിടാൻ എണ്ണ പുരട്ടി തയാറായവനെപ്പോലെയും അവന്റെ തന്ത്രങ്ങൾക്കെതിരെ ആത്മവിശ്വാസം നിറഞ്ഞവനായിട്ടുമാണ് തിരികെ പോയത്.

കാമുകന്മാരുള്ള എത്രയോ കന്യകമാർ അദ്ദേഹത്തെ ദൂരെനിന്നു കണ്ടതുകൊണ്ടുമാത്രം ക്രിസ്തുവിനുവേണ്ടി കന്യാവ്രതം വരിച്ചു ജീവിച്ചു! വിദൂരദേശങ്ങളിൽനിന്നുപോലും അദ്ദേഹത്തെ സന്ദർശിക്കാൻ ആളുകൾ വന്നിരുന്നു. അവർക്കും മററുള്ളവരെപ്പോലെ അദ്ദേഹത്തിൽനിന്നു സഹായം ലഭിച്ചു. പിതാവിന്റെ പക്കൽ നിന്നെന്നപോലെ അദ്ദേഹത്തിന്റെ പക്കൽനിന്നു പിരിഞ്ഞുപോയി. ഇപ്പോൾ അദ്ദേഹം പരലോകപ്രാപ്തനായതുകൊണ്ട് അദ്ദേഹത്തെ പരിചയപ്പെട്ടിട്ടുള്ള എല്ലാവർക്കും അപ്പൻ മരിച്ചതുമൂലം അനാഥരായ മക്കൾക്കു തുല്യമായ ദുഃഖമാണനുഭവപ്പെട്ടത്. അവർക്ക് ഒരാശ്വാസം മാത്രമുണ്ട് - അദ്ദേഹത്തിന്റെ ഓർമ്മ. അദ്ദേഹത്തിന്റെ കുററപ്പെടുത്തലുകളും ഉപദേശങ്ങളും ഒരുപോലെ സ്നേഹപൂർവ്വം അവർ ഓർക്കുന്നു.

www.malankaralibrary.com



## ചരമം

89. അദ്ദേഹത്തിന്റെ മരണത്തെക്കുറിച്ച് എനിക്കു പറയാനും നിങ്ങൾക്കു കേൾക്കാനുമുള്ള സന്ദർഭമാണിത്. അക്കാര്യം അറിയാൻ നിങ്ങൾക്കു തീർച്ചയായും ആകാംക്ഷയുണ്ടായിരിക്കും. മരണത്തിന്റെ കാര്യത്തിലും അദ്ദേഹം അനുകരിക്കാൻ കൊള്ളാവുന്ന ഒരു മാതൃകയാണ്.

പതിവുപോലെ അദ്ദേഹം പർവ്വതത്തിന്റെ ബാഹ്യപ്രദേശങ്ങളിലുള്ള സന്യാസിമാരെ സന്ദർശിക്കുകയായിരുന്നു. ദൈവപരിപാലനമൂലം മരണത്തെക്കുറിച്ച് ഒരു മുന്നറിവു കിട്ടിയതിനാൽ അദ്ദേഹം സഹോദരസന്യാസിമാരോട് ഇങ്ങനെ പറഞ്ഞു, 'നിങ്ങളുടെ പക്കൽ ഞാൻ നടത്തുന്ന അവസാന സന്ദർശനമാണിത്. ഇനി ഈ ജീവിതത്തിൽ നാം വീണ്ടും കണ്ടുമുട്ടുമെന്ന് എനിക്കു തോന്നുന്നില്ല. എനിക്കു മരിക്കാനുള്ള സമയമായി, എന്തെന്നാൽ എനിക്കു നൂററിയഞ്ചു വയസ്സായിരിക്കുന്നു'.

ഇതു കേട്ടവരെല്ലാം കരഞ്ഞുകൊണ്ട് വൃദ്ധനായ അദ്ദേഹത്തെ ആശ്ലേഷിക്കുകയും ചുംബിക്കുകയും ചെയ്തു. എന്നാൽ അദ്ദേഹം ഏതോ വിദേശനഗരത്തിൽനിന്നു സ്വന്തം വീട്ടിലേക്കു തിരിച്ചുപോകുന്നവനെപ്പോലെ സന്തോഷപൂർവ്വം സംസാരിച്ചുകൊണ്ടിരുന്നു. അദ്ദേഹം അവരോടു പറഞ്ഞു, 'നിങ്ങളുടെ പ്രയത്നങ്ങളിൽ ഒട്ടും അയവു വരുത്തരുത്. താപസജീവിതത്തിൽ ഉത്സാഹം കുറയുകയുമരുത്. ഓരോ ദിവസവും നാം മരിക്കുകയാണ് എന്നു കരുതിക്കൊണ്ടു ജീവിക്കണം. ഞാൻ മുമ്പു പറഞ്ഞിട്ടുള്ളതുപോലെ, മലിന വിചാരങ്ങളിൽനിന്നു മനസ്സിനെ മോചിപ്പിക്കുന്നതിനുവേണ്ടി കഠിനമായി അദ്ധ്വാനിക്കണം. വിശുദ്ധരായ മനുഷ്യരെ അനുകരിക്കണം. മെലീഷ്യൻ ശീശ്മക്കാരുടെ അടുത്തു പോകരുത്. അവരുടെ പഠനങ്ങൾ അശുദ്ധവും ദുഷ്ടവുമാണെന്നു നിങ്ങൾക്കറിയാമല്ലോ. ആര്യൻ പാഷണ്ഡികളുമായി യാതൊരടുപ്പവും പാടില്ല. അവരുടെ നിന്ദ്യത്വം എല്ലാവർക്കും അറിയാം. രാജ്യത്തിലെ ന്യായാധിപന്മാർ അവർക്കു പിന്തുണ നൽകുന്നതുകണ്ട് നിങ്ങൾ ചിന്താക്കുഴപ്പത്തിലകപ്പെടരുത്. അതു വേഗം അവസാനിക്കും. അതു മാനുഷികമായ ഒരു പ്രതിഭാസമാണ്, വേഗം തീരാതെ നിവൃത്തിയില്ല. അതിനാൽ നിങ്ങൾ അവയിൽനിന്നു അകന്നുനിൽക്കുകയും പിതാക്കന്മാരുടെ പാരമ്പര്യം നിലനിർത്തുകയും വേണം. സർവ്വോപരിയായി, വി. ലിഖിതങ്ങളിൽനിന്നു നിങ്ങൾ പഠിച്ചതും പല



പ്പോഴും ഞാൻ നിങ്ങളെ അനുസ്മരിപ്പിച്ചിട്ടുള്ളതുമായ വിധത്തിൽ ക്രിസ്തുവിലുള്ള ആ പ്രാചീനമായ വിശ്വാസം നിങ്ങൾ അഭംഗുരം നിലനിർത്തണം'.

90. മരിക്കുന്നതുവരെ അവിടെ അവരോടൊന്നിച്ചു ജീവിക്കണമെന്ന് സഹോദരസന്യാസികൾ അദ്ദേഹത്തോട് ആവശ്യപ്പെട്ടു. പല കാരണങ്ങൾകൊണ്ടും ആ നിർദ്ദേശം സ്വീകരിക്കാൻ തനിക്കു നിവൃത്തിയില്ലെന്ന് അദ്ദേഹം പറഞ്ഞു. കാരണങ്ങൾ അദ്ദേഹം അവരെ വിശദീകരിച്ചു കേൾപ്പിച്ചില്ലെങ്കിലും പ്രധാന കാരണം ഇതായിരുന്നു: നല്ലയാളുകളുടെ, പ്രത്യേകിച്ചും വിശുദ്ധചരിതരായ രക്തസാക്ഷികളുടെ മൃതദേഹങ്ങൾ ഭംഗിയുള്ള വസ്ത്രങ്ങൾകൊണ്ടു പൊതിഞ്ഞ്, ശവസംസ്കാര കർമ്മങ്ങൾ നടത്തി ആദരപൂർവ്വം സൂക്ഷിച്ചുവയ്ക്കുന്ന ഒരു പതിവ് ഈജിപ്റ്റുകാർക്ക് ഉണ്ടായിരുന്നു. മൃതദേഹങ്ങൾ മണ്ണിൽ കുഴിച്ചിടാതെ മഞ്ചങ്ങളിൽ കിടത്തി വീട്ടിൽ സൂക്ഷിക്കുകയായിരുന്നു അവരുടെ രീതി. അങ്ങനെ ചെയ്യുന്നതുമൂലം മരിച്ച ആളിനെ ബഹുമാനിക്കുന്നുവെന്നായിരുന്നു അവരുടെ വിശ്വാസം. ഈ വിഷയത്തിൽ ആളുകൾക്കു വേണ്ട നിർദ്ദേശങ്ങൾ നൽകണമെന്ന് ആൻറണി മെത്രാന്മാരോടുപോലും പറഞ്ഞിട്ടുള്ളതാണ്. മുകളിൽ പറഞ്ഞ രീതി ശരിയോ ആചാരപരമോ അല്ല എന്നു പറഞ്ഞ് അദ്ദേഹം അൽമായരായ പുരുഷന്മാരെ നാണിപ്പിക്കുകയും സ്ത്രീകളെ കുററപ്പെടുത്തുകയും ചെയ്തിരുന്നു. പാത്രിയർക്കീസന്മാരുടെയും പ്രവാചകന്മാരുടെയും ശരീരങ്ങൾ മുൻ പറഞ്ഞ വിധത്തിൽ ഇന്നുവരെ സൂക്ഷിച്ചിട്ടുണ്ട്. നമ്മുടെ കർത്താവിന്റെ ശരീരം ഒരു ശവകുടീരത്തിൽ വയ്ക്കുകയും ഒരു കല്ലുകൊണ്ട് അതു മറയ്ക്കുകയും ചെയ്തു.[51] കർത്താവ് മൂന്നാം ദിവസം പുനരുത്ഥാനം ചെയ്യുന്നതുവരെ ദേഹം അവിടെ മറയ്ക്കപ്പെട്ട സ്ഥിതിയിൽ ഇരുന്നു. അതിനാൽ ഒരാൾ എത്ര വിശുദ്ധചരിതനായാലും അയാളുടെ മൃതദേഹം മറവുചെയ്യാതിരിക്കുന്നവൻ ചെയ്യുന്നതു വലിയ തെററാണെന്ന് അദ്ദേഹം കാണിച്ചിരുന്നു. നമ്മുടെ കർത്താവിന്റെ ദേഹത്തെക്കാൾ കൂടുതൽ മഹത്തും പരിശുദ്ധവുമായി മററെന്താണുള്ളത്? ഈ ഉപദേശങ്ങൾ കേട്ടവർ അതിനുശേഷം തങ്ങളുടെ മരിച്ചവരെ മണ്ണിൽ മറവു ചെയ്യുകയും തങ്ങൾക്ക് ശരിയായ അറിവു ലഭിക്കാനിടയായതിൽ ദൈവത്തിനു നന്ദിപറയുകയും ചെയ്തിരുന്നു.

---

51. മത്താ. 27:60f; മർക്കോ. 15:46.

www.malankaralibrary.com



91. ആളുകൾ തന്റെ ശരീരവും അടക്കംചെയ്യാതെ സൂക്ഷി
ച്ചുവയ്ക്കും എന്ന് അദ്ദേഹം ഭയപ്പെട്ടു. അതിനാൽ പർവ്വതത്തിന്റെ
ബാഹ്യപ്രദേശത്തുള്ള സന്യാസിമാരോട് വിട പറഞ്ഞിട്ട്
അദ്ദേഹം, താൻ പതിവായി താമസിച്ചിരുന്ന പർവ്വതത്തിന്റെ
ഉൾപ്രദേശത്തേയ്ക്കു പോയി. തന്നോടുകൂടിയുണ്ടായിരുന്ന
വരെ അദ്ദേഹം അടുത്തു വിളിച്ചു. അതേ സ്ഥലത്തു പതി
നഞ്ചു വർഷമായി താപസജീവിതം നയിച്ചുവന്ന രണ്ടാളുകൾ
ഉണ്ടായിരുന്നു.[52] അദ്ദേഹത്തിന്റെ പ്രായാധിക്യം പരിഗ
ണിച്ച് അവർ അദ്ദേഹത്തിനു വേണ്ട ശുശ്രൂഷകൾ നൽകിയി
രുന്നു. അവരോട് അദ്ദേഹം പറഞ്ഞു: 'വേദപുസ്തകത്തിൽ
പറയുന്നതുപോലെ ഞാൻ എന്റെ പിതാക്കന്മാരുടെ വഴിയേ
പോവുകയാണ്.[53] ദൈവം എന്നെ വിളിക്കുന്നതായി ഞാൻ
കാണുന്നു, നിങ്ങളെ സംബന്ധിച്ചു നിങ്ങൾ വളരെ കരുത
ലോടുകൂടെയിരിക്കണം. ഇത്ര ദീർഘകാലം നിങ്ങൾ അനുഷ്ഠി
ച്ചുപോന്ന താപസജീവിതം ഇല്ലായ്മയിൽ കൊണ്ടെത്തിക്ക
രുതു്. നിങ്ങൾ താപസജീവിതം ആരംഭിച്ചതേ ഉള്ളു എന്ന
രീതിയിൽ ആവേശം നിലനിർത്താൻ എപ്പോഴും പരിശ്രമി
ക്കണം. പിശാചുക്കളെയും അവരുടെ ആസൂത്രണങ്ങളെയും
കുറിച്ചു നിങ്ങൾക്കറിയാം. അവർ എത്ര ക്രൂരന്മാരും എന്നാൽ
എത്ര ദുർബ്ബലന്മാരും ആണെന്നും നിങ്ങൾക്കറിയാം. അതി
നാൽ അവരെ ഭയപ്പെടരുതു്. ക്രിസ്തു നിങ്ങളുടെ ജീവശ്വാസ
മായിരിക്കട്ടെ. അവനിൽ നിങ്ങളുടെ വിശ്വാസം അർപ്പിക്കുക.
ഓരോ ദിവസവും മരിക്കുകയാണ് എന്ന വിധം ജീവിക്കുക.
നിങ്ങളെക്കുറിച്ചുതന്നെ ജാഗ്രതയായിരിക്കുക. ഞാൻ തന്നിട്ടുള്ള
ഉപദേശങ്ങൾ ഓർക്കുക. നിങ്ങളും ശീശ്മക്കാരും തമ്മിൽ
യാതൊരു സമ്പർക്കവും ഉണ്ടാകരുതു്. ആര്യൻ പാഷണ്ഡ
രുമായുള്ള സമ്പർക്കം പ്രത്യേകിച്ചും പരിവർജ്ജിക്കണം. അവ
രുടെ ക്രിസ്തുവിരുദ്ധവും അസത്യവുമായ പാഷണ്ഡത കാരണം
ഞാൻ അവരിൽനിന്ന് എത്ര അകന്നാണ് കഴിഞ്ഞുപോന്നിട്ടു
ള്ളതെന്ന് നിങ്ങൾക്ക് അറിയാമല്ലോ. സർവ്വോപരി നമ്മുടെ
കർത്താവിനോടും അതിനടുത്തതായി അവിടുത്തെ വിശുദ്ധ
രോടും നിങ്ങളുടെ വിധേയത്വം പ്രകടിപ്പിക്കാൻ തല്പരരായി
രിക്കുക. തത്ഫലമായി, നിങ്ങളുടെ മരണശേഷം അവർ
നിങ്ങളെ നിത്യകൂടാരങ്ങളിൽ സ്വീകരിക്കും (ലൂക്കാ. 16:9).
ഈ വിഷയങ്ങൾ നിങ്ങളുടെ ചിന്തയ്ക്കു വിഷയമാക്കുക. അവയെ

52. അവരുടെ പേരുകൾ: മക്കാരിയുസ്, അമാതാസ് (പല്ലാഡിയുസ്, op. cit. 21).

53. 1 രാജാ. 2:2; യോശുവാ, 23:14.



നിങ്ങളുടെ ലക്ഷ്യമാക്കുക നിങ്ങൾക്ക് എന്നെക്കുറിച്ച് അല്പ
മെങ്കിലും താല്പര്യമുണ്ടെങ്കിൽ, എന്നെ ഒരു പിതാവായി കണ
ക്കാക്കുന്നുണ്ടെങ്കിൽ, എന്റെ ശരീരം ഈജിപ്തിലേയ്ക്കു കൊണ്ടു
പോകാൻ ആരെയും അനുവദിക്കരുതു്. അവർ അതു കൊണ്ടു
പോയാൽ അവരുടെ വീടുകളിൽ സൂക്ഷിച്ചുവയ്ക്കും. അങ്ങനെ
ചെയ്യുവരെ ഞാൻ എപ്രകാരം നാണിപ്പിക്കുകയും ആ സമ്പ്ര
ദായം നിർത്തണമെന്ന് ആവശ്യപ്പെടുകയും ചെയ്തതാണെന്നു
നിങ്ങൾക്കറിയാം. അതിനാൽ എനിക്കുവേണ്ട അന്ത്യ സംസ്കാര
ങ്ങൾ നിങ്ങൾതന്നെ ചെയ്യുക. എന്റെ ശരീരം മണ്ണിൽ മറവു
ചെയ്യുക. ഞാൻ പറഞ്ഞ കാര്യങ്ങളെക്കുറിച്ചു നിങ്ങൾക്കു
ബഹുമാനമുണ്ടെങ്കിൽ എന്നെ സംസ്കരിക്കുന്ന സ്ഥലം ഏതാ
ണെന്നു് നിങ്ങളല്ലാതെ മററാരും അറിയരുതു്. മരിച്ചവരുടെ
പുനരുത്ഥാനത്തിന്റെ നാളിൽ ആ ശരീരം നമ്മുടെ രക്ഷകനിൽ
നിന്നു്, യാതൊരു ദോഷവും ഏശാത്തവിധത്തിൽ എനിക്കു
കിട്ടും. എന്റെ വസ്ത്രങ്ങൾ വിതരണം ചെയ്യുക. ഞാൻ കിട
ക്കാനുപയോഗിക്കുന്ന ആട്ടിൻ തോലും മേലങ്കിയും അത്തനാ
സ്യോസ് മെത്രാനു കൊടുക്കുക. അവ രണ്ടും അദ്ദേഹം എനിക്കു
തന്നതാണ്. എന്റെ കൈവശമിരുന്നു് അവയ്ക്കു പഴക്കവും
തേയ്മാനവും സംഭവിച്ചു. മറേറ ആട്ടിൻതോല് സെറാപ്പി
യോൻ മെത്രാനു കൊടുക്കുക. രോമംകൊണ്ടുള്ള ഉടുപ്പ് നിങ്ങൾ
തന്നെ സൂക്ഷിക്കുക. എന്റെ കുഞ്ഞുങ്ങളേ, ദൈവം നിങ്ങളെ
അനുഗ്രഹിക്കട്ടെ. ആന്റണി പോകുന്നു. ഇനി നിങ്ങളോടുകൂടെ
ഉണ്ടായിരിക്കുകയില്ല.'

92. ഇത്രയും പറയുകയും അവരാൽ ചുംബിക്കപ്പെടുകയും
ചെയ്തതിനുശേഷം അദ്ദേഹം കാലുകൾ വലിച്ചു. പ്രേഷ്ഠസുഹൃത്തു
ക്കളെ സന്ദർശിക്കാൻ വരുമ്പോഴത്തെപ്പോലുള്ള ഒരു സന്തോഷം
അദ്ദേഹത്തിന്റെ മുഖത്തെ പ്രകാശമാനമാക്കി. അങ്ങനെ
അദ്ദേഹം കടന്നുപോവുകയും തന്റെ പിതാക്കന്മാരോടു ചേർക്ക
പ്പെടുകയും ചെയ്തു. അനന്തരം അവിടെയുണ്ടായിരുന്ന ആ രണ്ടു
സന്യാസിമാർ അദ്ദേഹത്തിന്റെ ശരീരത്തിനുവേണ്ട അന്ത്യ
സംസ്കാരങ്ങൾ ചെയ്തിട്ട് വസ്ത്രത്തിൽ പൊതിഞ്ഞ് അതു്
അവിടെത്തന്നെ മണ്ണിൽ മറവു ചെയ്തു. ആ രണ്ടുപേരല്ലാതെ
ഇന്നുവരെ ആ സ്ഥാനം ഏതെന്നു് ഒരു മനുഷ്യരും അറിഞ്ഞി

www.malankaralibrary.com



ട്ടില്ല.[54] അദ്‌ദേഹത്തിന്റെ ആട്ടിൻതോലുകളും മേലങ്കിയും ലഭിച്ച ആളുകളുടെ കാര്യം പറഞ്ഞാൽ, ഓരോരുത്തരും അവയെ വലിയ നിധിപോലെ സൂക്ഷിച്ചുവരുന്നു. അവ കാണുന്നതു് ആന്റണിയെത്തന്നെ കാണുന്നതുപോലെയാണ്. അവ ധരിക്കുന്നതു് അദ്ദേഹത്തിന്റെ ഉദ്ബോധനങ്ങൾ സന്തോഷപൂർവം അനുസ്മരിക്കുന്നതിനു തുല്യവും.

93. ഇങ്ങനെയായിരുന്നു ആന്റണിയുടെ ശാരീരിക ജീവിതത്തിന്റെ അവസാനം. അദ്ദേഹത്തിന്റെ താപസജീവിതത്തിന്റെ ആരംഭത്തെക്കുറിച്ചു നാം മുകളിൽ പറഞ്ഞിട്ടുണ്ടല്ലോ. ആ മനുഷ്യന്റെ സുകൃതങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ ഈ വിവരണം അപര്യാപ്തമായിരിക്കാം. എങ്കിലും നിങ്ങൾ ഇതു സ്വീകരിക്കുകയും ദൈവത്തിന്റെ മനുഷ്യനായ ആന്റണി ഏതു തരത്തിലുള്ള ഒരാളായിരുന്നുവെന്നു ധ്യാനിക്കുകയും ചെയ്യുക. യൗവനംമുതൽ വളരെ വാർദ്ധക്യമാകുന്നതുവരെ അദ്‌ദേഹം താപസജീവിതത്തിൽ അചഞ്ചലമായ ആവേശം നിലനിർത്തി. രുചികരമായ ഭക്ഷണം കഴിക്കാനുള്ള പ്രലോഭനത്തിനു കീഴ്പ്പെടാനുള്ള ഒരു ന്യായമായി അദ്ദേഹം വാർദ്ധക്യത്തെ ഒരിക്കലും സ്വീകരിച്ചില്ല. ശരീരത്തിന്റെ വാർദ്ധക്യസഹജമായ ബലക്ഷയം പരിഗണിച്ച് അദ്‌ദേഹം തന്റെ വസ്ത്രധാരണരീതി മാറ്റിയുമില്ല. അദ്ദേഹം തന്റെ പാദങ്ങൾ പോലും ഒരിക്കലും വെള്ളംകൊണ്ടു കഴുകിയില്ല. എങ്കിലും അദ്ദേഹത്തിന്റെ ആരോഗ്യത്തിനു യാതൊരുവിധമായ കുറവും സംഭവിച്ചില്ല. ഉദാഹരണത്തിന്, അദ്‌ദേഹത്തിന്റെ കണ്ണിന് യാതൊരസുഖവും ഉണ്ടായിരുന്നില്ല. അവസാനംവരെ നല്ല കാഴ്ചശക്തിയുണ്ടായിരുന്നു. അദ്ദേഹത്തിന്റെ പല്ലുകളിൽ ഒന്നുപോലും കൊഴിഞ്ഞുപോയില്ല. വളരെ പ്രായമായപ്പോൾ പല്ലുകളുടെ, മോണയോടുചേർന്ന ഭാഗത്തിന് അല്പം തേയ്മാനം സംഭവിച്ചുവെന്നു മാത്രം. കൈകാലുകൾക്കു നല്ല ആരോഗ്യമുണ്ടായിരുന്നു. വൈവിധ്യം നിറഞ്ഞ ഭക്ഷണം കഴിക്കുകയും പതിവായി കുളിക്കുകയും പലതരത്തിലുള്ള വസ്ത്രം ധരിക്കുകയും ചെയ്യുന്ന മനുഷ്യരെക്കാൾ കൂടുതൽ ശോഭയുള്ളവനായി അദ്‌ദേഹം കാണപ്പെട്ടു.

54. ക്രി. വ. 561-ൽ ആന്റണിയുടെ കല്ലറ കണ്ടുപിടിക്കപ്പെട്ടു. ഉടനെ ശരീരം അലക്സാൻഡ്രിയായിലേക്കു മാറ്റി. 635-ൽ മുസ്‌ളീങ്ങൾ ഈജിപ്താക്രമിച്ചപ്പോൾ ശരീരം കോൺസ്റ്റാന്റിനോപ്പിളിലേക്കു മാറ്റി. 10/11 നൂറ്റാണ്ടുകളിൽ അതു് ഫ്രാൻസിലെത്തി. 1491 മുതൽ ആൾസിലെ വി. ജൂലിയന്റെ പള്ളിയിൽ അതു് സൂക്ഷിക്കപ്പെടുന്നു.



അദ്ദേഹം എല്ലായിടത്തും അറിയപ്പെട്ടിരുന്നു. സാർവലൗകികമായ സ്നേഹാദരങ്ങൾ അദ്‌ദേഹത്തിനു ലഭിച്ചു. അദ്‌ദേഹത്തിന്റെ വിയോഗം അദ്‌ദേഹത്തെ നേരിട്ടു കണ്ടിട്ടില്ലാത്ത ആളുകൾക്കു പോലും ഒരു വലിയ നഷ്ടമായി ഇന്നും അനുഭവപ്പെടുന്നു. ഈ വസ്തുതകളെല്ലാം സൂചിപ്പിക്കുന്നതു് അദ്‌ദേഹം സുകൃതിയും ദൈവത്തിനു പ്രിയപ്പെട്ടവനും ആയിരുന്നുവെന്നാണ്. അദ്‌ദേഹത്തിനു കീർത്തി ലഭിച്ചതു് തന്റെ ഗ്രന്ഥങ്ങളോ, ഭൗതികവിജ്ഞാനമോ, ഏതെങ്കിലും കലകളിലുള്ള ചാതുര്യമോ കാരണമായിട്ടല്ല; താൻ നിർവഹിച്ച ദൈവസേവനം മാത്രം കാരണമായിട്ടാണ്.

അദ്ദേഹത്തിനു ലഭിച്ച കീർത്തി ദൈവം കൊടുത്തതാണെന്നതു് ആരും നിഷേധിക്കുകയില്ല. അല്ലെങ്കിൽ ഈജിപ്തിലെ അജ്ഞാതമായ ഒരു പർവതപ്രദേശത്തു് മറഞ്ഞു ജീവിച്ചിരുന്ന ഒരു മനുഷ്യൻ സ്പെയിനിലും ഗോളിലും റോമിലും ആഫ്രിക്കയുടെ വിവിധ ഭാഗങ്ങളിലും കേൾക്കപ്പെടുന്നതെങ്ങനെ? ദൈവം തനിക്കു സ്വന്തമായവരെ എല്ലായിടത്തും അറിയപ്പെടുന്നവരാക്കുന്നു. ഇക്കാര്യത്തിൽ ദൈവം നേരത്തേതന്നെ ആന്റണിക്കു് വാക്കു കൊടുത്തിരുന്നതുമാണ്. എന്തെന്നാൽ ദൈവത്തിനിഷ്ടപ്പെട്ടവർ നല്ല കാര്യങ്ങൾ രഹസ്യമായി ചെയ്താലും, അവർ അജ്ഞാതരായി കഴിയണമെന്നാഗ്രഹിച്ചാലും, അവിടുന്ന് അവരെ വിളക്കുകൾ എന്നപോലെ മറ്റുള്ളവരുടെ മുമ്പിൽ കാണിക്കുന്നു. അതുവഴി ദൈവകല്പനകൾ മനുഷ്യനെ പൂർണ്ണതയിലേയ്ക്കു നയിക്കുന്നു എന്ന് എല്ലാവരും മനസ്സിലാക്കുന്നു; സുകൃതജീവിതത്തിൽ അവർക്കു ധൈര്യം ലഭിക്കുന്നു.

www.malankaralibrary.com

# ഉപസംഹാരം

ഇതു് നിങ്ങൾ മററു സഹോദരന്മാരെയും വായിച്ചു കേൾപ്പിക്കണം. സന്യാസികളുടെ ജീവിതം എങ്ങനെയായിരിക്കണം എന്നു് അവർ മനസ്സിലാക്കട്ടെ. തന്നെ മഹത്ത്വപ്പെടുത്തുന്നവരെ കത്താവു് മഹത്ത്വപ്പെടുത്തുമെന്നും, അവസാനംവരെ തനിക്കു സേവനം ചെയ്യുന്നവരെ അവിടുന്നു് സ്വർഗ്ഗരാജ്യത്തിലേയ്ക്കു നയിക്കുക മാത്രമല്ല, ഈ ലോകത്തിൽത്തന്നെ എല്ലായിടത്തും അവർ അറിയപ്പെടാനും സംസാരിക്കപ്പെടാനും ഇടയാക്കുമെന്നും എല്ലാവരും മനസ്സിലാക്കട്ടെ. അറിയപ്പെടാത്ത ഇടങ്ങളിൽ തന്റെ ദാസന്മാർ വസിച്ചാലും ജനങ്ങളിൽനിന്നു അകന്നു ജീവിച്ചാലും കർത്താവു് അവർക്കു സൽക്കീർത്തി നൽകാതിരിക്കുകയില്ല. അവരുടെ സ്വന്തം നന്മയും മററുള്ളവർക്കു് അവർ നൽകുന്ന സഹായങ്ങളുമായിരിക്കും ആ കീത്തിക്കടിസ്ഥാനം.

സന്ദർഭം കിട്ടിയാൽ ഈ ജീവിതചരിത്രം നിങ്ങൾ അന്യജാതിക്കാരെയും വായിച്ചു കേൾപ്പിക്കണം. അതുമൂലം താഴെ പറയുന്ന കാര്യങ്ങൾ അവർക്കു മനസ്സിലാകും: നമ്മുടെ കർത്താവായ യേശുക്രിസ്തു ദൈവപുത്രനാണു്. ക്രിസ്ത്യാനികൾ, ക്രിസ്തുവിനു നൽകുന്ന വിശ്വാസം നിറഞ്ഞ സേവനവും അങ്ങയിലുള്ള സത്യമായ വിശ്വാസവും മൂലം, ഗ്രീക്കുകാർ ദൈവങ്ങളെന്നു വിശ്വസിക്കുന്ന പിശാചുക്കൾ, പിശാചുക്കൾ തന്നെയാണെന്നു തെളിയിക്കാൻ അവർക്കു കഴിയും. മനുഷ്യരെ ചതിക്കുകയും ദുഷിപ്പിക്കുകയും ചെയ്യുന്ന അവരെ കാൽകൊണ്ടു ചവിട്ടി ഞെരിക്കുകയും പലായനം ചെയ്യിക്കുകയും ചെയ്യാനും ക്രിസ്ത്യാനികളായ നമുക്കു കഴിയും, ഇതെല്ലാം നമ്മുടെ കർത്താവായ യേശുക്രിസ്തു വഴി നമുക്കു സാധിക്കും.

അവിടുത്തേയ്ക്കു് എന്നും എന്നേയ്ക്കും മഹത്ത്വം ഉണ്ടാകട്ടെ.
ആമ്മേൻ.